## നിയമനിർമ്മാണ കാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(2) 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## ക്രമപ്രശ്നം

ബിൽ മാറ്റിവയ്ക്കുന്നത് സംബന്ധിച്ച്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സഭയുടെ മുമ്പാകെ പരിഗണനയ്ക്ക് വരുന്ന 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവയിൽ 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ഇപ്രകാരം അംഗസംഖ്യ

വർദ്ധിപ്പിക്കുമ്പോൾ ഈ സ്ഥാപനങ്ങളുടെ അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളിൽ മാറ്റം വരുത്തേണ്ടതായിവരും. കേന്ദ്ര നിയമമായ 1948-ലെ സെൻസസ് ആക്ടിനുകീഴിൽ നിർമ്മിച്ച 1990-ലെ സെൻസസ് ചട്ടം 8(4) പ്രകാരം സെൻസസ് കമ്മീഷണർ നിശ്ചയിക്കുന്ന സെൻസസ് റഫറൻസ് തീയതിക്ക് ഒരു വർഷം മുമ്പുമുതൽ നടപടിക്രമം പൂർത്തിയാകുന്നതുവരെ ഇത്തരത്തിലുള്ള അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളിൽ മാറ്റം വരുത്താൻ പാടില്ലായെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. സംസ്ഥാനത്ത് 2021-ലെ സെൻസസ് നടപടികളുടെ പ്രവർത്തനം ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളിൽ 31.12.2019-നുശേഷം മാറ്റം വരുത്തിയിട്ടില്ലെന്ന് ഉറപ്പുവരുത്തണമെന്ന് സംസ്ഥാന ചീഫ് സെക്രട്ടറിക്ക് രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യ 06.09.2019-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിനെ വിഭജിക്കണമെന്ന ആവശ്യവുമായി 2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട WP-No.14852/2019F റിട്ട് പെറ്റീഷനിൽ പാരാതിക്കാരന് അനുകൂലമായി കോടതി വിധിയുണ്ടായിരുന്നു. എന്നാൽ ഈ

വിധി നടപ്പിലാക്കാത്തതിനെത്തുടർന്ന് പരാതിക്കാരൻ വീണ്ടും കോടതിയെ സമീപിച്ചപ്പോൾ സർക്കാർ ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ സർക്കാർ അറിയിച്ചത്, കേന്ദ്ര സർക്കാർ സെൻസസ് നടപടികൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതിനാലാണ് കോടതി വിധി നടപ്പിലാക്കാൻ കഴിയാത്തതെന്നാണ്. ഈ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ സെൻസസ് നടപടികൾ പൂർത്തിയായതിനുശേഷം കോടതി വിധി നടപ്പിലാക്കുന്നതിനുവേണ്ടി മുൻ ഉത്തരവ് തൽക്കാലം മാറ്റിവയ്ക്കുന്നുവെന്നാണ് കോടതിയെ അറിയിച്ചത്. ഇത്തരത്തിൽ സംസ്ഥാനത്തെ പരമോന്നത കോടതിയിൽ സർക്കാർ തന്നെ നിലവിലുള്ള ബില്ലിലെ വ്യവസ്ഥകൾ സെൻസസ് റൂൾസിന് വിരുദ്ധമാണെന്ന് സമ്മതിച്ചിട്ടുള്ളതുമാണ്. ഭരണഘടനയുടെ അനുച്ഛേദം 254-ൽ ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലം നിർമ്മിച്ച ഏതെങ്കിലും വ്യവസ്ഥ കേന്ദ്ര നിയമത്തിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായിരുന്നാൽ പാർലമെന്റ് പാസ്സാക്കിയ കേന്ദ്ര നിയമത്തിന് അതിപ്രഭാവമുണ്ടായിരിക്കുന്നതാണെന്നും സംസ്ഥാനം പാസ്സാക്കിയ നിയമം അസാധുവാകുന്നതായിരിക്കുമെന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിനാൽ ഈ ബില്ലുകൾ പാസ്സാക്കാൻ അനുവദിച്ചാൽ അത് കേന്ദ്ര നിയമത്തിന്

വിരുദ്ധമാകയാൽ അംഗീകാരം ലഭിക്കാതെ വരും. ഈ സാഹചര്യത്തിൽ കേന്ദ്ര നിയമത്തിനെതിരായും ബഹുമാനപ്പെട്ട ഹൈക്കോടതിയെ തെറ്റിദ്ധരിപ്പിച്ചും സഭയുടെ മുമ്പാകെ വന്നിരിക്കുന്ന 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പിൻവലിക്കുന്നതിനാവശ്യമായ ശക്തമായ റൂളിംഗ് ബഹുമാനപ്പെട്ട സ്പീക്കർ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, മേൽപ്പറഞ്ഞതിൽനിന്നും വ്യത്യസ്തമായ ഒരു കാര്യമല്ല ഞാൻ പറയുന്നത്. കാരണം സെൻസസ് ആക്ടിന്റെ അടിസ്ഥാനത്തിൽ ഉണ്ടാക്കിയ സെൻസസ് റൂൾസ് 1990-ലെ 8 (4) അനുസരിച്ചുള്ള കാര്യമാണ് അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറിയിൽ മാറ്റം വരുത്താൻ പാടില്ലായെന്നുള്ളത്. സെൻസസ് കമ്മീഷണറും രജിസ്ട്രാറും അക്കാര്യം കേരള സർക്കാരിനെ 06.09.2019-ൽ അറിയിച്ചിട്ടുണ്ട്. 31.12.2019 മുതൽ പ്രസ്തുത ബൗണ്ടറിയിലൊന്നും ഒരു മാറ്റവും വരുത്താൻ പാടില്ലായെന്നാണ് അറിയിച്ചിരിക്കുന്നത്. ഇപ്പോൾ ഈ നിയമത്തിലൂടെ ബൗണ്ടറിയിൽ മാറ്റം വരുത്താൻ പോകുകയാണ്. ബൗണ്ടറിയിൽ മാറ്റം വരുത്തുമ്പോൾ, ഇതിനുമുമ്പ് ഗവൺമെന്റ് പുറത്തിറക്കിയ വിശദീകരണക്കുറിപ്പ് മാധ്യമങ്ങളിലൂടെ വായിച്ചത്,

ഇതിനകത്ത് 8(4)-ൽ പറയുന്നത്, Freeze the administrative boundaries of districts, tehsils, towns etc. from the date to be intimated by the Census Commissioner which shall not be earlier than one year from the census reference date and till the completion of the census; എന്നാണ്. അതിൽ ഡിസ്ട്രിക്ടസ്, തഹസിൽസ്, ടൗൺസ് എന്നാണ് പറയുന്നത്, പക്ഷേ, 'എക്സ്ട്രാ' എന്നുപറയുന്നുണ്ട്. ജനറൽ പർപ്പസ് ആക്ട് അനുസരിച്ച് ശരിയാണ്. മാത്രമല്ല, when there is an ambiquity arises we have to observe the legislative intention. ഇവിടെ എന്താണ് ലെജിസ്ലേറ്റീവ് ഇന്റൻഷൻ? എന്തുകൊണ്ടാണ് ഈ പ്രത്യേക കാര്യം വന്നത്? കാരണം They have already started the preparation for census. ബൂത്ത് ലെവലിൽ അല്ല സെൻസസ് നടക്കുന്നത്, വാർഡ് ലെവലിലാണ്. അപ്പോൾ പ്രിപ്പറേഷൻ ഇതിനോടകംതന്നെ തുടങ്ങിക്കഴിഞ്ഞു. വാർഡ് ലെവലിൽ സെൻസസ് നടക്കുമ്പോൾ വാർഡിന്റെ ബൗണ്ടറിക്ക് മാറ്റം വന്നാൽ അത് സെൻസസ് നടപടിക്രമങ്ങളെ തടസ്സപ്പെടുത്തും. അതാണ് ലെജിസ്ലേറ്റീവ് ഇന്റൻഷൻ. സെൻസസിന്റെ പ്രിപ്പറേഷൻ ആരംഭിച്ചുകഴിഞ്ഞാൽ സെൻസസിന്റെ നടപടിക്രമങ്ങൾ തടസ്സപ്പെടുത്താൻ പാടില്ലെന്നാണ്. ഇപ്പോൾ സെൻസസ് പ്രിപ്പറേഷൻ സ്റ്റാർട്ട്

ചെയ്തിരിക്കുന്നത് on the basis of the existing wards. നിലവിലുള്ള വാർഡുകളുടെ ബൗണ്ടറി മാറ്റിയിട്ടാണ് പുതിയ ബൗണ്ടറിയുണ്ടാക്കുന്നത്. അതുകൊണ്ട് അത് സെൻസസ് പ്രിപ്പറേഷനെ ബാധിക്കും. അതാണ് 8(4)-ന്റെ വ്യക്തമായ വ്യാഖ്യാനം. ആ 'എക്സ്ട്രാ' എന്നതുകൂടി ജനറൽ ക്ലോസസ് ആക്ട് അനുസരിച്ച് ഇന്റർപ്രെട്ട് ചെയ്യുമ്പോഴും അതിൽ എല്ലാം ഉൾപ്പെടും. അതിനകത്ത് ഉദ്ദേശിക്കുന്നത്, ലെജിസ്ലേറ്റീവ് ഇന്റൻഷൻ ഈ പർട്ടിക്കുലർ ഏരിയ തന്നെയാണ്. വാർഡിൽ മാറ്റം വന്നാൽ സെൻസസ് കഴിഞ്ഞുള്ള ഡീറ്റെയിൽസ് തരുന്നത് വാർഡിനെ ബെയിസ് ചെയ്തുകൊണ്ടാണ്. അതുകൊണ്ട് ഇവിടെ പറഞ്ഞതുപോലെ ആർട്ടിക്കിൾ 254-ന് എതിരായ കേസ്സാണിത്. If we are making any legislation which is repugnant to any provision or law made by the parliament that is void. അത് നിലനിൽക്കുന്നതല്ല, ഇതാണ് തടസ്സവാദം.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, രണ്ട് ബില്ലിന്റെയും ഫിനാൻഷ്യൽ മെമ്മോറാണ്ടം പറയുന്നത്, ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ വരുത്തുകയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്ന് യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ല എന്നാണ്. റൂൾസിൽ പറയുന്നത് "A Bill

involving expenditure shall be accompanied by a Financial Memorandum which shall invite particular attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed in to law" എന്നാണ്. ഈ ബിൽ നിയമമാക്കിയാൽ ഇതിൽ പറയുന്നതുപോലെ പഞ്ചായത്തിന്റെയും നഗരസഭയുടെയും കോർപ്പറേഷന്റെയും വാർഡുകളുടെ എണ്ണം വർദ്ധിക്കുകയാണ്. അത് ഏത് കൊച്ചുകുട്ടിക്കും അറിയാം. എണ്ണം വർദ്ധിച്ചാൽ കേരളത്തിലെ പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ തുടങ്ങിയവയുടെ റെമ്യൂണറേഷൻ, അലവൻസ് എന്നിവ സംബന്ധിച്ച് അധികച്ചെലവുണ്ടാകും. അതൊരു വസ്തുതയാണ്. എന്തുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഇത് മറച്ചുവയ്ക്കുന്നത്; വർദ്ധനവുണ്ടായാൽ ചെലവുണ്ടാകുമെന്ന് എന്തുകൊണ്ട് പറഞ്ഞുകൂടാ; അതിന്റെ കാര്യം എന്താണെന്ന് അറിയാമോ; ഒരു ഓർഡിനൻസ് തയ്യാറാക്കി അയച്ചത് ബഹുമാനപ്പെട്ട ഗവർണ്ണറുടെ കയ്യിലിരിക്കുകയാണ്. അദ്ദേഹം മടക്കി അയച്ചിട്ടില്ല. ഇനി ഫിനാൻഷ്യൽ മെമ്മോറാണ്ടം അംഗീകാരത്തിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർക്ക് അയച്ചാൽ, ഗവർണ്ണറെ ഭയപ്പെടുന്നതുകൊണ്ടാണ്

ഗവൺമെന്റ് അത് അയയ്ക്കാത്തത്. അല്ലാതെ അറിയാഞ്ഞിട്ടൊന്നുമല്ല. അയച്ചുകൊടുത്ത ഓർഡിനൻസ് അദ്ദേഹം മടക്കിയിട്ടില്ല, നിരാകരിച്ചിട്ടുമില്ല. അദ്ദേഹം കയ്യിൽ വച്ചിരിക്കുകയാണ്. ആ സാഹചര്യത്തിൽ വീണ്ടും ഇത് അയച്ചുകൊടുത്താൽ അദ്ദേഹം എന്ത് ചെയ്യുമെന്നുള്ള ഭയപ്പാടുകൊണ്ടാണ് ബില്ലിൽ ഈ വസ്തുത ഉൾക്കൊള്ളിക്കാത്തത്. അത് ശരിയല്ല. അതുകൊണ്ട്, ബിൽ പാസ്സാക്കുന്നതിന് മുമ്പായി ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഘട്ടത്തിൽ ഇതിന്റെ അധിക ചെലവ് സംബന്ധിച്ച വിവരം വ്യക്തമായി സഭയെ അറിയിക്കണം.

ശ്രീ. വി. ഡി. സതീശൻ ഉൾപ്പെടെയുള്ളവർ നേരത്തെ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. WP-14852/2019 എന്ന കേസിൽ സർക്കാരിനുവേണ്ടി ഹാജരായ പ്ലീഡർ അദ്ദേഹത്തിന്റെ അഫിഡവിറ്റിൽ പറയുന്നത്, 'സെൻസസ് ആരംഭിച്ചതുകൊണ്ട് പുതിയ പഞ്ചായത്തുകൾ ഉണ്ടാക്കാൻ നിവൃത്തിയില്ല. അത് കേന്ദ്ര നിയമത്തിന് വിരുദ്ധമാണ് ' എന്നാണ്. പുതിയ പഞ്ചായത്ത് ആരംഭിക്കാൻ നിവൃത്തിയില്ലെങ്കിൽ പുതിയ വാർഡുണ്ടാക്കാൻ പാടില്ല. ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചതുപോലെ, സെൻസസിന്റെ അടിസ്ഥാനം വാർഡുകളാണ്. ആ വാർഡിന്റെ അതിർത്തികൾ

വീണ്ടും വരയ്ക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സർക്കാരിന്റെ നിലപാടായിരുന്നു 'സെൻസസ് ആരംഭിച്ചതുകൊണ്ട് പുതിയ പഞ്ചായത്തുകൾ പാടില്ല' എന്നുള്ളത്. അതിന്റെ അർത്ഥം, പുതിയ വാർഡുകളും പാടില്ലെന്നാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് പ്ലീഡറുടെ വാദം അംഗീകരിച്ചുകൊണ്ട് 'സെൻസസ് കഴിയാതെ നടപടി വേണ്ട ' എന്ന് ജസ്റ്റീസ് അമിത് റാവൽ അദ്ദേഹത്തിന്റെ വിധിയിൽ പറഞ്ഞിരിക്കുന്നത്. ആ കേസിലെ സർക്കാരിന്റെ വാദഗതിക്കും അതിലെ വിധിക്കും വിരുദ്ധമായി എന്തുകൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നത്; അതുസംബന്ധിച്ച് വ്യക്തമായ ലീഗൽ അഡ്വൈസ് ലഭിക്കണം. ബഹുമാനപ്പെട്ട മന്ത്രി അതിന് വ്യക്തമായി ഉത്തരം പറയേണ്ടതാണ്. ഈ രണ്ട് കാര്യങ്ങളിൽ വ്യക്തത വരുത്താതെ ഈ ബില്ലിൽ ചർച്ച നടത്താൻ പാടില്ല. ഈ ബില്ലിന്റെ ചർച്ച മാറ്റി വയ്ക്കണം.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഇവിടെ പറഞ്ഞ സ്റ്റേറ്റുമെന്റുകളോട് ചേർത്തുകൊണ്ടാണ് എനിക്കും പറയാനുള്ളത്. അതിർത്തികൾ ഇതിൽ പറഞ്ഞിട്ടുള്ളത്, മുനിസിപ്പാലിറ്റിയുടെയും തഹസിലിന്റെയുമൊക്കെയാണ്. അതിനകത്തുള്ളതായതുകൊണ്ട് പഞ്ചായത്തിന്റെ അതിർത്തി അല്ലെങ്കിൽ

മുനിസിപ്പാലിറ്റിയുടെ അതിർത്തി മാറാത്തതുകൊണ്ട് ചെയ്യാമെന്നായിരുന്നു. പക്ഷേ, ഇതിനകത്ത് റവന്യൂ വില്ലേജുകൾ എന്നുകൂടി പറയുന്നുണ്ട്. റവന്യൂ വില്ലേജ് എന്നുപറയുമ്പോൾ, എന്റെ മണ്ഡലംമാത്രം എടുത്ത് നോക്കിയാൽ അവിടെ നാല് പഞ്ചായത്തുകളുണ്ട്. നാല് പഞ്ചായത്തുകളിലും ഓരോന്നിലും മുമ്മൂന്ന് വില്ലേജുകളുണ്ട്. ഒരു പഞ്ചായത്തിനുള്ളിൽ മൂന്ന് വില്ലേജുകളുണ്ട്. ഒരു മുനിസിപ്പാലിറ്റിക്കുള്ളിൽ മൂന്ന് വില്ലേജുകളുണ്ട്. ആകെ നാല് പഞ്ചായത്തുകൾ ഉള്ളതിൽ നാലിലും മുമ്മൂന്നും ഈരണ്ടും വില്ലേജുകളാണുള്ളത്. ഒരു പഞ്ചായത്തിനുള്ളിൽത്തന്നെ വാർഡുകൾ വിഭജിക്കുമ്പോൾ വില്ലേജിന്റെ അതിർത്തി എന്തായാലും മാറും. വില്ലേജിന്റെ അപ്പുറവും ഇപ്പുറവും കടക്കും. ഒരു അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്ന് പറയുമ്പോൾ, വില്ലേജ് ഒരു അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കാണെന്ന് ഇതിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽത്തന്നെ, വില്ലേജുകൾ തമ്മിൽ പരസ്പരം മാറുമ്പോൾ ഒരു പഞ്ചായത്തിനകത്ത് ഒറ്റ വില്ലേജിൽ മാത്രം ഒതുക്കിനിർത്തി വാർഡ് വിഭജിക്കാൻ കഴിയില്ലല്ലോ? അപ്പോൾ സ്വാഭാവികമായും വില്ലേജുകൾ തമ്മിൽ വാർഡ് വിഭജിക്കാതെ, പരസ്പരം പോകാതെ ഒരു പഞ്ചായത്തിൽ വാർഡ് വിഭജനം ഒരിക്കലും പൂർത്തീകരിക്കാൻ കഴിയില്ല. അതുകൊണ്ട് ഇത് കേന്ദ്ര

നിയമത്തിനും സെൻസസ് സംബന്ധിച്ച പുതിയ സർക്കുലറിനും വിരുദ്ധമാണ്. മാത്രമല്ല, കേന്ദ്ര സർക്കാർ നിയമത്തിന് വിരുദ്ധമായി സംസ്ഥാന സർക്കാർ ഇവിടെ ഒരു നിയമം പാസ്സാക്കിയാൽത്തന്നെ, കേന്ദ്ര സർക്കാരിന്റെ നിയമത്തിന്റെ പരിധിയിൽ വരുന്നതുകൊണ്ട് പ്രസിഡന്റിന്റെ അസന്റില്ലാതെ ഗവർണ്ണർക്ക് ഒരിക്കലും ഇതിന് അസന്റ് തരാൻ കഴിയില്ല. സ്വാഭാവികമായും ഇത് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അസന്റിനായി പോകുകയും കാലതാമസമുണ്ടാകുകയും ചെയ്യും. ഒരിക്കലും ഇത് പ്രായോഗികമല്ല. അതുകൊണ്ട് നേരത്തെ പഞ്ചായത്തുകൾ വിഭജിക്കുന്നതിന് എടുത്തിട്ടുള്ള അതേ മാനദണ്ഡം തന്നെ ഇതിനുമെടുത്ത് ഈ വിഭജനത്തിലേയ്ക്ക് പോകരുത്. പോയിട്ടുണ്ടെങ്കിൽ അതൊരിക്കലും നിലനിൽക്കില്ല. ബഹുമാനപ്പെട്ട രാഷ്ട്രപതിയിൽനിന്ന് അംഗീകാരം ലഭിക്കില്ല. മാത്രമല്ല, കോടതിയിൽ പോയാൽ നിലനിൽക്കുകയും ചെയ്യില്ല. അതുകൊണ്ട് ഇതിലേയ്ക്ക് കടക്കരുത്.

മി. സ്പീക്കർ: ഒരു കാര്യം അറിയിക്കട്ടെ, സഭയുടെ മേശപ്പുറത്തുവച്ച ഇക്കണോമിക് റിവ്യൂ മലയാളത്തിലും ഇംഗ്ലീഷിലും ബഹുമാനപ്പെട്ട സാമാജികരുടെ മുന്നിലുള്ള സ്ക്രീനിൽ ഇപ്പോൾ ലഭ്യമാണ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, നേരത്തെ ബഹുമാന്യരായ മറ്റംഗങ്ങൾ പറഞ്ഞ വിഷയം തന്നെയാണ് പറയാനുള്ളത്. 1948-ലെ സെൻസസ് ആക്ടിന്റെ 18-ാം വകുപ്പിന്റെ അടിസ്ഥാനത്തിലുള്ള സെൻസസ് ചട്ടം 8(4)-ന് വിരുദ്ധമായിട്ടാണ് നമ്മൾ ഇപ്പോൾ ഈയൊരു പ്രോസസുമായി മുന്നോട്ടുപോകുന്നത്. എനിക്ക് അഡീഷണലായി പറയാനുള്ളത്, administrative priority ഉള്ളൊരു കാര്യമാണ് പഞ്ചായത്ത് ഇലക്ഷനും വാർഡ് വിഭജനവുമൊക്കെ. 2020 സെപ്റ്റംബർ മാസത്തിൽ പഞ്ചായത്ത് ഇലക്ഷൻ ഉണ്ടെന്ന് അറിയാവുന്നൊരു സമയത്ത്, ഈ ലാസ്റ്റ് മിനിറ്റിൽ ഇത്തരത്തിലുള്ളൊരു കാര്യവുമായി വരുന്നതിൽ ഒരു രാഷ്ട്രീയോദ്ദേശ്യമുണ്ട്. തീർച്ചയായും കൂടുതൽ ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടൊരു വിഷയമാണ്. നേരത്തെ പറഞ്ഞതുപോലെ ഇതൊരു administrative deadlock-ലേയ്ക്ക് നമ്മുടെ സംസ്ഥാനത്തെ കൊണ്ടുപോകും. അതിനോടൊപ്പംതന്നെ ഇതിന് കോൺസ്റ്റിറ്റ്യൂഷനലായിട്ടുള്ള ഇഷ്യൂസ് കൂടിയുണ്ടെന്ന് മനസ്സിലാക്കി വ്യക്തത കൊണ്ടുവന്ന് ഇക്കാര്യങ്ങൾ റിവോക്ക് ചെയ്യണമെന്നാണ് പറയാനുള്ളത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, നേരത്തെ പറഞ്ഞ ക്രമപ്രശ്നത്തെ ഞാൻ ഒന്നുകൂടി ബലപ്പെടുത്തുകയാണ്. ശ്രീ. കെ. സി. ജോസഫ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ഒരു തുകയും അഡീഷണലായി ചെലവാകില്ല എന്നുപറഞ്ഞത് ശരിയല്ല. കാരണം, ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ പഞ്ചായത്ത് വാർഡുകളുടെ എണ്ണം കൂട്ടാൻ ഒരു ഡിലിമിറ്റേഷൻ വേണ്ടി വരും. ആ ഡിലിമിറ്റേഷൻ പ്രോസസ് എക്സ്പൻസീവാണ്. അതിന് സർക്കാരിന്റെ പണം ചെലവഴിക്കണം. ഡിലിമിറ്റേഷൻ പ്രോസസ് എവിഡന്റാണ്, അത് ഒഴിവാക്കാൻ കഴിയാത്തതാണ്. അതിന് സർക്കാർ ഖജനാവിൽ നിന്നുതന്നെ പണം ചെലവഴിക്കേണ്ടതായി വരും. അക്കാര്യം ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടില്ല.

പഞ്ചായത്ത് മെമ്പർമാർക്കുള്ള ഓണറേറിയം, റ്റി.എ. എന്നിവ നൽകുന്നത് പഞ്ചായത്തുകളുടെ ഫണ്ടിൽനിന്നാണെങ്കിൽപ്പോലും ചില പഞ്ചായത്തുകൾക്കെങ്കിലും അതിന് ഫണ്ടില്ലാത്ത സ്ഥിതിയുണ്ട്. ഉദാഹരണമായി, ഇടമലക്കുടി, പട്ടികവർഗ്ഗ പഞ്ചായത്ത്. അവർക്ക് ഓൺഫണ്ടില്ല. അവർ സർക്കാരിന്റെ ഫണ്ടിനെ ആശ്രയിച്ചാണ് പഞ്ചായത്ത്

അംഗങ്ങളുടെ റ്റി.എ., ഓണറേറിയം എന്നിവ നൽകുന്നത്. ഫലത്തിൽ സർക്കാർ ഫണ്ടിൽനിന്ന് തന്നെയാണ് അധിക ചെലവ് വരുന്നത്. അക്കാര്യം ധനകാര്യ മെമ്മോറാണ്ടത്തിൽ സൂചിപ്പിച്ചിട്ടില്ല.

ഇവിടെ സൂചിപ്പിച്ചതിൽ നിർണ്ണായകമായിട്ടുള്ള ഒരു കാര്യം, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ 2015-ൽ എറണാകുളം ജില്ലയിലെ ഒരു പഞ്ചായത്ത് വിഭജനം നടത്തണമെന്ന ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കാത്തതിനെക്കുറിച്ച് വീണ്ടും ഒരു പെറ്റീഷനുമായി പോയപ്പോൾ, നേരത്തെ ശ്രീ. മഞ്ഞളാംകുഴി അലിയും ശ്രീ. കെ. സി. ജോസഫും ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, അതിൽ ഗവൺമെന്റ് പ്ലീഡർ പറഞ്ഞത്, അത് ഹൈക്കോടതി ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ഗവൺമെന്റ് പ്ലീഡർ പറഞ്ഞത്, " But in view of the supervening facts, which have existed only in the end of 2019 ie., the Central Government is contemplating to undertake the exercise of preparation of a new census and voters list on account of promulgation of the Citizenship (Amendment) Act, 2019 " എന്നാണ്. ഇത് ഗവൺമെന്റ് വക്കീലാണ് പറഞ്ഞത്. പൗരത്വ ഭേദഗതി നിയമം ഉൾപ്പെടെ കേന്ദ്ര സർക്കാർ സെൻസസ് നടപ്പിലാക്കുന്നതുകൊണ്ട് പുതിയ പഞ്ചായത്തുകൾ

2015-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവനുസരിച്ച് നടപ്പിലാക്കാൻ പാടില്ലെന്ന് കേരള ഹൈക്കോടതിയിൽ കേരള സർക്കാരിന്റെ അഭിഭാഷകൻതന്നെ ചൂണ്ടിക്കാണിച്ചത് കണക്കിലെടുത്തുകൊണ്ടാണ് ഹൈക്കോടതി ഉത്തരവ് നൽകിയത്. I am of the view that the directions contained in the order dated 7th of July 2015 are deferred with a direction to the respondents to implement the order after preparation of the new census. പുതിയ സെൻസസ് പൂർത്തീകരണത്തിനുശേഷം മാത്രമേ നടപ്പിലാക്കാൻ പാടുള്ളൂ, അതുവരെ അത് മരവിപ്പിക്കണമെന്ന് 2015-ലെ കേരള ഹൈക്കോടതി വിധിയിൽ പറഞ്ഞിരിക്കുന്നു. അതുകൊണ്ട് സെൻസസ് പൂർത്തീകരണത്തിന് മുമ്പായി വാർഡ് കൂടുതലായി കൂട്ടിച്ചേർക്കുക എന്നുള്ള സർക്കാരിന്റെ ഈ നിയമനിർദ്ദേശം നിയമവിരുദ്ധവും ക്രമരഹിതവുമാണ്. അതുകൊണ്ട് ഇത് അവതരിപ്പിക്കാൻ അനുമതി നിഷേധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ അസാധാരണമായ ഒരു സാഹചര്യമാണ് നിയമനിർമ്മാണസഭയുടെ ചരിത്രത്തിൽ ഉണ്ടായിരിക്കുന്നതെന്നത് ഞാൻ അങ്ങയുടെ

ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിയമം നിർമ്മിക്കുന്നതെങ്ങനെയാണ്? ക്യാബിനറ്റ് പാസ്സാക്കുന്ന ബിൽ ഗവർണ്ണർക്ക് അയയ്ക്കുന്നു, ഓർഡിനൻസ് ഗവർണ്ണർക്ക് അയക്കുന്നു, ഗവർണ്ണർ അത് തള്ളുന്നു. ഗവർണ്ണർ തള്ളുമോ ഇല്ലയോയെന്ന് നമുക്കും അറിയില്ല, ഗവർണ്ണർ കയ്യിൽ വച്ചുകൊണ്ടിരിക്കുകയാണ്. അതേ നിയമംതന്നെ ക്യാബിനറ്റ് വീണ്ടും പാസ്സാക്കി സഭയിലേയ്ക്ക് കൊണ്ടുവരികയാണ്. ഒരുപക്ഷേ കേരള നിയമസഭയുടെ ചരിത്രത്തിലെ ആദ്യത്തെ സംഭവമാണ്. മിനിഞ്ഞാന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞു, ഞാനാണ് കത്തുകൊടുത്തതെന്ന്. ഞാനാണ് കൊടുത്തത്. പ്രതിപക്ഷനേതാവെന്ന നിലയിലുള്ള എന്റെ ഡ്യൂട്ടിയാണത്, കാരണം ഇവിടെ എല്ലാ മെമ്പർമാരും ചൂണ്ടിക്കാണിച്ചത് രണ്ടു കാര്യങ്ങളാണ്. 1948-ലെ സെൻസസ് ആക്ട് പ്രകാരം സെൻസസ് തുടങ്ങുന്നതിന്റെ ഒരു വർഷം മുൻപ് എല്ലാ കോൺസ്റ്റിറ്റ്യൂവൻസികളും മരവിപ്പിക്കണം, അതുവന്നു. രണ്ട്, ജസ്റ്റീസ് അമിത് റാവൽ എന്നുപറയുന്ന ഹൈക്കോടതി ജഡ്ജിയുടെ very clear സ്പീക്കിംഗ് ഓർഡറാണ്, സെൻസസ് കഴിഞ്ഞേ ഡീ ലിമിറ്റേഷൻ പാടുള്ളൂവെന്ന്. How can the Government come with a bill which is completely against the

High Court Order? Res judicata ആയ ഇതെങ്ങനെ വരുന്നു ഇവിടെ? ഇത് കോടതിയുടെ വരാന്തയിൽപോയാൽ തള്ളിക്കളയും. ശ്രീ. എ. സി. മൊയ്തീൻ നല്ല മനുഷ്യനാണ്. അദ്ദേഹം പരിണതപ്രജ്ഞനായ വ്യക്തിയാണ്, പഞ്ചായത്ത് പ്രസിഡന്റും ആയിരുന്നു. തുമ്പിയെക്കൊണ്ട് കല്ല് എടുപ്പിക്കുന്നതുപോലെ പാസ്സാക്കാൻ കഴിയാത്ത ഈയൊരു നിയമം അദ്ദേഹത്തിലൂടെ ഇവിടെ കൊണ്ടുവന്നിരിക്കുകയാണ്. കേരള നിയമസഭയുടെ ചരിത്രത്തിൽ ഇപ്പോഴും ഗവർണ്ണർ കൈവച്ചുകൊണ്ടിരിക്കുന്ന, ഗവർണ്ണർ തീരുമാനമെടുക്കാത്ത ഒരു വിഷയത്തിൽ ക്യാബിനറ്റ് അസാധാരണമായ നിലയിൽ ഒരു ബിൽ പാസ്സാക്കി നിയമസഭയിൽ കൊണ്ടുവരുന്നു. അതും കോടതിക്ക് വിരുദ്ധമായതാണ്. ഇത് അങ്ങയുടെയും അങ്ങയിലൂടെ ജനങ്ങളുടെയും അറിവിലേയ്ക്കായി ഞാൻ പറയുന്നു, ഈ നിയമം കോടതിയുടെ വരാന്തയിൽ ചെന്നാൽ അപ്പോൾത്തന്നെ തള്ളിക്കളയാൻ പോന്നതാണ്. ഈ നിയമം പാസ്സാക്കി അസെന്റിന് ചെന്നാൽ ശ്രീ. എം. ഉമ്മർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഗവർണ്ണർക്ക് ഒപ്പിടാൻ കഴിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞ ഒരു വാചകത്തിന് മറുപടി ഞാൻ ഇവിടെ പറയുകയാണ്. ഗവർണ്ണറെ എതിർത്തിട്ട് ഗവർണ്ണറുടെ മുൻപിൽ എന്തിനാണ്

ചെന്നതെന്ന് അദ്ദേഹം ചോദിച്ചു. ഗവർണ്ണറോട് വ്യക്തിപരമായി ഒരു വിരോധവുമില്ല, അദ്ദേഹത്തിന്റെ അഭിപ്രായങ്ങളോടാണ് വിരോധം. അദ്ദേഹത്തിന്റെ നിലപാടുകളോടാണ് നമ്മുടെ വിയോജിപ്പ്. മാത്രമല്ല, അദ്ദേഹം ഗവർണ്ണറായി ഇരിക്കുന്നിടത്തോളം കാലം, as far as he is the head of the State, it is the bounden duty of all of us to represent him. തീരുമാനം അദ്ദേഹം എടുക്കട്ടെ, അപ്പോൾ ഒരു കാരണവശാലും നിയമത്തിന് മുൻപിൽ നിലനിൽക്കില്ല, Res judicata ആയി നിൽക്കുന്ന ഒരു കാര്യമായതുകൊണ്ട് കോടതിയുടെ മുൻപിൽ നിലനിൽക്കില്ല. അതുകൊണ്ട് ഗവൺമെന്റ് ഇത് പുനഃപരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട അംഗങ്ങളും പ്രതിപക്ഷനേതാവും ഉന്നയിച്ച ക്രമപ്രശ്നങ്ങൾ നിയമപരമായിത്തന്നെ നിലനിൽക്കുന്നതല്ല. ആദ്യം പ്രതിപക്ഷനേതാവ് പറഞ്ഞത് ഓർഡിനൻസുമായി ബന്ധപ്പെട്ട വിഷയമാണ്. ഓർഡിനൻസിൽ ബഹുമാന്യനായ ഗവർണ്ണർ സംശയങ്ങൾ ഉന്നയിച്ചുവെന്നുള്ളത് ശരിയാണ്. അങ്ങ് അയച്ച ആദ്യത്തെ കത്തിനും രണ്ടാമത്തെ കത്തിനും വിശദീകരണം ചോദിച്ചിരുന്നു. ആ കത്തുകൾക്ക് വിശദീകരണം നൽകി. ഗവൺമെന്റ്

നിലപാട് നിയമപരമായി നിലനിൽക്കുന്നതാണെന്നുള്ള മറുപടി നൽകുകയുണ്ടായി. അദ്ദേഹത്തിനെ നേരിൽ കണ്ടസമയത്ത് സംസാരിച്ച വിഷയം, നിയമസഭ സമ്മേളിക്കാൻ നിശ്ചയിച്ച സമയത്ത് ഇങ്ങനെയൊരു ഓർഡിനൻസിന്റെ ആവശ്യമുണ്ടോ, അതുകൊണ്ട് നിയമസഭയിൽ ബില്ലായി അവതരിപ്പിച്ചാൽ പോരെയെന്നുള്ളതാണ്. ഈ ഓർഡിനൻസ് അൽപ്പദിവസം താമസിച്ചു, നിയമസഭ പിന്നീട് തീരുമാനിക്കുകയും ചെയ്തു. അതിനെത്തുടർന്നാണ് ബിൽ നിയമസഭയിൽ വന്നത്, ഓർഡിനൻസ് ഗവർണ്ണർ മടക്കിയിട്ടുണ്ട്, ഫയലിൽ രേഖപ്പെടുത്തി സർക്കാരിന് നൽകിയിട്ടുണ്ട്. ഈ ബില്ലിന്റെ കരട് ഗവർണ്ണർ അംഗീകരിച്ചതാണ്. ഗവർണ്ണർക്ക് അയച്ച് അദ്ദേഹം അംഗീകരിച്ച ബില്ലിന്റെ കരടാണ് സഭയിൽ അവതരിപ്പിച്ചത്. നിയമാനുസരണമുള്ള നടപടികളൊക്കെ സ്വീകരിച്ചിട്ടുണ്ട്. ഇവിടെ നേരത്തെ ആരോ പറഞ്ഞതുപോലെ ഗവർണ്ണർ എന്തോ ഭയപ്പെട്ടാണ് ഈ കാര്യം ചെയ്തതെന്ന രീതിയിൽ അതിനെ കാണുന്നത് ശരിയല്ല. നിയമപ്രകാരം ഈ ബിൽ അവതരിപ്പിക്കാനുള്ള നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്നാണ് അതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്.

ഇവിടെ പ്രധാനമായും വന്നത് മൂന്ന് കാര്യങ്ങളാണ്. ഒന്ന്, സെൻസസ് ചട്ടങ്ങളിൽ 8 (4) പ്രകാരം ഇതുചെയ്യുന്നത് നിയമവിധേയമല്ലെന്നുള്ളതും അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകളുടെ അതിരുകളിൽ മാറ്റം വരുത്തരുതെന്ന് ഉറപ്പുവരുത്തണമെന്നുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്നും കോടതിയിലെ കേസും ധനകാര്യ മെമ്മോറാണ്ടം എന്നീ വിഷയങ്ങളാണ് പൊതുവായി വന്നിട്ടുള്ളത്. 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2020-ലെ മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലുകൾ പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും അംഗങ്ങളുടെ സ്ഥാനം ഓരോന്നു വീതം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ്, മിനിമത്തിലും മാക്സിമത്തിലും, അതാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇങ്ങനെ വർദ്ധിപ്പിക്കുന്നതുകൊണ്ട് പഞ്ചായത്തുകളുടെയോ മുനിസിപ്പാലിറ്റികളുടെയോ മറ്റു സ്ഥാപനങ്ങളുടെയോ അതിർത്തികളിൽ മാറ്റമുണ്ടാകുന്നില്ല. ഇവിടെ പലരും ആ വിഷയം ഉന്നയിച്ചു. സെൻസസ് ചട്ടങ്ങളിലെ 8-ാം ചട്ടം 4-ാം ഖണ്ഡപ്രകാരം സെൻസസ് കമ്മീഷണർ അറിയിക്കുന്ന സെൻസസ് റഫറൻസ് തീയതിക്കും സെൻസസ് പൂർത്തിയാക്കുന്ന തീയതിക്കും ഒരു വർഷം മുൻപല്ലാത്ത തീയതി മുതൽ ജില്ല, താലൂക്ക്, ടൗൺ മുതലായവയുടെ അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളിൽ മാറ്റം

വരുത്താൻ പാടില്ലെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. രജിസ്ട്രാർ ജനറൽ ആൻഡ് സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യയുടെ കത്തുപ്രകാരവും അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകളുടെ അതിരുകളിൽ മാറ്റം വരുത്തരുതെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. ബില്ലിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് അംഗങ്ങളുടേയും മുനിസിപ്പിൽ കൗൺസിലർമാരുടേയും എണ്ണം വർദ്ധിക്കുന്നതുമൂലം വാർഡുകളുടെ അതിരുകളിൽ മാറ്റം വരും. ടൗൺ, ജില്ല എന്നിവയുടെ അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളും വില്ലേജിന്റേതും മാറുന്നില്ല. റവന്യൂ വില്ലേജിന് ഒരു മാറ്റവും വരുന്നില്ല. റവന്യൂ വില്ലേജുകളുടെ അതിർത്തി മാറ്റാനൊന്നും ഈ ബില്ലിൽ വ്യവസ്ഥയില്ല. അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മാത്രമാണ്. വാർഡുകളുടെ അതിർത്തി മാറുന്നത് നിയമവിധേയാമാണോ, അല്ലയോ എന്നതാണ് പ്രശ്നം. സെൻസസ് ഡയറക്ടറും അതിന്റെ നിയമവും ചട്ടവുമനുസരിച്ച് അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികൾ എന്നുതന്നെയാണ് കൃത്യമായി പറയുന്നത്. കേരളത്തിൽ വാർഡുകൾക്ക് എവിടെയാണ് ഒരു അഡ്മിനിസ്ട്രേറ്റർ, ഒരു ഉദ്യോഗസ്ഥനെ എവിടെയാണ് നമ്മൾ ചുമതലപ്പെടുത്തിയിരിക്കുന്നത്. കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അതിർത്തി തന്നെയാണ് അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികൾ. പഞ്ചായത്തുകൾ

പുതിയതായി രൂപീകരിക്കുന്നില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്, അതാണ് ഇതിന്റെ ഭാഗമായിട്ടുള്ളത്. സെൻസസ് കമ്മീഷണറുടെ തീരുമാനത്തിന് വിരുദ്ധമായ നിലപാട് സർക്കാർ സ്വീകരിച്ചിട്ടില്ലെന്നുള്ളതാണ് അതിനെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി നം.14852/2019 പഞ്ചായത്തിന്റെ വിഭജനം സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്; വാർഡുകളെക്കുറിച്ചല്ല. എന്നാൽ കരട് ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ നേരത്തെ പറഞ്ഞതുപോലെ വാർഡുകളുടെ അതിരുകളിൽ മാറ്റം വരും. പഞ്ചായത്ത് വിഭജനം സർക്കാർ ഉദ്ദേശിച്ചിട്ടില്ല. അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഈ കേസ് ഇതിന് ബാധകമല്ല. ഇളംകുന്നപ്പുഴ പഞ്ചായത്ത് വിഭജിക്കണമെന്ന് പറഞ്ഞ് ഒരു വ്യക്തി ഹൈക്കോടതിയിൽ സമർപ്പിച്ച കേസ് ഇതിന്റെ ഭാഗമായിത്തന്നെ ഇതിനും ബാധകമല്ല. WPC No.14852/2019 എന്ന കേസിൽ 07-01-2020-ലെ വിധിന്യായത്തിൽ ഫയൽ ചെയ്ത റിവ്യൂവിൽ, ബഹുമാനപ്പെട്ട അംഗങ്ങൾ അത് കണ്ടുകാണില്ലെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. സർക്കാർ ഒരു അഫിഡവിറ്റ് കൊടുക്കാതെ, തെറ്റായ വിധിയിൽ അഫിഡവിറ്റ് കൊടുത്തു എന്ന്

രേഖപ്പെടുത്തിയതിന്റെ മുകളിൽ റിവ്യൂ ഹർജി സമർപ്പിക്കുകയും അതിന്റെ മേൽ കോടതി വിധിയുണ്ടാകുകയും ചെയ്തിട്ടുണ്ട്. 24-01-2020-ൽ പുറപ്പെടുവിച്ച ഉത്തരവിൽ പഞ്ചായത്തുകളുടെ വിഭജനം സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്. സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന കാരണത്താൽ പഞ്ചായത്തുകളുടെ വിഭജനം നടത്തേണ്ടെന്ന് തീരുമാനിച്ചിട്ടില്ലെന്നാണ് സർക്കാർ ബോധിപ്പിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ സണ്ണി ജോസഫ് അതിൽ ഒരു വാക്കുകൂടി കൂട്ടിച്ചേർത്തു, പൗരത്വ നിയമ ഭേദഗതികൂടിയുള്ള എന്നൊക്കെ പറഞ്ഞ്, ഇതൊന്നും പരാമർശിക്കാത്ത ഒരു വിഷയത്തിൽ, അങ്ങനെയൊരു പരാമർശം സർക്കാർ നടത്തിയിട്ടില്ല, കോടതിയിൽ ഗവൺമെന്റ് വക്കീൽ പറഞ്ഞിട്ടില്ല. ഞാൻ ആ റിവ്യൂ പെറ്റീഷന്റെ കോടതി വിധിയുടെ കോപ്പി ഞാൻ മേശപ്പുറത്ത് വയ്ക്കാം. അംഗങ്ങൾക്കും കാണാം. അതിൽ ഈയൊരു കാരണമാണ് ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. മറ്റു കാരണങ്ങൾ ഒന്നുംതന്നെ ഗവൺമെന്റ് കോടതിയിൽ ആ രീതിയിൽ ഉന്നയിച്ചിട്ടില്ല. ഒരു അഫിഡവിറ്റും കൊടുത്തിട്ടുമില്ല. ഈ വിധിയുടെ ഭാഗമായി പഞ്ചായത്തുകളുടെ അതിരുകളിൽ മാറ്റം വരുത്തുകയോ പഞ്ചായത്തുകൾ വിഭജിക്കുകയോ ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. അത് നേരത്തെ തീരുമാനിച്ചിട്ടുള്ളതാണ്. രണ്ടാമത്തെ പ്രശ്നം,

സെൻസസ് നടക്കുന്നതിനെ സംബന്ധിച്ച് ചീഫ് സെക്രട്ടറി നൽകിയ കത്തിൽ നിങ്ങൾ പറഞ്ഞ നിർദ്ദേശമാണുള്ളത്. സെൻസസ് നടക്കുന്ന മുനിസിപ്പാലിറ്റി, റവന്യൂ, വില്ലേജ്, തഹസിൽ, ഉപജില്ല, ജില്ല എന്നിവയുടെ അതിർത്തിയിൽ മാറ്റം വരുത്തരുതെന്നതാണ് ആ നിർദ്ദേശങ്ങളിലുള്ളത്. അതിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. ഇതിനിടയ്ക്ക് സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി ചേർന്നിരുന്നു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സെൻസസ് രജിസ്ട്രാർ ശ്രീ. വിവേക് ജോഷി കൂടി പങ്കെടുത്തുകൊണ്ടാണ് യോഗം ചേർന്നത്. അതിലും അഡ്മിനിസ്ട്രേറ്റീവ് യൂണിറ്റുകളുടെ അതിർത്തി ഫ്രീസ് ചെയ്യണമെന്നാണ്, വാർഡുകളുടേത് മാറ്റണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിട്ടില്ല. സെൻസസ് ആവശ്യത്തിനുവേണ്ടി പഞ്ചായത്ത് വാർഡുകളെയല്ല അവർ ആശ്രയിക്കുന്നത്. ഹൗസ് ലിസ്റ്റിംഗ് ബ്ലോക്കുകളും എന്യൂമറേഷൻ ബ്ലോക്കുകളും അവർ പ്രത്യേകം രൂപീകരിക്കും. ഹൗസ് ലിസ്റ്റിംഗ് ബ്ലോക്കിൽ 650 മുതൽ 800 വരെ ജനസംഖ്യ അല്ലെങ്കിൽ 150 മുതൽ 180 വരെ വീടുകൾ ഉൾപ്പെടുത്തിയുള്ള സെൻസസ് പ്രക്രിയയാണ് നടക്കുന്നത്. അതിന് അവർക്ക് പ്രത്യേക നമ്പർ കൊടുക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാർഡുമായി സെൻസസ് നടത്തുന്നതിൽ ഇതിന് ബന്ധമില്ല. ബൗണ്ടറികൾ മാറ്റരുതെന്നുള്ളത്

ശരിയാണ്. സെൻസസിന്റേതായ ഹൗസ് ബ്ലോക്കുകൾ അവർ തന്നെ നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിലാണ് സെൻസസ് നടപടികൾ നടക്കുക. ധനകാര്യമെമ്മോറാണ്ടം ഇതിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് ഞാൻ നേരത്തെ പറഞ്ഞു. അത് ഗവർണ്ണറെ ഭയപ്പെട്ടിട്ടൊന്നുമല്ല. സഞ്ചിത നിധിയിൽ നിന്നും അധികം ചെലവ് വരുന്നില്ലെന്നാണ് ധനകാര്യമെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം അംഗങ്ങൾക്ക് പ്രതിമാസം വരുന്ന ഓണറേറിയം, സിറ്റിംഗ് ഫീസ് മുതലായ മിക്കവാറും എല്ലാ സ്ഥാപനങ്ങളും അവരുടെ ഫണ്ടിൽ നിന്നാണ് നൽകുന്നത്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിൽ ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ പ്രസ്തുത തദ്ദേശഭരണ സ്ഥാപനത്തിന് ലഭിക്കുന്ന ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നാണ്. ജനറൽ പർപ്പസ് ഗ്രാന്റ് സംസ്ഥാന ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരമാണ് നിശ്ചയിക്കുന്നത്. വാർഡുകളുടെ എണ്ണം വർദ്ധിക്കുന്നതുകൊണ്ട് ജനറൽ പർപ്പസ് ഗ്രാന്റ് വർദ്ധിക്കുന്നില്ല. ബ്ലോക്കുകൾക്ക് ഓരോ ധനകാര്യ കമ്മീഷന്റേയും ഓരോ വർഷത്തിൽ വർദ്ധിപ്പിച്ച നിശ്ചിത സംഖ്യക്കുപുറമേ 12 ശതമാനം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വർദ്ധിപ്പിക്കുന്നില്ല, അതിൽ നിന്നാണ് ഈ ചെലവ് മീറ്റ്

ചെയ്യുന്നത്. അതുകൊണ്ട് സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്ന് കൂടുതൽ ചെലവ് വരുന്നില്ലെന്നുള്ളത് നിയമപരമായി നിലനിൽക്കുന്നതാണ്. ഒരു അധിക ചെലവും അതിന്റെ ഭാഗമായി ഉണ്ടാകുന്നില്ല. അതുകൊണ്ട് കരട് ബില്ലിലെ വ്യവസ്ഥകൾ ഏതെങ്കിലും കേന്ദ്ര നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്നില്ല. രജിസ്ട്രാർ ഓഫ് സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യയുടെ നിർദ്ദേശത്തിനും വിരുദ്ധമാകുന്നില്ല. കൂടാതെ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ചെലവ് ഉണ്ടാകുന്നില്ല. ബില്ലിലെ വ്യവസ്ഥകൾക്ക് നേരത്തെ പറഞ്ഞ ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ കേസിന്റെ നിർദ്ദേശത്തിന് വിരുദ്ധമായ ഒരു കാര്യവും സർക്കാർ ചെയ്യുന്നില്ല. എന്തിനാണ് ഇത്രയും തിരക്കുപിടിച്ച് ഈ കാര്യങ്ങൾ ചെയ്യുന്നതെന്ന് ഒരു ആശയംകൂടി വന്നു. 2015-ലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയം നമ്മുടെ എല്ലാപേരുടേയും ഓർമ്മയിൽ ഉണ്ടല്ലോ; 2001-ലെ സെൻസസ് അനുസരിച്ച് നമ്മുടെ വാർഡിലെ ഡീ-ലിമിറ്റേഷൻ നടക്കേണ്ടതാണ്. 2020 ആയി, 2019-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് അന്നുണ്ടായ പ്രത്യേക സാഹചര്യത്തിന്റെ ഭാഗമായി, കേസും മറ്റും ഉണ്ടായിട്ടുണ്ട്, പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാനായില്ല,

മുനിസിപ്പാലിറ്റി രൂപീകരിച്ചപ്പോൾ അതുമായി ബന്ധപ്പെട്ട മാറ്റത്തെ തുടർന്ന് 1200 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 88 സ്ഥാപനങ്ങളിൽ മാത്രം വാർഡ് വിഭജനം നടന്നു. അത് ജില്ല, ബ്ലോക്ക്, മുനിസിപ്പാലിറ്റികൾ. ബാക്കി 1112 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 2001-ലെ സെൻസസ് അനുസരിച്ചാണ് കിടക്കുന്നത്. അതൊരു അനീതിയാണ്. കേന്ദ്ര നിയമം അനുസരിച്ചുതന്നെ..

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, നാലാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിനകത്ത് ഡീ-ലിമിറ്റേഷൻ നടത്തുന്നതിന്റെ കാലാവധി പറയുന്നുണ്ട്. എന്റെ ഓർമ്മ ശരിയാണെങ്കിൽ 20 വർഷം എന്നാണ് പറയുന്നത്. 20 വർഷം കഴിഞ്ഞേ ഡീ-ലിമിറ്റേഷൻ നടത്താവൂവെന്നാണ് നാലാം ധനകാര്യകമ്മീഷന്റെ ശിപാർശയിൽ പറയുന്നത്. അന്നത് സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ച ഒരു വിഷയമാണ്, അതുകൊണ്ടാണ് ഈ വാർഡുവിഭജനം ഓരോ അഞ്ചുകൊല്ലവും നടത്തേണ്ട കാര്യമില്ല, അത് അധിക ചെലവാണ്. സംസ്ഥാനത്തിന്റെ താൽപ്പര്യം വച്ചിട്ടാണെങ്കിൽ നാലാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് അങ്ങ് ഒന്നു നോക്കണമെന്നുകൂടി പറയുകയാണ്.

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ ബില്ലിനെ സംബന്ധിച്ച് നമ്മൾ

ചർച്ച ചെയ്യുകയാണോ, ഇത് ക്രമപ്രശ്നമല്ലേ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ അവസാനിപ്പിക്കാം, നാലാം ധനകാര്യകമ്മീഷൻ റിപ്പോർട്ട് നോക്കി. നാലാം ധനകാര്യകമ്മീഷൻ കഴിഞ്ഞ് അഞ്ചാം ധനകാര്യ കമ്മീഷൻ വന്നു. ഇതുവരെ, ഒന്നു മുതൽ നാലു വരെയുള്ള ധനകാര്യകമ്മീഷനുകളുടെ നടപ്പിലാക്കേണ്ട വിവരങ്ങളുടെ കാര്യങ്ങൾ അഞ്ചാം ധനകാര്യ കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകളാണ് ഇപ്പോഴുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ, വാർഡ് വിഭജനവുമായി ബന്ധപ്പെട്ട 20 വർഷം എന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകളിലില്ല. ഞാൻ ഇതുവച്ച് കൃത്യമായി പറയുകയാണ്, അങ്ങനെയാണെങ്കിൽ, 2015-ന് എന്തിനാണ് 20 വർഷം നിൽക്കുമ്പോൾ നമ്മൾ അങ്ങനെയൊരു വാർഡ് വിഭജിക്കാൻ തീരുമാനിച്ചത്. അത് പരസ്പര വൈരുദ്ധ്യമല്ലേ, 2015-ൽ വിഭജനം നടന്നല്ലോ; അതിലുള്ള അനോമലി പരിഹരിക്കലാണ്. 2001-ലെ സെൻസസ് അനുസരിച്ച് 2021 ആകുമ്പോഴും 1118 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അങ്ങനെ നിൽക്കുന്നു. ആ ഒരു തിരക്കല്ലാതെ മറ്റൊരു തിരക്കും ഉണ്ടായിട്ടില്ല. ഇവിടെ വന്നൊരു കമന്റ് എന്നുള്ളതിന് മറുപടി പറഞ്ഞതാണ് ഞാൻ. അല്ലാതെ

അനാവശ്യമായ തിടുക്കം ഉണ്ടായിട്ടില്ല. സമയം വൈകിയോ, 2005-ൽ ശ്രീ. കുട്ടി അഹമ്മദ് കുട്ടിയുടെ സ്റ്റേറ്റ്മെന്റ് എടുത്തിരിക്കുന്നു. 1994 മുതൽ 2019-വരെ നടന്ന എല്ലാ തെരഞ്ഞെടുപ്പിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നമ്മൾ തീരുമാനിച്ചിട്ടുണ്ട്. ഇത് ഒരു പുതിയ കാര്യമല്ല. അതിൽ ഞാൻ സമയം വൈകി എന്നു പറഞ്ഞപ്പോഴാണ് 2005 ഓർമ്മിപ്പിച്ചത്. അവസാനം 2015, അതും കൃത്യസമയത്ത് ആയിരുന്നുവോ? വന്ന കമന്റുകൾക്ക് ഇതാണ് എന്റെ മറുപടി. നിയമവിധേയമായിട്ടാണ് ഈ ബിൽ സഭയുടെ മുൻപിൽ അവതരിപ്പിച്ചിട്ടുള്ളത്, മറ്റൊരു കേന്ദ്രനിയമത്തിനും എതിരല്ല, കോടതി വിധിക്കും എതിരല്ല.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവയുടെ അവതരണത്തിനെതിരെ പ്രധാനമായും രണ്ട് തടസ്സവാദങ്ങളാണ് ഇവിടെ ഉന്നയിക്കപ്പെട്ടത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി വളരെ വ്യക്തമായിത്തന്നെ കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. ഇവിടെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

ഈ രണ്ടു ബില്ലുകളിലൂടെ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലേയും പഞ്ചായത്തുകളിലേയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ എണ്ണം ഓരോന്നു വീതം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. അപ്രകാരം വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുമ്പോൾ അത് 1990-ലെ സെൻസസ് കമ്മീഷണർ ഓഫ് ഇന്ത്യയുടെ നിർദ്ദേശങ്ങളുടെ ലംഘനമാകുമോയെന്നതാണ് ആദ്യത്തെ പ്രശ്നം. 1990-ലെ സെൻസസ് റൂളിലെ ചട്ടം 8 (4)-ൽ പറഞ്ഞിരിക്കുന്നത് പ്രകാരം ജില്ലയുടേയോ, താലൂക്കിന്റേയോ, ടൗണിന്റേയോ ഭരണപരമായ അതിരുകൾ, അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളിൽ മാറ്റം വരുന്നില്ലെന്നാണ് കാണുന്നത്. അതുകൊണ്ടുതന്നെ ഈ ബില്ലിലൂടെയുള്ള നിയമ നിർമ്മാണ നിർദ്ദേശങ്ങൾ 1990-ലെ ചട്ടങ്ങളുടെയോ, 2019-ലെ ഹൈക്കോടതി വിധിയുടേയോ ലംഘനമാണെന്ന് കാണാനാവില്ല. മാത്രമല്ല, ഈ സഭയുടെ നിയമനിർമ്മാണ അധികാരങ്ങളെ ഒരു തരത്തിലും അവ തടസ്സപ്പെടുത്തുന്നുമില്ല. അതിനാൽ പ്രസ്തുത തടസ്സവാദം നിലനിൽക്കുന്നതായി ചെയർ കരുതുന്നില്ല. രണ്ടാമത്തെ പ്രശ്നം ധനകാര്യമെമ്മോറാണ്ടത്തെ സംബന്ധിച്ചാണ്, ഈ ഭേദഗതി നിലവിൽ വന്നാൽ വേണ്ടിവരുന്ന അധിക സാമ്പത്തിക ബാധ്യത ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ അവരുടെ തനതു ഫണ്ടിൽനിന്നും, മറ്റുള്ളവയുടെ കാര്യത്തിൽ

ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നുമാണ് വഹിക്കുന്നതെന്നതിനാൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും അധിക ബാധ്യതയുണ്ടാകുന്നില്ലെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ വാദം വസ്തുതാപരമായി കാണുന്നു. ആയതിനാൽ ഇതുസംബന്ധിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു. ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി ) ബില്ലും 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: ശ്രീ. പി.ടി. തോമസിന് 2020 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ്

ചെയ്യണമെന്ന '1 എ' ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, 2020 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 29-02-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന '1 എ' ഭേദഗതി അവതരിപ്പിക്കുകയാണ്.

2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ പീഠികയിൽ പറയുന്നത് '1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ' എന്നാണ്. ഇത് യുക്തിസഹമായവ ആകയാൽ അവതരിപ്പിക്കുന്നതാണ്, അതിന്റെ തൊട്ടു താഴെ 'ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ' എന്നാണ്, ഇപ്പോൾ 71-ാം സംവത്സരമാണ്, 70-ാം സംവത്സരം കഴിഞ്ഞു. തുടക്കം തന്നെ കുഴപ്പമാണ്. ഇത് ആര് നോക്കി ഡ്രാഫ്റ്റ് ചെയ്തതാണെന്ന് അറിയില്ല, 71-ാം സംവത്സരമാണ്. ഇവിടെ ധനകാര്യമെമ്മോറാണ്ടത്തെക്കുറിച്ച് പറഞ്ഞു, രണ്ടു കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഒന്ന്, ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലേയും സംസ്ഥാന സഞ്ചിത നിധിയിൽ നിന്നല്ല, കൗൺസിലർമാരുടെ ഓണറേറിയവും മറ്റു ബത്തകളും നൽകുന്നത്.

അതിനാൽ അത്  ശരിയാകാം, എന്നാൽ ജില്ലാ പഞ്ചായത്തുകളുടെ സ്ഥിതി അതല്ല, സഞ്ചിത നിധിയിൽനിന്നും ഫിനാൻസ് കമ്മീഷന്റെ ശിപാർശ പ്രകാരം അനുവദിക്കപ്പെടുന്ന തുകകൊണ്ടാണ് അവയുടെ ചെലവുകൾ നിർവ്വഹിക്കപ്പെടുന്നത്, എന്നതിനാൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ അവിടുത്തെ മെമ്പർമാരുടെ ചെലവ് വർദ്ധന ഇതുമൂലം ഉണ്ടാകും.  അപ്പോൾ ധനകാര്യമെമ്മോറാണ്ടം അടിസ്ഥാനപരമായി തെറ്റായ പ്രസ്താവനയാണ് നടത്തിയിരിക്കുന്നത്, അധിക ചെലവ് ഉണ്ടാകും.  അതോടൊപ്പം തന്നെ വാർഡുകൾ പുതുതായി വിഭജിക്കപ്പെടുന്നതിനെ തുടർന്ന്, പഞ്ചായത്തിനാണെങ്കിൽ കെട്ടിട നമ്പർ ഇടണം. കെട്ടിട നമ്പർ ഇടുന്നത് വലിയ ചെലവുള്ള കാര്യമാണ്. അപ്പോൾ ധനകാര്യ മെമ്മോറാണ്ടം അടിസ്ഥാനപരമായി തെറ്റായൊരു പ്രസ്താവനയാണ്. അങ്ങ് ഇവിടെ പറഞ്ഞതുപോലെ, 8-11-2019-ൽ ഇ.എം.3/200/2019 ആയി ഒരു ജി.ഒ. അഡീഷണൽ ചീഫ് സെക്രട്ടറി ഇറക്കിയിട്ടുണ്ട്.  സെൻസസും വിഭജനവും വോട്ടർപട്ടിക പുതുക്കലും സാധ്യമല്ലായെന്ന് 8-11-2019-ൽ ഇ.എം.3/200/2019 ആയി പ്രഖ്യാപിച്ചിരിക്കുകയാണ്. അതിന് വിരുദ്ധമായാണ് ഇക്കാര്യം വന്നിട്ടുള്ളത്. സെക്ഷൻ 6 അനുസരിച്ച്  സെൻസസ് കഴിയാതെ ഇക്കാര്യം

പാടില്ലായെന്നതിന് വിചിത്രമായൊരു നിർവ്വചനമാണ് പറഞ്ഞിരിക്കുന്നത്. പഞ്ചായത്തിന്റെ അതിർത്തി മാറുന്നില്ല, വാർഡുകളെ മാറുന്നുള്ളൂ. ഇനിയിപ്പോൾ ഇന്ത്യാ രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽതന്നെയാണ് ഇതെന്ന് പറഞ്ഞാലും അത്ഭുതപ്പെടാനില്ല. അതുകൊണ്ട് നിലനിൽക്കുന്നൊരു വാദമാണിതെന്ന് എനിക്ക് തോന്നുന്നില്ല. എന്താണ് സംഭവിക്കാൻ പോകുന്നത്? 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ നമ്മളെല്ലാം വോട്ട് ചെയ്ത വോട്ടർ പട്ടിക അംഗീകരിക്കാതെ പഴയ വോട്ടർ പട്ടിക വച്ച് ആളുകൾ വളരെയധികം ബുദ്ധിമുട്ടുകയാണ്. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്ത ആളുകളുടെ വോട്ടർ പട്ടിക പരിശോധിച്ച് അവർ നേരിട്ട് ഹാജരാകണമെന്നുള്ള വ്യവസ്ഥയെങ്കിലും ഒഴിവാക്കി വോട്ടർ പട്ടികയുടെ കാര്യത്തിലൊരു തീരുമാനമെടുക്കണം എന്നൊരു അഭ്യർത്ഥന ഞാൻ സന്ദർഭവശാൽ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തയാളുകൾ അപേക്ഷ നൽകട്ടെ. പക്ഷെ അവർ വീണ്ടും ഓരോരോ ഉദ്യോഗസ്ഥന്മാരുടെ മുന്നിൽ ഹാജരാകുന്നത് ഒഴിവാക്കി...., ലക്ഷക്കണക്കിനാളുകൾ ഈ ഉദ്യോഗസ്ഥന്മാരുടെ മുന്നിൽ ഹാജരാകണം.

<u>ശ്രീ. അനിൽ അക്കര</u>: സർ, 2015-ലെ വോട്ടർ പട്ടികയിൽ പ്രസിദ്ധീകരിച്ച പ്രധാനപ്പെട്ടൊരു കാര്യം ഐഡന്റിറ്റി കാർഡ് നമ്പരാണ്. അത് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഐഡന്റിറ്റി കാർഡാണ്. ഇപ്പോൾ 2015-ലെ  വോട്ടർ പട്ടിക പുതുക്കുന്ന സമയത്ത്, പുതുക്കിയ വോട്ടർ പട്ടിക വരുന്ന സമയത്ത് ഈ പഞ്ചായത്ത് തെരഞ്ഞെടുപ്പിനുവേണ്ടി പ്രത്യേകമായി തിരിച്ചറിയൽ കാർഡ് വേണ്ടിവരില്ലേ. അല്ലെങ്കിൽ  കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡ് ഉപയോഗിക്കേണ്ടിവരും. അതിൽ തന്നെയൊരു വൈരുദ്ധ്യമുള്ളത്  താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ടി. തോമസ്</u>: തീർച്ചയായും, ഞാൻ അക്കാര്യത്തിലേയ്ക്കാണ് പറഞ്ഞുവരുന്നത്. ഒട്ടും ആലോചനയില്ലാതെ ആളുകളെ ബുദ്ധിമുട്ടിക്കുകയെന്നൊരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിലാണ് ഇക്കാര്യങ്ങളൊക്കെ ചെയ്യുന്നത്. അതുകൊണ്ട് ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കേണ്ട സമയമാണ്. ഇലക്ഷൻ കമ്മീഷൻ പഴയ വോട്ടർ പട്ടികയേ അംഗീകരിക്കുകയുള്ളൂ എന്നുപറയുമ്പോഴും 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ  വോട്ട് ചെയ്ത മുഴുവൻ ആളുകളും ക്യൂ നിൽക്കണം. എന്തൊരു വൈരുദ്ധ്യമാണെന്ന് ആലോചിക്കണം. തിരിച്ചറിയൽ കാർഡിന്റെ

കാര്യത്തിലും ആ ഭേദഗതി ഉണ്ടാകും. അപ്പോൾ തിരിച്ചറിയൽ കാർഡ് ഉണ്ടാക്കണം. ഇതുണ്ടാക്കാൻ പോകുന്ന ഗുരുതരമായ സാഹചര്യം മുന്നിൽ കണ്ടുകൊണ്ട് ജനങ്ങൾക്ക് ഉപകാരപ്രദമായൊരു സമീപനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണം. നേരത്തെ ഇവിടെ പറഞ്ഞതുപോലെ, മന്ത്രി ഒരു കുഴപ്പക്കാരനാണെന്ന അഭിപ്രായമൊന്നും ഞങ്ങൾക്കില്ല. പക്ഷെ ഇക്കാര്യം വളരെ ശ്രദ്ധിക്കണം. 'Gerrymandering' എന്ന് അങ്ങ് കേട്ടിട്ടുണ്ടല്ലോ; ഇലക്ഷൻ കമ്മീഷൻ പോലൊരു ഏജൻസിയായി നിശ്ചയിക്കപ്പെട്ട ആളായിരുന്നു ജെറി. അയാളുണ്ടാക്കിയ വാർഡ് 'salamander' പോലെയായിരുന്നു. അപ്പോൾ ജെറിക്ക് ആളുകൾ ചാർത്തിക്കൊടുത്ത പേരായിരുന്നു ജെറിമാൻഡ്രിംഗ്. ഈ നിയമം പാസ്സാക്കി അങ്ങ് നാട്ടിൽ പോകുമ്പോഴേയ്ക്കും അങ്ങേയ്ക്ക് കിട്ടാൻപോകുന്ന പേര് മൊയ്തീൻമാൻഡ്രിംഗ് എന്നായിരിക്കും, കാരണം ഇഷ്ടംപോലെ വരയ്ക്കുകയാണ്. പഴയ തെരഞ്ഞെടുപ്പുകാലത്ത് നടന്നത് മറന്നുപോയോ; വാർഡ് വിഭജിച്ചപ്പോൾ ഒരു പായിൽ കിടന്നുറങ്ങിയ ഭാര്യയും ഭർത്താവും നേരം പുലർന്നപ്പോൾ, ഭാര്യ ഒരു വാർഡിലും ഭർത്താവ് മറ്റൊരു വാർഡിലുമായിപ്പോയി. ആ സാഹചര്യമുണ്ടാക്കുകയാണ്. നിങ്ങൾ അവിടുന്നും ഇവിടുന്നും 10, 15, 50

വീടുകൾവീതം തെരഞ്ഞെടുത്ത്, കേരളത്തിൽ വരാൻ പോകുന്ന തെരഞ്ഞെടുപ്പിനെ അട്ടിമറിക്കാനാണ് ശ്രമിക്കുന്നത്. അതിനുവേണ്ടിയുള്ള ഒരു സൂത്രപ്പണിയാണ്. അത് അപകടകരമാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയൊരു കാര്യം പറഞ്ഞു. എല്ലാപേരും അത് ഗൗരവതരമായി ശ്രദ്ധിച്ചോയെന്ന് എനിക്കറിയില്ല. പക്ഷെ ഞാൻ ശ്രദ്ധിച്ചു. പുകൃഷി, മഴവെള്ള സംഭരണം, നാട്ടിൻപുറത്തെ പച്ചക്കറി വികസനം തുടങ്ങിയ കാര്യങ്ങൾക്കായി പഞ്ചായത്തിൽ നൂറുകണക്കിന് ചെറുപ്പക്കാർക്ക് ജോലികൊടുക്കാൻ പോകുകയാണെന്നാണ് അദ്ദേഹം പറഞ്ഞത്. എന്തിനാണ്; പഞ്ചായത്ത് തെരഞ്ഞെടുപ്പ് അവസരത്തിൽ ഇതുകൂടി കൂട്ടിവായിക്കണം. ഇത് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പാർട്ടി പ്രവർത്തകരായി മാറുന്ന ഒരുകൂട്ടം ആളുകളെ തെരഞ്ഞെടുക്കാനുള്ള ബോധപൂർവ്വമായ ഒരു മുന്നേറ്റത്തിന്റെ ഭാഗമാണ്. അത് നല്ലകാര്യമല്ല എന്നല്ലല്ലോ പറഞ്ഞത്. ഡി.വൈ.എഫ്.ഐ.യുടെയും സി.ഐ.ടി.യു.വിന്റെയും ആളുകളെ മാത്രമായി തെരഞ്ഞെടുക്കുമെങ്കിലേ ഞങ്ങൾ എതിർക്കൂ. അങ്ങനെ എടുത്ത പാരമ്പര്യമാണുള്ളത്. കുടുംബശ്രീയുടെയും ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെയുമടക്കം ഓരോ സെലക്ഷന്റെയും കാര്യം പരിശോധിച്ചു നോക്കുക. ഇത് പഞ്ചായത്ത്

തെരഞ്ഞെടുപ്പിൽ വോട്ട് പിടിക്കാനും തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നടത്താനും വാർഡുകൾ കേന്ദ്രീകരിച്ച് വീടുവീടാന്തരം കയറി പ്രചരണം നടത്താനുള്ള ഒരു ഏജന്റായി ഈ നിയമിക്കാൻ പോകുന്നയാളെ നിയമിക്കാനുള്ള ഒരു ഗൂഢാലോചനയാണോ എന്നൊരു സന്ദേഹം. അങ്ങനെയല്ല, നല്ല ഉദ്ദേശ്യം, നാട്ടുകാരെല്ലാം നന്നാകട്ടെ ജനങ്ങളെല്ലാം നന്നാകട്ടെ.....

<u>ശ്രീ. എസ്. ശർമ്മ</u>: സർ, കേരളത്തിലെ ആയിരത്തോളം പഞ്ചായത്തുകളിൽ പകുതിയോളം പഞ്ചായത്തുകളും എറണാകുളം ഉൾപ്പെടെ മിക്ക കോർപ്പറേഷനുകളും യു.ഡി.എഫ്-ന്റെ കയ്യിലാണ്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഇങ്ങനെയാണോ ഉദ്ദേശിക്കുന്നത്. അതിന് മറയിടാൻവേണ്ടി പറയുന്ന ന്യായമാണോയിത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, എങ്ങനെയാണ് ഈ ആളുകളെ തെരഞ്ഞെടുക്കുന്നതെന്ന് പറഞ്ഞിട്ടില്ല. അങ്ങനെയൊരു നിയമവും അതിന് തൊട്ടടുത്ത ദിവസം രാവിലെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇങ്ങനെയൊരു പഞ്ചായത്ത് - മുനിസിപ്പാലിറ്റി ഭേദഗതി കൊണ്ടുവരികയും ചെയ്തപ്പോൾ ഇവരെ ഉപയോഗപ്പെടുത്തി തെരഞ്ഞെടുപ്പിനെ മാനേജ്

ചെയ്യാനുള്ള നീക്കമുണ്ടോയെന്ന് എന്റെ നോട്ടത്തിൽ സംശയം പറഞ്ഞുവെന്നേയുള്ളൂ. അങ്ങനെ ഇല്ലെങ്കിൽ എന്റെ വാക്കുകൾ ഞാൻ പിൻവലിച്ചേയ്ക്കാം. നിങ്ങളുടെ പഴയ പലകാര്യങ്ങളും നോക്കിയാൽ അങ്ങനെ സംശയിക്കേണ്ടി വരും. ഇത് ഗൗരവതരമായി കാണേണ്ട കാര്യമാണ്. 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ യശഃശരീരനായ രാജീവ് ഗാന്ധി കൊണ്ടുവന്ന പഞ്ചായത്ത് രാജ് നിയമം, അന്ന് ബഹുമാനപ്പെട്ട മന്ത്രി എ. സി. മൊയ്തീൻ ഉണ്ടായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. ശ്രീ. എ. കെ. ആന്റണി സർക്കാരിന്റെ കാലത്ത് പുലർച്ചെ അഞ്ച് മണിക്കാണെന്ന് തോന്നുന്നു കേരളം ആ നിയമം അഡോപ്റ്റ് ചെയ്തത്. അങ്ങനെ പാസ്സാക്കിയ നിയമം നടപ്പാക്കുന്ന ഘട്ടത്തിൽ ഗവൺമെന്റ് മാറി പുതിയ ഗവൺമെന്റ് വന്നു. അപ്പോൾ ചെയ്തതെന്താണ്? മഹാത്മാ ഗാന്ധിക്കുശേഷം 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് നിയമം രാജ്യം മുഴുവൻ ഫലപ്രദമായി അവതരിപ്പിച്ച രാജീവ് ഗാന്ധിയുടെ പേര് പറയണമെന്നുള്ളതുകൊണ്ട് നിങ്ങളൊരു സൂത്രപ്പണി കണ്ടുപിടിച്ചു. പെട്ടെന്ന് ജനകീയാസൂത്രണത്തിന്റെ സെമിനാർ എന്നുപറഞ്ഞ്, ജനകീയാസൂത്രണം എന്നൊരു പേരിട്ടു. ഒരു മാറ്റവും വരുത്തിയില്ല. ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ച ചില അധികാരങ്ങൾ

കവർന്നെടുത്തതല്ലാതെ 73, 74 ഭരണഘടനാ ഭേദഗതിയിൽ പറഞ്ഞ ഒരു വാക്കോ പുള്ളിയോ വള്ളിയോ നിങ്ങൾ വ്യത്യാസം വരുത്തിയില്ല. എന്നാൽ, 'ജനകീയാസൂത്രണം' എന്നുപറഞ്ഞ് കേരള സംസ്ഥാനം മുഴുവൻ എന്തോ ഒരു പുതിയ കാര്യം കൊണ്ടുവന്നു. അത് പഞ്ചായത്ത് രാജ് നിയമത്തിൽ പറഞ്ഞതായിരുന്നു. പഞ്ചായത്ത് രാജ് നിയമം മാറ്റി വയ്ക്കാൻവേണ്ടി നിങ്ങൾ നടത്തിയൊരു നീക്കമുണ്ട്. രണ്ടാമതായി, യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് സച്ചാർ കമ്മീഷൻ റിപ്പോർട്ട് കൊണ്ടുവന്നു. അത് പാവപ്പെട്ടവരായ മുസ്ലീം സമുദായത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥ ആദ്യമായി ചൂണ്ടിക്കാണിച്ച വിപ്ലവകരമായ റിപ്പോർട്ടായിരുന്നു. ആ റിപ്പോർട്ട് വന്നയുടനെ പാലോളി മുഹമ്മദ് കുട്ടിയെ നിയമിക്കുകയും അത് പാലോളി മുഹമ്മദ് കുട്ടി കമ്മിറ്റിയാകുകയും ചെയ്തു. കേന്ദ്ര ബഡ്ജറ്റിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ പാലോളി കമ്മിറ്റി നിർദ്ദേശിച്ചതുകൊണ്ട് കിട്ടിയതാണെന്ന് മുസ്ലീം സമുദായത്തിലെ പാവപ്പെട്ട കുറേ ആളുകളെ പറഞ്ഞുധരിപ്പിച്ചു. അതല്ലേ നടന്നത്? ലൈഫ് മിഷനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പറഞ്ഞു. രണ്ടുലക്ഷം, മൂന്നുലക്ഷം വീടുകൾ കൊടുത്തു എന്നുപറഞ്ഞത് നല്ലകാര്യം. എറണാകുളം ജില്ലയിൽ വീട് കൊടുത്തവരുടെ യോഗത്തിൽ

ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടൊപ്പം ഞാനും പങ്കെടുത്തിരുന്നു. വീടുവയ്ക്കുന്നതിനായി നാലുലക്ഷം രൂപ കൊടുക്കുകയാണ്. മുനിസിപ്പൽ പ്രദേശത്ത് ഒരു ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് നൽകുന്നുണ്ട്. പഞ്ചായത്തുതലത്തിൽ എഴുപത്തി അയ്യായിരം രൂപ മാത്രമേയുള്ളൂ. ബാക്കി രണ്ട് ലക്ഷം രൂപ കൊടുക്കേണ്ടത് പഞ്ചായത്താണ്. കേരളത്തിലെ പഞ്ചായത്തുകളുടെ പത്തുവർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നാണ് വീടുവയ്ക്കുന്നതിന് പണമടയ്ക്കേണ്ടത്. അതിന് നിങ്ങളുടെ സംഭാവന എന്താണ്? തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തിൽനിന്നും ലഭിക്കേണ്ടത് പ്ലാൻ ഫണ്ടിൽ നിന്നാണ്. ലൈഫ് മിഷൻ പദ്ധതി പ്രകാരം കൊടുക്കുമ്പോൾ പഞ്ചായത്തും എല്ലാവരും കൂടി സഹകരിച്ചുനടത്തുന്ന പദ്ധതി എന്നതിനപ്പുറം നിങ്ങൾ മേനി നടിക്കുന്നത്, ലൈഫ് പദ്ധതികൊണ്ട് കേരളം മുഴുവൻ ഓട്ട അടച്ചുവെന്ന് വരുത്തുകയാണ്. അത് ശരിയല്ല. അവിടെ പറയാനുള്ള മാന്യതയുണ്ട്. പഞ്ചായത്തിന്റെ വിഹിതം രണ്ടുലക്ഷം, ഞങ്ങൾ കൊടുക്കുന്നത് ഒരു ലക്ഷം, പത്തുവർഷത്തെ പ്ലാൻ ഫണ്ടിൽനിന്ന് അടയ്ക്കേണ്ടത് രണ്ട് ലക്ഷം, പിന്നീട് പഞ്ചായത്തിന്റെ വിഹിതം...

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും

വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, അങ്ങ് ഇപ്പോൾ പറഞ്ഞത് എല്ലാവർക്കും അറിയാവുന്ന പാറ്റേണാണ്. ഭരണഘടനയനുസരിച്ച് സാമൂഹ്യനീതി എന്നതിൽ അടിസ്ഥാനപരമായ ആവശ്യങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഏത് ഗവൺമെന്റാണെങ്കിലും പദ്ധതി നടപ്പാക്കാൻ ഗവൺമെന്റാണ് പണം കൊടുക്കുന്നത്. ആ പണം ഉപയോഗിക്കാൻ അങ്ങേയ്ക്ക് എന്തിനാണ് ഇത്രയേറെ വൈഷമ്യം.

ശ്രീ. പി. ടി. തോമസ്: സർ, ഒരു വൈഷമ്യവുമില്ല. പിന്നീട് ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്നതുപോലെ, സഞ്ചിത നിധിയിൽനിന്നും നഷ്ടം വരില്ലെന്നുകൂടി എഴുതി വയ്ക്കരുത്. നിങ്ങളുടെ മൂന്ന് പ്രധാന കാപട്യങ്ങളാണ് ഞാൻ തുറന്നുകാണിച്ചത്. 73, 74 ഭരണഘടനാ ഭേദഗതിയെ ജനകീയാസൂത്രണമാക്കി ചിത്രീകരിച്ച് നാട്ടുമുഴുവൻ നിങ്ങൾ കൊണ്ടുവന്നതാണെന്ന് സ്ഥാപിച്ചു. സച്ചാർ കമ്മിറ്റി റിപ്പോർട്ട് പാലോളി മുഹമ്മദ് കുട്ടിയുടെ റിപ്പോർട്ടാണെന്ന് നിങ്ങൾ സ്ഥാപിച്ചു. അതുപോലൊരു പദ്ധതിയെന്നേയുള്ളൂ. അതുകൊണ്ട് വളരെ ശ്രദ്ധാപൂർവ്വം ചെയ്യണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്. ഈ സർക്കാരിന്റെ കാലാവധി തീരാൻ പോകുന്ന വേളയിൽ, ഓടിച്ചിട്ട് ഈ വിഭജനം

പൂർത്തിയാകുന്നതോടുകൂടി കേരളത്തിലെ മുഴുവൻ വാർഡുകളും ഓരോരുത്തരുടെയും താൽപ്പര്യമനുസരിച്ച് പ്രത്യേകിച്ച്, സി.പി.ഐ.(എം.)-ന്റെ രാഷ്ട്രീയ തീരുമാനമനുസരിച്ച് വിഭജിക്കപ്പെടാൻ പോകുകയാണ്. അത് അപകടകരമാണ്. നാളെ യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ തിരിച്ച് വിഭജിക്കാൻ പ്രേരിപ്പിക്കുന്നതാണ്. അത് കേരളത്തിന്റെ പൊതുവികസനത്തെ ബാധിക്കുന്നതാണ്. ചെറിയ പഞ്ചായത്തുകൾ അതുപോലെ വലിയ പഞ്ചായത്തുകൾ........

മി. ചെയർമാൻ: ശ്രീ. പി. ടി. തോമസ്, അങ്ങ് ബില്ലിലേയ്ക്ക് വരണം.

ശ്രീ. പി. ടി. തോമസ്: സർ, ഇതെല്ലാം ബില്ലുമായി ബന്ധപ്പെട്ടതാണ്. ഇക്കാര്യം ഗൗരവതരമായി കാണണം. രാഷ്ട്രീയപ്രേരിതമായി നടത്താൻ പോകുന്ന വാർഡ് വിഭജനത്തിന്റെ മുന്നോടിയാണിത്. അത് പഞ്ചായത്ത് സംവിധാനങ്ങളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷന്റെയും ജനാധിപത്യപരമായ അന്തസ്സത്തയെ തകർക്കുന്നതാണ്. ദയവായി അങ്ങയെപ്പോലൊരു മന്ത്രിയുടെ ഭാഗത്തുനിന്നും ഇങ്ങനെയൊരു കാര്യമുണ്ടാകരുതെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

<u>മി. ചെയർമാൻ</u>: ശ്രീ. മുല്ലക്കര രത്നാകരൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ആർ. രാമചന്ദ്രന് 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന '2 ബി' നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. മുല്ലക്കര രത്നാകരനുവേണ്ടി <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന '2 ബി' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തിൽ പ്രാദേശിക ഭരണകൂടത്തെ ശക്തിപ്പെടുത്താൻ സാധ്യമായെന്നുള്ള അഭിമാനബോധം ഈ ഗവൺമെന്റിനുണ്ട്. കേരളത്തിലെ ത്രിതല പഞ്ചായത്ത് സംവിധാനം ഏറ്റവും ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുകയും അതിന്റെ അംഗീകാരം നേടുകയും ചെയ്തു പശ്ചാത്തലത്തിലാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഈ ബില്ലിനെ വല്ലാതെ യു.ഡി.എഫ്. ഭയക്കുന്നുയെന്നാണ് ബഹുമാനപ്പെട്ട മെമ്പറുടെ പ്രതികരണത്തിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. എന്തിനെയാണ് ഭയക്കുന്നതെന്ന് നിശ്ചയമില്ല. യു.ഡി.എഫ്.

ഭരിച്ചുകൊണ്ടിരുന്ന സന്ദർഭങ്ങളിലും വാർഡ് വിഭജനവും പഞ്ചായത്ത് വിഭജനവും നടന്നിട്ടുണ്ട്. അന്ന് നടത്തിയ മാതൃകയിൽ ഇവിടെ ഒരു വാർഡ്/ഡിവിഷൻ പഞ്ചായത്തിൽ അധികമായി വരുന്നതിനെ ഉപയോഗപ്പെടുത്തുമോയെന്ന ആശങ്കയാണെങ്കിൽ അത് വച്ചുപുലർത്തേണ്ടതില്ലെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. സംസ്ഥാനത്തിന്റെ പൊതുവായ വികസനവും സംസ്ഥാനത്തെ ജനങ്ങളെ ഒന്നായി കണ്ടുകൊണ്ടുള്ള ഭരണരീതിയുമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി എല്ലാ കാര്യങ്ങളിലും സ്വീകരിച്ചുവരുന്നതെന്നും അതിന്റെ അനുഭവസ്ഥരാണ് യു.ഡി.എഫ്.-ന്റെ പ്രതിനിധികളെന്നുമുള്ള കാര്യത്തിൽ തർക്കമുണ്ടാകുമെന്ന് തോന്നുന്നില്ല. ചില വിഷയങ്ങൾ ഉന്നയിച്ച് സഭയിൽ തർക്കങ്ങളുന്നയിക്കുന്നു എന്നുള്ളതല്ലാതെ അടിസ്ഥാനപരമായി ഏതെങ്കിലും വിഷയങ്ങളിൽ അത് സ്ഥാപിക്കാൻ അവർക്കിതുവരെ കഴിഞ്ഞിട്ടില്ലെന്നുള്ളത് നമുക്കെല്ലാം ബോദ്ധ്യമുള്ള കാര്യമാണ്. അത്തരം ആശങ്ക ഇക്കാര്യത്തിൽ വച്ചുപുലർത്തേണ്ട കാര്യമില്ല. മാത്രമല്ല, ഇത് കോടതിയിൽത്തന്നെ ചോദ്യം ചെയ്യപ്പെട്ടതും നിരാകരിച്ചതുമാണ്. തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിലപാടുകൾക്കനുസൃതമായി ഇക്കാര്യങ്ങൾ കൊണ്ടുപോകുന്നതിനുള്ള നിർദ്ദേശമാണ് കോടതി

മുന്നോട്ടുവച്ചിട്ടുള്ളത്. ആ സാഹചര്യത്തിൽ ഇന്ന് ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ പ്രവർത്തനങ്ങൾ, വരുന്ന പഞ്ചായത്ത് സമിതികൾക്ക് നിർവ്വഹിക്കാൻ പര്യാപ്തമായ രീതിയിൽ പഞ്ചായത്തുകളിലോ ബ്ലോക്കുകളിലോ ജില്ലാപഞ്ചായത്തുകളിലോ ഒരു വാർഡോ ഒരു ഡിവിഷനോ വർദ്ധിക്കുന്നുവെന്നുള്ള വ്യത്യാസം മാത്രമാണ് ഈ ബില്ലിലൂടെ ഭേദഗതിയായി കൊണ്ടുവരാൻ ശ്രമിച്ചിട്ടുള്ളത്. ജനങ്ങൾക്ക് വേഗതയിൽ സഹായങ്ങൾ ലഭ്യമാക്കുന്നതിനുതകുന്ന ഘടകമാണെന്നതിനപ്പുറത്ത് ഇതിനെ കാണേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. ഇവിടെ ലൈഫ് മിഷൻ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളുടെ കാര്യങ്ങളും ചൂണ്ടിക്കാണിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ സഹായം മുമ്പും ലഭിച്ചിട്ടില്ല. സംസ്ഥാന ബഡ്ജറ്റിൽ ഈ വിഹിതങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അന്നൊന്നും ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ ഭാവനാപൂർണ്ണമായി നാടിന്റെ ആവശ്യങ്ങളും ജനങ്ങളുടെ പ്രശ്നങ്ങളും മനസ്സിലാക്കി ഫലപ്രദമായി നടത്തുമ്പോൾ അതിനെ വാഴ്ത്തിയില്ലെങ്കിലും അതിനോട് വിരക്തി പ്രകടിപ്പിക്കാതിരിക്കാനുള്ള സന്മനസ്സെങ്കിലും കാണിക്കുക എന്നുള്ളത് എല്ലാവരുടെയും ബാദ്ധ്യതയാണെന്നാണ് എന്റെ ധാരണ. അതുപോലെ ഇവിടെ അധികാരവികേന്ദ്രീകരണത്തിന്റെ

അവകാശവാദമുന്നയിച്ചു. രാജീവ് ഗാന്ധി 73, 74 ഭേദഗതികൾ പാർലമെന്റിൽ കൊണ്ടുവന്നതിൽ അദ്ദേഹത്തിന്റെ മുൻകയ്യെ സംബന്ധിച്ചൊന്നും ആരും നിരാകരിച്ചിട്ടില്ല. പക്ഷേ ആ ഭേദഗതി നടപ്പിലാക്കുന്ന കാര്യത്തിൽ രാജീവ് ഗാന്ധി നയിച്ച കോൺഗ്രസ്സിന് എത്രത്തോളം താൽപ്പര്യമുണ്ടായിരുന്നുവെന്നുള്ളത് പരിശോധിക്കപ്പെടേണ്ടതല്ലേ? അത് കോൺഗ്രസ്സിന്റെ പൊതുവായ താൽപ്പര്യമായിരുന്നെങ്കിൽ, കേരളമൊഴികെയുള്ള സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ് ഭരിച്ചിട്ടുണ്ടല്ലോ, കേരളത്തിൽ നടപ്പിലാക്കിയതുപോലെ അവിടെയൊക്കെ ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? അത്തരം കാര്യങ്ങൾ ആലോചിക്കുമ്പോഴാണ്, ജനോപകാരപ്രദമായ, ജനക്ഷേമപരമായ പ്രവർത്തനങ്ങൾ നടത്തുന്നതിൽ കോൺഗ്രസ്സിന്റെ താൽപ്പര്യം എവിടെയാണെന്നുള്ളത് ജനം തിരിച്ചറിയുന്നത്. ആ താൽപ്പര്യമില്ലായ്മ നിരന്തരമായി, പതിറ്റാണ്ടുകളായി തുടർന്നുവന്നതിന്റെ ഫലമായാണ് ഇന്നത്തെ ദുരവസ്ഥ കോൺഗ്രസ്സിന് സംജാതമായതെന്നുള്ളതും ബോധപൂർവ്വം മറന്നുപോകുകയാണ്. അല്ലെങ്കിൽ യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാൻ കഴിയാത്ത ഒരവസ്ഥയിൽ അവർ എത്തപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്

അതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. താൽപ്പര്യങ്ങൾ ഉണ്ടാകുകയോ ആഗ്രഹങ്ങൾ ഉണ്ടാകുകയോ ചെയ്തതുകൊണ്ടുമാത്രം കാര്യമില്ല. അതിനനുസൃതമായ, ഫലപ്രദമായ നടപടികളെടുക്കാനുള്ള സന്നദ്ധതയുണ്ടോ എന്നുള്ളതാണ് വിഷയം. ആ സന്നദ്ധത നിങ്ങളുടെ ഭാഗത്തുനിന്നും വേണ്ടത്ര ഉണ്ടായിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭാഗത്തുനിന്നും അത് ഫലപ്രദമായി ചെയ്യാൻ ശ്രമിക്കുന്നു എന്നതിന്റെ സദ്ഗുണങ്ങൾ ജനങ്ങൾ അനുഭവിക്കുകയും അവർക്കത് ബോധ്യമാകുകയും ചെയ്യുന്നു. ജനങ്ങൾ അതനുസരിച്ചുള്ള പിന്തുണയും പിൻബലവും ഈ മുന്നണിക്ക് നൽകുന്നുയെന്നതിന്റെ ഉത്കണ്ഠയാണ് നിങ്ങൾക്കുള്ളത്. ആ ഉത്കണ്ഠ പ്രകടിപ്പിച്ച് ആശങ്കാകുലരായി ഇതിനെ സമീപിക്കുന്നത് 'കുരുടൻ ആനയെ കണ്ടതുപോലെ'യുള്ള അവസ്ഥയിൽ നിങ്ങളെ എത്തിക്കുമെന്നുള്ളതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഞാൻ ദീർഘമായ ഒരു വർത്തമാനത്തിന് മുതിരുന്നില്ല. 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ശ്രീ. പി. ഉണ്ണി, അങ്ങയ്ക്ക് 2020-ലെ കേരള പഞ്ചായത്ത്

രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന '1 എ' നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. പി. ഉണ്ണി: സർ, 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 29-02-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന '1 എ' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2011-ലെ സെൻസസ് അനുസരിച്ച്, കേരളത്തിലെ ജനസംഖ്യ വർദ്ധിച്ച സാഹചര്യത്തിൽ, കേരളത്തിലെ പഞ്ചായത്തുകളുടെ ജനസംഖ്യയും ആകെ സ്ഥാനങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. അത് കുറയ്ക്കേണ്ടതായിട്ടുണ്ട്. അതിനായി പഞ്ചായത്തുകളിലെ സ്ഥാനങ്ങളുടെ എണ്ണം ഓരോന്നുവീതം വർദ്ധിപ്പിക്കേണ്ടതുണ്ട്. അതുകൊണ്ട് സർക്കാർ എടുത്തിരിക്കുന്ന ഈ നിർദ്ദേശം ശ്ലാഘനീയമാണെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. ഓരോ പഞ്ചായത്തിന്റെയും അംഗസംഖ്യ കാലികമായി വർദ്ധിപ്പിക്കാനുള്ള തീരുമാനത്തെ പ്രതിപക്ഷം സമീപിച്ച രീതി അപലപിക്കപ്പെടേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട കേരള ഗവർണ്ണറെ തിരിച്ചുവിളിക്കണമെന്ന് നിയമസഭയിൽ പ്രമേയം ഉന്നയിച്ചവർ പഞ്ചായത്തുകളിലെ വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള

ഓർഡിനൻസിൽ ഒപ്പിടണമെന്ന് അപേക്ഷിക്കാൻവേണ്ടി അദ്ദേഹത്തെ സമീപിച്ച കാര്യം ഇവിടെ പരാമർശവിധേയമായതുകൊണ്ട് ഞാൻ ആവർത്തന വിഷയമാക്കുന്നില്ല. സംസ്ഥാനത്തെ പഞ്ചായത്തുകളെ ശക്തിപ്പെടുത്തുകയെന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നയം. എന്നാൽ, അതിന് നേരേ വിപരീതമായ സമീപനമാണ് പ്രതിപക്ഷത്തിന്റെ നിലപാട്. അതിന്റെ മുൻകാല അനുഭവങ്ങൾ നമുക്ക് അറിവുള്ളതാണ്. 1990-ലാണ് ജില്ലാ കൗൺസിൽ നിലവിൽ വരുന്നത്. 1990-ൽ ജില്ലാ കൗൺസിൽ നിലവിൽ വന്നപ്പോൾ, ഞാനും അതിൽ ഒരു അംഗമായിരുന്നു. ഊതിവീർപ്പിച്ച ബലൂണിൽ സൂചിമുന കൊണ്ടതുപോലെയായിരുന്നു ഏതാനും മാസംകഴിഞ്ഞ് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴുള്ള അവസ്ഥ. ജില്ലാ കൗൺസിലിന്റെ എല്ലാ അധികാരങ്ങളും എടുത്തുകളഞ്ഞ് 'ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും' എന്ന രീതിയിലേയ്ക്ക് അതിനെ എത്തിച്ചത് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റാണ്. പിന്നീട് നാല് വർഷത്തിലധികം കാത്തിരുന്നശേഷമാണ് ത്രിതല പഞ്ചായത്ത് ഭരണ സംവിധാനം (ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് ഭരണ സംവിധാനം) വരുന്നത്. ജില്ലാ

കൗൺസിലിനെ പിരിച്ചുവിടുകയും നാല് വർഷക്കാലം യു.ഡി.എഫ്. ഗവൺമെന്റ് തെരഞ്ഞെടുപ്പ് നടത്താതിരിക്കുകയും ചെയ്ത ഒരുഘട്ടം കേരളത്തിൽ ഉണ്ടായിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 7,500 കോടി രൂപയാണ് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നത്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ മികവുറ്റതാക്കാനാണ് എൽ.ഡി.എഫ്. സർക്കാർ എക്കാലത്തും ശ്രമിച്ചിട്ടുള്ളത്. പ്രാദേശിക സ്വയംഭരണത്തിന്റെ കാര്യത്തിൽ രാജ്യത്തെ ഇതര സംസ്ഥാനങ്ങളെ ബഹുദൂരം പിന്നിലാക്കി നമ്മുടെ സംസ്ഥാനം അതിവേഗം മുന്നേറുന്ന കാഴ്ചയാണ് കാണുന്നത്. സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് കയ്യെത്തിപ്പിടിക്കാവുന്ന ദൂരത്തിലുള്ള ഒരു ഗവൺമെന്റാണ് ഗ്രാമപഞ്ചായത്ത് എന്നുപറയുന്നത്. വഴി, വെളിച്ചം, ആശുപത്രി തുടങ്ങിയ ജനങ്ങളുടെ ഏറ്റവും സുപ്രധാനമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും നിർവ്വഹിക്കുന്നതിനുംവേണ്ടി അവർക്ക് സമീപിക്കാനുള്ള ഭരണ സ്ഥാപനമാണ് പഞ്ചായത്ത് ഭരണ സംവിധാനം. നമ്മുടെ സംസ്ഥാനത്ത് ആവർത്തിച്ച പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുകയെന്നതാണ് ഇന്ന് നാം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങളിൽ ഒന്ന്. പ്രകൃതി ദുരന്തത്തെ

അതിജീവിക്കാനും പ്രതിരോധിക്കാനും സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. അത്തരം നടപടികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് അംഗീകരിക്കുന്ന അവസ്ഥ സംജാതമാകുകയും ചെയ്തിട്ടുണ്ട്. ഓരോ പ്രദേശത്തിന്റെയും പ്രാദേശിക സാഹചര്യവും ഗ്രാമസഭകളുടെ നിർദ്ദേശങ്ങളും പരിഗണിച്ചായിരിക്കും പ്രാദേശിക തലത്തിലും ജില്ലാ തലത്തിലും ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി പ്രവർത്തിക്കുകയെന്ന സർക്കാർ തീരുമാനം അഭിനന്ദനാർഹമാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന പ്ലാനുകൾ അടുത്ത സാമ്പത്തിക വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി അതിനായുള്ള സാമ്പത്തികം കണ്ടെത്തുമെന്നത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നോക്കുകുത്തികളാക്കുന്ന പദ്ധതിക്ക് പൂർണ്ണമായും വിരാമമിട്ടു എന്നതാണ് തെളിവാക്കുന്നത്. നിലവിലുള്ള സംവിധാനങ്ങളായ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും പ്രാദേശിക തലത്തിൽ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുമാണ് സംസ്ഥാനത്തെ പ്രവർത്തനങ്ങളെല്ലാം ഏകോപിപ്പിക്കുന്നത്. ഇത് കൂടുതൽ ജനകീയമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. ഇന്ന് നാം നേരിടുന്ന പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് മലിനീകരണത്തിന്റെ പ്രശ്നം. മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കാനും വികേന്ദ്രീകൃത സംസ്കരണ സാങ്കേതികവിദ്യകൾ വ്യാപകമാക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽനിന്ന് ഉറവിട മാലിന്യ സംസ്കരണത്തിന് പത്ത് ശതമാനം തുക വകയിരുത്തിയതിൽനിന്നും മാലിന്യ സംസ്കരണ വിഷയത്തിൽ സർക്കാർ കാണിക്കുന്ന ജാഗ്രതയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാധാന്യവും വ്യക്തമാക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ ഓഫീസുകൾ ജനസൗഹൃദമാക്കുക എന്നതാണ് സർക്കാരിന്റെ നയം. ജനസൗഹൃദവും സുതാര്യവുമായ പഞ്ചായത്ത് ഓഫീസുകൾ ഒരു നാടിന്റെ വികസനത്തിന്റെ മുഖമുദ്രയായി തിളങ്ങിനിൽക്കുന്ന കാഴ്ചയാണ് ഓരോ ഗ്രാമപഞ്ചായത്തിന്റെയും ഇന്നത്തെ അവസ്ഥ. ശക്തവും സംതൃപ്തവുമായ ഗ്രാമപഞ്ചായത്തുകളിൽനിന്നും ജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭിക്കുകയും ശക്തമായ ഭരണപരമായ ഇടപെടലുകൾ ഉണ്ടാകുകയും കാലതാമസമില്ലാതെ ഫയലുകളിൽ തീർപ്പുകൽപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. നികുതി പിരിവ് ഊർജ്ജിതമായി

നടന്നുവരുന്നു. പ്രസ്തുത പ്രവർത്തനം ഭരണസമിതിയുടെ ഊർജ്ജസ്വലമായ ഇടപെടലിനെ അടിസ്ഥാനമാക്കിയാണെന്ന് നമുക്ക് കാണാൻ കഴിയും. കേരളത്തിലെ മിക്കവാറും എല്ലാ ഗ്രാമപഞ്ചായത്തുകളിലും നികുതി പിരിവ് നൂറ് ശതമാനമെന്ന തോതിലേയ്ക്കെത്തുന്നതിൽ വാർഡ് മെമ്പർമാർക്കും വലിയ പങ്കുണ്ട്. ഈ സ്ഥിതിവിശേഷത്തിൽ വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന സർക്കാരിന്റെ നിർദ്ദേശം സർവ്വാത്മനാ ഞാൻ പിന്തുണയ്ക്കുകയാണ്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ സേവന പ്രദാന സംവിധാനത്തിൽ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലൂടെ ജനങ്ങളുടെ സംതൃപ്തി ലക്ഷ്യമാക്കി സേവനം കാഴ്ച വയ്ക്കുന്നതിന് സംസ്ഥാനത്തെ 900 ഗ്രാമപഞ്ചായത്തുകൾ എന്നുപറഞ്ഞാൽ, മിക്കവാറും എല്ലാ പഞ്ചായത്തുകളും ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി. പാലക്കാട് ജില്ലയിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടിയിരിക്കുന്നുയെന്നത് ഒരു വലിയ കാര്യമായി ഞാൻ കാണുകയാണ്. പഞ്ചായത്തുകളുടെ വാർഡ് വിഭജനത്തിൽ വളരെ വലിയ അസ്വസ്ഥത പ്രകടിപ്പിക്കുന്ന യു.ഡി.എഫ്., ഏത് കാലത്തെല്ലാം വാർഡ് വിഭജനം നടന്നിട്ടുണ്ടെന്നും സെൻസസും വാർഡ് വിഭജനവും പരസ്പരം

ബന്ധപ്പെട്ടതായിരുന്നോയെന്നും ഒരു പുനഃപരിശോധന നടത്തുന്നത് നല്ലതാണ്. 1995, 2000, 2010 വർഷങ്ങളിൽ വാർഡ് വിഭജനം നടന്നു. 2005-ലും 2015-ലും നടന്നില്ല. പത്ത് വർഷത്തിലൊരിക്കലാണ് ഓരോ സെൻസസും നടക്കുന്നത്. 1991, 2001, 2011, 2021 വർഷങ്ങളിലാണ് സെൻസസ് നടക്കുന്നത്. അഞ്ച് വർഷം കൂടുമ്പോഴാണ് വാർഡ് വിഭജനം നടന്നുവരുന്നത്. സെൻസസിന്റെ പ്രവർത്തനവും വാർഡ് വിഭജനവുമായി പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ട് അവതരിപ്പിക്കുന്നത് രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടിയാണെന്ന് അർത്ഥം വരുന്ന ചില സൂചനകൾ പ്രതിപക്ഷത്തുള്ള എം.എൽ.എ.-മാർ ഇവിടെ അവതരിപ്പിച്ചു. രാഷ്ട്രീയ താൽപ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെയാണ് എല്ലാവരും പ്രവർത്തിക്കുന്നത്. സന്യാസം സ്വീകരിച്ചുകൊണ്ട് ആരും ഈ പ്രവർത്തനത്തിലേയ്ക്ക് കടന്നുവരാറില്ല. രാഷ്ട്രീയ താൽപ്പര്യങ്ങൾ ഉണ്ടാകും. പക്ഷേ, ജനഹിതമാണ് നമ്മൾ മാനിക്കുന്നത്. ജനങ്ങൾ ആഗ്രഹിക്കുന്നത് വാർഡ് വിഭജനം വേണമെന്നുള്ളതാണ്. ആ അഭിപ്രായത്തെ മാനിച്ചുകൊണ്ട്, ഈ ബില്ലിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ശ്രീ. കെ. എം. ഷാജി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. കെ. ബഷീറിന് 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാത്തതിനാൽ ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സബ്ജക്ട് കമ്മിറ്റിയിൽ പരിഗണനയ്ക്ക് വരുമ്പോൾ ചെയ്യേണ്ട കാര്യങ്ങൾ ശ്രീ. പി. ടി. തോമസ് സൂചിപ്പിച്ചു. ജനവരി 26-ന് മുൻപാണ് ബിൽ തയ്യാറാക്കിയത് എന്നുള്ളതുകൊണ്ടാണ് റിപ്പബ്ലിക്കിന്റെ സംവത്സരത്തിന്റെ കാര്യത്തിൽ അങ്ങനെ വന്നത്. അത് സബ്ജക്ട് കമ്മിറ്റിയിൽ പരിഗണനയ്ക്കെടുക്കുമ്പോൾ കറക്ട് ചെയ്യാവുന്നതാണ്. ധനകാര്യ മെമ്മോറാണ്ടവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വീണ്ടും ഞാൻ ആവർത്തിക്കുന്നില്ല. കാരണം അതിന് വ്യക്തമായ മറുപടി പറഞ്ഞിട്ടുണ്ട്. അതുപോലെ വോട്ടർ പട്ടിക തയ്യാറാക്കുന്നതിലെ പ്രശ്നം പറഞ്ഞു. ഇലക്ഷൻ കമ്മീഷനാണ് വോട്ടർ പട്ടിക തയ്യാറാക്കുന്നതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. സ്വതന്ത്രമായ ഒരു ഭരണഘടന സ്ഥാപനം

എന്നുള്ള നിലയിൽ വോട്ടർ പട്ടികയുടെ പുതുക്കലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലും പൂർണ്ണമായും അവർക്കുതന്നെയാണ് ചുമതലയുള്ളത്. വോട്ട് ഓൺലൈൻ ആയി ചേർക്കുന്നതിനും ആളുകളെ കൊണ്ടുപോയി ഹാജരാക്കുന്നതിനുമൊക്കെയുള്ള ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുമെങ്കിലും ഇലക്ഷൻ കമ്മീഷന്റെ നിഗമനം വാർഡ് അടിസ്ഥാനത്തിൽ ആളുകളെ ചേർക്കുക എന്നുള്ളതാണ്. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വോട്ടർപട്ടിക ഇനി ഇതിലേയ്ക്ക് മാറ്റണമെങ്കിൽ ഒരുപാട് സമയമെടുക്കും. അതിനൊക്കെ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. ഏതായാലും അത് അദ്ദേഹത്തിന്റെ ചുമതലയിലുള്ള ഒരു കാര്യമാണ്. വോട്ടർ പട്ടിക പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പൂർണ്ണമായും പരമാവധി വോട്ടർമാരെ ചേർക്കാൻ നമ്മളെല്ലാവരും കൂടി പരിശ്രമിക്കുക എന്നുള്ളതാണ് ആ കാര്യത്തിൽ ചെയ്യാനുള്ളത്. തിരിച്ചറിയൽ കാർഡുമായി ബന്ധപ്പെട്ട വിഷയത്തിൽ നിലവിൽ നമ്മുടെ കൈയിൽ വോട്ടർ തിരിച്ചറിയൽ കാർഡുകളുണ്ട്. പുതിയ വോട്ടർമാർക്ക് വേറെ എന്തൊക്കെ രേഖകൾ കൊണ്ടുപോയി വോട്ട് ചെയ്യാൻ കഴിയുമെന്നുള്ളത് സൂചിപ്പിച്ചുകൊണ്ട് ഇലക്ഷൻ കമ്മീഷന്റെ ഒരു അറിയിപ്പ് കഴിഞ്ഞ ദിവസം വന്നിരുന്നു.

ഇഷ്ടംപോലെ വാർഡുകൾ ഉണ്ടാക്കാൻ വേണ്ടിയാണിത് എന്നുള്ള ഒരു രാഷ്ട്രീയ ആരോപണം കൂടി ശ്രീ. പി. ടി. തോമസ് ഉന്നയിച്ചു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോയാൽ സമയം കൂടുതലെടുക്കും. യു.ഡി.എഫ്.-ന്റെ കാലത്ത് വാർഡുകളുടെ എണ്ണം വർദ്ധിപ്പിച്ചതും വാർഡ് വിഭജനം നടത്തിയതുമൊക്കെ ആ അർത്ഥത്തിലാണോ എന്ന് തിരിച്ച് ചോദിക്കേണ്ടിവരും. വാർഡ് വിഭജനത്തിൽ ന്യായമായും സ്വീകരിക്കേണ്ട മാനദണ്ഡങ്ങളുണ്ടല്ലോ; സമാന സ്വഭാവം ഉണ്ടായിരിക്കണം; 20% ൽ കൂടാൻ പാടില്ല; ശരാശരി പാടില്ല; എണ്ണം കൃത്യമായിരിക്കണം എന്നൊക്കെയുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ക്ലോക്ക്വൈസായിട്ടാണ് വാർഡുകളുടെ വിഭജനം ഇലക്ഷൻ കമ്മീഷൻ നടത്തുന്നതെന്ന് നമുക്കറിയാം. അതിൽ ഏതെങ്കിലും സ്ഥലത്ത് പിശക് നടക്കാതിരിക്കാൻ ശ്രദ്ധിക്കുകയാണ് വേണ്ടത്. അത്തരമൊരു നിലപാടാണ് സർക്കാരിന് ആ കാര്യത്തിലുള്ളത്. അല്ലാതെ രാഷ്ട്രീയ അഭിപ്രായത്തിന്റെ ഭാഗമായി വാർഡുകൾ വെട്ടിമുറിക്കാൻ വേണ്ടിയാണ് ഇത്തരമൊരു വിഭജനം വന്നത് എന്നുള്ള ആക്ഷേപം ഞാൻ നിരസിക്കുകയാണ്. ഭരണഘടനയിലെ 73, 74 ഭേദഗതികളുടെ പിതൃത്വം ഞങ്ങൾ ഏറ്റെടുക്കുന്നുവെന്ന് പറഞ്ഞു. ഈ ഭേദഗതികൾ പാസ്സാകുന്നതിനു

മുൻപ് ആ നിയമത്തിന്റെ കാതൽ എന്തായിരുന്നു? അധികാര വികേന്ദ്രീകരണത്തിലുള്ള അധികാരം കേന്ദ്രീകരിക്കാനായിരുന്നു. പഞ്ചായത്തുകൾക്ക് നേരിട്ട് പണം കൊടുക്കുക എന്നുള്ള ആശയമായിരുന്നില്ലേ ആദ്യം. അതിനാണ് പിന്നീട് ഭേദഗതി വന്നത്. നിങ്ങൾ ആ തെറ്റ് തിരുത്തിയെന്നുള്ളത് ശരിയാണ്. പക്ഷെ സംസ്ഥാനങ്ങളെ മറികടന്നുകൊണ്ട് പഞ്ചായത്തുകൾക്ക് നേരിട്ട് അധികാര വികേന്ദ്രീകരണം എന്നുള്ള ആശയം ഏത് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമാണ്. കുറവുകൾ ഉണ്ടായിട്ടുണ്ട്. പക്ഷെ ഞങ്ങൾ അധികാര വികേന്ദ്രീകരണത്തിന് എതിരാണ്; ഞങ്ങളുടേതാക്കിമാറ്റി എന്നുപറയരുത്. ഇവിടെ ബൽവന്ത് റായ് മേത്ത കമ്മിറ്റിയുടെ കാലം മുതൽ അധികാര വികേന്ദ്രീകരണത്തിനുവേണ്ടി വാദിക്കുന്ന ഒരു പ്രസ്ഥാനത്തിന്റെ ആളുകളാണ് ഞങ്ങൾ ഇടതുപക്ഷക്കാർ. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നേരിട്ട് തന്നെ ഇക്കാര്യം ആവശ്യപ്പെട്ടതാണ്. പിന്നീട് ശ്രീ. പി. ഉണ്ണി സൂചിപ്പിച്ചതുപോലെ 1990-ൽ ജില്ലാ കൗൺസിലിൽ ഇന്ത്യയിലാദ്യമായി കളക്ടറെ സെക്രട്ടറി ആക്കിക്കൊണ്ടുള്ള, ഇന്നുള്ളതിനേക്കാൾ മെച്ചപ്പെട്ട അധികാര വികേന്ദ്രീകരണം വന്നു. നിങ്ങളുടെ ഗവൺമെന്റ് വന്നപ്പോൾ നിങ്ങൾ എന്താണ്

ചെയ്തത്? അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ പല ഘട്ടങ്ങളിലും അധികാരം താഴേയ്ക്ക് കൊടുക്കുന്നതിലും വിഭവങ്ങൾ കൊടുക്കുന്നതിലും നിശ്ചയദാർഢ്യത്തോടുകൂടിയുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്, ഇപ്പോഴും ആ നിലപാടാണ് സ്വീകരിക്കുന്നത്. സച്ചാർ കമ്മിറ്റിയുടെ ശിപാർശകൾ ഇന്ത്യയിൽ എത്ര സ്ഥലങ്ങളിൽ പൂർണ്ണമായും നടപ്പാക്കി? കേരളത്തിൽ അത് നടപ്പാക്കാൻവേണ്ടി ഒരു പഠനം നടത്തി, ശിപാർശയുണ്ടായി അതിന്റെ ഭാഗമായി അത് വേഗത്തിൽ നടന്നു. അങ്ങനെ ആ ആനുകൂല്യങ്ങൾ ലഭ്യമാകേണ്ട മുഴുവൻ ആളുകൾക്കും എത്തിച്ചുകൊടുക്കാൻ ശ്രമിച്ചതിനെ ശ്ലാഘിക്കുകയല്ലേ ചെയ്യേണ്ടത്? അതും നിങ്ങൾ രാഷ്ട്രീയ പ്രേരിതമായി കാണുകയാണ്. ഈ ഒരു ബില്ലിന്റെ ഭാഗമായി അങ്ങനെയൊരു സംസാരത്തിലേയ്ക്ക് പോകേണ്ടിയിരുന്നില്ല എന്നാണ് എനിക്ക് തോന്നുന്നത്. എല്ലാ വകുപ്പുകളുടെയും ഭവന പദ്ധതികൾ ഒരുമിച്ച് ചേർത്തതാണ് ലൈഫ് പദ്ധതി. പട്ടികജാതി/പട്ടികവർഗ്ഗം, ഭവനനിർമ്മാണ വകുപ്പ്, മത്സ്യത്തൊഴിലാളികൾ, പഞ്ചായത്തുകളുടെ പദ്ധതികൾ എല്ലാം കൂട്ടിച്ചേർത്തതാണത്. കേന്ദ്ര ഗവൺമെന്റ് 75,000/- രൂപ ഗ്രാമീണ മേഖലയിലും 1,50,000/- രൂപ പട്ടണ പ്രദേശങ്ങളിലും ലൈഫ് പദ്ധതി മുഖേന

തരും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതിൽ പങ്കുണ്ട്. അവരുടെ ഏറ്റവും പ്രധാനപ്പെട്ട വികസന പ്രവർത്തനങ്ങളിലൊന്നാണിത്. ബ്ലോക്ക് തലത്തിൽ നടന്ന അദാലത്തുകളിൽ പോയ എല്ലാ എം.എൽ.എ.-മാർക്കും അറിയാം, അവിടെയൊക്കെ നിങ്ങൾ സന്തോഷമുള്ള മുഖങ്ങളല്ലേ കണ്ടത്. രണ്ട് ലക്ഷത്തോളം ആളുകളുടെ വീട് പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനം 29-ാം തീയതി മുഖ്യമന്ത്രി പുത്തരിക്കണ്ടം മൈതാനത്ത് വച്ച് നടത്തുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയധികം വീടുകൾ കൊടുക്കാൻ സാധിച്ചിട്ടുണ്ടോ? അത് ജനപ്രതിനിധികൾ ഉൾപ്പെടെ നമ്മൾ എല്ലാവരും കൂടി ചേർന്നാണ് സാധിച്ചത്. ഭവനനിർമ്മാണ രംഗത്ത് വീടുകളില്ലാത്ത ആളുകൾക്ക് വീട് കൊടുക്കാനുള്ള പദ്ധതി കൂട്ടിയോജിപ്പിച്ച് നല്ല രീതിയിൽ ചെയ്യാൻ കഴിഞ്ഞു എന്നുള്ള അർത്ഥത്തിലാണ് അതിനെ എടുക്കേണ്ടത്. മറ്റ് വിശദീകരണത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇവിടെ വാർഡുകളുടെ വിഭജനവും തുടർന്നുള്ള കാര്യങ്ങളും ഡീലിമിറ്റേഷൻ കമ്മീഷനും ഇലക്ഷൻ കമ്മീഷനും കൂടിച്ചേർന്ന് തീരുമാനിക്കേണ്ടതാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച് നമുക്ക് പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്, ഒരു വാർഡ് ആണോ വിഭജിക്കുന്നത്? ഒരു പഞ്ചായത്തിൽ ഒരു വാർഡാണോ വരുന്നത്. അല്ല. 23 വാർഡ് എന്നുള്ളത് 24 ആക്കുന്നു എന്ന് പറയുന്നു. 14, 17, 19 വാർഡുകളുള്ള പഞ്ചായത്തുകളും ഉണ്ടാകും. അവിടെ നിങ്ങൾ പരമാവധി 23 വാർഡുകളാക്കുമോ? ഇല്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമല്ലോ കേരളത്തിൽ 73 പഞ്ചായത്തുകളുണ്ട്. 15000-ൽ താഴെയുള്ള വോട്ടർമാരുണ്ട്. അവിടെ 14 വാർഡുകൾ മതി. അങ്ങനെ വരുന്ന സ്ഥലത്ത് നിലവിലെ വാർഡുകൾ വിഭജിച്ച് പുതുതായി 7100 വാർഡുണ്ടാകും എന്നാണ് ഇവർ പറയുന്നത്. 15000-ൽ താഴെ മാത്രം ജനസംഖ്യയുള്ള 78 ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള 13 വാർഡുകൾ നിലനിർത്തുന്നതിനുപകരം ഒരു വാർഡുകൂടി വർദ്ധിപ്പിക്കുന്നതിന് കാരണമാകുന്ന ഈ നിയമം എന്താണ്? 15000 വോട്ടർമാർക്ക് 13 വാർഡ് വീതം കൊടുത്തു. പിന്നെയും അവിടെ ഒരു വാർഡ് നിർമ്മിക്കുകയാണോ? ഉദാഹരണത്തിന് ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ 68000-ലധികം വോട്ടർമാരുണ്ട്. 40000 ആളുകൾ ഉള്ള സ്ഥലത്ത് 24 വാർഡുകൾ വന്നാൽ

തന്നെ അതിന്റെ അനുപാതം എത്രയാണ്? 68000 വോട്ടർമാർ ഉള്ള സ്ഥലത്ത് വിഭജനം നടത്തണമെങ്കിൽ 35 വാർഡ് വേണം. 35 വാർഡ് കൊടുത്താൽ എങ്ങനെയാണ് ഈ 24 വാർഡിൽ നിൽക്കുക? അങ്ങനെയാണെങ്കിൽ 2850 ആളുകൾ .....(ബഹളം).... ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് മാന്യമായിട്ടല്ലേ ചോദിക്കുന്നത് രാജേഷേ. ഒരു നിയമനിർമ്മാണം നടക്കട്ടെ, ചൂടപ്പം പോലെ വിറ്റഴിക്കരുത്. ഒരു പാളിച്ച പറ്റിപ്പോയി. മനുഷ്യനല്ലേ .....(ബഹളം)...... അങ്ങനെയാണെങ്കിൽ 24 എണ്ണമായി വാർഡ് നിജപ്പെടുത്തുമ്പോൾ 2850 വരും. 56 ഗ്രാമപഞ്ചായത്തുകളിൽ 24 വേറെ വരണം. അപ്പോൾ എവിടെയാണ് ഈ മാനദണ്ഡം വരുന്നത്. അത് വ്യക്തമാക്കണം.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: ജനസംഖ്യാനുപാതികമായിട്ടാണ് വാർഡുകൾ വരുന്നതെന്ന് പറഞ്ഞല്ലോ. അപ്പോൾ ആ ജനസംഖ്യയെ വാർഡുകളുടെ എണ്ണം കൊണ്ട് ഹരിച്ചാണ് ആവറേജ് ജനസംഖ്യയാകുന്നത്. അത് മിനിമത്തിൽ എത്രയാണോ വരുന്നത് അത്രയും വാർഡുകൾ ഉണ്ടാകും. ജനസംഖ്യയ്ക്കനുസരിച്ച് വാർഡുകളുടെ എണ്ണം വരും. എല്ലാ പ്രദേശത്തും എണ്ണം കൂടണമെന്നില്ല. ഇപ്പോൾ 13 ഉള്ളതിൽ ചിലതിൽ കുറഞ്ഞെന്നുവരാം; മിനിമത്തിൽ ഒന്ന് കൂടും. മറ്റുള്ളിടത്ത് ജനസംഖ്യാനുപാതികമായി ഉണ്ടെങ്കിൽ

ഈ പറയുന്ന നിബന്ധനകൾക്ക് വിധേയമായ എണ്ണമുണ്ടെങ്കിലാണ് കൂടുന്നത്. ചിലയിടത്ത് കുറയാനും സാധ്യതയുണ്ട്. മുൻപ് ഉണ്ടാക്കിയിട്ടുള്ളതും അങ്ങനെയാണ് ഇപ്പോൾ ഉണ്ടായതും അതിന്റെ ഭാഗമായിട്ടാണ്. മുൻപുള്ള ചട്ടങ്ങളിൽനിന്നും ഒരെണ്ണം വർദ്ധിപ്പിച്ചു എന്നല്ലാതെ വേറെ മാറ്റങ്ങളൊന്നും ഞങ്ങൾ വരുത്തിയിട്ടില്ല. മറ്റേതൊക്കെ പഴയ രീതിയിൽതന്നെയാണ് തുടരുക.

ശ്രീ. പി. സി. ജോർജ്: സർ, ഒളവണ്ണ പഞ്ചായത്തിനെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ, 68000 വോട്ടർമാരുണ്ടെങ്കിൽ 24 വാർഡുകളായി അത് നിശ്ചയിക്കണം. 24 വാർഡ് മാത്രമായി അത് നിലനിർത്തുമോ; അപ്പോൾ ഒരു വാർഡിൽ എത്ര വോട്ടർമാർ വരും. അത് വലിയ പ്രശ്നമാകില്ലേ.

ശ്രീ. എ. സി. മൊയ്തീൻ: ആക്ടിൽ നിലവിലുള്ള 23 എന്നുള്ളത് 24 ആക്കുന്നു. അത് അവിടത്തെ ജനസംഖ്യയെ തുല്യമായി വിഭജിച്ച് വാർഡുകളാക്കും. അതാണ് ഇപ്പോൾ ചെയ്യുന്നത് മുൻപും അങ്ങനെയാണ് ചെയ്തിട്ടുള്ളത്. ഇത് ആദ്യമായിട്ടൊന്നുമല്ല. 1999-ൽ ഗ്രാമപഞ്ചായത്തുകളുടെ മിനിമം എണ്ണം 8 ആയിരുന്നു . അത് പിന്നീട് വർദ്ധിച്ച് 13 ആയി 14 ആയി 15 ഉണ്ടായിരുന്നത് ഇപ്പോൾ 24 ലേയ്ക്ക് എത്തുകയാണ്. അന്ന് ചെയ്ത അതേ രീതി തന്നെയാണ് ഇപ്പോഴും ചെയ്യുന്നത്. അതിൽ അശാസ്ത്രീയതയുമായി ബന്ധപ്പെട്ട

സംശയങ്ങളൊക്കെ ന്യായമാണ്. പക്ഷെ ഒരു നിയമത്തിന്റെ, ആക്ടിന് വിധേയമായി ഇപ്പോൾ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഇതൊക്കെയാണ്. അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറീസ് സെൻസസ് കാലത്ത് ചെയ്യാൻ കഴിയില്ല. പിന്നീട് നമുക്ക് ആലോചിക്കാം.

ശ്രീ. പി. കെ. ബഷീർ: സർ, സെൻസസ് കഴിഞ്ഞ് ഇപ്പോൾ വാർഡ് വിഭജിക്കുകയാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ മൂന്ന് വില്ലേജും കാര്യങ്ങളുമായിട്ട് വാർഡ് വിഭജിച്ചു. ആ വാർഡിന് ഒരു പുതിയ നമ്പർ കൊടുത്തു. രണ്ടാമത് സെൻസസ് വരുമ്പോൾ പിന്നെയും നമ്പർ വരില്ലേ. ഇപ്പോൾ വാർഡ് വിഭജിച്ചാൽ പിന്നെയും നമ്പർ കൊടുക്കണ്ടേ; അപ്പോൾ പഞ്ചായത്തിൽ ജോലി ഇരട്ടിക്കുകയല്ലേ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇതിന് ഞാൻ മറുപടി നേരത്തെ പറഞ്ഞതാണ്. അപ്പോൾ താങ്കൾ അവിടെയുണ്ടായിരുന്നോ എന്ന് എനിക്കറിയില്ല. 13-ാം തീയതി സബ്ജക്ട് കമ്മിറ്റിയിൽ വീണ്ടും ബില്ലിന്റെ ചർച്ചയ്ക്ക് വരുമല്ലോ; അപ്പോൾ ആ സമയത്ത് നമുക്ക് വ്യക്തതയുണ്ടാക്കാം.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, പത്ത് വർഷത്തിൽ ഒരിക്കലല്ലേ വാർഡ് വിഭജനം നടക്കാൻപാടുള്ളുവെന്നല്ലേ ആക്ടിൽ പറയുന്നത്.

അങ്ങനെവരുമ്പോൾ അഞ്ച് വർഷം മുമ്പ് പടന്ന പഞ്ചായത്തിൽനിന്ന് ഒരു ഭാഗം മുൻസിപ്പാലിറ്റിയിലേയ്ക്ക് പോയപ്പോൾ അവിടെ വാർഡ് വിഭജനം നടന്നിട്ടുണ്ട്. അവിടെ വീണ്ടും വാർഡ് വിഭജനം ഉണ്ടാകുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഞാൻ പറഞ്ഞല്ലോ 2015-ലെ സംഭവങ്ങൾ എനിക്കുമറിയാം. ഞാൻ ഇവിടെ വിശദീകരിച്ചു. 82 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് വാർഡ് വിഭജനം നടന്നത്. 1118 പഞ്ചായത്തുകളിൽ വിഭജനം നടന്നിട്ടില്ല. അതിൽതന്നെയുള്ള ഒരു അനോമലിയുണ്ട്. പത്ത് വർഷം എന്നുള്ളത് ഒരു സ്ഥലത്തും പറഞ്ഞിട്ടില്ല. കേരളത്തിന്റെ തെരഞ്ഞെടുപ്പ് ചരിത്രത്തിൽ ഇരുപത്തിയഞ്ച് വർഷക്കാലത്തെ 73, 74 ഭരണഘടനാ ഭേദഗതിക്കുശേഷം നടന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും, പത്ത് വർഷക്കാലത്തിനിടയ്ക്കല്ല വാർഡ് വിഭജിച്ചിട്ടുള്ളത്; എല്ലാ അഞ്ച് വർഷം കൂടുമ്പോഴും ചെയ്തിട്ടുണ്ട്. അത് എൽ.ഡി.എഫും യു.ഡി.എഫും ചെയ്തിട്ടുണ്ട്. അതിന് മാനദണ്ഡമൊന്നുമില്ല. നേരത്തെ ഞാൻ അത് വ്യക്തമാക്കിയതാണ്. ഈ ആക്ട് വന്നതിനുശേഷവും ആക്ടിൽ ഭേദഗതി വരുത്തിയാണ് ഇതൊക്കെ ചെയ്തിട്ടുള്ളത്. 1999, 2005, 2010 വരെ ചെയ്തിട്ടുണ്ട്. 2015-ൽ ചെയ്യാൻ ശ്രമിച്ചെങ്കിലും കഴിയാതെ പോയി. പക്ഷെ കുറച്ചുഭാഗത്ത് നടന്നു. അതിൽ ഒരു

അനോമലിയുണ്ട് അത് പരിഹരിക്കൽകൂടിയാണ്, ഇതാണ് പ്രധാനം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇപ്പോൾ നടത്താൻ പോകുന്ന ഒരു വികസന കാഴ്ചപ്പാടിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതിന് എത്ര വികലമായ രീതിയിലാണ് ബഹുമാന്യനായ പി. ടി. തോമസ് ഇവിടെ സൂചിപ്പിച്ചത്. അതിൽ രണ്ട് കാര്യങ്ങൾ പറഞ്ഞു, ഒന്ന്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യവസായ വികസനത്തിനു വേണ്ടിയുള്ള പദ്ധതികളിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്ന രീതിയിൽ അഞ്ച് തൊഴിലെങ്കിലുമുണ്ടാക്കുക; അതിന് പദ്ധതിയിൽ മാർഗ്ഗനിർദ്ദേശം വേണം. തൊഴിലുണ്ടാക്കുന്നതിൽ എവിടെയാണ് രാഷ്ട്രീയപ്രേരിതമായ കാര്യം. രണ്ട്, ഇവിടെ രണ്ട് പ്രളയം വന്നു, അതിൽ ഏറ്റവും കൂടുതൽ ഇടപെട്ടത് ജനപ്രതിനിധികളാണ്, അതിൽ ഭരണപക്ഷവും പ്രതിപക്ഷവുമില്ല. അവർക്കുള്ള ഒരനുഭവമുണ്ട്. പ്രാഥമികമായി ഒരു ഡിസാസ്റ്ററുണ്ടായാൽ എങ്ങനെയാണ് ഇടപെടേണ്ടതെന്നും മറ്റാരെക്കാളും കൂടുതൽ അനുഭവമുള്ളവരാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധിയും. ജനങ്ങളെ ബോധവൽകരിക്കാൻ 'നമ്മൾ നമുക്കായി' എന്നുള്ള ഒരു പദ്ധതിയുടെ ഭാഗമായി വോളണ്ടിയർമാരെ റിക്രൂട്ട് ചെയ്ത് പ്രാഥമികമായി ഡിസാസ്റ്റർ പ്രവർത്തനത്തിൽ പങ്കാളിയാക്കുന്നതിന്

അവരെ പരിശീലിപ്പിക്കുകയാണ് ചെയ്യുന്നത്. സ്ത്രീകൾ ഉൾപ്പെടെ വേണമെന്നാണ് ഇന്നലെ പറഞ്ഞത്. അതൊക്കെ ഏതെങ്കിലും പാർട്ടിയുടെ തെരഞ്ഞെടുപ്പ് സേനയുണ്ടാക്കാൻ വേണ്ടിയാണെന്ന് പറയുമ്പോൾ, നേരത്തെ ബഹുമാനപ്പെട്ട എസ്. ശർമ്മ ചോദിച്ചപോലെ ഏകപക്ഷീയമല്ലല്ലോ. തദ്ദേശസ്വയംഭരണ സ്ഥാപനം ആരെങ്കിലും ഒറ്റയ്ക്ക് ഭരിക്കുന്നുണ്ടോ. അതിൽത്തന്നെ അപ്പുറത്തും ഇപ്പുറത്തുമുള്ളവരുണ്ട്. അതിനെയൊന്നും ആ രീതിയിൽ കാണരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞങ്ങൾക്കും ജനപ്രതിനിധികൾക്കും പൊതുപ്രവർത്തകർക്കുമുള്ള ഒരു ആശങ്ക, ശ്രീ. പി. ടി. തോമസ് സംസാരിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ചു, പഞ്ചായത്ത് ഭരിക്കുന്നവരിലും മുനിസിപ്പാലിറ്റിയുമൊക്കെ ഞങ്ങളുടെ ജനപ്രതിനിധികളുമുണ്ട്. പക്ഷെ അവിടെ ഞങ്ങളുടെ ജനപ്രതിനിധികൾ കൊണ്ടുവരുന്ന സജഷൻസ്, ഒരുപക്ഷെ നിങ്ങളുടെ പാർട്ടി ഇടപെട്ടുകൊണ്ട് മുകളിൽനിന്നും അതിനൊരു നീട്ടുരം കൊണ്ടുവന്ന് തിരുത്തി നിങ്ങളുടേതായ പാതയിലേയ്ക്ക് കൊണ്ടുവരുമെന്നുള്ള ഒരു ആശങ്ക ഇപ്പുറത്തെ പാർട്ടിയിലെ ജനപ്രതിനിധികൾക്ക് എല്ലാവർക്കുമുണ്ട്. ആ ആശങ്കയിൽ എന്തെങ്കിലും

യാഥാർത്ഥ്യമുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അതൊരു ന്യായമായ ആശങ്കയല്ല. കാരണം, കേരളത്തിൽ എക്കാലത്തും ഒരു മുന്നണിയല്ലല്ലോ ഭരിച്ചിട്ടുള്ളത്. മുമ്പത്തെ കാര്യം തന്നെ ചരിത്രത്തിന്റെ ഭാഗമല്ലേ. അത് ബാലിശമാണെന്ന് ഞാൻ പറയില്ല; തെറ്റായ വാദഗതിയാണ്. തെറ്റായ അത്തരം പ്രവണതകളുണ്ടെങ്കിൽ നമ്മൾ തിരുത്തി പോകണം. പക്ഷെ ഭരണപക്ഷവും പ്രതിപക്ഷവുമില്ലാതെ യോജിച്ച പ്രവർത്തനമല്ലേ മിക്കവാറും എല്ലാ സ്ഥലത്തും നടക്കുന്നത്. അപൂർവ്വം ചില സ്ഥലത്ത് രാഷ്ട്രീയത്തിന്റെ അതിപ്രസരമുണ്ടാകും. പക്ഷെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുവിൽ എടുത്താൽ നല്ല രീതിയിലുള്ള പ്രോഗ്രസ്സും നല്ല രീതിയിലുള്ള ഇടപെടലുമുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, ഭരണകക്ഷിയുടെ താല്പര്യത്തിനനുസരിച്ച് വാർഡ് വിഭജനം നടത്തിക്കൊടുക്കാൻവേണ്ടി പഞ്ചായത്ത് സെക്രട്ടറിമാരെ അകാരണമായി സ്ഥലം മാറ്റിക്കൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ ആനക്കയം ഗ്രാമപഞ്ചായത്തിൽ ഒരു മാസം മുമ്പ് വന്ന ഒരു സെക്രട്ടറിയെ ഒരു മാസം കഴിഞ്ഞപ്പോൾ മാറ്റി. എന്താണ് കാര്യമെന്ന് അന്വേഷിച്ചപ്പോൾ അത് പാർട്ടി സമരത്തിന് വന്നതാണ്, വാർഡ് വിഭജിച്ച് പാർട്ടിക്ക് ഭരണം

പിടിച്ചെടുക്കാൻവേണ്ടി വന്നതാണ് എന്നാണ് അറിഞ്ഞത്. ഭരണം പിടിച്ചെടുക്കാൻവേണ്ടി വാർഡ് വിഭജനം മാത്രമല്ല ഉദ്യോഗസ്ഥന്മാരെയും നിങ്ങൾ രാഷ്ട്രീയ പ്രേരിതമായി സ്ഥലം മാറ്റിക്കൊണ്ടിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, രാഷ്ട്രീയ പ്രേരിതമായ ഒരു സ്ഥലം മാറ്റം ഈ ഗവൺമെന്റ് നടത്തിയിട്ടില്ല. തെരഞ്ഞെടുപ്പിന്റെ ഈ ഘട്ടത്തിൽ, വോട്ടർ പട്ടികയിൽ പേര് ചേർക്കുന്ന ഈ സമയത്ത് അതിന്റെ ചുമതലയുള്ള ഒരു പഞ്ചായത്ത് സെക്രട്ടറിമാരെയും സ്ഥലം മാറ്റാൻ പറ്റില്ല. അത് മനസ്സിലാക്കണം. ഇലക്ഷൻ കമ്മീഷൻ തന്നെ അത് പറഞ്ഞല്ലോ; 28-ാം തീയതി വരെ വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പ്രവർത്തനത്തിലാണ്. അപ്പോൾ രാഷ്ട്രീയ പ്രേരിതമായി സ്ഥലംമാറ്റി പരിചയമുള്ള ആളുകളുടെ അനുഭവം വച്ചിട്ടായിരിക്കും അങ്ങ് ഇത് സൂചിപ്പിച്ചിട്ടുണ്ടാകുക എന്ന് ഞാൻ കരുതുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, പഞ്ചായത്ത് സെക്രട്ടറിമാർ പുനർനിർണയ ഉദ്യോഗസ്ഥ സെക്രട്ടറിമാരാണ്. ഒന്നാമത് പഞ്ചായത്തിലെ ജീവനക്കാർ ബംഗാളി തൊഴിലാളികളെപ്പോലെയാണ്. എല്ലാ ഡിപ്പാർട്ടുമെന്റിലെ വർക്കും

ബംഗാളി തൊഴിലാളികളെപ്പോലെ പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരെയാണ് ഏൽപ്പിക്കുന്നത്. ഏതുവേണമെങ്കിലും എടുത്തുനോക്കൂ, അങ്ങേയ്ക്ക് അറിയാമല്ലോ. ഒരു സ്ഥലത്തുപോകുന്ന ബംഗാളികളെക്കൊണ്ട് എല്ലാ ജോലിയും എടുപ്പിക്കും. സെക്രട്ടറിക്ക് പുനർനിർണ്ണയം, വോട്ടർ പട്ടിക പുതുക്കൽ, ഡീലിമിറ്റേഷൻ, സെൻസസ്..... എല്ലാംകൂടി എങ്ങനെയാണ് ഈ സെക്രട്ടറി ചെയ്യുക. ആ കാര്യത്തെ സംബന്ധിച്ച് സർക്കാർ ചിന്തിച്ചിട്ടുണ്ടോ?

<u>ശ്രീ. എം. ഉമ്മർ</u>: സർ, വാർഡ് വിഭജനത്തിന്റെ പ്രോസസ്സ് എന്ന് അവസാനിപ്പിച്ചു എന്നതിന്റെ നോട്ടിഫിക്കേഷൻ കൊണ്ടുവരാൻ, വാർഡിന്റെ പൂർണ്ണമായ രീതിയിലുള്ള ഒരു നോട്ടിഫിക്കേഷൻ എന്ന് കൊണ്ടുവരുമെന്ന് പറയാൻ മന്ത്രിക്ക് പറ്റുമോ.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, അത് ഇലക്ഷൻ കമ്മീഷന്റെ ഡീലിമിറ്റേഷൻ കമ്മീഷനാണ് ചെയ്യേണ്ടത്. അതിനുള്ള നടപടികൾ വേഗത്തിൽ ചെയ്യാൻ അവർ തയ്യാറായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇലക്ഷൻ കമ്മീഷൻ ചെയർമാനായിട്ടുള്ള ഒരു ഡീലിമിറ്റേഷൻ കമ്മീഷനാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ വിഷമം നല്ലപോലെ അറിയുന്ന ഒരാളാണ് ശ്രീ. പി. കെ. ബഷീർ എന്ന് എനിക്കറിയാം. രാത്രി കിടന്നുറങ്ങാൻ

പറ്റുന്നില്ലായെന്ന് അദ്ദേഹം തന്നെ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. പി. കെ. ബഷീർ: .....(മൈക്ക് ഓഫ്).....

ശ്രീ. എ. സി. മൊയ്തീൻ: സർ, അങ്ങ് എന്നെ പറയാൻ അനുവദിക്കു. ധാരാളം ജോലികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യുന്നു എന്നുള്ളത് വസ്തുതയാണ്. അതിനനുസരിച്ചുള്ള സ്റ്റാഫും സൗകര്യങ്ങളുമുണ്ടാകണമെന്ന് പറയുന്ന വികാരത്തോട് എനിക്ക് യോജിപ്പാണ്. നമ്മുടെ സാമ്പത്തിക സ്ഥിതിയുടെ പ്രശ്നമാണ്. അത്തരം കാര്യങ്ങളെക്കുറിച്ചും ഗവൺമെന്റ് ആലോചിച്ച് തുടങ്ങിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജോലി ഭാരത്തിനനുസരിച്ച് കൂടുതൽ തസ്തികകളുണ്ടാകണം; സൗകര്യങ്ങളുണ്ടാകണം; ആ കാര്യവും ഗവൺമെന്റ് ആലോചിക്കുകയാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, തെരഞ്ഞെടുപ്പിലെതന്നെ സുപ്രധാനം വോട്ടർ പട്ടികയാണ്. പാർലമെന്റ് ഇലക്ഷന്റെ പട്ടികയെ വാർഡ് അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതിനുള്ള തടസ്സങ്ങളും പ്രയാസങ്ങളും ചെലവുകളും ചൂണ്ടിക്കാട്ടിക്കൊണ്ടാണ് 2019-ൽ പാർലമെന്റ് ഇലക്ഷന് ഉപയോഗിച്ച ഐഡന്റിറ്റി കാർഡുള്ള ഒരു പട്ടിക നിലനിൽക്കെ 2015-ലെ പഞ്ചായത്ത് ഇലക്ഷന് ഉപയോഗിച്ച, അഞ്ച് വർഷമായിട്ടും പുതുക്കാത്ത,

മരിച്ചവരെ ഒഴിവാക്കാത്ത, അർഹതയുള്ളവരെ പുതിയതായി ഉൾപ്പെടുത്താത്ത ഒരു പട്ടിക തന്നെ വേണം ഈ പഞ്ചായത്ത് ഇലക്ഷന് എന്ന് ഗവൺമെന്റും ഇലക്ഷൻ കമ്മീഷനും നിഷ്കർഷിച്ചത്. വാർഡ് വിഭജനം വരുമ്പോൾ ഇപ്പോൾ അവലംബമാക്കിയിട്ടുള്ള ഈ പട്ടികയെ വീണ്ടും കൂട്ടിച്ചേർക്കുന്ന വാർഡുകളുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടിവരുമെന്നുള്ളതുകൊണ്ട് 2019-ലെ പട്ടികയെ ആശ്രയിക്കുക എന്ന വാദഗതി ഈ പുതിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ അംഗീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, അത് കോടതിയിലൂൾപ്പെടെ പോയ വിഷയമാണ്. അതിനെക്കുറിച്ച് ഞാൻ നേരത്തെ ഈ സഭയിൽ പറഞ്ഞു. ഇനി അതിന് സമയമെടുക്കുന്നില്ല. ഇലക്ഷൻ കമ്മീഷന്റെ വെർഷൻ എന്താണ് എന്നുള്ളതൊക്കെ അദ്ദേഹം തന്നെ പരസ്യമായി പറഞ്ഞിട്ടുണ്ട്. കോടതിയിൽ അദ്ദേഹം നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ തർക്കമുണ്ടാക്കി തെരഞ്ഞെടുപ്പിന് കാലതാമസമുണ്ടാക്കാതിരിക്കുക. അത് ഞാൻ ഈ ഫ്ലോറിൽത്തന്നെ പറഞ്ഞു. ശ്രീ. പി. കെ. ബഷീർ ഇനി മതി, അടുത്തൊരു ബില്ലുകൂടെയുണ്ട്.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട മന്ത്രി, പഞ്ചായത്തിന്റെ വാർഡ് വിഭജനം, ബ്ലോക്ക് പഞ്ചായത്തിന്റെ വിഭജനം അതും കഴിഞ്ഞ് ജില്ലാ പഞ്ചായത്തിന്റെ വിഭജനവും സമയപരിധി വച്ച് ഒക്ടോബർ മാസത്തിൽ തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കുമെന്ന് സർക്കാരിന് തോന്നുന്നുണ്ടോ; അല്ലാതെ, തെരഞ്ഞെടുപ്പ് നീട്ടണമെന്നുള്ള ഉദ്ദേശ്യമുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2014-ലെ വോട്ടർ പട്ടികയിൽ നിന്നാണ് 2015-ലെ പഞ്ചായത്ത് വോട്ടർ പട്ടികയുണ്ടായത്. 2019-ലെ വോട്ടർ പട്ടിക 2020-ന് പഞ്ചായത്തുകൾക്ക് സ്വീകാര്യമല്ലായെന്നാണ് ഇപ്പോൾ ഗവൺമെന്റ് പറയുന്നത്. ഓരോ വാർഡുകളിലും ആവറേജ് 250-ഓളം പേരുകൾ വോട്ടർ പട്ടികയിൽ ചേർക്കാനുണ്ടാകും. പഞ്ചായത്തിന്റെ വോട്ടർ പട്ടികയിൽ ആദ്യം പേര് ചേർക്കുകയും അതിനുശേഷം ഹിയറിംഗിന് ആളുകൾ ഹാജരാകുകയും വേണം. 2019-ൽ പാർലമെന്റിൽ വോട്ട് ചെയ്ത ഒരു വോട്ടറുടെ വോട്ടർ ലിസ്റ്റ് ഹാജരാക്കിയാൽ ആ വ്യക്തിക്ക് ഹിയറിംഗിന് ഹാജരാകാതെ വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ സാധിക്കുമോ; ഇത്തരത്തിൽ പല സ്ഥലങ്ങളിലും പഠിക്കുന്ന നിരവധി കുട്ടികളും ധാരാളം പ്രവാസികളുമുണ്ട്. അവർക്കെല്ലാം ഹിയറിംഗിന് എത്താൻ ബുദ്ധിമുട്ടാകും. 2019-ലെ വോട്ടർ പട്ടികയിൽ

പേരുണ്ടാകുകയും അയാൾ വോട്ട് ചെയ്തിട്ടുണ്ടെന്ന് പ്രൂഫ് ചെയ്യുകയും അതിനുള്ള പ്രൂഫ് കൊടുത്താൽ ആ വ്യക്തിയെ ഹിയറിംഗില്ലാതെ വോട്ടറായി ചേർക്കാനുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ജനങ്ങൾക്ക് പരമാവധി ബുദ്ധിമുട്ടില്ലാതെ വോട്ടർ പട്ടികയിൽ പേര് ചേർക്കണമെന്നുള്ള വികാരത്തിനൊപ്പമാണ് ഗവൺമെന്റ് നിൽക്കുന്നത്. ഇലക്ഷൻ കമ്മീഷനാണ് അന്തിമ തീരുമാനമെടുക്കേണ്ടത്. സ്വാഭാവികമായും അദ്ദേഹമൊരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ എന്താണ് ചെയ്യുവാൻ സാധിക്കുന്നതെന്ന് എനിക്കിപ്പോൾ പറയുവാൻ സാധിക്കില്ല. തെരഞ്ഞെടുപ്പ് സമയത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അത് സംബന്ധിച്ച് നേരത്തെ ഞാനൊരുദാഹരണം സഭയിൽ പറഞ്ഞിരുന്നു. അടുത്ത ബിൽ ചർച്ചയ്ക്കായി എടുക്കേണ്ടതിനാൽ മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. യു.ഡി.എഫ്.-ന്റെ കാലത്ത്, 2005 മാർച്ച് മാസത്തിൽ ഭേദഗതി കൊണ്ടുവന്നതിനുശേഷം തെരഞ്ഞെടുപ്പ് കൃത്യമായി കേരളത്തിൽ നടത്തിയിട്ടുണ്ട്. അതിന് അഞ്ച്-ആറ് മാസം ഇനിയുമുള്ളതിനാൽ ബുദ്ധിമുട്ടില്ലാതെ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുമെന്നാണ് സർക്കാർ

പ്രതീക്ഷിക്കുന്നത്. സബ്ജക്ട് കമ്മിറ്റി കഴിഞ്ഞതിനുശേഷം വരുന്ന ചർച്ചയിൽ മറ്റ് വിഷയങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യാമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ടി. തോമസ്, അങ്ങ് 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ-ന് അവതരിപ്പിച്ച '1 എ' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലായിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച '1 എ' നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാമചന്ദ്രൻ, അങ്ങ് 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ-ന് അവതരിപ്പിച്ച '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലായിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ആർ. രാമചന്ദ്രൻ അവതരിപ്പിച്ച '2 ബി' നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ ....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ഉണ്ണി, അങ്ങ് 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ-ന് അവതരിപ്പിച്ച '1എ' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ഉണ്ണി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ഉണ്ണി അവതരിപ്പിച്ച '1എ' നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ ....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (iii) 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വരനിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും

വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സാർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ഇതിന്റെ ആമുഖമായി വളരെ കൂടുതൽ കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. പി. സി. ജോർജ്: സർ, ഈ ബിൽ സംബന്ധിച്ച് വ്യക്തമായ ചില കാര്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഞാൻ കത്ത് നൽകിയിട്ടുണ്ടായിരുന്നു. ബിൽ അവതരിപ്പിക്കുന്നതിന് തർക്കമുള്ളതുകൊണ്ടാണ് ഞാൻ കത്ത് നൽകിയിട്ടുള്ളത്. ഇവിടെ ക്രിസ്ത്യൻ എന്നുപറഞ്ഞാൽ ക്രിസ്ത്യൻ കമ്മ്യൂണിറ്റിയിൽ......

മി. ഡെപ്യൂട്ടി സ്പീക്കർ: അതുസംബന്ധിച്ച് ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, ക്രമപ്രശ്നമാണെങ്കിൽ ഞാൻ വഴങ്ങാം.

അല്ലാത്ത കാര്യമാണെങ്കിൽ ബഹുമാനപ്പെട്ട മെമ്പറിന് ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാം. അടുത്തകാലത്തുണ്ടായിട്ടുള്ള ചില സംഭവങ്ങൾ നമ്മുടെ സാംസ്കാരിക കേരളത്തിന് അപമാനമാണ്. 03-07-2017-ലെ സുപ്രീംകോടതി വിധിയെത്തുടർന്ന് രണ്ട് സഭകൾ തമ്മിലുള്ള പ്രശ്നത്തിൽ ശവസംസ്കാരം നടത്താൻപോലും സാധിക്കാത്ത സ്ഥിതിവിശേഷം കേരളത്തിൽ സംജാതമായി. ഈ സ്ഥിതി തുടർന്നാൽ സാമൂഹ്യവും മതപരവുമായ പ്രത്യാഘാതങ്ങൾ സമൂഹത്തിൽ സ്വാഭാവികമായും ഉടലെടുക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ഒരു ഇടവകയിലുൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെ അടക്കം ചെയ്തിട്ടുള്ള സെമിത്തേരിയിൽ അടക്കം ചെയ്യുന്നതിനുള്ള അവകാശമുണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ഒരു ഓർഡിനൻസ് കൊണ്ടുവരാൻ ഗവൺമെന്റ് നിർബന്ധിക്കപ്പെട്ടത്. കേരള സംസ്ഥാന നിയമസഭാ സമ്മേളനത്തിൽ ഇല്ലാത്തതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകണമെന്നുള്ളതുകൊണ്ടും 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികളിൽ (ശവം അടക്കം ചെയ്യാനുള്ള അവകാശം) ബിൽ ഓർഡിനൻസ് 2020 ജനുവരി 6-ാം തീയതി ബഹുമാനപ്പെട്ട കേരള ഗവർണ്ണർ

വിളംബരം ചെയ്തു. അത് 2020-ലെ ഒന്നാം നമ്പർ ഓർഡിനൻസായി 2020 ജനുവരി 7-ാം തീയതി 59-ാം നമ്പരായി കേരള അസാധാരണ ഗസ്സറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ആ ഓർഡിനൻസ് റിപ്ലെയ്സ് ചെയ്തുകൊണ്ടുള്ള ബില്ലാണ് ഇവിടെ അവതരിപ്പിക്കുന്നത്. കൂടുതൽ കാര്യങ്ങളിലേയ്ക്ക് ചർച്ചയ്ക്കുശേഷം മറുപടിയെന്ന നിലയിൽ പറയാം. അതുകൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാനുദ്ദേശിക്കുന്നില്ല.

Shri Abdul Hameed. P.: Sir, I move that, " This House resolves to dispprove The Kerala Christian Cemeteries (Right to burial of corpse) Ordinance, 2020 (Ordinance No. 1 of 2020)" . സംസ്ഥാനത്തെ യാക്കോബായ, ഓർത്തഡോക്സ് ക്രിസ്ത്യൻ വിഭാഗങ്ങളിലെ തർക്കവുമായി ബന്ധപ്പെട്ട് ചില സെമിത്തേരികളിൽ മൃതദേഹം അടക്കുന്നതിന് തടസ്സങ്ങളുണ്ടായപ്പോൾ അത് നിയമപരമായി നേരിടുന്നതിനാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നത്. രണ്ട് വിഭാഗം വിശ്വാസികൾ തമ്മിലുള്ള തർക്കത്തിൽ ഇരുവിഭാഗങ്ങളെയും തമ്മിൽ സമവായത്തിലെത്തിക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തേണ്ടിയിരുന്നത്. എന്നാൽ സർക്കാരിന് അതിന് സാധിച്ചില്ലെന്നുള്ളതാണ് ഈ നിയമം കൊണ്ടുവന്നതിലൂടെ വ്യക്തമാകുന്നത്.

ഇതിലെ നിർവ്വചനപ്രകാരം കുടുംബാംഗങ്ങൾക്ക് ആരാധന അർപ്പിക്കാനായി പള്ളി അല്ലെങ്കിൽ പ്രാർത്ഥനാ ഹാളുള്ള ക്രിസ്ത്യൻ കുടുംബങ്ങളുടെ കൂട്ടായ്മയാണ് ഇടവക. ഒരു ഇടവകയിലുൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെ അടക്കംചെയ്ത സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടുന്നതിന് ഒരു നിയമപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നു. മൃതദേഹം അടക്കുന്നത് തടയുന്ന അല്ലെങ്കിൽ തടയാൻ ശ്രമിക്കുന്ന ഏതൊരാൾക്കും ഒരു വർഷംവരെയാകുന്ന തടവോ 10,000/- രൂപ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഒരു സഭയുടെ അധീനതയിലുള്ള സെമിത്തേരിയിൽ മറ്റൊരു സഭയിലെ കുടുംബാംഗങ്ങൾ മൃതദേഹം അടക്കുന്നതിനായി പ്രവേശിക്കുന്നത് നിയമം അടിച്ചേൽപ്പിച്ചാകുമ്പോൾ ഇത് ഇരുവിഭാഗങ്ങളും തമ്മിലുള്ള സംഘർഷം മൂർച്ഛിക്കാനാണ് സാദ്ധ്യത. സർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ ഇരുവിഭാഗത്തെയും ചർച്ചയ്ക്കുവിളിച്ച് സമവായത്തിലൂടെ പ്രശ്നത്തിന് പരിഹാരം കാണാമായിരുന്നു. അതിനുപകരം ഇത്തരത്തിൽ നിയമം കൊണ്ടുവന്ന് പ്രശ്നം വീണ്ടും തെരുവുകളിൽ എത്തിക്കരുത്. മൃതദേഹത്തോട് യാതൊരുവിധത്തിലുള്ള അവഗണനയും പാടില്ലെന്നും ആരെങ്കിലും മൃതശരീരത്തോട് ഏതെങ്കിലും തരത്തിലുള്ള

അനാദരവുണ്ടാക്കുന്ന വിധത്തിൽ പെരുമാറിയാൽ അത് ക്രിമിനൽ കുറ്റമാണെന്നും ഉത്തമ ബോദ്ധ്യമുള്ള നാടാണ് കേരളം.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് വളരെ വ്യക്തമായ ഒരു കത്ത് കൊടുത്തിരുന്നു. സാധാരണഗതിയിൽ സ്പീക്കർക്ക് ഒരു കത്ത് നൽകിയാൽ സ്പീക്കർ അക്കാര്യമിവിടെ മെൻഷൻ ചെയ്യേണ്ടതാണ്. എന്നാലത് ചെയ്യാത്തതിലെനിക്ക് ദുഃഖമുണ്ട്. യാക്കോബായ ഓർത്തഡോക്സ് തർക്കം തീർക്കാനായി ഗവൺമെന്റ് കൊണ്ടുവന്ന ഓർഡറിനെ നൂറ് ശതമാനവും ഞങ്ങൾ അനുകൂലിക്കുകയാണ്. പക്ഷെ ക്രിസ്ത്യൻ കമ്മ്യൂണിറ്റിയെന്ന് പറയുന്നതിൽ പതിനൊന്ന് ശതമാനത്തോളം വരുന്നത് കത്തോലിക്ക മതവിശ്വാസികളാണ്. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഈ നിയമം അംഗീകരിക്കാൻ കഴിയില്ല. അത് വളരെ വ്യക്തമായി കർദ്ദിനാളും ബിഷപ്പ് കൗൺസിലും സിനഡും ഈ രാജ്യത്തെ ജനങ്ങളോട് പറഞ്ഞിട്ടുണ്ട്. അത് സംബന്ധമായ ഒരു അഭിപ്രായം വളരെ നിർബന്ധമായും ഗവൺമെന്റിൽനിന്ന് ഉണ്ടാകണം. പാർട്ടി ബെയ്സിൽ ഇക്കാര്യത്തിൽ അഭിപ്രായം പറയാൻ അനുവദിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട് ആവശ്യപ്പെട്ടിരുന്നു.

അദ്ദേഹം അക്കാര്യത്തിൽ ഒരു കമന്റ് എനിക്ക് നൽകിയിട്ടില്ല, എനിക്ക് ആ കാര്യത്തിൽ പരാതിയുണ്ട്. ഈ നിയമം കൊണ്ടുവരുന്നത്, പത്തൊമ്പത് ശതമാനത്തോളം വരുന്ന ക്രിസ്ത്യൻ സമൂഹത്തിലെ പതിനൊന്ന് ശതമാനത്തോളം വരുന്ന കത്തോലിക്ക മതവിശ്വാസികൾക്ക് വേദനയുണ്ടാക്കുന്ന കാര്യമാണ്. അതിൽ അവർക്ക് പരാതിയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയുടെ കർദ്ദിനാൾ ഉൾപ്പെടെയുള്ളവരുമായി കൂടിയാലോചിച്ച് ഈ നിയമത്തിൽ കാതലായ മാറ്റം വരുത്തണം. യാക്കോബായക്കാരുടെയും ഓർത്തഡോക്സുകാരുടെയും പ്രശ്നം പരിഹരിക്കുന്നതിന് ഈ നിയമത്തിൽനിന്ന് കത്തോലിക്കാ മതവിശ്വാസികളെ ഒഴിവാക്കി ഒരു നിയമം കൊണ്ടുവരുന്നതിൽ നമുക്കാർക്കും എതിരില്ല, മറിച്ച് സന്തോഷം മാത്രമേയുള്ളൂ. അക്കാര്യം ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഞാൻ ഒരു കാര്യം പറയുമ്പോൾ അങ്ങ് മനസ്സിലാക്കണം, ഇവിടെ ക്രിസ്ത്യാനികളുടെ കാര്യം തീരുമാനിക്കുന്നത് ശ്രീ. അബ്ദുൽ ഹമീദ് പി., ശ്രീ. പി. കെ. അബ്ദു റബ്ബ്, ശ്രീ. സി. മമ്മൂട്ടി അവർക്കെല്ലാം...... .........(ബഹളം).... അവകാശമുണ്ട് പറയുന്നത് കേൾക്കൂ. പറഞ്ഞുതീരുന്നതിനുമുമ്പ് ബഹളം വച്ചാലെങ്ങനെയാണ്? അവർ ന്യൂനപക്ഷ.....(ബഹളം).... ഞാൻ പറയുന്നത്

കേട്ടിട്ട് നിങ്ങൾക്ക് സംസാരിക്കാം. അവർ ന്യൂനപക്ഷ മത വിഭാഗങ്ങളുമായി .......(ബഹളം)........ നിങ്ങൾക്ക് അനുകൂലമായാണ് സംസാരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. സി. ജോർജ്, പ്ലീസ്...

ശ്രീ. പി. സി. ജോർജ്: സർ, ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ടവർക്കാണ് സംസാരിക്കാൻ സമയം കിട്ടിയിരിക്കുന്നത് എന്നതാണ് ആകെയുള്ള ആശ്വാസം. അതുകൂടി തകർക്കുന്ന നിലയിൽ പോയാൽ എങ്ങനെയാണ്? യാക്കോബായ ഓർത്തഡോക്സ് വിഭാഗങ്ങളുടെ ശവസംസ്കാരവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഇറക്കിയ ഒരു ഓർഡർ ഉണ്ട്. ആ ഓർഡറിനെ നൂറ് ശതമാനവും അനുകൂലിക്കുന്നു. ആ ഓർഡർ പുറപ്പെടുവിച്ച മുഖ്യമന്ത്രിയെ അനുകൂലിക്കുകയും പിന്തുണ കൊടുക്കുകയും ചെയ്യുന്നു. എന്നാൽ ഏറ്റവും പ്രബലമായ കത്തോലിക്ക മതവിഭാഗത്തിന്റെ വേദനകൾ എന്തെന്ന് മനസ്സിലാക്കി ഈ നിയമത്തിൽ കാതലായ മാറ്റം വരുത്താൻ ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും ആവശ്യപ്പെടുകയാണ്.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, അത് ഈ ഗവൺമെന്റ് ആലോചിച്ച് തീരുമാനമെടുക്കട്ടെ. അടുത്തകാലത്തായി സംസ്കാര ശുശ്രൂഷകൾ നടത്തുന്നതുമായി ബന്ധപ്പെട്ട ചില പരാതികളും അനിഷ്ട സംഭവങ്ങളും

ഉയർന്നുവന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ് അത് ദുഃഖകരവുമാണ്. യാക്കോബായ ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിലുള്ള സഭാതർക്കമാണ് ഇപ്പോൾ കാണുന്ന വിധമുള്ള കോലാഹലങ്ങൾക്ക് വഴിവച്ചത്. പള്ളികളുടെ ഉടമസ്ഥാവകാശം 1934-ലെ മലങ്കര ഓർത്തഡോക്സ് സഭ ഭരണഘടന അനുസരിച്ച് ആയിരിക്കണമെന്നതായിരുന്നു ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ്. സുപ്രീംകോടതി ഉത്തരവ് നടപ്പാക്കാൻ സർക്കാർ ബാധ്യസ്ഥരാണ് എന്നതിൽ തർക്കമില്ല. പക്ഷെ ശബരിമല വിഷയത്തിലെന്നപോലെ വേണ്ടത്ര അവധാനതയോടെ പ്രവർത്തിക്കാൻ സർക്കാരിന് ആയില്ല. ഇരുവിഭാഗത്തെയും വിശ്വാസത്തിലെടുത്ത് ബലപ്രയോഗമില്ലാതെ കാര്യങ്ങൾ നടത്താൻ സർക്കാർ ശ്രമിക്കണമായിരുന്നു. ഇനിയും ഈ നിയമത്തിലൂടെ വീണ്ടും വിശ്വാസികൾ തമ്മിൽ രൂക്ഷമായ പ്രശ്നങ്ങൾ ഉണ്ടാകുമോയെന്ന് ആശങ്കപ്പെടേണ്ടിയിരിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അങ്ങ് അവസാനം പറഞ്ഞ ഭാഗത്തെ സംബന്ധിച്ച് ഞാൻ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബ്രിട്ടീഷ് മഹാറാണി അംഗീകരിച്ച് 1611-ൽ കേംബ്രിഡ്ജ് പബ്ലിഷ് ചെയ്ത ഹോളി ബൈബിൾ ആണ് എന്റെ

കയ്യിലുള്ളത്. പള്ളികളിലൊക്കെ വായിക്കുന്ന അവരുടെ ആധികാരിക പുസ്തകമാണ്. ഈ ഹോളി ബൈബിളിൽ കർത്താവിന്റെ ശരീരവും വിശ്വാസ ശരീരവും തമ്മിലുള്ള ബന്ധത്തെപ്പറ്റി പറയുന്നുണ്ട്. ആ വാചകം ഞാൻ വായിക്കാം. "I beseech you therefore, brethren, by the mercies of God, that ye present your bodies a living sacrifice, holy, acceptable unto God, which is your reasonable service.

[4] For as we have many members in one body, and all members have not the same office." കർത്താവിന്റെ ശരീരത്തിൽ ഓരോ വിശ്വാസിയും ഒരു മെമ്പർ ആണ്, പക്ഷെ ബോഡി ഒന്നേയുള്ളൂ, അത് കർത്താവാണ്. ആ മെമ്പർമാർ അതിൽ ലയിച്ചിരിക്കുകയാണ്. ഇങ്ങനെ പറയുന്ന മഹത്തായ ക്രിസ്തുമതത്തിന്റെ പേരിൽ ശവശരീരം അടക്കം ചെയ്യുന്നതിനെ തടയുകയും ബഹളം ഉണ്ടാക്കുകയും ചെയ്യുന്നത് ക്രിസ്ത്യാനിറ്റിയുമായി എന്തെങ്കിലും ബന്ധമുണ്ടോ? ശവശരീരം സംസ്കരിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കേണ്ടത് ഈ ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. ശവശരീരം സംസ്കരിക്കുന്നതിനെ തടയുന്നതിനെ, അത് ആരായാലും, എങ്ങനെയാണ് ന്യായീകരിക്കുന്നതെന്ന് അങ്ങ് പറയണം.

<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: സർ, മൃതദേഹം സംസ്കരിക്കുന്നതിനെ ഞങ്ങൾ എതിർക്കുന്നില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയിവിടെ സൂചിപ്പിച്ചതുപോലെ ഒരു തർക്കം തീർക്കുന്നതിനുവേണ്ടിയുള്ള പരിഹാരമെന്ന രീതിയിലാണ് ഗവൺമെന്റ് ഈ ബില്ല് കൊണ്ടുവരുന്നത്. ആ ബില്ലിന്റെ ലെജിസ്ലേറ്റീവ് ഇന്റൻഷനെ നമ്മൾ ചോദ്യം ചെയ്യുന്നില്ല. കാരണം, അതൊരു പ്രശ്നം തീർക്കാൻവേണ്ടി കൊണ്ടുവന്നതാണ്. എന്നാൽ ഈ ബില്ല് തയ്യാറാക്കിയപ്പോൾ കാണിക്കേണ്ടിയിരുന്ന ശ്രദ്ധ കേരളത്തിന്റെ സാമൂഹിക പശ്ചാത്തലം, ക്രൈസ്തവ പശ്ചാത്തലം എന്നിവ മനസ്സിലാക്കാതെയാണ് ഈ ബില്ല് തയ്യാറാക്കിയത്. ഒരു പ്രശ്നം തീർക്കാൻ വേണ്ടിയുള്ള തുടക്കമായി ഈ നിയമനിർമ്മാണം വരുമ്പോൾ മറ്റൊരുപാട് പ്രശ്നങ്ങളുടെ തുടക്കമായി ഇത് മാറാൻ പോകുകയാണ്. ക്രിസ്ത്യൻ കമ്മ്യൂണിറ്റീസിലെ ഡിനോമിനേഷൻസിനെക്കുറിച്ച് ഈ ബില്ല് തയ്യാറാക്കിയവർക്ക് ആവശ്യമായ ബോധ്യമുണ്ടാകണം. ഈ ബില്ല് പാസ്സായാൽ, ഒരു വിഭാഗത്തിൽപ്പെട്ട ആളിന്റെ ശവശരീരം വേറെ ഏതെങ്കിലുമൊരു ഡിനോമിനേഷന്റെ ചർച്ചിൽ അവിടത്തെ പ്രീസ്റ്റിന്റെ അനുവാദമില്ലാതെ അവിടെ സംസ്കരിക്കാനുള്ള അനുവാദമാണ് ഈ

നിയമത്തിലൂടെ കൊടുക്കുന്നത്. ഓരോരുത്തർക്കും ഓരോ തരത്തിലുള്ള ആചാരക്രമങ്ങളുണ്ട്. മരണാനന്തര കർമ്മങ്ങൾക്കും ഓരോരുത്തർക്കും ഓരോ രീതിയാണ്. അവരുടെ പ്രാർത്ഥനാ രീതികളിൽ വ്യത്യാസമുണ്ട്. ആചാരക്രമങ്ങളിൽ വ്യത്യാസമുണ്ട്. ഇക്കാര്യങ്ങളിലൊന്നും ഒരു ശ്രദ്ധയും ഈ ബില്ല് തയ്യാറാക്കിയപ്പോൾ ഗവൺമെന്റ് കാണിച്ചിട്ടില്ലായെന്നത് എന്നെ അത്ഭുതപ്പെടുത്തുന്നു. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഇന്നത്തെ ദീപിക ദിനപത്രത്തിൽ കെ.സി.ബി.സി പ്രസിഡന്റും സീറോ മലബാർ സഭ ആർച്ച് ബിഷപ്പുമായ കർദിനാൾ മാർജോർജ്ആലഞ്ചേരിയുടേതായി ഒരു വാർത്ത വന്നിട്ടുണ്ടായിരുന്നു. അത് ഞാനിവിടെ വായിക്കാം; "യാക്കോബായ-ഓർത്തഡോക്സ് സഭകൾക്കിടയിൽ വിശ്വാസികളുടെ മൃതദേഹ സംസ്കാരവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരമായി സർക്കാർ നിയമസഭയിൽ അവതരിപ്പിക്കുന്ന ബിൽ എല്ലാ ക്രിസ്ത്യൻ സഭകളുടേയും നിലവിലുള്ള സംവിധാനങ്ങളെ കണക്കിലെടുക്കുന്നതും എല്ലാവർക്കും സ്വീകാര്യവുമായിരിക്കണമെന്നും ബിൽ അവ്യക്തവും കൃത്യതയില്ലാത്തതും മതങ്ങൾക്ക് ഭരണഘടന നൽകുന്ന സ്വാതന്ത്ര്യം ഹനിക്കപ്പെടുവാൻ

ഇടയാക്കുന്നതുമാണെന്നും കെ.സി.ബി.സി. പ്രസിഡന്റും സീറോ മലബാർ സഭ ആർച്ച് ബിഷപ്പുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി സർക്കാരിനോടാവശ്യപ്പെട്ടു. കൂടുതൽ സങ്കീർണ്ണമായ നിയമപ്രശ്നങ്ങളിലേക്ക് നയിക്കുവാൻ ഈ ബിൽ ഇടയാക്കിയേക്കുമെന്നും നൂറ്റാണ്ടുകളായി നിയമാനുസൃതം പ്രവർത്തിച്ചുവരുന്ന ക്രിസ്ത്യൻ സഭകളിലെ മൃതദേഹ സംസ്കാര ശുശ്രൂഷകളേയും സെമിത്തേരികളേയും ഇത് ദോഷകരമായി ബാധിക്കുമെന്നും ബില്ലിന്റെ പൊതുസ്വഭാവം വ്യക്തമാക്കുന്നുണ്ടെന്നും ആയതിനാൽ പുതിയ നിയമനിർമ്മാണ പ്രക്രിയയിൽ എല്ലാ സഭകളിലേയും പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തുകയും അവരുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കുകയും ചെയ്യണമെന്നുമാണ് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇതിൽ നിന്നൊക്കെ വ്യക്തമാകുന്നത് സർക്കാർ വിവിധ ക്രിസ്ത്യൻ സഭകളുടെ നേതൃത്വവുമായി ഇക്കാര്യത്തിൽ ശരിയായ കൂടിയാലോചനകൾ നടത്തുകയോ വേണ്ടത്ര ഗൃഹപാഠം ചെയ്യുകയോ ചെയ്തിട്ടില്ലെന്നാണ്. യാക്കോബായ, ഓർത്തഡോക്സ് വിഭാഗങ്ങളെ മാത്രം ബാധിക്കുന്നൊരു പ്രശ്നമല്ല ഇതെന്ന് വ്യക്തമാണ്. മനുഷ്യ സാഹോദര്യമാണ് മതങ്ങൾ പഠിപ്പിക്കുന്നത്. നമ്മൾ എല്ലാവരും ഒരേ പിതാവിന്റെയും മാതാവിന്റെയും മക്കളാണെന്ന ബൈബിൾ,

ഖുർആൻ പാഠങ്ങൾ ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. വസുധൈവകുടുംബകമെന്ന മഹത്തായ ദർശനവും മറ്റൊന്നല്ല നമ്മെ പഠിപ്പിക്കുന്നത്. ഇങ്ങനെയൊക്കെ ആണെങ്കിലും വിവിധ മതവിശ്വാസികൾ തമ്മിലും ഒരേ മതത്തിലെ വിവിധ അവാന്തര വിഭാഗങ്ങൾ തമ്മിലും ചിലപ്പോൾ സംഘർഷങ്ങളുണ്ടാകാറുണ്ട്. ഇതിനുകാരണം മതങ്ങളല്ല. യഥാർത്ഥത്തിൽ മതം ജീവിതത്തിൽ അനുവർത്തിക്കുന്ന ഒരു മതവിശ്വാസിക്ക് അതവന്റെ ജീവിതത്തിൽ വെളിച്ചമാണ് നൽകുക. മറ്റുള്ളവർക്കും വെളിച്ചം നൽകാൻ അവന് സാധിക്കും. പിന്നെ എന്താണ് സംഘർഷങ്ങൾക്ക് കാരണം? മറ്റൊന്നുമല്ല മതങ്ങളുയർത്തി പിടിക്കുന്ന സ്നേഹം, കാരുണ്യം, ദയ തുടങ്ങിയ മാനവിക മൂല്യങ്ങൾക്ക് മനുഷ്യൻ വിലകൽപ്പിക്കാതിരിക്കുകയും നൈമിഷികമായ സ്വാർത്ഥതാൽപ്പര്യങ്ങളിൽ അഭിരമിക്കുകയും ചെയ്യുന്നതാണ് സംഘർഷങ്ങൾക്ക് കാരണം. സംഘർഷങ്ങൾക്ക് അയവ് വരുത്താനും സഹോദര്യം ഊട്ടിയുറപ്പിക്കാനും കൂട്ടായ ചർച്ചകളും സൗഹൃദപരമായ ഇടപെടലുകളുംമൂലം സാധിക്കും. ബലപ്രയോഗത്തിലൂടെ സ്ഥായിയായ സമാധാനം നേടിയെടുക്കുവാനാകില്ലെന്നതാണ് ചരിത്രം. ആയതിനാൽ ഈ വിഷയത്തിലും ഇരുവിഭാഗങ്ങളെയും ഒരുമിച്ചിരുത്തി സംഘർഷ

സാധ്യതയില്ലാത്ത വിധമുള്ള സമവായ ചർച്ചകൾ തുടരാൻ സർക്കാരിന് സാധ്യമാകണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഈ ബില്ലിനകത്ത് തിടുക്കം കാണിച്ച എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഈ വിഷയം പരിഗണിക്കേണ്ടതാണ്, പരിഹരിക്കപ്പെടേണ്ടതാണ്. പരിഹരിക്കപ്പെടേണ്ട കാര്യത്തിൽ ആർക്കും ക്രിസ്ത്യൻ സമുദായത്തെ സംബന്ധിച്ചിടത്തോളം എതിരഭിപ്രായം ഉണ്ടാകുമെന്ന് വിചാരിക്കുന്നില്ല. എന്നാൽ ഇതിലുണ്ടായിരിക്കുന്നൊരു വിഷയം അതിനെ ഗാഢമായ നിലയിൽ..., ഇതുതമ്മിലുള്ള വിഷയങ്ങളെക്കുറിച്ച് ഇപ്പോൾ ക്രിസ്ത്യൻ സമൂഹമാണെങ്കിൽപ്പോലും എല്ലാ ആചാരങ്ങളും ഒരുപോലെ ആയിരിക്കണമെന്ന് നിർബന്ധമില്ല. വിവാഹമാണെങ്കിലും മരണാനന്തര ചടങ്ങുകളാണെങ്കിലും അതിന്റേതായ മാറ്റങ്ങളൊക്കെയുണ്ടാകാം. പക്ഷേ ഇവിടെ വന്നിരിക്കുന്നൊരു വിഷയം, ഈ ബിൽ പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇതിനെല്ലാം പൊതുവായൊരു സ്വഭാവമാണുണ്ടാകുക. ആ പൊതുവായ സ്വഭാവം രൂപപ്പെടുന്നതോടെ നമ്മൾ പല വിഷമങ്ങളിലേക്കും പോകും. ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചതുപോലെ ഭാവിയിൽ വലിയ

പ്രതിസന്ധിയിലേക്ക് വരുന്ന വിഷയമായിത്തീരുമോ എന്ന സംശയവും ആശങ്കയുമാണ് ഞങ്ങളുയർത്തുന്നത്. കർദിനാൾ ആലഞ്ചേരി പിതാവ് നൽകിയ കത്ത് തീർച്ചയായും ഗവൺമെന്റ് പരിശോധിക്കേണ്ടതായിരുന്നു. വളരെ ഗൗരവപൂർവ്വമായ വിഷയങ്ങളാണ് പിതാവ് അതിൽ സൂചിപ്പിച്ചിട്ടുള്ളത്. വിഷയം പരിഹരിക്കുന്ന കാര്യത്തിലല്ല തടസ്സം. ഇത് രൂപപ്പെടുത്തി കൊണ്ടുവന്നപ്പോൾ കേരളത്തിന്റെ പൊതുമാനദണ്ഡമനുസരിച്ചുള്ള സഭയിലെ വിശ്വാസങ്ങളെയും ആചാരങ്ങളെയുംക്കുറിച്ചുള്ള പഠനവും ഈ ബിൽ രൂപപ്പെടുത്തി എടുക്കുന്നതിനുമുൻപുതന്നെ ഗൗരവപൂർവ്വമായൊരു ചർച്ചയും നടത്തിയിരുന്നെങ്കിൽ പല പ്രശ്നങ്ങളും ഈ വിഷയത്തിൽനിന്ന് ഒഴിവാക്കിയെടുക്കാമായിരുന്നു. അതുകൊണ്ട് ഇത് വലിയ ബുദ്ധിമുട്ട് രൂപപ്പെടുന്ന സ്ഥിതിയിലേക്ക് വരുന്നു. തീർച്ചയായും ഗവൺമെന്റ് ഈ ബിൽ ഫൈനലൈസ് ചെയ്യുന്നതിനുമുൻപ്, ഇത് ചർച്ച ചെയ്യുന്ന അവസരത്തിലെങ്കിലും കൃത്യമായുള്ള വ്യക്തത രൂപപ്പെടുത്തിയെടുക്കണം. ആ വ്യക്തതയുണ്ടാക്കിയെടുത്തില്ലെങ്കിൽ ഭാവിയിൽ ബുദ്ധിമുട്ടുകൾ രൂപപ്പെടും. ഇതിലുള്ള നിർവ്വചനങ്ങൾ എന്നതിൽ "ക്രിസ്ത്യാനി" എന്നാൽ ബൈബിളിൽ വിശ്വസിക്കുന്നവരും യേശുക്രിസ്തുവിനെ ദൈവത്തിന്റെ ഏകജാതനായ

പുത്രനായി അംഗീകരിക്കുന്നവരും ജ്ഞാനസ്നാനം ചെയ്യപ്പെട്ടിട്ടുള്ളതുമായ ഏതൊരാളും എന്നർത്ഥമാക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. അതിൽ ഒരു തർക്കവുമില്ല. വികാരി, സെമിത്തേരി എന്നിവയെക്കുറിച്ചും പറയുന്നുണ്ട്. സെമിത്തേരികളെല്ലാം ഇന്നിപ്പോൾ ഓരോ പള്ളിയുടേയും സഭാവിശ്വസത്തിന്റെയും പ്രൈവറ്റ് പ്രോപ്പർട്ടിസാണ്. ആ പ്രൈവറ്റ് പ്രോപ്പർട്ടിയിൽ തീർച്ചയായിട്ടും ഇന്ന് വിശ്വാസികളെ അടക്കം ചെയ്യുന്നുണ്ട്. പക്ഷേ വരാൻ പോകുന്നൊരു വിഷയം, തടസ്സം രൂപപ്പെടുന്ന നിലയിൽ ഭാവിയിലെവിടെയെങ്കിലും രൂപപ്രശ്നമുണ്ടായാൽ, യാതൊരു തർക്കവുമില്ലാതിരിക്കുന്നൊരു പള്ളിയാണെന്നിരിക്കട്ടെ, യക്കോബാ, ഓർത്തഡോക്സ് വിഷയവുമായി ബന്ധപ്പെട്ടുള്ള സ്ഥലമില്ലെങ്കിൽപ്പോലും അങ്ങനെവന്നാൽ പത്തോ ഇരുപത്തിയഞ്ചോ വർഷം പഴക്കമുള്ള ഒരിടവകയിൽ പത്തോ ഇരുപത്തിയഞ്ചോ വർഷം മുമ്പ് അവിടെനിന്നും നാട് വിട്ടുപോയവർപോലും പൂർവ്വികരെ ഇവിടെ അടക്കം ചെയ്തിട്ടുണ്ടെന്നുള്ള ആവശ്യമുന്നയിച്ച് വന്നാൽ ഇവിടെ അടക്കം ചെയ്യേണ്ടിവരും. അപ്പോൾ അത് ഒരു പൊതുശ്മശാനത്തിന്റെ സ്വഭാവത്തിലേക്ക് കൊണ്ടുവന്ന് എത്തുന്നതിനുള്ള സാധ്യതയാണ് ഭാവിയിൽ വളർന്നുവരുന്നത്. അധികാരങ്ങളെക്കുറിച്ചും

അവകാശങ്ങളെക്കുറിച്ചും ഒക്കെ വലിയ തടസ്സങ്ങൾ ഭാവിയിൽ രൂപപ്പെട്ടുവരാൻ സാധ്യതയുള്ളതുകൊണ്ട് കൃത്യതയോടുകൂടി ഈ വിഷയം പരിഹരിക്കുന്നതിനുവേണ്ടിയുള്ള അർത്ഥത്തിൽ തന്നെ ഈ ബിൽ എടുക്കുകയും വിഷയം പരിഹരിക്കുകയും ചെയ്യണം. അത് ക്രിസ്ത്യൻ വിഭാഗത്തിന്റെ മറ്റ് മേഖലയിലേക്ക് പടർന്നുവരാനുള്ള അവസരമുണ്ടാക്കി കൊടുക്കരുത്. അത് പിന്നീട് വരാൻ പോകുന്ന വലിയ ബുദ്ധിമുട്ടിലേക്ക് ചെന്നെത്തുമെന്ന ആശങ്ക സമൂഹത്തിനുണ്ട്. ചർച്ച് ആക്ടുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇതിന്റെ പിന്നിലുണ്ടെന്നുള്ള ആശങ്ക ഉയർന്നുവന്നിരിക്കുന്നു. അതൊക്കെ ഗൗരവമായി കാണണം. അതുകൊണ്ട് ചെറിയൊരു വിഷയമായി കാണാതെ ബോധപൂർവ്വമായി ഈ വിഷയം കൈകാര്യം ചെയ്യണം, അത് ചെയ്തെടുക്കേണ്ടതാണ്. ഈ ബില്ലിന്റെ സ്പിരിറ്റിനെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ അത് നടപ്പിലാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ ആശങ്കകളകറ്റാൻ കർദിനാൾ തിരുമേനി സൂചിപ്പിച്ചതുപോലെ അത്തരം കാര്യങ്ങൾ ആലോചിക്കുന്നതിൽ യാതൊരു തെറ്റുമില്ല. അതുകൊണ്ട് തിടുക്കമൊഴിവാക്കാൻ സാധിക്കുമെങ്കിൽ അത് ഒഴിവാക്കണം, ആവശ്യമായ ആലോചനകൾ നടത്തണം, എല്ലാവരുമായൊന്നിച്ച് സൗമ്യമായി ഈ ബിൽ

പാസാക്കി അതിന്റെ സമ്പൂർണമായ സ്പിരിറ്റ് ഉൾക്കൊള്ളാൻ കഴിയണമെന്നുള്ളതല്ലേ ഇതിന്റെ ആശയം ഉൾക്കൊള്ളുമ്പോൾ ശ്രദ്ധിക്കേണ്ടതായിട്ടുള്ളത്.

ശ്രീ. റോജി എം. ജോൺ: സർ, ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞിട്ടുള്ളത് വളരെ പ്രസക്തമായിട്ടുള്ളൊരു കാര്യമാണ്. ക്രിസ്ത്യാനി എന്ന നിർവചനത്തിൽ വരുമ്പോൾ ഇപ്പോഴത്തെ അവസ്ഥയിൽ മുഴുവൻ ക്രൈസ്തവ  വിശ്വാസികളും ഈ ബില്ലിന്റെ പരിധിയിൽ വരികയാണ്. നിലവിൽ നിലനിൽക്കുന്ന യാക്കോബായ-ഓർത്തഡോക്സ് സഭാ തർക്കം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ആ വിഷയം പരിഹരിക്കപ്പെടേണ്ടത് തന്നെയാണ്, അതിനകത്ത് യാതൊരു തർക്കവുമില്ല. സർക്കാർ അക്കാര്യത്തിൽ സർക്കാരിന്റെ മന്ത്രിസഭാ ഉപസമിതിയെ അതിനുവേണ്ടി നിയോഗിച്ച് അതിനുവേണ്ടി എന്ത് ശ്രമങ്ങൾ നടത്തിയെന്നതിനെ സംബന്ധിച്ച് നമുക്കാർക്കുമറിയില്ല. ആ തരത്തിലുള്ള ശ്രമങ്ങളൊന്നും മുന്നോട്ട് പോയിട്ടില്ലെന്നുള്ളത് വസ്തുതയാണ്. ഈ വിഷയം രമ്യമായി പരിഹരിക്കാനായിട്ടുള്ള മുൻകൈ സർക്കാർ എടുക്കേണ്ടതായിരുന്നു. അതിന്റെ കൃത്യമായിട്ടുള്ള ഇടപെടലുകൾ ഉണ്ടാകേണ്ടതുതന്നെയായിരുന്നു. യാക്കോബായ

ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിലുള്ള സഭാതർക്കം നിലനിൽക്കുമ്പോൾ ഒരു മൃതശരീരം അടക്കം ചെയ്യുക എന്നുള്ളത് യാതൊരു കാരണവശാലും തടയുക എന്നുള്ളത് ആർക്കും അംഗീകരിക്കാൻ സാധിക്കുന്ന കാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അബ്ദുൾ ഹമീദാണ് സംസാരിക്കുന്നത്. സംസാരിക്കാൻ അനുവദിക്കാതെ അദ്ദേഹം അവിടെ കേട്ടുകൊണ്ടിരിക്കുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, ഇത് ബിൽ അല്ലേ? ഏത് വിഭാഗം തടസ്സം ചെയ്താലും അത് പരിഹരിക്കപ്പെടേണ്ടതാണ്. മൃതശരീരം അടക്കം ചെയ്യാനായിട്ടുള്ള ഏതൊരു ആളിന്റെയും അവകാശം സംരക്ഷിക്കപ്പെടുക തന്നെ ചെയ്യണം. അത് ഏത് വിഭാഗം തടസ്സം നിന്നാലും ഒരു കാരണവശാലും ഉൾക്കൊള്ളാൻ സാധിക്കുന്നതല്ല. അവിടെ മൃതശരീരം കൃത്യമായി അടക്കം ചെയ്യുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടാകേണ്ടത് തന്നെയാണ്. പക്ഷേ അതോടൊപ്പം ഈ വിഷയത്തിനുവേണ്ടി ഇങ്ങനെയൊരു നിയമം കൊണ്ടുവരുമ്പോൾ അത് എല്ലാ ക്രിസ്തീയ വിഭാഗങ്ങളിലേക്കും ബാധിക്കുമെന്നുള്ള ആശങ്ക മറ്റ് ക്രൈസ്തവ വിഭാഗങ്ങൾക്കും ഉണ്ടാകുന്നുണ്ട്. അത് വളരെ ഗുരുതരമായ വിഷയമാണ്. കാരണം, ഇടവകയും

അതിനുകീഴിലുള്ള പ്രോപ്പർട്ടിയും സെമിത്തേരിയുമെന്ന് പറയുന്നത് ക്രൈസ്തവ സമൂഹത്തിന്റെ പ്രോപ്പർട്ടിയാണ്. അതിലേക്കുള്ളൊരു കടന്നുകയറ്റമാണോ ഇതുവഴിയുണ്ടാകുന്നതെന്നുള്ള ആശങ്ക മറ്റ് ക്രൈസ്തവ വിഭാഗങ്ങൾക്കിടയിൽ ഉണ്ടാകുന്നുണ്ട്. അതുപോലെത്തന്നെ അവിടെയുള്ള ആരാധനാക്രമങ്ങളെയും, പുരോഹിതരെ സംബന്ധിച്ചുമൊക്കെ അവരുടെ അധികാരങ്ങളിലേക്ക് ഇതൊരു കടന്നുകയറ്റമാകുമോ എന്നുള്ള ആശങ്ക കത്തോലിക്ക വിഭാഗമുൾപ്പെടെയുള്ള മറ്റ് ക്രൈസ്തവ വിഭാഗങ്ങൾ ഉന്നയിക്കുന്നുണ്ട്. അതിന് അടിസ്ഥാനവുമുണ്ട്, കാരണം, അത്തരത്തിലുള്ള സംശയം ഉന്നയിക്കുന്നുണ്ടെങ്കിൽ, ഈ ബില്ലിന്റെ പരിധിയിൽ ഇതൊക്കെ വരുമ്പോൾ സ്വാഭാവികമായും ഉയർന്നുവരാവുന്ന സംശയങ്ങളാണ്. അപ്പോൾ അത് കൂടുതൽ വിഷയങ്ങളിലേക്ക് പോകും. ഒരു പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഒരു നിയമം കൊണ്ടുവരുമ്പോൾ മറ്റ് പല വിഷയങ്ങളും ഉടലെടുക്കുന്നതിന് വഴിവയ്ക്കുകയില്ലേ എന്നുള്ളൊരു സംശയം ഇതിന്റെ ഭാഗമായി വരികയാണ്. അതുകൊണ്ടാണ് ഈ വിഷയം യാക്കോബായ ഓർത്തഡോക്സ് വിഭാഗങ്ങളിലേക്ക് പരിമിതപ്പെടുത്തി നിർത്തിക്കൊണ്ട് മറ്റ് ക്രൈസ്തവ വിഭാഗങ്ങൾക്ക് ഈ വിഷയത്തിൽ ആശങ്കയില്ലാത്തവിധം ഈ നിയമനിർമ്മാണം നടത്തേണ്ടതല്ലേ;

അതോടൊപ്പം തന്നെ ഇത്രയും ഗൗരവതരമായിട്ടുള്ള വിഷയമായതുകൊണ്ട് എല്ലാ ക്രൈസ്തവ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് വിശാലമായിട്ടുള്ള ചർച്ച നടത്തി ആശങ്കകൾ പരിഹരിച്ച് ഈ നിയമനിർമ്മാണവുമായി സർക്കാർ മുന്നോട്ടുപോകണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, അതുതന്നെയാണ് ഞാനും പറഞ്ഞത്. ഇവിടെ ശ്രീ. റോഷി അഗസ്റ്റിനും, ശ്രീ. റോജി എം. ജോണും പറഞ്ഞ അഭിപ്രായങ്ങളും രണ്ട് കൂട്ടരെയും വിശ്വാസത്തിലെടുത്തുകൊണ്ട് ഒരു സമവായത്തിലൂടെ സംഘട്ടനമില്ലാതെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകണമെന്ന എന്റെ അഭിപ്രായം ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്. ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബിനുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ സംബന്ധിച്ച് കുറേ നിർദ്ദേശങ്ങൾ വന്നുകഴിഞ്ഞു. ഈ ബില്ലുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്, ഒട്ടും അവധാനതയില്ലാതെയാണ് ഇങ്ങനെയൊരു ബിൽ രൂപകൽപ്പന ചെയ്തിട്ടുള്ളത്. ബില്ലുകൾ രൂപപ്പെടുത്തുമ്പോൾ ഒരു ലീഗൽ

ഡ്രാഫ്റ്റിംഗിൽ പാലിക്കേണ്ട ഒരു സാമാന്യ മര്യാദയും ഈ ബില്ലിൽ കാണാൻ കഴിഞ്ഞില്ല. വളരെ അവ്യക്തമായി തട്ടിക്കൂട്ടിയ ഒരു ബില്ലായിട്ടാണ് എനിക്ക് തോന്നുന്നത്. ഇതിന്റെ ലീഗൽ വശങ്ങളിൽനിന്ന് ഈ ബില്ല് പരിശോധിച്ചാൽ ഒരു കടമ നിർവ്വഹിക്കാൻവേണ്ടി പെട്ടെന്ന് തട്ടിക്കൂട്ടിയൊരു ബില്ലായി മാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളൂ. ബില്ലിന്റെ നിർവ്വചനങ്ങളെക്കുറിച്ച് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ചിലർ സൂചിപ്പിച്ചു. അവ തീർത്തും അപൂർണ്ണമായ നിർവ്വചനങ്ങളാണ്. ഇതൊക്കെ അപൂർണ്ണങ്ങളായാലുള്ള കുഴപ്പമെന്തെന്നാൽ, ബിൽ സംബന്ധിച്ച് നാളെയൊരു പ്രശ്നമുണ്ടാകുമ്പോൾ കോടതിക്ക് ഇത് ഇന്റർപ്രെട്ട് ചെയ്യാൻ വളരെ പ്രയാസമായിരിക്കും. അവിടെയാണ് ഈ നിർവ്വചനങ്ങളുടെ പ്രസക്തി വരുന്നത്. നിർവ്വചനങ്ങളൊക്കെ വളരെ shabby-യായി നിർവ്വചിച്ചിരിക്കുകയാണ് എന്നുള്ളതുകൂടി പറയുകയാണ്. അതുകൊണ്ടുതന്നെ ഇത് വ്യക്തതയില്ലാത്തതും ആശയക്കുഴപ്പമുണ്ടാക്കുന്നതുമായ ബില്ലാണ്. ഈ ബില്ലിന്റെ ആകെ തുകയായി നമുക്ക് കണക്കാക്കാവുന്നത്, ക്രിസ്തുമത വിശ്വാസികളുടെ മൃതശരീരം അയാളുടെ പൂർവ്വികൻമാരെ അടക്കം ചെയ്യപ്പെട്ട സെമിത്തേരിയിൽ അടക്കം ചെയ്യാൻ കൊണ്ടുവന്നാൽ ആരെങ്കിലും തടസ്സപ്പെടുത്തുകയാണെങ്കിൽ ആയത് ഒരു വർഷം വരെ തടവ് ലഭിക്കാവുന്നതും

അല്ലെങ്കിൽ പതിനായിരം രൂപവരെ പിഴ ഈടാക്കാവുന്നതും അല്ലെങ്കിൽ രണ്ടുംകൂടി ചെയ്യാവുന്നൊരു കുറ്റമാക്കുകയാണ് ഈ നിയമനിർമ്മാണത്തിലൂടെ നമ്മൾ ചെയ്യുന്നത്. എന്നാൽ, പ്രത്യക്ഷത്തിൽ ഒരു മൃതശരീരം അടക്കം ചെയ്യുന്നതിനെ തടസ്സപ്പെടുത്തുന്നത് ഒരു നിയമംമൂലം നിരോധിക്കുകയെന്നുള്ളത് പൊതുവിൽ സ്വീകാര്യമാണ്. മൃതശരീരത്തോട് ഒട്ടും അനാദരവ് കാണിക്കാൻ പാടില്ല. ഏത് സാഹചര്യത്തിലായാലും മൃതശരീരങ്ങൾ അനാദരിക്കപ്പെടരുത്. നമ്മുടെ എല്ലാ മതവിശ്വാസങ്ങളും മൃതശരീരത്തെ ബഹുമാനിക്കണമെന്നാണ് പഠിപ്പിക്കുന്നത്. ഇങ്ങനെ മൃതശരീരങ്ങൾ അനാദരിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട് ദിവസങ്ങളോളം അടക്കം ചെയ്യാൻ കഴിയാതെ മൃതശരീരങ്ങൾ സൂക്ഷിച്ച സംഭവവുമുണ്ടായി. ഇതിനിടയിൽ വലിയൊരു വാർത്ത വന്നത്, പ്രിയങ്കാ ചോപ്രയുടെ മുത്തശ്ശി കേരളത്തിലുള്ള ഒരാളാണ്. ഞാൻ പള്ളിയുടെ പേര് പറയുന്നില്ല. മുത്തശ്ശിയെ അടക്കം ചെയ്യാൻ കൊണ്ടുവന്നപ്പോൾ അടക്കം ചെയ്യാൻ കഴിയാത്തൊരു സ്ഥിതിയുണ്ടായി. തിരിച്ച് മൃതശരീരം ബോംബെയിലേക്കുതന്നെ കൊണ്ടുപോകാൻ ബുദ്ധിമുട്ടുമ്പോഴാണ് വീണ്ടും ചിലരൊക്കെ ഇടപെട്ട് മറ്റൊരു സെമിത്തേരിയിൽ അടക്കം ചെയ്യാൻ അനുവാദം കൊടുത്തത്. ഇങ്ങനെയൊരു

സാഹചര്യം വളരെ വേദനാജനകമാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, മരിച്ച സ്ത്രീ ആ പ്രത്യേക ഇടവകയിലെ അംഗമായിരുന്നു. അവരുടെ അന്ത്യാഭിലാഷമായിരുന്നു ആ പള്ളിയുടെ സെമിത്തേരിയിൽ അടക്കണമെന്നത്. അതാണ് നിഷേധിക്കപ്പെട്ടത്.

ശ്രീ. എൻ. ഷംസുദ്ദീൻ: മരണപ്പെട്ടുപോകുന്ന ആളുകളുടെ അന്ത്യാഭിലാഷങ്ങളും അവരുടെ ബന്ധുക്കൾക്കുണ്ടാകുന്ന പ്രയാസങ്ങളും ഒരു മൃതശരീരം അടക്കം ചെയ്യാൻ കഴിയാതെ പ്രയാസപ്പെടുന്നതും വളരെയധികം ബുദ്ധിമുട്ടുള്ളൊരു സംഗതിയാണ്. ഇത് നമ്മളെല്ലാം സ്വീകരിക്കുന്നവരാണ്. ഇവിടെ സംസാരിച്ചവർ വ്യത്യസ്ത ചിന്താഗതിക്കാരായ ആളുകളായിട്ടുപോലും മൃതശരീരങ്ങൾ അനാദരിക്കപ്പെടരുതെന്നും അതിനൊരു പ്രയാസമുണ്ടാകരുതെന്നുമുള്ള കാര്യം ഇവിടെ സൂചിപ്പിച്ചു. അതിനോട് ഞാനും തത്വത്തിൽ യോജിക്കുകയാണ്. പക്ഷേ, ഈയൊരു പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനായി നിയമനിർമ്മാണം നടത്തുമ്പോൾ ഈ വിഷയവുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന പ്രശ്നങ്ങളും മതപരമായ പ്രയാസങ്ങളും സാമൂഹികമായ പശ്ചാത്തലവും നമ്മൾ കണക്കിലെടുക്കേണ്ടതുണ്ട്. അതുംകൂടി നമ്മൾ ശ്രദ്ധിക്കണം. കഴിഞ്ഞ ഏതാനും

വർഷങ്ങളായി കേരളത്തിലെ പ്രബലമായ രണ്ട് ക്രിസ്തീയ സഭകളായ ഓർത്തഡോക്സ് സഭയും യാക്കോബായ സഭയും തമ്മിലുള്ള വളരെ രൂക്ഷമായ തർക്കങ്ങളും കോടതി വ്യവഹാരങ്ങളും നിങ്ങൾക്ക് എല്ലാവർക്കും അറിയാവുന്നതാണ്. ഒരു വിഭാഗത്തിന്റെ കയ്യിലിരിക്കുന്ന പള്ളിയിൽ മറ്റൊരു വിഭാഗം കയറി അന്ത്യകർമ്മങ്ങളും ശുശ്രൂഷയും ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങളെയും സംഘർഷങ്ങളെയും ഇരുവിഭാഗങ്ങളുടെയും വികാരങ്ങളെയും കാണാതെ പോകരുത്. നമ്മളൊരു പ്രശ്നത്തിന് പരിഹാരമുണ്ടാക്കുമ്പോൾ അതിന് കൃത്യമായൊരു ഫോർമുലയുണ്ടാകണം. ഒരു വിഭാഗത്തിന്റെ കയ്യിലിരിക്കുന്ന പള്ളിയിൽ മറ്റൊരു വിഭാഗത്തിൽപ്പെട്ട ആളുടെ മൃതശരീരവുമായി കടന്നുവരുമ്പോൾ അവിടെ ഉണ്ടായേക്കാവുന്ന ക്രമസമാധാന പ്രശ്നങ്ങളുണ്ട്. മതവികാരം വ്രണപ്പെടുന്ന പ്രയാസങ്ങളുണ്ട്. അതിനുള്ളൊരു പോംവഴിക്കായി അവധാനതയോടുകൂടിയുള്ള ഒരു ചർച്ച ഇതിൽ ഉണ്ടായിട്ടില്ല എന്നുള്ളതാണ് ഇതിലെ പോരായ്മ.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മന്ത്രി ജി. സുധാകരൻ ബൈബിളിനെ ഉദ്ധരിച്ചുകൊണ്ട് യേശുവിന്റെ ശരീരത്തിലെ അവയവങ്ങളും ശരീരത്തെയുംകുറിച്ച് ഇവിടെ പറഞ്ഞത് വളരെ പ്രസക്തിയുള്ള ഒരു

കാര്യമാണ്. ക്രൈസ്തവ സഭയെന്നത് സത്യത്തിൽ നമ്മൾ പറയുന്നത്, റോമൻ കത്തോലിക്കർ റോമുമായി, മാർപാപ്പയുമായി ബന്ധപ്പെട്ടവരാണ്. പക്ഷേ, യാക്കോബായ, ഓർത്തഡോക്സ് വിഭാഗങ്ങൾ ഡമാസ്കസുമായി ബന്ധപ്പെട്ടവരാണ്. ഇന്ത്യൻ ക്രിസ്ത്യൻ സഭയെന്നത് ഓർത്തഡോക്സ് സഭയാണ്. നമ്മൾ ഇതിനെക്കുറിച്ച് അറിവില്ലാത്തതുകൊണ്ട് പറയുന്നതാണ്. യാക്കോബായ സഭയുടെ ഹെഡ് ഓഫീസ് ഡമാസ്കസിലാണ്, അന്ത്യോക്യയിലാണെന്നാണ് ഉദ്ദേശിച്ചത്. സി.എസ്.ഐ. കമ്മ്യൂണിറ്റിയുടേത് ഇംഗ്ലണ്ടിലാണ്. അങ്ങനെ വിവിധ മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ഇത് മനസ്സിലാക്കാതെ ഏതെങ്കിലും ഒരു നിയമം കൊണ്ടുവന്നതുകൊണ്ടുള്ള ബുദ്ധിമുട്ടാണ് ഇവിടെയുണ്ടായിട്ടുള്ളത്. ഇന്ത്യാ രാജ്യത്തെ പ്രത്യേകതയെന്താണ്? ഋഷീശ്വരൻമാരുടെ രാജ്യമാണിതെന്ന് ശ്രീ. എൻ. ഷംസുദ്ദീന് അറിയാമല്ലോ; "ലോകാ സമസ്താ സുഖിനോ ഭവന്തു" എന്നുപറഞ്ഞത് സ്വാമി വിവേകാനന്ദനാണ്. ലോകം മുഴുവൻ സുഖം സംഭവിക്കട്ടെ എന്നാണ് ഇതിന്റെ അർത്ഥം. "നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കാൻ" പറഞ്ഞ യേശുക്രിസ്തുവും "നീ ഭക്ഷണം കഴിക്കുന്നതിനുമുൻപ് നിന്റെ ഇടത്തും വലത്തും മുൻപിലും പുറകിലുമുള്ള

നാൽപ്പത്തു കുടുംബങ്ങളിലെ ആരെങ്കിലും പട്ടിണി കിടക്കുന്നുണ്ടെങ്കിൽ നിനക്ക് ഭക്ഷണം കഴിക്കാൻ അവകാശമില്ലെന്ന് പറഞ്ഞ നബി തിരുമേനിയും "സല്ലല്ലാഹു അലാ മുഹമ്മദ് സല്ലല്ലാഹു അലൈഹി വസല്ലം" തുടങ്ങിയ പ്രബോധനങ്ങളൊന്നും പഠിക്കാതെ ഇവിടെ വന്ന് വാചകമടിച്ചിട്ട് എന്തെങ്കിലും കാര്യമുണ്ടോ? ശ്രീ. എൻ. ഷംസുദ്ദീൻ ഇതൊക്കെ പഠിച്ചിട്ടുണ്ടെന്ന് നമുക്കറിയാം, അതുകൊണ്ട് തന്റേടമായി ഈ കാര്യങ്ങൾ സംസാരിച്ചോളൂ.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ ശ്രീ. പി. സി ജോർജിന്റെ അത്രയുമില്ലെങ്കിലും ചെറുപ്പത്തിൽ കുറച്ചുകാര്യങ്ങൾ വേദപാഠ ക്ലാസ്സുകളിൽപോയി പഠിച്ചിട്ടുണ്ട്. അവിടെ പഠിപ്പിച്ച ഒന്നാമത്തെ കാര്യം, മരിച്ചവരെ അടക്കുന്നത് മനോഗുണ പ്രവർത്തികളിലും പുണ്യപ്രവർത്തികളിലും ഒന്നാണ്. ശ്രീ. റോജി എം. ജോൺ ഇത് പഠിച്ചിട്ടുണ്ടാകും. നമ്മളൊക്കെ ജനപ്രതിനിധികളായി ക്രിസ്ത്യൻ ശവസംസ്കാര ചടങ്ങിലും മറ്റെല്ലാ സമുദായങ്ങളുടെ ചടങ്ങിലും പങ്കെടുക്കുന്നുണ്ട്. അവിടത്തെ പ്രാർത്ഥനയിൽ പുരോഹിതൻ അവസാനം ഈ ശവസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് ഈ ആളെ ആദരിച്ച് എല്ലാവർക്കും നന്മകൾ വരട്ടെയെന്നുകൂടി പ്രാർത്ഥിക്കാറുണ്ട്. മരിച്ചവരെ അടക്കുന്നത് "ബറിയൽ" എന്നുപറയുന്ന മനോഗുണ പ്രവർത്തിയും

പുണ്യപ്രവർത്തിയുമാണ്. അതിൽ പങ്കെടുക്കുന്നവർക്കും പുണ്യം കിട്ടുമെന്നുള്ള നിലയിലാണ് നമ്മളെല്ലാം പങ്കെടുക്കുന്നത്.

ശ്രീ. പി. സി. ജോർജ്: ഇസ്ലാമുകൾക്ക് മയ്യത്ത് നിസ്കാരമുണ്ടല്ലോ?

ശ്രീ. സണ്ണി ജോസഫ്: മയ്യത്ത് നിസ്കാരത്തിലും പങ്കെടുക്കുന്നുണ്ട്. ഒരു പുണ്യപ്രവൃത്തിയാണെന്ന നിലയിലാണ് അതിൽ പങ്കെടുക്കുന്നത്. അവിടെ അത്തരത്തിലുള്ള ഒരു പുണ്യപ്രവൃത്തി ഡിസ്പ്യൂട്ടട്ട് ആയി വരുന്നത് വളരെ വേദനാജനകമാണ്. ആ ഡിസ്പ്യൂട്ടിന് പരിഹാരമുണ്ടാക്കാൻ ഇത്തരത്തിലൊരു നിയമത്തെക്കാൾ ഫലപ്രദമാകുന്നത് ചർച്ച തന്നെയാണ്. അതിന് കേരളത്തിലെ ഗവൺമെന്റ് ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ച് ബഹുമാന്യനായ ഇ. പി. ജയരാജൻ ചെയർമാനായി ആ കമ്മിറ്റി മുന്നോട്ടുപോകുകയാണ്. ഈ നിയമത്തിൽ പലരും ചൂണ്ടിക്കാട്ടിയതുപോലെ വേണ്ടത്ര പഠനവും ഗൃഹപാഠവുമില്ലാതെ തട്ടിക്കൂട്ടിയുണ്ടാക്കിയ ഒരു ഒറ്റമൂലിയായതുകൊണ്ട് ഇതിനുള്ളിൽ ഒരുപാട് അപാകതകളുണ്ട്. പല ഉപവിഭാഗങ്ങൾ ക്രിസ്ത്യൻ സമുദായത്തിലുണ്ട്. അതിൽ തർക്കങ്ങളിലൊന്നും കക്ഷിയല്ലാത്തവരെയും അനാവശ്യമായി ഇതിലേക്ക് വലിച്ചിഴച്ചിട്ടുണ്ട്. രണ്ടാമത്തെ കാര്യം, ഇതുകൊണ്ട് ഒരു കാര്യവുമില്ല. മൂന്നാം വകുപ്പ് എന്താണ്?

'ഒരു ഇടവകയിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെ അടക്കം ചെയ്തിട്ടുള്ള സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്'. അപ്പോൾ ഒരു ഇടവകയിൽ അംഗമായിരിക്കണം. ഇടവകയിൽ അംഗമാണോ അല്ലയോ എന്ന് ആര് പറയും? എന്റെ ഇടവകയിൽ ഞാൻ അംഗമാണോ അല്ലയോ എന്ന് അച്ചൻ പറയണ്ടേ; അല്ലെങ്കിൽ ഒരു വ്യവസ്ഥ വേണ്ടേ; ഞാനൊരു ക്ലെയിം കൊണ്ടുപോയാൽ who will certify. ശ്രീമതി ഷാനിമോൾ ഉസ്മാൻ പറഞ്ഞതു തന്നെയാണ് അതിന്റെ ശരി. അപ്പോൾ ഈ പർപ്പസ് നടക്കില്ല. മറ്റൊരു കാര്യം, ചികിത്സ രോഗത്തെക്കാൾ കൂടുതൽ വഷളാകുകയാണ്. എന്താണത്? മൂന്നാം ക്ലോസിൽ രണ്ടാം ഉപവകുപ്പ് 'ഒരു ഇടവകയിലെ മരണപ്പെട്ട അംഗത്തിന്റെ ബന്ധുക്കൾക്ക് പള്ളിയിലോ അതിന്റെ സെമിത്തേരിയിലോ ഉള്ള ശവസംസ്കാര ശുശ്രൂഷകൾ ഉപേക്ഷിക്കുകയോ അവർ തെരഞ്ഞെടുത്ത ഒരു വൈദികനാൽ മറ്റേതെങ്കിലും സ്ഥലത്ത് വച്ചുള്ള ശവസംസ്കാര ശുശ്രൂഷകൾക്കുവേണ്ടി തീരുമാനിക്കുകയോ ചെയ്യാവുന്നതാണ്'. അപ്പോൾ ഈ നിയമത്തിന്റെ ആവശ്യമുണ്ടോ? ശ്രീ. മാത്യു. ടി. തോമസ് ഒന്ന് പ്രതികരിക്കണം. ഒരു ഇടവകയിലുള്ള ഒരാൾക്ക് ആ ഇടവകയിലല്ലാതെ വേറെ

എവിടെയെങ്കിലും പോയി അടക്കുന്നതിനൊരു നിയമത്തിന്റെ പ്രാബല്യവും സംരക്ഷണവും വേണം. ഇങ്ങനെ 3 (2) എന്ന ക്ലോസ് എഴുതിചേർത്തതുതന്നെ യാതൊരു പഠനവും പ്രായോഗിക തലത്തിലുള്ള ആലോചനയുമില്ലാതെയാണ്. അതുകൊണ്ട് ഈ നിയമം അപൂർണ്ണവും അവ്യക്തവുമാണ്. അനാവശ്യമായ വകുപ്പുകളാണ് ചേർത്തിട്ടുള്ളത് വ്യക്തതയില്ലാത്ത വകുപ്പുകളും നിർവ്വചനങ്ങളുമാണ് ഇതിൽ ഉൾകൊള്ളുന്നതെന്നതിൽ അങ്ങ് യോജിക്കുന്നുണ്ടോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ഇവിടെ രണ്ട് മതവിഭാഗങ്ങൾ തമ്മിലുള്ള തർക്കപ്രശ്നം പെട്ടെന്ന് ഉണ്ടായതല്ല; എത്രയോ കാലമായി തുടർന്ന് കൊണ്ടിരിക്കുന്ന പ്രശ്നമാണ്. ഈ പ്രശ്നം കൈകാര്യം ചെയ്യാൻ പലരും ശ്രമിച്ചു. പക്ഷേ തർക്കം പരിഹരിക്കാൻ സാധിക്കുന്നില്ല. അതിനുവേണ്ടിയിട്ടുള്ള ക്യാബിനറ്റ് സബ് കമ്മിറ്റി, മന്ത്രിസഭാ സബ്കമ്മിറ്റി ഈ രണ്ട് വിഭാഗങ്ങളുമായി നല്ല തരത്തിൽ യോജിപ്പുണ്ടാക്കാൻ പറ്റുന്ന മദ്ധ്യസ്ഥരും പ്രമുഖ വ്യക്തികളും അതിന്റെ സംഘടനകളുമൊക്കെയായി നിരവധി തവണ ചർച്ച ചെയ്തിട്ടും പരിഹരിക്കാൻ കഴിയാത്തവിധം നിലനിൽക്കുകയാണ്. എല്ലാ സഭകളിലും ഈ തർക്കമില്ല. ഇപ്പോൾ തർക്കമുള്ള

പ്രശ്നം പരിഹരിക്കേണ്ടതാണ്. എല്ലാ സഭകളിലും തർക്കമാണ്, എല്ലാ സഭകളിലും എത്തുമെന്നുള്ള തരത്തിൽ അതിനെ വ്യാഖ്യാനിക്കേണ്ടതില്ല. ഇപ്പോൾ നിലനിൽക്കുന്ന പ്രശ്നം പരിഹരിക്കാൻ പ്രത്യേകിച്ച് നമ്മുടെ മുമ്പിൽ കേരളത്തിൽ ശവവുമായി കാത്തുനിൽക്കേണ്ട ഒരവസ്ഥ കേരളീയർക്ക് അപമാനമായിരുന്നു. എല്ലാ സഭകളിലുംപെട്ടവരെ ബോദ്ധ്യപ്പെടുത്താൻ ഒരു ശ്രമം നടന്നു. പക്ഷേ ഇതിലൊന്നും പരിഹരിക്കാൻ കഴിയാത്ത അവസരത്തിൽ ഇതിന് പരിഹാരമെന്ന നിലയിലുള്ള ഒരു നടപടിയാണ് വേണ്ടത്. അവധാനതയോടുകൂടി എല്ലാ പ്രശ്നങ്ങളും വളരെ വസ്തുനിഷ്ഠമായി വിലയിരുത്തി, ഓരോ മതവിഭാഗത്തിന്റെയും ആചാരങ്ങളും അനുഷ്ഠാനങ്ങളും മനസ്സിലാക്കി പരിഹാരം കാണുന്നതിന് വേണ്ടിയുള്ള നല്ല ശ്രമത്തിന്റെ ഭാഗമാണ് ഈ ബിൽ. അതുകൊണ്ട് ഇതിനെക്കുറിച്ച് ഇനിയും കൂടുതൽ പരിശോധിക്കാം, ഇതിന് അനുഭവങ്ങൾ വച്ച് പരിശോധിക്കാം. ഇപ്പോഴുള്ള പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടിയിട്ടുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): അങ്ങയുടെ നേതൃത്വത്തിലാണ് മന്ത്രിസഭാ ഉപസമിതി നിയോഗിക്കപ്പെട്ടത്. അങ്ങ് കുറേ

ചർച്ചകൾ നടത്തുകയും ചെയ്തു. അതിൽ എന്തൊക്കെയോ പ്രശ്നങ്ങൾ ഉണ്ടായിരുന്നല്ലോ; ഇവിടെ ചോദിച്ച ചോദ്യം, ഈ ബില്ലിനെ പൊതുവേ എല്ലാവരും സ്വാഗതം ചെയ്യുന്നുണ്ട്, കാരണം ശവമടക്കേണ്ട കാര്യമാണ്. പക്ഷേ അതിന് മുമ്പ് ഇതുമായി ബന്ധപ്പെട്ട വിഭാഗങ്ങളുമായി ഒരു ചർച്ച വേണ്ടതായിരുന്നു. ഇവിടെ സൂചിപ്പിച്ചത് എന്താണ്; കർദ്ദിനാൾ നമുക്കെല്ലാവർക്കും മുഖ്യമന്ത്രിക്ക് എഴുതിയ കത്തിന്റെ കോപ്പി അയച്ച് തന്നിട്ടുണ്ട്. വിശ്വാസവുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങളാണ്. അതുപോലെ ഓർത്തഡോക്സ് സഭയ്ക്ക് ഇതിനകത്ത് ശക്തമായ എതിർപ്പുണ്ട്. പാത്രിയാർക്കീസ് വിഭാഗത്തിന് അവരുടേതായ അഭിപ്രായമുണ്ട്. ഞാൻ പറഞ്ഞത് ഒരു നിയമം ഇത്തരത്തിൽ പാസ്സാക്കുമ്പോൾ എല്ലാവരുമായും ഒരു ചർച്ച വേണം. പൊതുവേ, മൃതദേഹം സംസ്കരിക്കുന്നതിനോട് ഇപ്പോഴത്തെ സാഹചര്യത്തിൽ സ്വാഗതം ചെയ്യുന്നുണ്ട്. പക്ഷേ ഇതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ എന്തുകൊണ്ട് ചർച്ച ചെയ്യപ്പെട്ടില്ല. അതോ അങ്ങ് ചർച്ച ചെയ്തിട്ടാണോ ഈ ബിൽ രൂപീകരിച്ചത്. അതാണ് ഇവിടത്തെ കാര്യം. അല്ലാതെ ഈ ബില്ലിനെ ആരും എതിർക്കുന്നില്ല. പക്ഷേ ഇതുമായി ബന്ധപ്പെട്ട പല പുതിയ പ്രശ്നങ്ങളും ഉയർന്ന് വരികയാണ്. സീറോ മലബാർ സഭയുടെ

പ്രശ്നം, ഇവിടെ ശ്രീ. പി. സി. ജോർജ് ഉൾപ്പെടെയുള്ളവരും അങ്കമാലി എം.എൽ.എ.-യും ചൂണ്ടിക്കാണിച്ചു. പുതിയ പ്രശ്നമാണ്. ഒരു പ്രശ്നം പരിഹരിക്കുന്നതിന് നമ്മൾ ഒത്തിരി പ്രശ്നങ്ങൾ ഉണ്ടാക്കുന്നുവെന്ന ഒരു പരാതി ഉയർന്നുവന്നപ്പോൾ അതിനെ അഡ്രസ്സ് ചെയ്യണ്ടേ?

ശ്രീ. ഇ. പി. ജയരാജൻ: പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യം വച്ചുകൊണ്ട് രണ്ട് സഭകൾ തമ്മിലുള്ള പ്രശ്നങ്ങളിൽ പരിമിതമായി ലളിതമായി പരിഹരിക്കാനുള്ള വഴികളാണ് കാണേണ്ടത്. എല്ലാ സഭകളുമായി ചർച്ച ചെയ്തുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ കഴിയില്ല. ഇതിന്റെ പ്രത്യേക നിരീക്ഷണത്തിൽ അറിയാത്ത കാര്യങ്ങളെക്കുറിച്ച് വെറുതേ പറഞ്ഞിട്ട് കാര്യമില്ല. ഇത് വളരെ സങ്കീർണ്ണമായ വിഷയവും പരിഹരിക്കപ്പെടേണ്ട വിഷയവുമാണ്. ഇത് ഏറ്റുമുട്ടലാണ്, ക്രമസമാധാന പ്രശ്നമാണ്. പള്ളികളിൽ ആളുകൾ കൂടിച്ചേർന്ന് പോലീസുമായി ഏറ്റുമുട്ടുകയാണ്. രക്തച്ചൊരിച്ചിലിന്റെ വഴികളാണ് ഉണ്ടാക്കുന്നത്. ഇതിന്റെ മുമ്പിൽ ഗവൺമെന്റ് നോക്കി നിൽക്കണോ? ഞങ്ങൾ ഇത് സംബന്ധിച്ച് തർക്കമുള്ള രണ്ട് സഭകളിലുള്ളവരെ നല്ല നിലയിൽത്തന്നെവിളിച്ച് ചർച്ച ചെയ്ത് അതിന്റെ എല്ലാ വശങ്ങളും നിരീക്ഷിച്ചുകൊണ്ടാണ് ഒരു നിലപാട് സ്വീകരിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: അങ്ങനെയായിരുന്നുവെങ്കിൽ ഈ വിവാദങ്ങൾക്കുവേണ്ടി മാത്രമായി ഇത് പരിമിതപ്പെടുത്താമായിരുന്നില്ലേ? അങ്ങനെ കഴിയുമോ; അത് ഗവൺമെന്റ് ആലോചിക്കണം, എനിക്കറിയില്ല. നിയമവിദഗ്ദ്ധന്മാരുമായി ആലോചിക്കൂ. ഇതിലെ പ്രശ്നമെന്താണ്. ഇപ്പോൾ മറ്റുവിഭാഗങ്ങളിൽ പ്രശ്നം ഉണ്ടായിരിക്കുകയാണ്. ഒരു ചെറിയ പ്രശ്നം ഇപ്പോൾ വലിയ പ്രശ്നമായി മാറുകയാണ്. നല്ല കാര്യം പറയുമ്പോൾ, നമ്മൾ ഈ നിയമത്തിന് എതിരാണെന്ന് ഫേസ് ബുക്കിൽ വരുന്നുണ്ട്. നമ്മളാരും എതിരല്ല. ഞാൻ വ്യക്തമാക്കുകയാണ്, അതിനാരും എതിരല്ല. അതുകൊണ്ട് ഇതിനുമാത്രമായി ചുരുക്കാൻ കഴിയുമോയെന്ന് നിങ്ങൾ ആലോചിക്കണമെന്നാണ് ഞാൻ പറഞ്ഞത്. It's upto the government to decide.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടിഅമ്മ): ഇപ്പോൾ ഉന്നയിച്ച ആശങ്കയിൽ ഈ ബില്ലിന്റെ പ്രസക്തമായ കാര്യം തർക്കമുള്ള പ്രശ്നത്തിൽ ശവശരീരം വച്ച് ഒരു വിലപേശി നാടിനാകെ അപമാനമുണ്ടാക്കുന്ന സ്ഥിതി ഉണ്ടാകരുത്. ആവശ്യം പരിമിതമാണ്. ഇവിടെ ശ്രീ. പി. സി. ജോർജ് ചൂണ്ടിക്കാട്ടിയതു

പോലെ വലിയ സഭ കത്തോലിക്കസഭയാണ്. അവിടെ ഇത് ബാധിക്കുമോ? കത്തോലിക്കാസഭയിൽ ഇങ്ങനെയൊരു പ്രശ്നമില്ലല്ലോ; ഇല്ലാത്തിടത്ത് ഇങ്ങനെയൊരു തർക്കമുണ്ടാകുമെന്ന് പറയേണ്ട കാര്യമെന്താ? അങ്ങനെയൊരു പ്രശ്നമേ ഉദിക്കുന്നില്ല. അഥവാ ഇനി ഭാവിയിൽ എന്തെങ്കിലും പ്രശ്നം വന്നാൽ ശവശരീരവുമായി ബന്ധപ്പെട്ട് പരിമിതമാണ് ഈ നിയമം. ഒരു സഭയുടെയും ഒരു അവകാശത്തിലും ഇടപെടുകയെന്നത് ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. ഒരു വിഭാഗത്തിലെ രണ്ട് കൂട്ടരുടെ തർക്കപ്രശ്നങ്ങളിലൊന്നും ഈ നിയമം ഇടപെടുന്നില്ല. ശവശരീരത്തെ അടക്കുന്ന പരിമിതമായിട്ടുള്ള ആവശ്യം മാത്രമേ ഇതിനകത്തുള്ളൂ. അതുകൊണ്ട് ആശങ്കപ്പെട്ട് പോകേണ്ട കാര്യമില്ല. വളരെ പരിമിതമാണ് ഈ നിയമം. ആ പരിമിതമായ അർത്ഥത്തിൽ മാത്രമാണുള്ളത്. ഒരു സഭയിലും ഇല്ലാത്ത തർക്കം ഇവിടെയുണ്ടാകും എന്ന് മുൻകൂട്ടി ആശങ്കപ്പെടുന്നതിൽ യാതൊരു അടിസ്ഥാനവുമില്ലെന്നാണ് പറയാനുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: എന്നാൽ നമ്മൾ ഒരു നിയമം പാസ്സാക്കുന്നത് ഇന്നത്തേക്കുവേണ്ടി മാത്രമല്ല. ഈ അസംബ്ലിയിൽ ഒരു നിയമം പാസ്സാക്കിയാൽ അത് എന്നത്തേയ്ക്കും വേണ്ടിയാണ്. പിന്നെ വേണമെങ്കിൽ

ഭേദഗതി വരുത്താം, അത് വേറെ കാര്യം. പക്ഷേ ഇവിടെ വന്നിരിക്കുന്നത്, കർദ്ദിനാൾ മുഖ്യമന്ത്രിക്ക് അയച്ച കത്തിന്റെ കോപ്പി എനിക്കയച്ചിരിക്കുന്നു. അവരുടെ വിശ്വാസ പ്രമാണങ്ങൾക്കനുസരിച്ച് ഇത് പ്രയാസമാണെന്നാണവർ പറയുന്നത്. എന്റെ ചോദ്യം, ഞങ്ങൾ ഈ ബില്ലിനെ എതിർക്കുകയല്ല; അനുകൂലിക്കുകയാണ്. സംശയമൊന്നുമില്ല. പക്ഷേ എന്റെ ഒരു അഭിപ്രായം ഓർത്തഡോക്സ് വിഭാഗവുമായി ചർച്ച ചെയ്യണമായിരുന്നു. പാത്രിയാർക്കീസ് വിഭാഗക്കാർക്കും ഇക്കാര്യത്തിൽ ആശങ്കയുണ്ട്. അവരിപ്പോൾ നിവേദനവുമായി വരികയാണ്. ഇന്നലെയും ഇന്നുമായി ഓർത്തഡോക്സ് വിഭാഗത്തിലെ പ്രധാനപ്പെട്ട ആളുകളൊക്കെ ഞങ്ങളുടെ അടുക്കൽ വന്ന് നിവേദനം തരികയാണ്. എന്റെ കയ്യിൽ ഇരിക്കുന്നത് ഒരു നിവേദനമാണ്. പാത്രിയാർക്കീസ് വിഭാഗക്കാരും വരുന്നുണ്ട്. അവരും ചർച്ച ചെയ്യണമെന്ന് പറയുന്നുണ്ട്. അപ്പോൾ ഇത്തരം ഒരു ബിൽ പാസ്സാക്കുന്നതിന്റെ ഉദ്ദേശ്യശുദ്ധിയെ ഇവിടെ ആരും ചോദ്യം ചെയ്യുന്നില്ല. ഈ നിയമം വായിച്ച് നോക്കിയാൽ സിറോ മലബാർ സഭയുടെ ശക്തമായ എതിർപ്പാണ് വരാൻ പോകുന്നത്. അത് കാണാൻ നിങ്ങൾ തയ്യാറാകണം. അതുകൊണ്ട് ഇതിനുമാത്രമായി പരിമിതപ്പെടുത്താൻ കഴിയുമോ എന്ന് നിങ്ങൾ

ആലോചിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ പറഞ്ഞതുപോലെ ആയിരുന്നെങ്കിൽ ഈ ചർച്ച ഇപ്പോൾ ഈ രീതിയിൽ ഇവിടെ ഉണ്ടാകുമായിരുന്നില്ല. ഇതിൽ സംഭവിച്ചിരിക്കുന്നത്, കേരള ക്രിസ്ത്യൻ സെമിത്തേരികൾ എന്ന നിലയിൽ ക്രൈസ്തവസഭയുമായി ബന്ധപ്പെട്ട മുഴുവൻ സെമിത്തേരികളെയും ബന്ധപ്പെടുത്തിക്കൊണ്ടാണ് ഈ ബിൽ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. ഇതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ഇവിടെ മൃതശരീരം, ശവം എന്ന വാക്ക് ഉപയോഗിക്കാതെ യഥാർത്ഥത്തിൽ,.... മൃതശരീരം എന്ന് പറഞ്ഞിരുന്നെങ്കിൽ കുറച്ചുകൂടി മാന്യമായി/സഭ്യമായി ഉപയോഗിക്കാൻ കഴിയുമായിരുന്നു. അതിന്റെ പേരിലല്ല, പക്ഷേ ഒരു പ്രശ്നം പ്രധാനപ്പെട്ടതാണ്. എല്ലാവരും യോജിക്കുന്നുണ്ട്. മൃതശരീരം/ശവം അടക്കാൻ കഴിയാതെ പോയ സാഹചര്യം കേരളത്തിന് ഒരിക്കലും ഉണ്ടാകാൻ പാടില്ലായിരുന്നു. അത് വേദനാജനകമാണ്. അത് പരിഹരിക്കപ്പെടണം. മൃതശരീരം അടക്കം ചെയ്യണം. യാക്കോബായ സഭയും ഓർത്തഡോക്സ് സഭയും തമ്മിൽ കാലങ്ങളായി നിൽക്കുന്ന തർക്കവും അതേത്തുടർന്ന് പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളും പരിഹരിക്കപ്പെടണം.

അതിനൊരു പരിഹാരമുണ്ടാകണമെന്നതിന് സംശയമില്ല. അതിനോട് എല്ലാവരും യോജിക്കുകയാണ്. പക്ഷേ ഇവിടെ വ്യവസ്ഥാപിതമായി ക്രൈസ്തവ സഭയുടെ; സീറോമലബാർ സഭയാകട്ടെ, ലത്തീൻ സഭയാകട്ടെ, അല്ലെങ്കിൽ മലങ്കര സഭയാകട്ടെ മറ്റ് സഭകളാകട്ടെ അവർക്കെല്ലാം ആ സഭയുടെ ആചാരനുഷ്ഠാനങ്ങളും മറ്റും വിശ്വാസത്തിന്റെ തലത്തിൽ നിന്ന് നിയമപരമായും വ്യവസ്ഥാപിതമായും മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സാഹചര്യം ഉണ്ട്. ആ സാഹചര്യങ്ങളെ മുഴുവൻ ചോദ്യം ചെയ്യുന്നതും അതിനെ അട്ടിമറിക്കുന്നതും ഈ നിയമത്തിന്റെ ഭാഗമായി നാളെ സെമിത്തേരിയിൽ അടക്കം ചെയ്യുന്നതും ഇടവകയോ വികാരിയോ പള്ളിയോ സഭയോ അല്ല മറിച്ച് കളക്ടറോ, ആർ.ഡി.ഒ.- യോ ആണെന്ന രൂപത്തിലേക്ക് വരാൻ പോകുന്ന സാഹചര്യം ആശങ്കാജനകമായി ഉയർന്ന് വരുന്നു എന്നതാണ് ഈ ബില്ലിന്റെ പശ്ചാത്തലം. അത് ഗൗരവമായി കാണാൻ തയ്യാറാകണമെന്നതാണ് പ്രതിപക്ഷ നേതാവും ബാക്കി അംഗങ്ങളും ചൂണ്ടിക്കാണിച്ചത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, തെറ്റിദ്ധാരണയുടെ ഭാഗമായാണ് ഈ ചർച്ച പോകുന്നത്. ഇവിടെ

ഉന്നയിച്ചിട്ടുള്ള എന്തെങ്കിലും ആശങ്ക പരിഹരിക്കപ്പെടേണ്ടതുണ്ടെങ്കിൽ ഇന്നുതന്നെ ചേരുന്ന സബ്ജക്ട് കമ്മിറ്റി അത് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കും. സഭാ തർക്കവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യം എന്നേ സെറ്റിൽ ചെയ്തു. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സ്വത്തിന്റെ തർക്കവും മറ്റ് തർക്കങ്ങളുമെല്ലാം ഞാൻ നേരത്തേ സൂചിപ്പിച്ച 7950/2017 നമ്പർ കേസിലെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ, അതുമായി ബന്ധപ്പെട്ടുകൊണ്ട് 1934-ലെ ഓർത്തഡോക്സ് സഭാ ഭരണഘടന as such സാധുവാക്കി. മലങ്കര ഓർത്തഡോക്സ് സഭയുടെയും ഓർത്തഡോക്സ് സഭയുടെ പുരോഹിതന്മാരെയും മെത്രാന്മാരെയും വാഴിക്കുന്നതിനും പള്ളിയുടെ സ്വത്തും ഭരണനിർവ്വഹണവും മലങ്കര മെത്രാപൊലിത്തയ്ക്കാണെന്ന് സ്പെസിഫിക്കായി പറഞ്ഞു. രണ്ടാമതായി, ഒരു സമാന്തര ഭരണം ഇതിന് പാടില്ലെന്നും പറഞ്ഞു. മൂന്നാമതായി, പാരിഷ്, അതായത് ഇടവക അംഗവുമായി ബന്ധപ്പെട്ടുകൊണ്ട്, മരണപ്പെട്ടുകഴിഞ്ഞാൽ മൃതശരീരം അടക്കം ചെയ്യാനുള്ള അവകാശത്തെ സംബന്ധിച്ച് ഈ വിധിയിൽ പറഞ്ഞു. അതിനുശേഷം ഹൈക്കോടതി വിധിയിൽത്തന്നെ കൃത്യമായി, ആദ്യത്തെ വിധി K.S. Varghese & Ors. Vs. St. Peter's & St. Pauls Syrian

Orthodox Church & Ors. അതുമായി ബന്ധപ്പെട്ട് 2019-ൽ St. Mary's Orthodox Syrian Church & Ors. Vs. The State of Kerala എന്ന കേസിൽ 13-03-2019-ൽ വിധി പുറപ്പെടുവിച്ചു. ആ വിധിയിൽ എങ്ങനെയായിരിക്കണം ശവസംസ്കാരവുമായി ബന്ധപ്പെട്ടുകൊണ്ട് ചെയ്യേണ്ടത് എന്നതിനെ സംബന്ധിച്ച് വ്യക്തതയുണ്ടാക്കി. പക്ഷെ ഇത് പ്രാവർത്തികമാക്കണമെങ്കിൽ ഒരു കോൺക്രീറ്റ് നിയമം വേണം. ആ നിയമവുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഓർഡിനൻസ് കൊണ്ടുവന്നത്. ആ ഓർഡിനൻസിന് പൊതുവിൽ നല്ല സ്വീകാര്യതയാണുണ്ടായത്. പിന്നെ ഇവിടെ പറഞ്ഞിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്ന കാര്യം സബ്ജക്ട് കമ്മിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ട് ആലോചിക്കാം.

മി. സ്പീക്കർ: ഇപ്പോൾ ക്ലിയറായില്ലേ.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞ വിഷയങ്ങളൊന്നും ഇവിടെയാരും ഉന്നയിച്ചിട്ടില്ല. രണ്ട് ഡിനോമിനേഷൻസ് തമ്മിലുള്ള തർക്കം തീരുന്നതിൽ എല്ലാവർക്കും സന്തോഷമേയുള്ളൂ. ഒരു ഡെഡ് ബോഡിയും അപമാനിക്കപ്പെടാതെ സംസ്കരിക്കപ്പെടണമെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. അത് നമ്മുടെ സഭയുടെ പൊതുവികാരമാണ്. ഇവിടെയുള്ള

ഒരു പ്രശ്നം, ഈ ലെജിസ്ലേഷൻ എന്തിനാണ്? This is to settle a dispute between two denominations. പക്ഷെ "Christian" എന്നുള്ളതിന്റെ ഡെഫനിഷൻ അങ്ങ് വായിച്ചുനോക്കണം. "Christian" means and includes any person who believes in the Bible and accept Jesus Christ as the only begotten Son of God and has been baptized; എന്നാണ് പറയുന്നത്. അപ്പോൾ This definition is encompassing to all the denominations of the Christian community. മനസ്സിലായോ; അപ്പോൾ അവരുടെ വിഭാഗത്തിന് ഉത്കണ്ഠയുണ്ട്. കാരണം അവിടത്തെ ബറിയലിന്റെ കസ്റ്റം പ്രാക്ടീസെല്ലാം വ്യത്യസ്തമാണ്. അപ്പോൾ അവരെ സംബന്ധിച്ചിടത്തോളം പ്രശ്നമുണ്ട്. പിന്നെ നിങ്ങൾ എന്താണ് ഉദ്ദേശിച്ചത്. ശ്രീ. സണ്ണി ജോസഫ് ചോദിച്ചതുപോലെ, മൂന്നാമത്തെ ക്ലോസിൽ നിങ്ങൾ പറയുന്നത്, 'All members of the families belonging to a parish shall have the right to be buried in the cemetery where their ancestors were buried.' എന്നാണ്. അപ്പോൾ അത് അവരുടെ പാരിഷാണ്. ഇവിടെ ഡിസ്പ്യൂട്ട് എന്താണ്? ഈ പാരിഷിലെ മെമ്പറാണ് ശ്രീ. എ. കെ. ബാലനെന്ന് തീരുമാനിക്കുന്നത് പ്രീസ്റ്റായ ഞാനാണ്. ഞാൻ സമ്മതിക്കുന്നില്ല, കുടുംബത്തിൽ ഒരാളുടെ ബോഡി കൊണ്ടുവരുമ്പോൾ

പ്രീസ്റ്റായിട്ടുള്ള ഞാൻ, you are not a member of this Parish എന്ന് പറയുകയാണ്. അപ്പോൾ നിങ്ങൾ ഈ നിയമം കൊണ്ടുവരുമ്പോൾ, അതിന്റെ പർപ്പസ് പോലും സെർവ് ചെയ്യാൻ പറ്റാത്ത രീതിയിലാണ്. അതുകൊണ്ടാണ് This is badly drafted എന്ന് ഞങ്ങൾ ആദ്യമേ തന്നെ ആക്ഷേപം ഉന്നയിച്ചത്. അതല്ലാതെ ഞങ്ങൾ നിയമത്തിന്റെ പർപ്പസിനെക്കുറിച്ചും ഇന്റൻഷനെക്കുറിച്ചുമല്ല ആക്ഷേപം ഉന്നയിച്ചത്. ഒരു നിയമം ഉണ്ടാക്കുമ്പോൾ വളരെ ശ്രദ്ധാപൂർവ്വം സാമൂഹ്യ സാഹചര്യങ്ങൾ മനസ്സിലാക്കി കൃത്യമായി എന്താണ് നമ്മൾ ഉദ്ദേശിക്കുന്നത് അത് നടപ്പാകണം. ഇത് നടപ്പാക്കാൻവേണ്ടി ഞങ്ങൾ സഹായിക്കുകയാണ്. ഞങ്ങളിതിനെ എതിർക്കുകയല്ല. ഈ നിയമം ഭംഗിയായി നടപ്പാക്കാൻവേണ്ടി ഞങ്ങൾ നിങ്ങളെ സഹായിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഈ നിയമത്തിൽ പൂർവ്വികന്മാരെ അടക്കിയ പള്ളിയെന്ന് പറയുന്നുണ്ട്. അങ്ങനെയുള്ള പള്ളിയിലേ അടക്കുകയുള്ളൂ. അപ്പോൾ അങ്ങ് പറയുന്ന പ്രശ്നം മാറുകയില്ലേ.

മി. സ്പീക്കർ: പൂർവ്വികരാണോയെന്ന് തീരുമാനിക്കുന്നത് പ്രീസ്റ്റാണ്.

ശ്രീ. വി. ഡി. സതീശൻ: രണ്ട് കംപോണന്റ്സ് ഒരുമിച്ച് കൂടിയാലേ മൂന്നാമത്തെ ക്ലോസ് ശരിയാവുകയുള്ളൂ. ഒന്ന്, ഈ പാരിഷ് ഹാളിലെ ഒരു മെമ്പറാകണം. രണ്ട്, ancestors-നെ ഇവിടെ അടക്കം ചെയ്യണം. ഇത് രണ്ടുംകൂടി ഒരുമിച്ചാൽ മാത്രമേ മൂന്നാമത്തെ ക്ലോസ് ശരിയാവുകയുള്ളൂ. അതല്ലെങ്കിൽ അയാൾ ആ പാരിഷ് ഹാളിലെ മെമ്പറല്ലെന്ന് കൂടി പ്രൂവ് ചെയ്യണം. നിയമപരമായ തർക്കങ്ങൾക്കും വിതർക്കങ്ങൾക്കും ഇതിനെ വിടാതെ...., ഗവൺമെന്റ് എന്താണോ ഉദ്ദേശിക്കുന്നത് ആ പർപ്പസ് സെർവ് ചെയ്യുന്ന രീതിയിൽ ഇത് റീഡ്രാഫ്റ്റ് ചെയ്യണം. അത് അങ്ങ് സൂചിപ്പിച്ചതുപോലെ സബ്ജക്ട് കമ്മിറ്റിയിലോ അതിനുശേഷം ഇവിടെ അമെന്റ്മെന്റ് വരുമ്പോൾ ഒഫീഷ്യൽ അമെന്റ്മെന്റ് ആയിട്ടോ ചെയ്യാം. പക്ഷെ ഈ രീതിയിൽ ഈ നിയമം പാസ്സാക്കിയാൽ ഒരു pandora's box തുറക്കുന്നതുപോലെ ആയിരിക്കും. 3(2) കൂടി നോക്കൂ, ' The relatives of the deceased member of a parish may forego funeral services in church or its cemetery or opt for funeral services at any other premises by a priest of their choice.' ഇതെല്ലാമുണ്ടാക്കുന്ന കൺഫ്യൂഷൻസ് ഇതിന്റെ ഇന്റർപ്രട്ടേഷൻസ്..., ഇഷ്യൂസ് തുടങ്ങുകയാണ്. ഒരിക്കലും നിയമം

അങ്ങനെയാകരുത്.

<u>ശ്രീ. എസ്. ശർമ്മ</u>: ഇവിടെ ചർച്ച ചെയ്യപ്പെടുന്ന പ്രശ്നത്തിൽ, ഓർഡിനൻസ് പുറപ്പെടുവിക്കാനിടയായ പശ്ചാത്തലം വിശദീകരിച്ചതിന്റെ ആമുഖത്തിൽതന്നെ കാര്യം വ്യക്തമായി പറയുന്നുണ്ട്. സംസ്ഥാനത്ത് ക്രിസ്ത്യൻ സമുദായങ്ങൾക്കിടയിൽ, പ്രത്യേകിച്ച് യാക്കോബായ, ഓർത്തഡോക്സ് വിഭാഗങ്ങൾക്കിടയിൽ ചില സെമിത്തേരികളിൽ മാന്യമായും യഥാസമയത്തുമുള്ള ശവസംസ്കാരം നടത്തുന്നതിന് ചില തടസ്സങ്ങൾ നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കാരണത്താൽ മോർച്ചറികളിൽ മൃതദേഹം അനിശ്ചിതമായി സൂക്ഷിക്കാൻ കുടുംബാംഗങ്ങൾ നിർബന്ധിതരാകുകയും ആയത് ശവസംസ്കാര ശുശ്രൂഷകളെ ബാധിക്കുന്നുവെന്നും പറഞ്ഞാണ് ഓർഡിനൻസിൽ വിശദീകരിക്കുന്നത്. 'യാക്കോബായ, ഓർത്തഡോക്സ് വിഭാഗങ്ങൾക്കിടയിൽ' എന്ന് സ്പെസിഫിക്കായി പറയുന്നുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് വ്യക്തമാണ്. ഇതര ക്രിസ്ത്യൻ വിഭാഗത്തിന് ഇത് ബാധകമല്ലെന്ന് ഇത് അർത്ഥമാക്കുന്നുണ്ട്. എന്നാൽ ഇതര ക്രിസ്ത്യൻ വിഭാഗങ്ങൾക്കിടയിൽ ഉയർന്നുവന്നിരിക്കുന്ന ഉത്കണ്ഠയും പരസ്യ പ്രതികരണവുമുണ്ട്. അത്തരം

ഉത്കണ്ഠയ്ക്കും പരസ്യപ്രതികരണത്തിനും സൗഹാർദ്ദപരമായ ഒരു അന്തരീക്ഷത്തിൽ പരിഹാരം കാണാൻ ഗവൺമെന്റ് മുൻകൈ എടുക്കുക എന്നുള്ളതും, ഈ തർക്കങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാരായ ഇ. പി. ജയരാജനും എ. കെ. ബാലനുമെല്ലാം പറഞ്ഞതുപോലെ പ്രതിപക്ഷത്തിന് എതിർപ്പില്ല, ഭരണകക്ഷിക്കും എതിർപ്പില്ല, ആർക്കും ഈ സഭയിൽ എതിർപ്പില്ല. തികച്ചും ന്യായമായ കാര്യമാണെന്ന് പറയുകയും ചെയ്തിട്ടുണ്ട്. അപ്പോൾ അതൊരു ഗുഡ് സെൻസിൽ എടുക്കുകയും അതേ അവസരത്തിൽ ഇതര ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് ഇത് ബാധകമല്ലെന്ന കാര്യം നിയമപരമായിത്തന്നെ സ്പെസിഫിക്കായി ഉറപ്പ് വരുത്തുകയും ചെയ്യുക എന്നുള്ളതായിരിക്കണം ഗവൺമെന്റിന്റെ ചുമതല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചിട്ടുള്ള ആശങ്കകളെല്ലാം പരിശോധിച്ച് അത് സബ്ജക്ട് കമ്മിറ്റിയിൽ പരിഗണിക്കാമെന്ന് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞ സാഹചര്യത്തിൽ ശ്രീ. എൻ. ഷംസുദ്ദീന് പ്രസംഗം തുടരാം. അംഗങ്ങൾ ഉന്നയിച്ച ആശങ്കകളെല്ലാം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ആവശ്യമായ തീരുമാനമെടുക്കും. ശ്രീ. ഷംസുദ്ദീൻ, അങ്ങ് സംസാരിക്കൂ.

<u>ശ്രീ. എൽദോ എബ്രഹാം:</u> സർ, സംസ്ഥാന സർക്കാർ കൊണ്ടുവന്ന ഈ ബിൽ യഥാർത്ഥത്തിൽ ചരിത്രപരമായ ഒരു ചുവട്‌വയ്പ്പായാണ് ഞാൻ കാണുന്നത്. ക്രൈസ്തവ സഭകൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കാൻവേണ്ടി കൊണ്ടുവന്നിട്ടുള്ളതല്ല. നിങ്ങൾ ചരിത്രം പഠിച്ചോയെന്ന് എനിക്കറിയില്ല. രണ്ട് സഭകൾ തമ്മിലുള്ള തർക്കങ്ങൾ നൂറ്റാണ്ടുകളായി ഇവിടെ നിലനിൽക്കുകയാണ്. ശ്രീമതി യു. പ്രതിഭ എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിലെ കട്ടച്ചിറ പള്ളിയിലാണ് ഒരു വൃദ്ധമാതാവിന്റെ മൃതദേഹം ശവസംസ്കാരം നടത്താൻ സാധിക്കാതെ 33 ദിവസം വീട്ടിൽ സൂക്ഷിക്കേണ്ടിവന്നത്. നമ്മുടെ സംസ്ഥാനത്ത് കോതമംഗലം, വരിക്കോലി, മുടവൂർ, കോലഞ്ചേരി, ചാത്തമറ്റം, ചേലക്കര, നെച്ചൂർ, പിറവം, ഓടക്കാലി, പെരുമ്പാവൂർ, ശാലേം, പോത്താനിക്കാട് തുടങ്ങി നൂറിലധികം പള്ളികളിൽ നേരിട്ട് രണ്ട് സഭകൾ തമ്മിൽ വളരെ സങ്കീർണ്ണമായതും ഗൗരവപൂർണ്ണവുമായ പ്രശ്നം നിലനിൽക്കുകയാണ്. സർക്കാരിനെത്തന്നെ പ്രതിരോധത്തിലാക്കുന്ന സംഘർഷങ്ങൾ ഉടലെടുത്ത സാഹചര്യമുണ്ടായി. ശവസംസ്കാരവും ആരാധനാ സ്വാതന്ത്ര്യവും മനുഷ്യരുടെ

അവകാശത്തിൽപ്പെട്ടകാര്യമാണ്. ശവസംസ്കാരം നടത്തുന്നതിന് പല സ്ഥലത്തും പ്രശ്നങ്ങളാണ്. മൂവാറ്റുപുഴയിൽ ഞാറക്കാട് പള്ളിയിൽ ഒന്നരമാസം മുമ്പാണ് ശവസംസ്കാരം നടത്താൻ സാധിക്കാതെ അവസാനം മറ്റൊരു പറമ്പിലേയ്ക്ക് കൊണ്ടുപോകേണ്ട സാഹചര്യമുണ്ടായത്.

മി. സ്പീക്കർ: അങ്ങ് പ്രസംഗത്തിൽ ഇടപെട്ടതാണ്.

ശ്രീ. എൽദോ എബ്രഹാം: ഗവൺമെന്റ് കൊണ്ടുവന്ന ബിൽ കത്തോലിക്ക സഭയ്ക്കെതിരല്ല. ശവസംസ്കാരം എന്നുപറയുന്നത് മരണപ്പെട്ട വിശ്വാസിയുടെ അവകാശമാണ്. ആ അവകാശം നിഷേധിക്കപ്പെടാൻ പാടില്ലെന്നുള്ളതുകൊണ്ട് ഗവൺമെന്റ് കൊണ്ടുവന്ന ബില്ലാണ്. ആ ബില്ലിനെ സ്വാഗതം ചെയ്യുകയാണ് വാസ്തവത്തിൽ ചെയ്യേണ്ടത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതുമായി ബന്ധപ്പെട്ട് അഭിപ്രായം പറയാൻ എഴുന്നേറ്റവർക്കെല്ലാം ഞാൻ വഴങ്ങിയിട്ടുണ്ട്. ഞാൻ പറഞ്ഞുവന്ന കാര്യങ്ങളുടെ വിശദാംശങ്ങളാണ് പ്രസംഗത്തിൽ ഇടപെട്ടവരെല്ലാം സൂചിപ്പിച്ചത്. ശ്രീ. പി. സി. ജോർജ് ചൂണ്ടിക്കാണിച്ചത് നമ്മുടെ

രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യമാണ്. ഈ സാംസ്കാരിക വൈവിധ്യങ്ങളെ അംഗീകരിക്കേണ്ടതല്ലേയെന്നാണ് അദ്ദേഹം ചോദിച്ചത്. സാംസ്കാരിക വൈവിധ്യത്തെ അംഗീകരിക്കാത്തവരാണ് ഇന്ന് നമ്മുടെ രാജ്യത്ത് പ്രയാസങ്ങളുണ്ടാക്കുന്നത്. പൗരത്വ ബില്ലുമായി ബന്ധപ്പെട്ട വിഷയങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അതുപോലെതന്നെ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നത് ബഹുസ്വരതയ്ക്കെതിരായ കടന്നുകയറ്റമാണ്. നമുക്ക് വേണ്ടത് ബഹുസ്വരതയാണ്. ബഹുസ്വരത നിലനിർത്തുകയാണ് വേണ്ടത്. അതിനുവേണ്ടിയുള്ള പോരാട്ടങ്ങളാണ് നമ്മുടെ ഭാഗത്തുനിന്നുണ്ടാകേണ്ടതെന്ന് ഇവിടെ സാന്ദർഭികമായി സൂചിപ്പിക്കുകയാണ്. ഞാൻ പറഞ്ഞുവന്നത് എല്ലാവരും അഭിപ്രായപ്പെട്ടതുപോലെ ഗവൺമെന്റ് ഒരു അനുരഞ്ജനത്തിന് ശ്രമിക്കണമായിരുന്നു. ഓർത്തഡോക്സ്-യാക്കോബായ തർക്കം മധ്യകേരളത്തിലെ ചില പള്ളികളെ മാത്രം ബാധിക്കുന്നതാണ്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ ഇത് കേരളത്തിലെ മുഴുവൻ

ക്രിസ്ത്യാനികൾക്കും ബാധകമാകുന്ന ഒരു നിയമമായി മാറി. തർക്കങ്ങൾ ഈ രണ്ട് സഭകളിൽ മാത്രമല്ല വരുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാർക്കുപോലും നിയമത്തിന്റെ വ്യാഖ്യാനത്തിൽ തെറ്റ് പറ്റി. ഈ നിയമംകൊണ്ട് കേരളത്തിലെ ഏത് സഭകളുടെ പള്ളികളിലും അങ്ങോട്ടുമിങ്ങോട്ടും ഇത്തരത്തിലുള്ള അവകാശവാദങ്ങൾക്കുള്ള അവസ്ഥയുണ്ടാവുകയാണ്. അവരുടെ അവകാശ തർക്കങ്ങളിൽ കോടതി തീരുമാനമെടുത്തിട്ടുണ്ട്. ഇത് മധ്യകേരളത്തിലെ പള്ളികളെ മാത്രം ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് ഇരുവിഭാഗങ്ങളെ മാത്രം വിളിച്ച് മൃതശരീരം അടക്കം ചെയ്യുന്നതുൾപ്പെടെയുള്ള മാനുഷിക വിഷയങ്ങളിൽ ഗവൺമെന്റിന് പരിഹാരമുണ്ടാക്കാനാകുമായിരുന്നു. എന്നാൽ ഇങ്ങനെയൊരു നിയമമുണ്ടാകുമ്പോൾ അത് ഒരു വിഭാഗത്തിനുമേൽ അടിച്ചേൽപ്പിക്കപ്പെടുന്നതുപോലെ തോന്നിയേക്കാം. ഏതാനും പള്ളികളിലെ തർക്കത്തിന് കേരളത്തിലെ മുഴുവൻ ക്രിസ്ത്യാനികൾക്കും ബാധകമായേക്കാവുന്ന ഒരു നിയമമുണ്ടാക്കിയത് ശരിയായില്ലെന്ന അഭിപ്രായമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. റോജി എം. ജോൺ: സർ, ബഹുമാന്യനായ എസ്. ശർമ്മ സൂചിപ്പിച്ച കാര്യത്തിൽ, ഓർഡിനൻസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പറഞ്ഞതിൽ ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾ തമ്മിലുള്ള വിഷയമെന്ന് പറയുന്നുണ്ട്. പക്ഷെ ഈ ബില്ലിന്റെ ഉദ്ദേശ കാരണങ്ങളുടെ വിവരണം കൊടുത്തിരിക്കുന്നതിൽ ക്രിസ്ത്യൻ സമുദായങ്ങൾക്കിടയിലുള്ള തർക്കമെന്നാണ് പറഞ്ഞിരിക്കുന്നത്. പ്രത്യേകിച്ച് രണ്ട് വിഭാഗങ്ങളെക്കുറിച്ച് പറഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ നമ്മൾ പറഞ്ഞ സംശയം കൂടുതൽ ബലപ്പെടുകയാണ്, ഇത് മുഴുവൻ ക്രിസ്തീയ വിഭാഗങ്ങൾ എന്ന നിലയ്ക്കുതന്നെ വരുമെന്ന കാര്യത്തിൽ യാതൊരു സംശയമില്ല. സർക്കാരിന്റെ ഉദ്ദേശ്യത്തെ നമ്മളാരും ചോദ്യം ചെയ്യുന്നില്ല. സർക്കാർ ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നം പരിഹരിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പക്ഷെ ഇതിന്റെ നിർവ്വചനത്തിൽ ക്രിസ്ത്യൻ വിഭാഗങ്ങൾ എന്നുപറയുമ്പോൾ മുഴുവൻ ക്രിസ്ത്യൻ വിഭാഗത്തിലേയ്ക്കും ഇത് വരാം. കട്ടച്ചിറ പള്ളിയിൽ മൃതശരീരം അടക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ തടസ്സം നിരവധി ദിവസമുണ്ടായപ്പോൾ

ആ സമരത്തിൽ പങ്കെടുത്ത ആളുകളാണ് നമ്മളെല്ലാവരും. മൃതശരീരം അവിടെ തടസ്സം കൂടാതെ അടക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള സമരത്തിൽ പങ്കെടുത്ത ആളുകളാണ് നമ്മളെല്ലാവരും. അത് വളരെ ദൗർഭാഗ്യകരമായിപ്പോയി. ആ വിഷയം പരിഹരിക്കപ്പെടേണ്ടതുതന്നെയാണ്. അത് പരിഹരിക്കപ്പെടുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഇങ്ങനെയൊരു ബിൽ കൊണ്ടുവരുമ്പോൾ അത് മറ്റ് വിഭാഗങ്ങളിൽ നമ്മൾ ഉദ്ദേശിക്കാത്ത തരത്തിലുള്ള പ്രശ്നങ്ങളുണ്ടാക്കും. ഒരു പ്രശ്നം പരിഹരിക്കപ്പെടുമ്പോൾ വേറൊരു പ്രശ്നമുണ്ടാകാനുള്ള സാധ്യതയുണ്ടെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ഇവിടെ ശ്രീ. റോജി എം. ജോൺ പറഞ്ഞ കാര്യങ്ങളാണ് നമ്മളെല്ലാവരും പറഞ്ഞുവന്നത്. അതായത് ഓർത്തഡോക്സ്-യാക്കോബായ പ്രശ്നപരിഹാരത്തിനുവേണ്ടിയുള്ള നിയമം കേരളത്തിലെ മുഴുവൻ ക്രിസ്ത്യാനികൾക്കും മുഴുവൻ സഭകൾക്കും ബാധകമാകുന്ന തരത്തിൽ വരികയാണ്. അത് സബ്ജക്ട് കമ്മിറ്റിയിൽ മാറ്റാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ സബ്ജക്ട് കമ്മിറ്റിയിൽ

ചെറിയ കാര്യങ്ങളേ മാറ്റാൻ സാധിക്കൂ. ഈ നിയമത്തിന്റെ സ്ട്രക്ച്ചറിൽ തന്നെ കുഴപ്പമുണ്ടെന്നാണ് നമ്മൾ ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ട് ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണം. സബ്ജക്ട് കമ്മിറ്റിയിൽ വരുത്താവുന്ന മാറ്റത്തിന് പരിമിതികളുണ്ട്. ബേസിക് സ്ട്രക്ചറിൽ മാറ്റം വരുത്താൻ കഴിയില്ല. ഏതെങ്കിലും ക്ലോസിലേ മാറ്റം വരുത്താൻ കഴിയൂ. പ്രശ്നപരിഹാരത്തിനായാണ് നിയമമുണ്ടാക്കിയത്. എന്റെ പ്രസംഗത്തിന്റെ ആദ്യം ഞാൻ അതിനെ സ്വാഗതം ചെയ്തു. മൃതശരീരങ്ങൾ ആദരിക്കപ്പെടേണ്ടതിന്റെ കാരണങ്ങൾ സൂചിപ്പിച്ചു. മൃതശരീരങ്ങൾ ഏത് മതവിഭാഗത്തിന്റേതാണെങ്കിലും അനാദരിക്കപ്പെടരുത്, പരിഹാരമുണ്ടാക്കണം. ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചതുപോലെ ഈ പ്രശ്ന പരിഹാരത്തിലൂടെ ധാരാളം പ്രശ്നങ്ങളുടെ പണ്ടാരപ്പെട്ടി തുറക്കുന്ന അവസ്ഥയിലേക്ക് പോകരുതെന്ന നിർബന്ധബുദ്ധി അവിടെയും ഇവിടെയും ഇരിക്കുന്നവർക്ക് വേണം. ഞാൻ ഇതിനെ രാഷ്ട്രീയമായി കാണുന്നില്ല. ഈ ഒരു പ്രശ്നം പരിഹരിക്കുന്നതിനുള്ള ഇടപെടൽ സർക്കാരിന്റെ

ഭാഗത്തുനിന്നുണ്ടാവുകയെന്ന് പറഞ്ഞാൽ; അനുരഞ്ജന ശ്രമങ്ങൾ നടന്നില്ല. ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടാലേ ക്രിസ്തീയ സഭകൾക്കും പ്രധാന പുരോഹിതന്മാർക്കും പൊതുജനങ്ങൾക്കും ലീഗൽ ഫ്രെട്ടേണിറ്റിക്കും അഭിപ്രായം പറയാൻ സാധിക്കുകയുള്ളൂ. ഇതിൽ ധാരാളം നിയമപരമായ പോരായ്മകളുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചപോലെ ഡെഫനിഷൻ വരെ അപൂർണ്ണവും അപര്യാപ്തവുമാണ്. അതെല്ലാം പരിഹരിക്കുന്ന വിധത്തിലുള്ള കൃത്യമായ തുടർചർച്ചകൾ ഈ വിഷയത്തിൽ ആവശ്യമായതുകൊണ്ട് ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണം. മറ്റൊരു കാര്യം, എല്ലാ ജനവിഭാഗങ്ങൾക്കിടയിലും ഒരു കൺസെപ്റ്റ്സ് രൂപപ്പെടണം. ഗവൺമെന്റ് ഇടപെടണമെന്ന് ഞങ്ങൾ പറഞ്ഞു. ക്രിസ്തീയ സമൂഹത്തെ നമ്മളെല്ലാവരും വലിയ ആദരവോടുകൂടിയാണ് കാണുന്നത്. നമ്മുടെ ബഹുസ്വരതയിൽ ക്രിസ്തീയ സമൂഹത്തിന്റെ സംഭാവനകൾ വളരെ വലുതാണ്. ഇന്ന് ബഹുസ്വരതയെ എതിർക്കുന്ന പശ്ചാത്തലം നമ്മുടെ രാജ്യത്ത് രൂപപ്പെട്ടുവരുമ്പോൾ ഇത്തരം ചെറിയ തർക്കങ്ങൾ വലിയ

വിഷയമായി മാറാതിരിക്കാനുള്ള പരസ്പര ബഹുമാനം എല്ലാവരും കാണിക്കേണ്ടതാണ്. കാരണം ഇന്ന് നമ്മുടെ രാജ്യത്ത് അതിസങ്കീർണ്ണായ മറ്റുചില പ്രശ്നങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ബഹുസ്വരതയ്ക്കെതിരായി രാജ്യത്തെ ഫാസിസ്റ്റുകൾ കരിനിയമങ്ങളും തുടർനടപടികളുമായി വരുമ്പോൾ ന്യൂനപക്ഷ ജനവിഭാഗങ്ങൾ അവരുടെ ശക്തികേന്ദ്രങ്ങളിൽ തമ്മിലടിക്കുന്നത് ശരിയല്ലെന്നുള്ള വികാരംകൂടി ഉയർന്നുവരേണ്ടതുണ്ട്. അതിനെക്കുറിച്ചൊക്കെ അവരിൽ ബോധം വളരേണ്ടതുണ്ടെന്നുകൂടി സാന്ദർഭികമായി സൂചിപ്പിക്കുകയാണ്.

ഇത്രയേറെ അംഗങ്ങൾ ഇടപെട്ട നിയമനിർമ്മാണ ചർച്ചയുണ്ടാകില്ല. നിയമത്തിന്റെ അന്ത:സത്തയോട് യോജിക്കുകയാണ്. ഈ നിയമം ഉണ്ടാക്കിയേക്കാവുന്ന നിയമപരമായ പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. വളരെ അശ്രദ്ധമായായാണ് ഈ നിയമം ഡ്രാഫ്റ്റ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഇതൊരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ച് വിശദമായ ചർച്ചകൾക്കുശേഷം ഒരു പുതിയ നിയമം കൊണ്ടുവരുന്നതായിരിക്കും നല്ലതെന്ന അഭിപ്രായംകൂടി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ

വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 29-02-2020 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നേരത്തെ ശ്രീ. എൻ. ഷംസുദ്ദീൻ സംസാരിച്ചപ്പോൾ ധാരാളം ഇടപെടലുകൾ വന്നതാണ്. അതിൽ നിന്നൊക്കെ ഒരു കാര്യം വളരെ വ്യക്തമാണ്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട കേരള സർക്കാരിന് യാതൊരു പ്രതിബദ്ധതയോ അതോടൊപ്പം ഈ വിഷയത്തിൽ ക്ലാരിറ്റിയോ ഇല്ല എന്നുള്ളതിന്റെ ഏറ്റവും വലിയ ഒരു ഉദാഹരണമാണ് ഈ ബിൽ. കാരണം ഇതിന്റെ ചർച്ചയുടെ സമയത്ത് തന്നെ ഈ വിഷയം പരിഹരിക്കുവാനുള്ള മന്ത്രിസഭാ ഉപസമിതിയുടെ തലവനായ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും അതോടൊപ്പം ഈ ബിൽ അവതരിപ്പിച്ച ബഹുമാന്യനായ പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുമൊക്കെ പറയുന്നത് വ്യത്യസ്തമായിട്ടുള്ള ആശയങ്ങളാണ്. ഈ വിഷയം സങ്കീർണ്ണമാണെന്നും

എത്രയോ വർഷമായി നമ്മൾ തീർക്കാൻ നോക്കിയിട്ടും നടക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറയുമ്പോൾ തൊട്ടപ്പുറത്ത് ഇതിന് മറുപടി പറയുന്ന ബഹുമാന്യനായ പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറയുന്നത് ഈ വിഷയമൊക്കെ നമ്മൾ വന്നതിനുശേഷം തീർത്തുവെന്നാണ് . നമുക്കറിയാം, ക്രിസ്ത്യീയ വിഷയങ്ങളും അതോടൊപ്പം തന്നെ ക്രിസ്ത്യീയ സഭകളുടെ ചരിത്രം, വളരെ കോംപ്ലക്സായിട്ടുള്ള ചരിത്രമാണ്. ആ ചരിത്രമൊന്നുമറിയാത്ത ഒരാൾ സെക്രട്ടേറിയറ്റിലിരുന്ന് ഒരു ബിൽ എഴുതിയാൽ എങ്ങനെയിരിക്കും, അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഈ ബിൽ. ഏറ്റവും കൂടുതൽ മരണങ്ങൾക്ക് പോകുന്ന ആളുകൾ നമ്മൾ ജനപ്രതിനിധികളാണ്. പല ആളുകളും കളിയാക്കുന്നതുതന്നെ എം.എൽ.എ.-മാരുടെ പണി കല്ല്യാണത്തിനും മരണത്തിനും പോകുക എന്നൊക്കെ പറഞ്ഞാണ്. പക്ഷെ നാട്ടിലെ ഏറ്റവും കൂടുതൽ ആളുകളുടെ സുഖത്തിലും ദുഃഖത്തിലുമൊക്കെ പങ്കെടുക്കുന്നത് നമ്മൾ ജനപ്രതിനിധികളാണ്. നമ്മൾ ഓരോ വീട്ടിൽ പോകുമ്പോൾ; മരണവീടുകളിൽ ചെല്ലുമ്പോൾ ജനങ്ങൾ നന്ദിയും സന്തോഷവും കാണിക്കുന്നത് അവരുടെ വിഷമങ്ങളിൽ ഇടപെടുന്നതുകൊണ്ടാണ്. എന്റെ മണ്ഡലത്തിൽ തന്നെ എത്രയോ

മരണവീട്ടുകളിൽ പോകുമ്പോൾ മൃതദേഹം ശരിയായ രീതിയിൽ സംസ്കരിക്കാൻ കഴിയാതെ അല്ലെങ്കിൽ മരണാനന്തര ചടങ്ങ് നടത്താൻപോലും ബുദ്ധിമുട്ടുന്ന ആളുകളെ കാണാൻ കഴിഞ്ഞിട്ടുണ്ട്. അടുക്കള പൊളിച്ച് അവിടെ ശവസംസ്കാരം നടത്തിയ ചരിത്രവും നമ്മുടെ നാട്ടിലുണ്ട്. രാഷ്ട്രീയ ഭേദമെന്യേ ഏറ്റവും നല്ല രീതിയിൽ മരണാനന്തര ചടങ്ങുകൾ ചെയ്യണമെന്ന് ആഗ്രഹിക്കുന്ന ഒരു പൊതുസമൂഹത്തിൽ തീർച്ചയായും ഓർത്തഡോക്സ് സഭയുടെയും യാക്കോബായ സഭയുടെയും തമ്മിലുള്ള സഭാ തർക്കത്തിന്റെ ഭാഗമായി മരണാനന്തര ചടങ്ങുകൾ നടത്താൻ കഴിയാത്ത ഒരു സാഹചര്യത്തിൽ ഇതുപോലൊരു ബിൽ കൊണ്ടുവരുന്നതിനെ നമ്മളെല്ലാവരും അനുകൂലിക്കുന്നു. പക്ഷേ കൊണ്ടുവന്ന ഈ ബിൽ..., നമ്മൾ ഇംഗ്ലീഷിൽ പറയും, to open a Pandora's box. ഒരു pandora -യുടെ പെട്ടി തുറന്നതുപോലെ തന്നെ ആയിരക്കണക്കിന് പുതിയ പ്രശ്നങ്ങൾ തുറന്നിട്ടിരിക്കുകയാണ്. അതിലെ പ്രധാനപ്പെട്ട വിഷയം, ഒന്ന്, ഈ ബില്ലിന്റെ വാക്യത്തിൽ തന്നെയാണ്. കേരളം പോലെ ഒരു പൊതുസമൂഹത്തിൽ ശവമടക്കം ചെയ്യുന്നതിനുള്ള അവകാശം എന്ന് ഒരു ബില്ലിന് ടൈറ്റിൽ ഇടാൻ കഴിയില്ല. മൃതദേഹം എന്നുള്ള ഒരു വാക്ക് ഇതിൽ ചേർക്കേണ്ടത് അത്യന്താപേക്ഷിതം

തന്നെയാണ്. രണ്ടാമത്, നേരത്തെ പറഞ്ഞതുപോലെ രണ്ട് സഭകൾ തമ്മിലുള്ള ഒരു വിഷയത്തെ...., ക്രിസ്തുമതത്തിൽ തന്നെ എത്രയോ വിഭാഗങ്ങളുണ്ട്. രണ്ട് സഭകൾ തമ്മിലുള്ള വിഷയത്തിൽ ക്രിസ്ത്യൻ മതത്തെ മുഴുവൻ ഇതിൽ കൊണ്ടുവരുന്നതിൽ വലിയൊരു പ്രശ്നമുണ്ട്. അത് മനസ്സിലാകാത്ത ആളുകൾ നിയമനിർമ്മാണം കൊണ്ടുവരുന്നതിന്റെ പ്രശ്നമാണത്. ക്രിസ്ത്യൻ സഭകളെന്താണെന്നോ സഭകളുടെ ചരിത്രമെന്താണെന്നോ അറിയാത്ത ആളുകൾ ഉദ്യോഗസ്ഥരായും ഭരണത്തിന്റെ തലപ്പത്തുമുള്ളതിന്റെ പ്രശ്നമാണ് കാണുന്നത്. എനിക്ക് പറയാനുള്ള പ്രധാനപ്പെട്ട ഒരു കാര്യം, ഈ വിഷയത്തിൽ വലിയ വ്യാകുലതകൾ പൊതുസമൂഹത്തിലുണ്ട്. 19 ശതമാനം വരുന്ന ക്രിസ്ത്യൻ പോപ്പുലേഷനിലെ ഭൂരിഭാഗമാളുകൾക്കും നേരത്തെ പറഞ്ഞതുപോലെ കത്തോലിക്ക വിഭാഗത്തിലൊക്കെ വലിയ പ്രശ്നങ്ങളുണ്ട്. അത് ദൂരീകരിക്കാനുള്ള നടപടികൾ ഈ ബില്ലിന്റെ ഭാഗമായി സബ്ജക്ട് കമ്മിറ്റിയിൽ പോകുമ്പോൾ സർക്കാർ ചെയ്യണമെന്നുള്ള കാര്യം ഞാൻ പറയുകയാണ്. രണ്ടാമത്തെ കാര്യം, സർക്കാരിന്റെ പ്രവർത്തനത്തിലുള്ള പരാജയം പുതിയ ബില്ലിന്റെ രൂപത്തിൽ വരുന്നത് നല്ല ഭരണനിർവ്വഹണമല്ല. നേരത്തെ പറഞ്ഞതുപോലെ കമ്മിറ്റിയുടെ

ഭാഗമായി ചർച്ചകൾ നടക്കുമ്പോൾ എനിക്കറിയാം ഈ വിഷയത്തിൽ നിയമസഭയിൽ, പതിനേഴാം സമ്മേളനത്തിൽ എത്രയോ എം.എൽ.എ. മാർ...., ഇവിടെയുള്ള ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. അനൂപ് ജേക്കബ് അടക്കമുള്ളവരും ഭരണപക്ഷത്തെ എം.എൽ.എ. മാരും സബ്മിഷനും ശ്രദ്ധക്ഷണിക്കലും കൊടുത്തിരുന്നു. അതിന്റെയൊക്കെ തീരുമാനമായിട്ടാണ് ഒരു മന്ത്രിസഭാ ഉപസമിതിയെ വച്ചത്. ആ തീരുമാനം നേരായ രീതിയിൽ പ്രാവർത്തികമാക്കുവാനും ഇരുപക്ഷത്തുള്ള ആളുകളെ ഒരുമിച്ച് കൊണ്ടുവന്ന് ഇരുത്തുവാനും ഞാൻ സാന്ദർഭികമായി ഒരു കാര്യം പറയുകയാണ്. ഏറ്റവും വ്യത്യസ്തമായിട്ടുള്ള പ്രത്യയശാസ്ത്രങ്ങളിൽ ആശയപരമായിട്ടുള്ള പോരാട്ടങ്ങൾ നടക്കുന്നത് അമേരിക്കയും നോർത്ത് കൊറിയയും തമ്മിലാണ്. അമേരിക്കയുടെ പ്രസിഡന്റായിട്ടുള്ള ഡൊണാൾഡ് ട്രംപും നോർത്ത് കൊറിയയിലെ കിം ജോങ് ഉൻ വരെ ഒരുമിച്ച് ചർച്ച നടത്തിയ ഒരു ചരിത്രം നമ്മുടെ ലോകത്തുണ്ട്. അങ്ങനെ അതിന് മുൻകയ്യെക്കാൻ കഴിയാത്ത ഒരു ഭരണസംവിധാനത്തിന്റെ ഒരു പരാജയമാണ് ബില്ലിന്റെ രൂപേണ ഇവിടെയെത്തിയിരിക്കുന്നത്.

ശ്രീ. അനൂപ് ജേക്കബ്: സർ, ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെ

സൂചിപ്പിച്ചത് മന്ത്രിസഭാ ഉപസമിതിയുടെ പരാജയത്തെക്കുറിച്ചാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു, രക്തച്ചൊരിച്ചിലുകളും കലുഷിതമായ അന്തരീക്ഷങ്ങളുടെയുമൊക്കെ അടിസ്ഥാനത്തിലാണ് ഈയൊരു ഓർഡിനൻസിറക്കിയതെന്നാണ്. അടിസ്ഥാനപരമായ വിഷയം ഈ ഓർഡിനൻസിലൂടെ പരിഹരിക്കപ്പെടുന്നില്ല. അങ്ങ് ഇന്ന് ഇപ്പോൾ സംസാരിക്കുമ്പോഴും ഈ കഴിഞ്ഞ ദിവസങ്ങളിലും ഇന്നലെയുമൊക്കെയായി എറണാകുളം ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ നാലോളം ദേവാലയങ്ങളിൽ സംഘർഷം ഇപ്പോഴും നിലനിൽക്കുകയാണ്. അപ്പോൾ അടിസ്ഥാനപരമായ പ്രശ്നങ്ങൾ ഇപ്പോഴും പരിഹരിക്കപ്പെടുന്നില്ല എന്നതാണ്. തീർച്ചയായും ഈ ഓർഡിനൻസുമൂലം മൃതദേഹ സംസ്കാരം നടത്താനുള്ള ഒരു സാഹചര്യം വരുന്നുവെന്നതിൽ ആശ്വാസമുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ഞങ്ങൾ ഇവിടെ ചൂണ്ടിക്കാട്ടുന്നത് ഇതിന്റെയകത്തുള്ള അപാകതകളാണ്. ഒരു നിയമനിർമ്മാണം അതിന്റെ പരിപൂർണ്ണതയിൽ തന്നെ എത്തിക്കുവാൻ കഴിയുകയെന്നതാണ്. മൃതദേഹ സംസ്കാരം ഏറ്റവും മാന്യമായും ഓരോ വ്യക്തിയുടെയും വിശ്വാസത്തിന് അധിഷ്ഠിതമായും ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാകേണ്ടത്

ആവശ്യമാണ്. അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. രക്തച്ചൊരിച്ചിലുകളടക്കമുള്ള കാര്യങ്ങൾ തീരുന്ന സാഹചര്യങ്ങളല്ല ഉള്ളത്. അതിനാവശ്യം ചർച്ചകൾ തന്നെയാണ്, മീഡിയേഷൻ തന്നെയാണ്, സമവായത്തിലൂടെ ഈ വിഷയങ്ങളിലേയ്ക്ക് കടക്കുവാൻ കഴിയണം. നിയമങ്ങൾ അടിച്ചേൽപ്പിക്കപ്പെട്ടതുകൊണ്ട് വിഷയങ്ങൾ പരിഹരിക്കപ്പെടില്ല, അതാണ് അനുഭവം. അപ്പോൾ സമവായ ചർച്ചകൾ ഗവൺമെന്റ് തുടരണം. ഇത് വന്നതുകൊണ്ട് മന്ത്രിസഭാ ഉപസമിതിയുടെ പ്രവർത്തനം നിർത്തി വീട്ടിലിരിക്കുന്ന സാഹചര്യം വരരുത്. ചർച്ചകൾ തുടരണം, അത് ഏറ്റവും ശക്തമായി തന്നെ പോകാൻ കഴിയണമെന്നുള്ളതാണ് വാസ്തവമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഇവിടെ ശ്രീ. അനൂപ് ജേക്കബ് സംസാരിച്ചപ്പോൾ പറഞ്ഞ ഈ സമവായ ചർച്ചകൾ എത്രയോ വർഷങ്ങളായി ഇവിടെ നടന്നുവരികയാണ്. ഇത് യാക്കോബായ-ഓർത്തഡോക്സ് സഭയുടെ പ്രശ്നമാണെങ്കിലും ഈ ബിൽമൂലം ഏറ്റവും കൂടുതൽ പരിരക്ഷ കിട്ടാൻ പോകുന്നത് യാക്കോബായ സമുദായത്തിനാണ്. എറണാകുളം ജില്ലയുടെ മേഖലകളിൽ യാക്കോബായയും ഓർത്തഡോക്സും

സഹോദരസഭകളാണ്. ഈ രണ്ട് സഹോദരസഭകളും ഒരുമിച്ച് പോകാൻ പറ്റാത്ത സാഹചര്യമുണ്ടായപ്പോൾ പരസ്പരം പങ്കുവച്ച് പിരിയുന്ന സാഹചര്യമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ അതിനായി മുന്നൊരുക്കവും മേൽനോട്ടവുമുണ്ടാക്കിയെങ്കിലും അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി വന്നപ്പോൾ അവരുടെ പ്രശ്നങ്ങൾ ഒരുപരിധി വരെ അവസാനിച്ചു. പക്ഷെ യാക്കോബായ സഭയെ സംബന്ധിച്ചിടത്തോളം പിറവത്തെ പള്ളി നഷ്ടപ്പെട്ടുപ്പോയി. ഗവൺമെന്റ് ഓർത്തഡോക്സ് സഭയ്ക്ക് പള്ളി കൈമാറി. യാക്കോബായ സഭയിലെ അംഗങ്ങളെല്ലാം കരഞ്ഞുകൊണ്ട് ഇറങ്ങിപ്പോയെങ്കിലും പുതിയ പള്ളി വച്ചു. ശവസംസ്കാരവുമായി ബന്ധപ്പെട്ട് അവിടെ പ്രശ്നമുണ്ടായില്ലെങ്കിലും പലയിടങ്ങളിലും ഈ പ്രശ്നങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇവിടെ മുമ്പ് സംസാരിച്ചിരുന്ന ആളുകളൊക്കെ സൂചിപ്പിച്ചപ്പോൾ കട്ടച്ചിറയിലുണ്ടായിട്ടുള്ള പ്രശ്നം നമുക്കറിയാം. അവിടെ വൃദ്ധയായ അമ്മയുടെ മൃതദേഹം ദിവസങ്ങളോളം വീട്ടിലിരുന്നു. ഇവിടെ സെക്രട്ടേറിയറ്റിനു മുന്നിൽ യാക്കോബായ സഭയുടെ തിരുമേനിമാർ

വന്ന് ധർണയിരിക്കുന്ന അവസ്ഥയുണ്ടായി. ഞങ്ങളെല്ലാം രാഷ്ട്രീയത്തിനധീതമായി അവിടെപ്പോയി. നിയമസഭയിൽ ഞാൻ സബ്മിഷൻ ഉന്നയിക്കാൻവേണ്ടി രണ്ടുമൂന്നു തവണ നോട്ടീസ് കൊടുത്തിട്ടും അനുമതി കിട്ടിയില്ല. അന്ന് ഗവൺമെന്റിന്റെ കയ്യിലിരിക്കുന്ന വിഷയം, സുപ്രീംകോടതി പരിഗണിക്കുന്ന വിഷയം എന്നൊക്കെ പറഞ്ഞ് മാറ്റിയെങ്കിലും പിന്നീട് ഇവിടെയുള്ള എം.എൽ.എ.- മാരെല്ലാം കൂടി ശബ്ദമുണ്ടാക്കിയത് സഭകൾക്ക് വേണ്ടിയിട്ടായിരുന്നില്ല. ഞങ്ങളെല്ലാം ശബ്ദമുണ്ടാക്കിയത് ശവസംസ്കാരത്തിന് ഒരു നീതിയുണ്ടാകണമെന്ന് പറഞ്ഞുകൊണ്ടായിരുന്നു. ഏറ്റവും ഒടുവിൽ ബഹുമാനപ്പെട്ട സ്പീക്കർ അനുമതി നൽകുകയും സബ്മിഷൻ ഉന്നയിക്കുകയും അതിന് ഗവൺമെന്റ് മറുപടി നൽകുകയും ചെയ്തു. ഇവിടെ ഈ നിയമമുണ്ടാക്കിയപ്പോൾ അതുമൂലം വലിയ പരിരക്ഷ യാക്കോബായ സമുദായത്തിന് കിട്ടുന്നുണ്ടെന്നുള്ളത് സത്യമാണ്. ആ രീതിയിൽ പ്രശ്നപരിഹാരത്തിന് വേണ്ടി കൊണ്ടുവരുന്ന ഈ ബിൽ നല്ലതാണെങ്കിലും ചില വ്യവസ്ഥകൾ ഇതിൽ പ്രത്യേകമെടുക്കേണ്ടത് ആവശ്യമാണ്. ഒന്നുരണ്ടു കാര്യം പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇതിലെ മൂന്നാം ഖണ്ഡികയിൽ ബഹുമാന്യരായ വി. ഡി. സതീശനും സണ്ണി ജോസഫും പറഞ്ഞ ഒരു കാര്യം,

ഈ ബിൽ ഇതേപോലെ പ്രാവർത്തികമാക്കിയാൽ നാളെ എനിക്ക് എന്തെങ്കിലും സംഭവിച്ചാൽപ്പോലും ഒരുപക്ഷെ സെമിത്തേരിയിൽ അടക്കാൻ പറ്റിയെന്ന് വരില്ല. കാരണം ഇതിൽ ശവമടക്കം ചെയ്യുന്ന അവകാശത്തെക്കുറിച്ച് പറയുന്നുണ്ട്. ഒരു ഇടവകയിൽ ഉൾപ്പെടുന്ന കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കുമെന്നാണ് ഇതിൽ പറയുന്നത്. ഞങ്ങൾ ഇടവകയിൽ നിന്ന് പുറത്തായി, പുതിയ പള്ളി പണിതു. ഇപ്പോൾ ആ പള്ളി ഓർത്തഡോക്സ് സഭയുടെ കയ്യിലാണ്. ആ ഇടവകയിൽ ഞങ്ങൾ പെടുന്നില്ല. അപ്പോൾ ആ ഇടവകയിൽപ്പെടാത്ത ഒരാൾ..., "ഒരു ഇടവകയിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെ അടക്കം ചെയ്തിട്ടുള്ള സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്" എന്നാണ് ഇതിൽ പറയുന്നത്. അപ്പോൾ ഇടവകയിൽ നിന്നുപോയി, വേറെ പള്ളിയിൽ ചേർന്ന് യാക്കോബായ വിഭാഗത്തിൽപ്പെട്ട ആളുകൾ മരണപ്പെട്ടാൽ തിരിച്ച് അവിടെ കൊണ്ട് അടക്കണമെങ്കിൽ ആ ദേവാലയത്തിലെ വികാരിയുടെ ഒരു സർട്ടിഫിക്കറ്റ് വേണ്ടിവരും. അത് കിട്ടാൻ സാദ്ധ്യതയില്ല. അത്തരം സാഹചര്യമുണ്ടെന്നുള്ളതുകൊണ്ട് ആ രീതിയിൽ ഈ ബിൽ കറക്ട് ചെയ്ത്

ക്ലിയർ ചെയ്തുവരണം. ഒരു കാര്യം കൂടി സൂചിപ്പിക്കട്ടെ. വികാരി എന്ന് പറയുന്നത് ആരാണ്? പുരോഹിതൻ, പാസ്റ്റർ അല്ലെങ്കിൽ ശവം അടക്കൽ ആചാരങ്ങൾ നിർവ്വഹിക്കുന്ന ഒരാൾ എന്നാണ്. യാക്കോബായ, ഓർത്തഡോക്സ് സമുദായത്തിൽപ്പെട്ടവർക്ക് പാസ്റ്റർമാരില്ല. അച്ചൻ എന്ന് വിളിക്കുന്ന പുരോഹിതന്മാർ മാത്രമേയുള്ളൂ. പാസ്റ്റർമാർ എന്ന് പറയുന്നത് വിവിധങ്ങളായ ക്രിസ്ത്യൻ സമുദായങ്ങളിൽ നിന്നും പ്രൊട്ടസ്റ്റന്റ് വിഭാഗത്തിലേയ്ക്ക് പോയിട്ടുള്ള വിശ്വാസികളുണ്ട്. അവർക്ക് ഇതൊന്നും ബാധകമല്ല. അവർക്ക് ശവസംസ്കാരത്തിനുള്ള രീതികളും പ്രത്യേക ആചാരങ്ങളും അനുഷ്ഠാനങ്ങളുമുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വന്നുകഴിഞ്ഞാൽ അവർക്കൊക്കെ വേണമെങ്കിൽ കേരളത്തിലെ മുഴുവൻ ക്രൈസ്തവ സമുദായങ്ങളുടെ ശവസംസ്കാര ശുശ്രൂഷ നടത്താൻ വേണ്ടി സെമിത്തേരി തുറന്നുകൊടുക്കേണ്ടി വരും. അതുകൊണ്ട് ഇതിൽ വന്നിരിക്കുന്ന ഈ അപാകതകൾ പരിഹരിച്ചില്ലായെങ്കിൽ വീണ്ടും ഞങ്ങൾക്ക് സമരം ചെയ്യേണ്ടി വരും. യാക്കോബ-ഓർത്തഡോക്സ് സമുദായങ്ങൾ തമ്മിലുള്ള വിഷയങ്ങളുണ്ടാകും. അതുകൊണ്ട് ഇതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വ്യക്തിമാക്കി പോകണമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ശ്രീ. അനൂപ് ജേക്കബിന്റെയും ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെയും ആശയത്തോട് ഞാൻ യോജിക്കുകയാണ്. ഈ ബിൽ വരുന്നതിൽ അല്ലെങ്കിൽ പരിരക്ഷ കൊടുക്കുന്നതിൽ നമുക്കാർക്കും പ്രശ്നമില്ല. ഇതൊരു വീക്ക് ലോ ആണെന്നുള്ള കാര്യം നമ്മൾ സമ്മതിക്കണം. ഇനി ക്രിസ്ത്യൻ സഭാചരിത്രമൊന്നും വായിക്കാനോ മനസ്സിലാക്കാനോ കഴിയാത്ത ആളുകളാണ് ഈ ബിൽ എഴുതുന്നതെങ്കിൽ, മിനിമം പ്രിയപ്പെട്ട ബെന്യാമിന്റെ 'അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ' എന്ന പുസ്തകം വായിക്കുകയാണെങ്കിൽ ഈ ബില്ലും സഭാ ചരിത്രവുമൊക്കെ എഴുതുന്ന ആളുകൾക്ക് മനസ്സിലാകും. സഭാതർക്കം അറിയുന്ന ആളുകൾക്ക് മനസ്സിലാകുമെന്ന് മാത്രം പറയുന്നു.

ശ്രീ. റോജി എം. ജോൺ: സർ, എനിക്ക് ഒരു കാര്യം ഈ ബില്ലിന്റെ ഭാഗമായി സൂചിപ്പിക്കാനുണ്ട്. സെമിത്തേരികളെ സംബന്ധിച്ചാണ് പറയുന്നത്. നമുക്ക് മൃതശരീരം അടക്കം ചെയ്യണം. ഇവിടെ നിൽക്കുന്ന മറ്റൊരു പ്രശ്നം ഇതിന്റെ ഭാഗമായി കാണാതെ പോകരുത്. ഇപ്പോൾ പള്ളികൾക്ക് പുതിയ സെമിത്തേരികൾക്ക് സ്ഥലം കൊടുക്കുന്നതിനോ അതിന് അനുവാദം കൊടുക്കുന്നതിനോ വളരെ നിഷേധാത്മകമായ സമീപനമാണ് എല്ലാ

സ്ഥലങ്ങളിലും സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു പള്ളി ആരംഭിച്ചു കഴിഞ്ഞാൽ അവിടെ ഒരു സെമിത്തേരി തുടങ്ങുന്നതിന് ഓഫീസുകൾ കയറിയിറങ്ങിയാലും സമ്മതപത്രം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. മൃതശരീരം അടക്കം ചെയ്യേണ്ട അവകാശത്തെക്കുറിച്ചാണ് എല്ലാവരും ഇവിടെ സംസാരിക്കുന്നത്. മൃതശരീരം അടക്കം ചെയ്യണമെങ്കിൽ പള്ളികൾക്ക് സെമിത്തേരികളുണ്ടാകണം. മുസ്ലീം, ക്രിസ്ത്യൻ പള്ളികളിൽ  പുതുതായി സെമിത്തേരികൾ തുടങ്ങുന്നതിനായി വലിയ പ്രതിസന്ധികളും തടസ്സങ്ങളും നിൽക്കുകയാണ്. സെമിത്തേരികൾ അനുവദിച്ചുകൊടുക്കുന്നതിനുവേണ്ടി അനുഭാവപൂർവ്വമായ നിലപാടുകൾ സർക്കാർ സ്വീകരിക്കേണ്ടതല്ലേ?

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, വളരെ പ്രധാനപ്പെട്ട എല്ലായിടത്തും നേരിടുന്ന വിഷയമാണ്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഇവിടെ പൊതുവെ നല്ല ചർച്ചകൾ നടക്കുകയാണ്. ഇങ്ങനെയുള്ള ചർച്ചകൾ വേണം. ഓർത്തഡോക്സ്- യാക്കോബ തർക്കം ഞങ്ങളുടെയൊക്കെ നിയോജകമണ്ഡലങ്ങളെ ബാധിക്കുന്ന വിഷയമാണ്. ആ തർക്കത്തിന് പരിഹാരം കണ്ടെത്തണം. ശവസംസ്കാരം

ചെയ്യുന്ന മൃതശരീരത്തോട് നീതിപുലർത്തണമെന്നാണ് എല്ലാ മതങ്ങളും പറയുന്നത്. ഒരു മതവും വ്യത്യസ്തമായി പറയുന്നില്ല. ആ മൃതശരീരത്തെ ഏറ്റവും കൂടുതൽ ബഹുമാനിക്കുക, അതിനെ നല്ല രീതിയിൽ യാത്ര അയയ്ക്കുവാനാണ് എല്ലാ മതങ്ങളും പറയുന്നത്. അതനുസരിച്ച് നോക്കുമ്പോൾ ഗവൺമെന്റ് എടുത്തത് നല്ല തീരുമാനം തന്നെയാണ്. ആ ഉദ്ദേശശുദ്ധിയെ ഞങ്ങളാരും ചോദ്യം ചെയ്യുന്നില്ല. ഈ ബില്ലിന് ഞങ്ങളാരും എതിരല്ലായെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞു. കാരണം ഈ ബിൽ ആവശ്യമാണ്. ഓർത്തഡോക്സ്-യാക്കോബ സഭയുടെ തർക്കത്തിന്റെ ഫലമായി മൃതശരീരം ശവസംസ്കാരം നടത്താത്ത അവസ്ഥ ഇന്ന് വലിയ പ്രശ്നം തന്നെയാണ്. ഈ സമരത്തിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ ഞങ്ങൾ പോയതാണ്. കാരണം, ഒരു പ്രായമായ സഹോദരിയുടെ മൃതശരീരം അവിടെ ശവസംസ്കാരത്തിന് അനുവദിക്കാത്തതുമായി ബന്ധപ്പെട്ട പ്രതിഷേധ സമരത്തിൽ പങ്കെടുത്തതാണ്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ രണ്ടുമൂന്ന് കാര്യങ്ങൾ സൂചിപ്പിച്ചു. ശ്രീ. എൽദോസ് പറഞ്ഞത്, സ്വന്തം വികാരവും നാളെ അദ്ദേഹത്തിന് സംഭവിക്കേണ്ട അവസ്ഥയുമാണ്. സ്വാഭാവികമായും നമ്മളെല്ലാവരും മരണപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

അതുകൊണ്ടാണ് അദ്ദേഹം ആ വികാരം പറഞ്ഞത്. ഓർത്തഡോക്സിന്റേതായാലും യാക്കോബ സഭയുടേതായാലും ഈ ബിൽ വരുമ്പോൾ ആ മൃതശരീരം അവിടെ സംസ്കരിക്കാനുള്ള സാഹചര്യമുണ്ടാകണം, അതിന് തടസ്സം വരരുത്. അതിനനുസൃതമായി ഈ ബിൽ വരണം. കത്തോലിക്ക സഭയുടെ ആശങ്കയും ഈ ബില്ലിലുണ്ട്. ബിൽ വായിച്ച് നോക്കുമ്പോൾ അറിയാൻ സാധിക്കും. അവരുടെ ആശങ്കയും പരിഹരിക്കണം. ആരും ഈ ബില്ലിന് എതിരല്ല. ഇവിടെ ശവസംസ്കാരം നടത്തേണ്ടെന്നല്ല പറയുന്നത്. ഈ ബില്ലിനെ ഞങ്ങൾ പിന്തുണയ്ക്കുന്നു. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഇതിന്റെ ആശങ്കകൾ മാറ്റുകയെന്നുള്ളത് താങ്കളുടെ ശ്രദ്ധയിലുള്ള കാര്യമല്ലേ.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>:സർ, ഞാൻ ഉപസംഹരിക്കുകയാണ്. ഇതിൽ നിയമത്തിന്റെ പ്രശ്നം പറഞ്ഞത്, നിർവചനങ്ങളിൽ സെമിത്തേരി, ക്രിസ്ത്യാനി, സർക്കാർ, ഇടവക തുടങ്ങിയവ ആരാണെന്ന് പറയുന്നുണ്ട്. അതിനോടൊപ്പം പൂർവ്വികർ; ആരാണ് പൂർവ്വികർ; ഞാൻ നേരത്തേ പറഞ്ഞ വലിയ പ്രശ്നങ്ങളുണ്ടാക്കാനുള്ള സാധ്യതയുണ്ട്. രണ്ടാമത് വൈദികൻ, വികാരി, പുരോഹിതൻ, പാസ്റ്റർ ഇതുസംബന്ധിച്ച് നിർവചനത്തിൽ പറയണം.

ഒരുപക്ഷെ, നിങ്ങൾ കമ്മ്യൂണിസ്റ്റുകാർ ആയതുകൊണ്ട് മനസ്സിലാക്കാൻ പറ്റാത്ത പല പ്രശ്നങ്ങളും അതിലേയ്ക്ക് വരുമെന്നുള്ളത് ഇതിനകത്ത് മനസ്സിലാക്കണം. എന്തായാലും ഞാൻ നീട്ടുന്നില്ല...

ഡോ. എൻ. ജയരാജ്: സർ, പൂർവ്വികന്മാർ എന്ന് പറയുന്നതിനകത്ത്, നമ്മുടെയൊക്കെ പ്രദേശത്ത് ഒരുപാട് ആളുകൾ മറ്റ് പ്രദേശങ്ങളിലേയ്ക്ക് കുടിയേറിപോയിട്ടുണ്ട്. നേരത്തേ അവരുടെയൊക്കെ പൂർവ്വികന്മാർ അവിടെയുണ്ടായിരുന്നു. അവർ മടങ്ങി വരുമ്പോൾ ഈ പറഞ്ഞ നിയമപ്രകാരം ആണെങ്കിൽ അവരുടെ ആളുകളെ അവിടെ അടക്കം ചെയ്യേണ്ട സാഹചര്യമാണുള്ളത്. അത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നാണ്. പ്രത്യേകിച്ച് ഇടവകയുടെ കീഴിലാണിത്. അത് ഒരു പ്രൈവറ്റ് പ്രോപ്പർട്ടിയാണ്. ആ പ്രൈവറ്റ് പ്രോപ്പർട്ടിയിൽ പിന്നീട് ആളുകൾ വന്ന് കയറിയുണ്ടാകുന്ന ഒരുപാട് പ്രശ്നങ്ങൾ ഉണ്ടാകും. നിർവചനത്തിലും നിയമത്തിനകത്തും വളരെ കൃത്യമായി പറഞ്ഞില്ലെങ്കിൽ ഒരുപാട് നൂലാമാലകൾ ഉണ്ടാകാൻ സാധ്യതയുണ്ട്. നമ്മുടെ നാട്ടിലെ സാഹചര്യങ്ങൾ അങ്ങനെയാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം വളരെ ശരിയാണ്. അടിയന്തരമായി ഇതിൽ പരിരക്ഷ

കൊടുത്തുകൊണ്ട് ഈ നിയമത്തിൽ മാറ്റങ്ങളുണ്ടാക്കണം. നേരത്തെ പറഞ്ഞതുപോലെ, ക്രിസ്തീയ മറ്റ് സഭകളിലും ഡിനോമിനേഷൻസിനുമുള്ള വ്യാകുലതകൾ മാറ്റണം. ശക്തമായ നിയമനിർമ്മാണം, നാളെ കോടതിയിൽ പോവുകയാണെങ്കിൽ നിലനിൽക്കാൻ കഴിയുന്ന രീതിയിലുള്ള നിയമനിർമ്മാണം ഉണ്ടാകണം. അവസാനമായി ബൈബിളിലെ Galatians മൂന്നാം അദ്ധ്യായത്തിൽ പറയുന്ന രണ്ട് വരികളുണ്ട്.

Galatians 3:27 &28

"You were baptized into union with Christ, and now you are clothed, so to speak, with the life of Christ himself. So there is no difference between Jews and Gentiles, between slaves and free people, between men and women; you are all one in union with Christ Jesus."

ചുരുക്കിപറഞ്ഞാൽ ക്രിസ്തുയേശുവിന്റെ വിശ്വാസത്തിൽ നിങ്ങളെല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു എന്നാണ് വിശുദ്ധ ബൈബിളിൽ പറഞ്ഞിട്ടുള്ളത്. അത് മനസ്സിലാക്കിക്കൊണ്ട്, ആ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് നല്ല നിയമനിർമ്മാണം എല്ലാവർക്കും പരിരക്ഷ നൽകികൊണ്ട് നമുക്ക് നൽകാൻ കഴിയട്ടേ. ഇതിനുവേണ്ടി പൊതുജന ചർച്ചയിലേയ്ക്ക്, പൊതുജനാഭിപ്രായം

അറിയുവാൻ വേണ്ടി ഈ ബില്ലിനെ വിടണമെന്ന് ഞാൻ എന്റെ അമെന്റ്മെന്റിലൂടെ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സജി ചെറിയാൻ ചുമതലപ്പെടുത്തിയത് പ്രകാരം ശ്രീ. ജോർജ് എം. തോമസ്: സർ, 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. (...ബഹളം...)

മി. സ്പീക്കർ: ശ്രീ. സി. മമ്മൂട്ടി, ശ്രീ. മോൻസ് ജോസഫിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ജോർജ് എം. തോമസ്: സർ, സദുദ്ദേശപരമായി സർക്കാർ കൊണ്ടുവന്ന ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇവിടെ പ്രകടിപ്പിച്ചിട്ടുള്ള ചില സംശയങ്ങൾ തികച്ചും തെറ്റിദ്ധാരണയിൽ നിന്ന് ഉളവായതാണെന്നാണ് എനിക്ക് തോന്നുന്നത്. ഉദാഹരണത്തിന് പാരിഷിലെ പൂർവ്വികരുടെ സന്തതികൾ ആരാണ് എന്ന് ആരാണ് തീരുമാനിക്കേണ്ടതെന്ന പ്രശ്നം ഇവിടെ ഉന്നയിക്കുകയുണ്ടായി. ബില്ലിലെ 6-ാം ക്ലോസിൽ അക്കാര്യം വ്യക്തമാക്കുകയുണ്ടായി.

"Maintenance of registers- The Vicar of the parish shall maintain a separate register as may be prescribed for the burial conducted in the cemetery under section 3. The Vicar shall maintain such register as a permanent record in his office and he shall issue certificate in this behalf to any person on application made to him upon the receipt of fees as may be prescribed."

ഒരു ക്രിസ്ത്യൻ പള്ളി തുടങ്ങി അവിടെ സെമിത്തേരിയും മറ്റ് സംവിധാനങ്ങളും തുടങ്ങുമ്പോൾ തന്നെ ആ വികാരി അവിടെ രജിസ്റ്റർ സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്യുകയാണ്. ആ രജിസ്റ്ററിലുള്ള അംഗങ്ങൾ നിശ്ചിത ഫീസ് ഒടുക്കിയാൽ വികാരി സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യേണ്ടതാണ്. അതുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഉന്നയിച്ച ആ സംശയം നിലനിൽക്കുകയേയില്ല. ഈ ബില്ലിന്റെ ഏറ്റവും മികച്ച ലക്ഷ്യം പള്ളിക്ക് പുറത്തും ഇത്തരം ശവസംസ്കാര പ്രക്രിയ നടത്താനുള്ള അനുമതി കൊടുക്കുന്നു എന്നാണ്. ഏത് സ്ഥലത്ത് വച്ചും ശവസംസ്കാര ശുശ്രൂഷ ആകാം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് വളരെ സ്വാഗതാർഹമായ കാര്യമാണ്. പണ്ട് കാലത്ത് കമ്മ്യൂണിസ്റ്റുകാരെ സെമിത്തേരിയിൽ അടക്കുമായിരുന്നില്ല.

കമ്മ്യൂണിസ്റ്റുകാർ, അന്യമതത്തിൽ നിന്നും വിവാഹം കഴിച്ചവർ തുടങ്ങിയവരെ സെമിത്തേരിക്ക് പുറത്ത് തെമ്മാടിക്കുഴിയിലാണ് അടക്കം ചെയ്തിരുന്നത്. മലബാറിലൊക്കെ വസൂരി പടർന്നുപിടിച്ച കാലഘട്ടത്തിൽ കുടിയേറ്റക്കാരായ കൃഷിക്കാർക്ക് ഒരു കുഴിയിൽത്തന്നെ അഞ്ചും ആറും ആളുകളെ അടക്കം ചെയ്യേണ്ടതായി വന്നു. കുറേക്കൂടി കഴിഞ്ഞ് സാമ്പത്തിക ഭദ്രതയൊക്കെ വന്നപ്പോൾ സെമിത്തേരിയിലെ തട്ടുകൾ ലേലം ചെയ്യുന്ന സ്ഥിതിയായി. പള്ളിക്ക് തൊട്ടടുത്തുകിടക്കുന്നത് ഒന്നാം തട്ട്, അതുകഴിഞ്ഞുള്ളത് രണ്ടാം തട്ട്, മൂന്നാം തട്ട് എന്നിങ്ങനെ ഓരോ തട്ടിലും കിടക്കാൻവേണ്ടിയുള്ള അവകാശത്തിന് ലേലം വിളിക്കുകയാണ്. ഒരിക്കൽ ഒരു സ്നേഹിതൻ പൊതുയോഗത്തിൽ വച്ച് പള്ളിയിലെ അച്ചനോട് പറഞ്ഞു, അച്ചാ, നമ്മൾ ജീവിച്ചിരിക്കുമ്പോൾ പല തട്ടിലാണ്. പല സാമ്പത്തിക സ്ഥിതിയിലാണ്. മരിക്കുമ്പോഴെങ്കിലും ഒരു തട്ടിൽ കിടക്കാനുള്ള അവസരമുണ്ടാക്കണം. അങ്ങനെ പറഞ്ഞപ്പോൾ അയാളെ അച്ചന്മാർ ശാസിക്കുകയായിരുന്നു. ജീവിതത്തിലുണ്ടാകുന്ന അസമത്വങ്ങൾപോലും മരണത്തിനുശേഷവും തുടരണമെന്ന വാശിയായിരുന്നു ഒരുകാലത്ത് ക്രിസ്ത്യൻ സഭകളിൽ ചില പുരോഹിതന്മാർ പാലിച്ചുവന്നിരുന്നത്. ഇപ്പോൾ കമ്മ്യൂണിസ്റ്റുകാർക്ക്

സെമിത്തേരി നിഷേധിക്കും. ഞാൻ കൂടുതൽ കഥകളിലേയ്ക്ക് പോകുന്നില്ല. പോയാൽ അതിന്റെ പ്രത്യാഘാതം വലുതായിരിക്കും. പക്ഷേ കുറച്ച് കഴിഞ്ഞപ്പോൾ ഞങ്ങളുടെ മത്തായി ചാക്കോയ്ക്കുവേണ്ടി സംസാരിക്കേണ്ട പ്രശ്നം വന്നു. അന്ന് കയ്യും കണക്കുമില്ലാത്ത തരത്തിൽ എന്തുമാത്രം ചീത്തയാണ് ഞാൻ കേട്ടത്. ചാക്കോയുടെ ആഗ്രഹപ്രകാരം അദ്ദേഹത്തെ പൊതുസ്ഥലത്ത്, പാർട്ടി ഓഫീസിന്റെ മുറ്റത്തുതന്നെ സംസ്കരിച്ചു. അതിന് ഞങ്ങളെ അന്ത്യകൂദാശ നൽകി ശരിപ്പെടുത്തി. ഇപ്പോൾ അവരെല്ലാം ചേർന്ന് ഇത്തരമൊരു പുതിയ നിയമം കൊണ്ടുവരുമ്പോൾ എന്തിനാണ് ഇങ്ങനെ ബേജാറുപിടിക്കുന്നത്. റോമൻ കത്തോലിക്ക സഭയ്ക്ക് ഇത് ബാധകമേയല്ല. കുറേ ആളുകൾ വന്ന് അത് ബാധകമാണെന്നുപറഞ്ഞ് സ്ഥാപിക്കാൻ ശ്രമിക്കുകയാണ്. അനാവശ്യമായ അത്തരം തർക്കങ്ങൾ യഥാർത്ഥത്തിൽ ഒഴിവാക്കുകയാണ് നല്ലത്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, വഴങ്ങുമോ?

ശ്രീ. ജോർജ് എം. തോമസ്: സർ, വഴങ്ങാനൊന്നും സമയമില്ല. നിങ്ങളവിടെ ഇരുന്നോളൂ. ഞാൻ വഴങ്ങുകയില്ല. എനിക്ക് വഴങ്ങുന്ന ശീലമില്ല. എന്റെ സമയം കളയാൻ നിൽക്കാതെ അങ്ങവിടെ ഇരിക്കൂ. റോമൻ കത്തോലിക്ക വിഭാഗത്തിൽപ്പെട്ട പുരോഹിതന്മാരായ കർദ്ദിനാളും മെത്രാന്മാരും

ഇക്കാര്യത്തിൽ ആശങ്ക പ്രകടിപ്പിക്കേണ്ട ഒരു പ്രശ്നവുമില്ല. വെറുതെ ആശങ്കയുണ്ടാക്കുകയാണ്. ചർച്ച് ആക്ട് ബിൽ നിയമസഭ പാസ്സാക്കാൻ പോകുന്നുവെന്ന് പറഞ്ഞ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് വലിയൊരു ക്യാമ്പയിൻ നടത്തുകയുണ്ടായി. അതിന്റെ ലക്ഷ്യം എന്തായിരുന്നു? പാർലമെന്റ് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് റോമൻ കത്തോലിക്ക വിഭാഗത്തിൽപ്പെട്ട വോട്ടർമാരെ സ്വാധീനിക്കാൻ വേണ്ടി നിയമസഭ ഇങ്ങനെയൊരു ബിൽ പാസ്സാക്കാൻ പോകുകയാണെന്ന് ആരോ പറഞ്ഞതിനെ ഏറ്റുപിടിച്ച് കാര്യങ്ങൾ വലുതായി പോകുകയാണ്. ഇവിടെ അങ്ങനെ ചിന്തിച്ചിട്ടേയില്ല. ഭാവിയിൽ റോമൻ കത്തോലിക്ക പള്ളിയിലും ഇത് ബാധകമാകില്ലേ എന്നാണ്. ഭാവിയിൽ വരുന്ന കാര്യം അപ്പോൾ നോക്കിയാൽ പോരേ? പണ്ട് കണിയാർ കാണിച്ചതുപോലെ കാണിക്കേണ്ട കാര്യമെന്തിരിക്കുന്നു. കണിയാർ പറഞ്ഞത്, പുഴ വറ്റുകയും നായയുടെ തുടൽ അറ്റുപോകുകയും ചെയ്താൽ കടി പറ്റും. അതുകൊണ്ട് ചൂടിക്കൊണ്ടിരുന്ന കുട വടിയാക്കി മാറ്റിയ കണിയാരെപ്പോലെ ഇവിടെ പറയേണ്ട കാര്യമുണ്ടോ? വരട്ടെ അപ്പോൾ നോക്കാം. ആ സമയത്ത് നോക്കിയാൽ പോരേ. മലബാറിൽ ഇതൊരു പ്രശ്നമേയല്ലെന്ന് ഞാൻ വ്യക്തമായി പറയുകയാണ്. എന്റെ

നിയോജകമണ്ഡലത്തിലെ കോടഞ്ചേരി പഞ്ചായത്തിലും പുതുപ്പാടി പഞ്ചായത്തിലും സകല സമുദായക്കാരുമുണ്ട്. ക്രിസ്ത്യാനി വിഭാഗത്തിൽ ആ മതത്തിൽപ്പെട്ട എല്ലാ അവാന്തരവിഭാഗങ്ങളുമുള്ള പഞ്ചായത്താണ് കോടഞ്ചേരി പഞ്ചായത്ത്. അവാന്തരവിഭാഗങ്ങൾ മാത്രമല്ല, അവിടെ ഓരോ കുടുംബത്തിനും ഓരോ സഭ വരെയുണ്ട്. സ്വന്തം സഭ, എന്നിട്ട് ഒരു പള്ളിയും കെട്ടി പ്രാർത്ഥനയും ജപവുമാണ്. നടക്കട്ടെ, ആർക്കാണ് കുഴപ്പം. ധാരാളം ഡിനോമിനേഷനുള്ള സ്ഥലത്ത് ഒരു തർക്കവുമില്ല. അവിടെ മുസ്ലീം പള്ളിയുടെ തർക്കമാണുള്ളത്. എന്റെ പ്രധാന ജോലിതന്നെ അതാണ്. പള്ളി തർക്കവും മദ്രസ തർക്കവും പഞ്ചായത്ത് പറയുമ്പോൾ ദിവസങ്ങളോളമെടുത്ത് അതെങ്ങനെയെങ്കിലും പറഞ്ഞ് പരിഹരിക്കണം. അവിടെ ഓർത്തഡോക്സ്, യാക്കോബായ തുടങ്ങിയ എല്ലാ വിഭാഗക്കാരുമുണ്ടെങ്കിലും ഒരു തർക്കവുമില്ല. ഇവിടെ ക്രിസ്ത്യാനി എന്നുള്ളതിന്റെ ഡെഫനിഷനെക്കുറിച്ചൊന്നും തർക്കത്തിന്റെ ആവശ്യമില്ല. യേശുവിന്റെ ശിഷ്യന്മാർ യേശു പഠിപ്പിച്ച പ്രാർത്ഥന പഠിക്കുന്നില്ലെന്നുള്ളതാണ് നാം മനസ്സിലാക്കേണ്ടത്. യേശു പഠിപ്പിച്ച പ്രാർത്ഥന ഞാൻ ചൊല്ലി കേൾപ്പിക്കാം.

" Our Father, who art in heaven, hallowed be thy Name,

thy kingdom come, thy will be done, on earth as it is in heaven. Give us this day our daily bread, and forgive us our sins, for we also forgive everyone who sins against us. "

ഇതിൽ forgive us our sins, for we also forgive everyone who sins against us എന്ന വാചകമാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രാർത്ഥന. ഇത് പ്രാക്ടീസ് ചെയ്യുന്ന ക്രിസ്ത്യാനിക്ക് എങ്ങനെയാണ് തർക്കമുണ്ടാക്കാൻ കഴിയുക? ക്രിസ്തുമത വിശ്വാസികളാണെന്ന് പറയുന്ന ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട ആളുകൾ ക്രിസ്തു പഠിപ്പിച്ച പ്രമാണങ്ങൾ പഠിക്കാനും അനുസരിക്കാനും തയ്യാറാകുന്നില്ലെന്നുള്ളതാണ് പ്രശ്നം. 'തങ്ങളോട് തെറ്റ് ചെയ്തവരോട് തങ്ങൾ ക്ഷമിക്കുന്നതുപോലെ തങ്ങളുടെ തെറ്റുകളും തങ്ങളോട് ക്ഷമിക്കണമേ' എന്ന് പ്രാർത്ഥിക്കുന്ന ക്രിസ്ത്യാനിക്ക് എങ്ങനെയാണ് തർക്കമുണ്ടാക്കാൻ കഴിയുക. താലിബാന്റെ സ്വരമല്ലേ ഈ പറയുന്ന ആളുകൾ ഇവിടെ കാണിക്കുന്നത്. ആലപ്പുഴ ജില്ലയിലെ കട്ടച്ചിറ സെന്റ് മേരീസ് പള്ളിയിൽ ഒരു കൊച്ചു മറിയാമ്മ തൊണ്ണൂറാമത്തെ വയസ്സിൽ അകാലചരമം പ്രാപിച്ചു. അകാലചരമം പ്രാപിച്ച 90 വയസ്സുകാരിയെ വച്ച് വിലപേശുകയാണ്. താലിബാനിൽ ഡോക്ടർ നജീബുള്ളയോട് കാണിച്ച പണിയും അതാണ്. നിങ്ങൾ ചരിത്രം ഓർക്കണം.

ഒരിക്കലും മാപ്പ് കൊടുക്കാത്ത കാര്യമാണ്. ഡോ. നജീബുള്ള എന്ന കമ്മ്യൂണിസ്റ്റ് ഭരണാധികാരിയെ ഇലക്ട്രിക് പോസ്റ്റിൽ കെട്ടിത്തൂക്കി മൂന്നുനാല് ദിവസം കഴിഞ്ഞിട്ടും അഴിച്ചുമാറ്റാൻ ബന്ധുക്കളെയോ മിത്രങ്ങളെയോ അനുവദിക്കാത്ത താലിബാനിസം. യഥാർത്ഥ ഇസ്ലാം പഠിപ്പിക്കുന്നതെന്താണ്? മരിച്ചാൽ മയ്യത്ത് എത്രയുംവേഗം സംസ്കരിക്കണമെന്ന് പഠിപ്പിക്കുന്ന ഇസ്ലാം താലിബാനിൽ കാണിച്ചത് വേറെയാണ്. അത് ഇന്ത്യയിലെന്ന് മാത്രമല്ല ലോകത്തൊരിടത്തും നടത്താറില്ല. ഇസ്ലാമിക വിശ്വാസികൾ എത്ര ഭവ്യതയോടെയും ആദരവോടെയുമാണ് മൃതശരീരങ്ങളെ കാണുന്നത്. അവർ തമ്മിൽ ധാരാളം പള്ളി തർക്കങ്ങളും മദ്രസ്സ തർക്കങ്ങളുമുണ്ട്. പക്ഷേ കബറിസ്ഥാനിൽ മറവ് ചെയ്യാനുള്ള സ്വാതന്ത്ര്യത്തെ ആരും ചോദ്യം ചെയ്യാറില്ല. എല്ലാവരും അവിടെ കൊണ്ടുചെന്ന് അടക്കുകയും പ്രാർത്ഥിക്കുകയും ചെയ്യും. ആ ഒരു സംസ്കാരം ഉയർത്തിപ്പിടിക്കേണ്ട ആളുകളല്ലേ നമ്മൾ. 'നമ്മളോട് തെറ്റ് ചെയ്യുന്നവരോട് നമ്മേൾ ക്ഷമിക്കുന്നതുപോലെ നമ്മുടെ തെറ്റുകളും ക്ഷമിക്കണമേ' എന്ന് പ്രാർത്ഥിക്കാൻ പഠിപ്പിച്ച യേശുവിന്റെ ശിക്ഷ്യന്മാർ ഇങ്ങനെ തുടങ്ങുന്നത് ശരിയാണോ? അവരല്ലേ തിരുത്തേണ്ടത്; അവർ തിരുത്തുന്നില്ല. ഇവർ തമ്മിലുള്ള തർക്കം

ച്ചളുവിൽ നള്ളിയെടുക്കാൻ കഴിയുന്നതാണോ? ഇവിടെ പള്ളിയുടെയും മദ്രസയുടെയും തർക്കത്തിനിടയിൽ സ്വന്തം ഏട്ടനും അനുജനും തമ്മിൽ കത്തിക്കുത്താണ്. നിങ്ങൾ പള്ളിയിൽപ്പോയി വേദമോതിയാൽ കാര്യം നടക്കുമോ? അതുകൊണ്ട് ഇത് പെട്ടെന്നൊരു സുപ്രഭാതത്തിൽ നള്ളിയെടുക്കാൻ കഴിയുന്ന പ്രശ്നമല്ല. വളരെ സീരിയസ്സാണ്. ആ പ്രശ്നം ചർച്ചയിലൂടെ പരിഹരിക്കണം. അതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. ചർച്ചയിലൂടെ പരിഹരിക്കുന്നതുവരെ മൃതശരീരങ്ങൾ വച്ച് സൂക്ഷിക്കണമെന്നാണോ? എന്റെ നാടായ പാലായിലൊക്കെ വലിയ പ്രമാണിമാരായ ചില റോമൻ കത്തോലിക്കക്കാരായ ആളുകൾക്ക് കിടക്കാൻ ചൈനയിൽനിന്ന് നാലും അഞ്ചും ലക്ഷം രൂപയുടെ പെട്ടി വരണം. അതിനള്ളിൽ കിടന്നിട്ടുവേണം ഇവന് പോകാൻ. മക്കൾ അമേരിക്കയിലും ലണ്ടനിലുമൊക്കെയായിരിക്കും. എന്നിട്ട് പൂക്കൾ വയ്ക്കാനും മോർച്ചറിയിൽ വയ്ക്കാനമൊക്കെ ഇവന്റ് മാനേജുമെന്റ് ടീമിനെ ഏൽപ്പിക്കുകയാണ്. ഇതൊരു ഫാഷനായി മാറുകയാണ്. അങ്ങനെയുള്ള ശവസംസ്കാരം ആഗ്രഹിക്കുന്നവർ ഇവന്റ് മനേജ്മെന്റുകാരെ വച്ച് കാര്യങ്ങൾ നടത്തുകയാണ്. അതിന് കൊച്ചുമറിയയേയും പത്രോസിനെയും വിളിച്ചിട്ട് എന്ത് കാര്യം? 90 വയസ്സുള്ള വേറൊരു പുരുഷന്റെ മൃതശരീരം

അവസാനം പൂട്ടുപൊളിച്ച് പള്ളിക്ക് അകത്തുകൊണ്ടുപോയി വച്ചില്ലേ? അതുകൊണ്ട് മൃതശരീരത്തിന് ഒരു അവകാശമുണ്ടാകണം. മാന്യമായി സംസ്കരിക്കപ്പെടാനുള്ള അവകാശം മൃതശരീരങ്ങൾക്കുണ്ടാകണം. അതിനുവേണ്ടിയാണ് ഈ നിയമം. അല്ലാതെ പെട്ടിക്കകത്ത് വച്ചുകൊണ്ട് വഴിയിൽവച്ച് വിലപേശി ആരാണ് വലിയ ആൾ എന്ന് തെളിയിക്കാനല്ല. ഈ പ്രശ്നത്തിന്റെയാകെ നട്ട്ഷെൽ എന്നുപറയുന്നത് പൈസയാണ്, സ്വത്താണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ അത് സ്പെസിഫിക്കായി പറഞ്ഞിട്ടുണ്ട്. പഴയകാലത്തെ മൂവായിരത്തി ചില്വാനം രൂപയൊക്കെ ഇപ്പോൾ കോടാനുകോടികളായിട്ടുണ്ട്; ബില്ല്യൺസ് അല്ല, ട്രില്ല്യൺസ് ആയിട്ടുണ്ടാകും. ആ സ്വത്തിന്റെ പേരിലുള്ള തർക്കമാണ് ഇതിന്റെ മേൽ വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് പെട്ടെന്ന് തള്ളിയെടുക്കാവുന്ന അല്ലെങ്കിൽ പരിഹരിക്കപ്പെടാവുന്ന ഒരു വിഷയമാണെന്ന് കരുതി ഇതിനെ ലളിതമായി കാണേണ്ടതില്ല. നിയമനിർമ്മാണം കൊണ്ടുമാത്രമേ ഇത് പരിഹരിക്കാനാകൂ. അത്തരമൊരു നിയമനിർമ്മാണം അടിയന്തരമായി നടത്തേണ്ടിവരുന്നത് മൃതശരീരങ്ങൾ പുറത്തുവച്ച് കരയാനും മോർച്ചറിയിൽ സൂക്ഷിക്കാനും പള്ളിയിൽ കൊണ്ടുവയ്ക്കാനും മറ്റുമുള്ള കാര്യങ്ങൾക്കാണ്.

പള്ളിയിൽ വയ്ക്കാൻ സമ്മതിക്കാത്തപ്പോൾ സ്വന്തം വീട്ടിൽ താൽക്കാലികമായി ശവക്കല്ലറയുണ്ടാക്കി അവിടെ വയ്ക്കാനും കുറച്ച് സൗകര്യം കിട്ടിയാൽ പള്ളിയിലെ പൂട്ടുപൊളിച്ച് അകത്തുകയറി കൊണ്ടുവയ്ക്കാനുമൊക്കെ ഇടവരുത്തുന്നത് കേരളത്തിന് ഒരിക്കലും സഹിക്കാൻ കഴിയാത്ത അപമാനകരമായ അന്തരീക്ഷമാണ്. അത് ആരുടെ ഭാഗത്തുനിന്നുണ്ടായാലും അനുവദിക്കാൻ കഴിയില്ല. അതിനുവേണ്ടിയാണ് ഈ നിയമം.

നിങ്ങൾ ഇവിടെ സംസാരിക്കുമ്പോൾ റോമൻ കത്തോലിക്കക്കാരുടെയും മറ്റും കാര്യം പറയുമല്ലോ; അവരുടെ വോട്ടുറപ്പിക്കാൻ വേണ്ടി അങ്ങനെ സംസാരിക്കേണ്ട കാര്യമില്ല. ചില കാര്യങ്ങൾ നമ്മൾ വെട്ടിത്തുറന്ന് പറയുകതന്നെ വേണം. യേശുവിന്റെ ശിഷ്യന്മാർ യേശുവിന്റെ ശിഷ്യന്മാരായി നിൽക്കാൻ പഠിക്കണം. ഇപ്പോൾ കാലമൊക്കെ മാറി. ഇനി ആ കഥയൊക്കെ പറയാൻ പോയാൽ കേരളത്തിലും യൂറോപ്പിലെ പള്ളികളുടെ ഗതി വരും. യൂറോപ്പിലെ പല രാജ്യങ്ങളിലും പള്ളി വിറ്റ് കടം വീട്ടുകയാണ്. ഇതിന്റെ കാരണം എന്താണെന്ന് ഞാൻ വിശദീകരിക്കണ്ടല്ലോ? മനുഷ്യർക്ക് ക്രിസ്തുമതത്തിലുള്ള വിശ്വാസം നഷ്ടപ്പെടാതിരിക്കാൻ ഇതുമായി ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കണം. അങ്ങനെ ശ്രദ്ധിക്കുമ്പോഴാണ് ഈ

നിയമനിർമ്മാണത്തിന്റെ അനിവാര്യത ആവശ്യമായി വരുന്നത്. അതുകൊണ്ട് ഈ നിയമം അടിയന്തരമായി നടപ്പാക്കണം. എനിക്ക് ഒരു കാര്യം കൂടി പറയാനുള്ളത്, 'Vicar' എന്നുപറയുന്ന പദത്തിന് കുറേക്കൂടി സ്പെസിഫിക്കായ ഒരു ഡെഫനിഷൻ ആവശ്യമാണ്. എന്റെ നിർദ്ദേശം, " Vicar means a Priest duly appointed by the Bishop of the concerned Diocese" എന്നാക്കി മാറ്റണമെന്ന ഒരു ഭേദഗതി ഞാൻ പറയുകയാണ്. കാരണം വികാരിയെപ്പറ്റി " 'Vicar' includes priest, pastor or a person who performs the rituals of burial" എന്നേ ഇവിടെ പറഞ്ഞിട്ടുള്ളൂ. അത് കുറേക്കൂടി സ്പെസിഫിക്കാകണം. 'Vicar' എന്നുപറയുന്നത് ബിഷപ്പിനാൽ നിയമിക്കപ്പെടുന്ന ഒരാളാണ്. ഒരു നിശ്ചിത കാലയളവിലേയ്ക്കാണ് ആ നിയമനം ഉണ്ടാകുന്നത്. ഓർത്തഡോക്സ്, യാക്കോബായ സഭകളുടെ കാര്യത്തിലാണെങ്കിൽ മാക്സിമം 3 വർഷമാണ് അതിന്റെ കാലാവധി. ആ നിശ്ചിത കാലയളവിലേയ്ക്ക് ബിഷപ്പിനാൽ നിശ്ചയിക്കപ്പെടുന്ന ആളാണ് 'Vicar'. അതുകൊണ്ട് " 'Vicar' means a priest who is duly appointed by the Bishop of the concerned Diocese" എന്ന ഭേദഗതി ഞാൻ കൊണ്ടുവരികയാണ്.

അതുപോലെ പെനാൽറ്റിയുടെ കാര്യത്തിൽ കുറച്ചുകൂടി ഭേദഗതി

വരുത്തണം. ഒരു വർഷമൊന്നും പോരാ; രണ്ടോ മൂന്നോ വർഷമായാലും വേണ്ടില്ല; എന്റെ അഭിപ്രായത്തിൽ നാലഞ്ചുകൊല്ലം കിടന്നാൽ മാത്രമേ ശരിയാകുകയുള്ളൂ. ഇതിൽ പറഞ്ഞിട്ടുള്ളത് " Penalty- Whoever prevents or attempts or abets to prevent the burial of corpse in violation of the provisions contained in section 3 shall, on conviction, be sentenced to imprisonment for a term which may extend to one year or with fine which may extend to ten thousand rupees or with both. ഇവിടെ പ്രിവന്റ് ചെയ്യുന്നത് ആൾക്കൂട്ടമാണ്. ആൾക്കൂട്ടം പ്രിവന്റ് ചെയ്താലും അവരെ അതിലേയ്ക്ക് നയിക്കുന്നതിന് ഒരു ലീഡർഷിപ്പ് നൽകുന്നത് കൺസേൺഡ് വികാരിയായിരിക്കും. So the concerned Vicar should be punished. My opinion is that, the concerned Vicar whoever he is, should be punished. He must be responsible for the prevention of such things. So he may be sentenced to atleast one or two years for imprisonment and penalty of atleast one lakh rupees from him should be add for that. ഞാൻ വ്യക്തിപരമായി ഏതെങ്കിലും ഒരു വികാരിയെ കുറ്റപ്പെടുത്തുന്നതല്ല, വികാരിക്ക് ഇത് ബാധ്യതയാകും, ബുദ്ധിമുട്ടുണ്ടാകുമെന്ന് കണ്ടാൽ സ്വാഭാവികമായിട്ടും

ഇടവകക്കാരുടെ തടയൽപ്രവണത കുറഞ്ഞുകിട്ടും. കാരണം, തടയുന്നതിന് പ്രധാന പങ്ക് വഹിക്കുന്നത് വികാരിമാരാണ്. അതുകൊണ്ട് വികാരി കൂടി ഇക്കാര്യത്തിൽ ശിക്ഷിക്കപ്പെടുന്ന തരത്തിൽ ഒരു ഭേദഗതി കൊണ്ടുവരുന്നത് നന്നായിരിക്കും എന്നാണ് എന്റെ അഭിപ്രായം. മറ്റു കാര്യങ്ങൾ ശ്രീ. ജെയിംസ് മാത്യു ഇവിടെ പറയുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടിക്കുവേണ്ടി ശ്രീ. മോൻസ് ജോസഫ്: സർ, 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു.

ഈ ബില്ലിനെക്കുറിച്ചുള്ള ആശങ്ക ഇവിടെ ഞങ്ങൾ പല സന്ദർഭങ്ങളിലും ചൂണ്ടിക്കാണിച്ചു. ശ്രീ. ജോർജ് എം. തോമസ് അവസാനം പറഞ്ഞത്, വികാരിയെയുംകൂടി അറസ്റ്റ് ചെയ്യണമെന്നാണ്. ഏതെങ്കിലും ഒരു അച്ചൻ കുഴപ്പം കാണിച്ചാൽ നിയമപരമായി ശിക്ഷിക്കാൻ രാജ്യത്ത് വ്യവസ്ഥിതിയുണ്ട്. ഈ പുതിയ നിയമത്തിന്റെ പേരിൽ വികാരിമാരെക്കൂടി കൽത്തുറുങ്കിലടയ്ക്കാൻ കഴിയുന്ന വിധത്തിൽ നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തി ശക്തിപ്പെടുത്തണമെന്ന പുതിയ നിർദ്ദേശമാണ് അദ്ദേഹം വച്ചിരിക്കുന്നത്.

ശ്രീ. എം. സ്വരാജ്: സർ, ഒരു തെറ്റിദ്ധാരണ വന്നതുകൊണ്ട് എന്റെ ശ്രദ്ധയിൽപ്പെട്ട കാര്യം ഞാൻ പറയുകയാണ്. ബഹുമാന്യനായ തിരുവമ്പാടി അംഗം സംസാരിച്ചപ്പോൾ, വികാരിയെ ശിക്ഷിക്കണമെന്നുള്ള ഉദ്ദേശ്യത്തിലല്ല അങ്ങനെ പറഞ്ഞത്. അതായത്, മൃതദേഹത്തോട് അനാദരവ് കാണിക്കുന്ന രീതിയിലുള്ള സംഭവമുണ്ടാകുമ്പോൾ അതിനെ നിയന്ത്രിക്കാൻ കൂടുതൽ ശേഷിയുള്ള ഒരാൾക്ക് അതിന്റെ ഉത്തരവാദിത്വം കൂടി വരട്ടെയെന്നുള്ള സദുദ്ദേശ്യമാണുള്ളത്. അതിനെ അങ്ങനെ കണ്ടാൽ മതി. തെറ്റായി വ്യാഖ്യാനിക്കുന്നത് മോശമാണ്.

ശ്രീ. പി. സി. ജോർജ്: സർ, അദ്ദേഹം ഇവിടെ സംസാരിച്ചപ്പോൾ വികാരിമാരെപ്പോലും ശിക്ഷിക്കണമെന്ന് പറഞ്ഞു. കത്തോലിക്കക്കാരെ മുഴുവൻ അപമാനിച്ചു. എന്തും ചെയ്യട്ടെ, ഒരു കാര്യം മാത്രം പറഞ്ഞാൽ മതി, (...ബഹളം...) അദ്ദേഹം സി.പി.ഐ.(എം)-ന്റെ രാഷ്ട്രീയ തീരുമാന പ്രകാരമാണോ ഇവിടെ സംസാരിച്ചത്? അദ്ദേഹം നാസ്തികനാണെന്നും സഭയുമായി ബന്ധമില്ലാത്ത ആളാണെന്നും പള്ളിയിൽ പോകാത്ത ആളാണെന്നും എനിക്കറിയാം. പള്ളിയിൽ പോകാത്തതിന് ഒരു വിരോധവുമില്ല. പള്ളിയിൽ പോകാത്തവർ മനുഷ്യരല്ലായെന്നുള്ള അഭിപ്രായവും

എനിക്കില്ല. പക്ഷേ, അദ്ദേഹം ഇത്രയും നേരം സംസാരിച്ചത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും ഇടതുപക്ഷത്തിന്റെയും അഭിപ്രായമാണോ എന്നറിയാൻ ആഗ്രഹമുണ്ട്. (.....ബഹളം....)

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ശ്രീ. ജോർജ് എം. തോമസ് സംസാരിക്കുന്നതിനിടെ നിരവധി പ്രാവശ്യം ഞാൻ അദ്ദേഹത്തോട് വഴങ്ങാൻ ആവശ്യപ്പെട്ടു. പക്ഷേ അദ്ദേഹം വഴങ്ങിയില്ല. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു ഞാൻ. ഇവിടെ സൂചിപ്പിച്ച വികാരികളുടെ കാര്യം വ്യക്തിപരമായ അഭിപ്രായമാണോയെന്ന് അദ്ദേഹം തന്നെ പറയേണ്ടതാണ്. യൂറോപ്യൻ രാജ്യങ്ങളിൽ പള്ളികൾ അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. മൃതദേഹങ്ങളോട് ഏറ്റവും ബഹുമാനം പ്രകടിപ്പിക്കുന്ന സ്ഥലമാണത്. നമ്മുടെ രാജ്യത്തും മൃതദേഹങ്ങളോട് ബഹുമാനം കാണിക്കും. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിൽ ഒരു ധനികനായ ആൾ മരിച്ചാലും ചെറ്റക്കുടിലിലുള്ള ഒരാൾ മരിച്ചാലും കൊടുക്കാൻ കഴിയുന്ന എല്ലാ ആദരവും കൊടുത്ത് ഒരുപോലെയാണ് മൃതദേഹം സംസ്കരിക്കുന്നത്. മരിച്ച ആളോട് എല്ലാ ബഹുമാനവും നൽകി ശവസംസ്കാരം നടത്തേണ്ട ആവശ്യകതയിലേയ്ക്കാണ് ഈ ഓർഡിനൻസ്

കൊണ്ടുവന്നിരിക്കുന്നത്. ഇങ്ങനെയൊരു ബിൽ കൊണ്ടുവരുന്നതിനോട് ഞങ്ങൾക്ക് എതിർപ്പില്ല. ഇത് വായിച്ചാൽ സഭാവിഷയങ്ങളുമായോ പള്ളിത്തർക്കവുമായോ സംസ്കാരച്ചടങ്ങുമായോ പുലബന്ധം പോലുമില്ലാത്ത ഒരാളാണ് ഈ ബിൽ തയ്യാറാക്കിയിരിക്കുന്നതെന്ന് ഒറ്റനോട്ടത്തിൽ തന്നെ അറിയാൻ സാധിക്കും. സെക്രട്ടേറിയറ്റിൽ നിന്നോ നിയമസഭയിൽ നിന്നോ ഒരു കുറിപ്പുണ്ടാക്കിക്കൊണ്ടുവന്ന് അവതരിപ്പിച്ചിരിക്കുകയാണ്. പള്ളികളിലെ തർക്കങ്ങൾ കൂടുതലുള്ള സ്ഥലങ്ങളിൽനിന്നും വരുന്ന ജനപ്രതിനിധികളാണ് ഞാനും ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലും ശ്രീ. അൻവർ സാദത്തും. ആ വിഷയങ്ങളിൽ മാന്യമായ നിലപാട് സ്വീകരിക്കാറുണ്ടെങ്കിലും മാനസികമായി ധാരാളം ബുദ്ധിമുട്ടുകളും അനുഭവിക്കാറുണ്ട്. ക്രിസ്ത്യൻ സഭകളുമായി യാതൊരു ബന്ധവുമില്ലാതെ എഴുതി തയ്യാറാക്കിയ ഈ ബില്ലിൽ, സബ്ജക്ട് കമ്മിറ്റിയിൽ നിന്നും വരുമ്പോൾ ഭേദഗതി വരുത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ആരും ഈ ബില്ലിനെതിരല്ല. തർക്കമില്ലാത്ത മറ്റ് ക്രിസ്ത്യൻ സഭകളിലുണ്ടായിരിക്കുന്ന ആശങ്കകൾ അവരുമായി ചർച്ച ചെയ്ത് ദൂരീകരിക്കണം. ലോകത്തെവിടെയുമുള്ള മാന്യമായ രീതിയിലെ ശവസംസ്കാരം നമ്മുടെ നാട്ടിലും വേണം. ഇതിന്റെ പേരിൽ നമ്മുടെ നാട്ടിൽ ഇനിയൊരു

പ്രശ്നമുണ്ടാകാൻ പാടില്ല. ഞങ്ങളെപ്പോലുള്ള ജനപ്രതിനിധികൾ അക്കാര്യത്തിൽ നൂറ് ശതമാനം യോജിക്കുന്നു. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, കാര്യങ്ങൾ വിമർശനാത്മകമായി പറയുന്ന ആളാണ് ശ്രീ. ജോർജ് എം. തോമസ്. ഇവിടെ കാട്ടുമൃഗങ്ങളെക്കുറിച്ചുള്ള ചർച്ച വരുമ്പോൾ കാട്ടിലെ മൃഗങ്ങളെയെല്ലാം വെടിവച്ചുകൊന്ന് ഭക്ഷിക്കാൻ നിയമമുണ്ടാകണമെന്നും കാട്ടുമൃഗങ്ങളെ വെടിവച്ചുകൊന്ന് അതിനെ ഭക്ഷിച്ചിട്ടുണ്ടെന്നും പറഞ്ഞയാളാണ് അദ്ദേഹം. സഭയുടെ പ്രശ്നമായി വന്നപ്പോൾ സഭയിലെ പുരോഹിതന്മാരെയും ബന്ധപ്പെട്ടവരെയും കളിയാക്കി സംസാരിക്കുന്ന രീതിയുണ്ടായി. യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾ സഹോദരസഭകളാണ്. അവിടെ പ്രശ്നങ്ങളുണ്ടെങ്കിൽപ്പോലും ഞങ്ങളുടെ മനസ് നല്ലതും ശുദ്ധവുമാണ്. ഈ പുരോഹിതരും സമുദായക്കാരും നാട്ടിൽ ധാരാളം നന്മകൾ ചെയ്തിട്ടുള്ളവരാണ്. ഈ നിയമം കൊണ്ടുവന്നതിന്റെ ഉദ്ദേശ്യശുദ്ധിയിൽ ഞങ്ങൾക്കിപ്പോൾ സംശയമുണ്ട്. ക്രൈസ്തവ സമുദായത്തിലെ പുരോഹിതർ ധാരാളം നന്മ ചെയ്യുന്നവരാണ്. പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കപ്പെടേണ്ടത് ആവശ്യമാണ്.

തെറ്റുകളുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ തിരുത്തപ്പെടുന്നവരാണ്. അവർ എല്ലാം തികഞ്ഞവരാണെന്ന് പറയുന്നില്ല. പക്ഷേ, പുരോഹിതന്മാരാണ് ഈ ഏർപ്പാട് ചെയ്ത് കൊടുക്കുന്നതെന്നും അവരാണ് ഈ പ്രശ്നങ്ങളുണ്ടാക്കുന്നതെന്നും സ്ക്രൂ ചെയ്യുന്നത് അവരാണെന്നും അവരെ അകത്തിടണമെന്നും ഒരു ലക്ഷം രൂപവരെ പിഴ നൽകണമെന്നും മാക്സിമം ശിക്ഷിക്കട്ടെയെന്നും അഞ്ചെട്ടുവർഷം അകത്തുകിടക്കട്ടെയെന്നുമൊക്കെ ശ്രീ. ജോർജ് എം. തോമസ് ഇവിടെ പറയുമ്പോൾ അവർക്കൊരു മനസ്സുണ്ടെന്ന് അങ്ങ് മനസ്സിലാക്കണം. ഒരു സഭയിലെ അംഗമെന്ന നിലയിൽ ഇത്തരത്തിലുള്ള പ്രസ്താവനകൾ പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്ന കാര്യം അങ്ങ് ഇവിടെ സൂചിപ്പിക്കുമല്ലോ?

ശ്രീ. മോൻസ് ജോസഫ്: സർ, തീർച്ചയായും. ശ്രീ. ജോർജ് എം. തോമസ് പറഞ്ഞ വികാരം ഉൾക്കൊള്ളണം. സി.പി.ഐ.(എം.) പാർട്ടിയുടെ നിലപാടാണോ അങ്ങ് പറഞ്ഞതെന്ന് ശ്രീ. പി. സി. ജോർജ് ചോദിച്ചു. പാർട്ടിയുടെ നിലപാടാണെന്ന് ഞങ്ങളാരും പറയുന്നില്ല. അതെല്ലാം അങ്ങയുടെ വ്യക്തിപരമായ പരാമർശങ്ങളായി തന്നെ കണക്കാക്കാം. അങ്ങ് സംസാരിച്ചപ്പോൾ കത്തോലിക്കാ സഭയെക്കുറിച്ച് ധാരാളം ആക്ഷേപം

പറഞ്ഞു ......(ബഹളം).......... ഞാനത് വിവാദമാക്കാൻ ആഗ്രഹിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം അത് സമ്മതിച്ചു.

ശ്രീ. റ്റി. വി. രാജേഷ്: സർ, വസ്തുതാവിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ കാര്യങ്ങളാണ് ശ്രീ. മോൻസ് ജോസഫ് പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജോർജ് എം. തോമസ് തന്നെ വിശദീകരണം നൽകട്ടെ.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഒരു മതത്തെയോ വിഭാഗത്തെയോ തെറ്റായ രീതിയിലോ അനുചിതമായ രീതിയിലോ ആരും പരാമർശിച്ചിട്ടില്ല. വസ്തുതാവിരുദ്ധവും തെറ്റായ സന്ദേശവുമാണ് ഇതിന്റെ ഫലമായി ഉണ്ടാകുന്നത്. വ്യക്തിപരമായി വിശദീകരണം നൽകാൻ ശ്രീ. ജോർജ് എം. തോമസിന് അവസരം നൽകണം.

ശ്രീ. മോൻസ് ജോസഫ്: സർ, ഇത് ബില്ലുമായി ബന്ധപ്പെട്ട ചർച്ചയാണ്. ശ്രീ. ജോർജ് എം. തോമസ് കാര്യങ്ങൾ വ്യക്തത വരുത്തുന്നതുതന്നെയാണ് നല്ലത്. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തിയതല്ല. പണക്കാരായ ആളുകളുടെ സംസ്കാരരീതിയെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. ചിലപ്പോൾ ഒറ്റപ്പെട്ട

സംഭവങ്ങളുണ്ടാകാം. ഇല്ലെന്ന് ഞാൻ പറയുന്നില്ല.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, തുടക്കത്തിൽതന്നെ ചർച്ച വഴിതിരിച്ചുവിടാനാണ് നിങ്ങൾ ശ്രമിച്ചത്. ശ്രീ. ജോർജ് എം. തോമസിന്റെ പ്രസംഗത്തിന്റെ ചില ഭാഗങ്ങൾ അടർത്തിയെടുത്ത് നിങ്ങൾക്കിഷ്ടമുള്ള രീതിയിൽ വ്യാഖ്യാനിക്കാൻ ശ്രമിച്ചു. നിങ്ങളുടെ വാക്കുകളിലാണ് നിങ്ങളുടെ പ്രസംഗം തുടങ്ങേണ്ടത്. നിങ്ങൾ പ്രസംഗം തുടങ്ങിയതുതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തെ ക്വാട്ട് ചെയ്തുകൊണ്ടാണ്. സാധാരണ ചർച്ച ചെയ്യുമ്പോൾ നിങ്ങളുടെ ഭാഗം പ്രസന്റ് ചെയ്തുവേണം സംസാരിക്കാൻ. പ്രസംഗം തുടങ്ങിയതിൽതന്നെ ചില ദുഷ്ടലാക്കുണ്ടായിരുന്നു. അത് ശരിയല്ല.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഇപ്പോൾ വാദി പ്രതിയാകുകയാണ്. അദ്ദേഹം പറഞ്ഞതിന് എന്നെ കുറ്റപ്പെടുത്തുകയാണോ? ബഹുമാനപ്പെട്ട എ. എൻ. ഷംസീർ പറഞ്ഞത് ശരിയല്ല. താങ്കൾ ശ്രീ. ജോർജ് എം. തോമസിനെ തിരുത്താൻ ശ്രമിക്കൂ.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, ഞാനും ശ്രീ. മോൻസ് ജോസഫും ഒരേ നാട്ടുകാരും പറഞ്ഞുവന്നാൽ കുടുംബക്കാരുമാണ്. ഞാൻ കത്തോലിക്കാ സഭയെക്കുറിച്ച് എന്താണ് പറഞ്ഞത്? ഒന്നും പറഞ്ഞിട്ടില്ല. കത്തോലിക്കാ

സഭയ്ക്ക് ഇക്കാര്യത്തിൽ ഉത്കണ്ഠയുടെ ആവശ്യമില്ല. ഇത് അവരെ ബാധിക്കുന്ന പ്രശ്നമല്ലെന്നുപറഞ്ഞ് കത്തോലിക്കാ സഭയിലെ ചില പ്രമാണിമാരെ പഴയകാലത്ത് തെമ്മാടിക്കുഴിയിൽ അടക്കിയിരുന്നിടത്തുനിന്നും ഇവിടെവരെയെത്തിയെന്നും ഇപ്പോൾ ചില പ്രമാണിമാർ ചൈനയിൽനിന്നും പെട്ടി വന്നതിനുശേഷം അതിൽ കിടക്കാൻ നിൽക്കുകയാണെന്നും മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. അത് ഒരു സഭയെ കുറ്റപ്പെടുത്തലാണോ?

ശ്രീ. മോൻസ് ജോസഫ്: സർ, അങ്ങ് പറഞ്ഞ അഭിപ്രായം സ്വീകരിച്ച് ആ വിഷയം ഞാൻ അവസാനിപ്പിക്കുന്നു. അങ്ങ് പറഞ്ഞതിൽ ഞാൻ യോജിക്കുന്ന ഏക പോയിന്റ് മൃതശരീരങ്ങൾക്ക് വിലപേശാൻ പാടില്ല, മാന്യമായി സംസ്കരിക്കാൻ സാഹചര്യമുണ്ടാകണം എന്നതാണ്. അതിനോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. അതാണ് ഈ ബില്ലിന്റെ കാതൽ. അത് യാതാർത്ഥ്യമാകേണ്ട കാര്യമാണ്. യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾക്കിടയിലുണ്ടായ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള പശ്ചാത്തലം മന്ത്രി ശ്രീ. എ. കെ. ബാലൻ ഇവിടെ ചൂണ്ടിക്കാണിച്ചത് ഞങ്ങൾ അംഗീകരിക്കുകയാണ്. ഇതേത്തുടർന്ന് വന്നിരിക്കുന്ന ആശങ്ക വിവിധ തലങ്ങളിലേയ്ക്ക് വളർന്നിരിക്കുകയാണ്. അത് പരിഹരിക്കണമെന്നേയുള്ളൂ. ഇത്

ഊതിവീർപ്പിച്ച് വലിയ പ്രശ്നമാക്കാനല്ല ഉദ്ദേശിക്കുന്നത്. ആ സ്പിരിറ്റും ഗവൺമെന്റ് ഉൾക്കൊള്ളണമെന്നത് പ്രധാനപ്പെട്ട കാര്യമാണ്. അതിനൊരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. റോമൻ കത്തോലിക്കാ സഭയ്ക്ക് ആശങ്കയുടെ ആവശ്യമില്ലെന്നും ഭാവിയിൽ പ്രശ്നം വരുമ്പോൾ അത് പരിശോധിക്കാമെന്ന് അങ്ങ് ഇവിടെ പറഞ്ഞു. ഇക്കാര്യം ചൂണ്ടിക്കാണിച്ചപ്പോൾ 'Vicar' എന്നതിനെക്കുറിച്ച് ബില്ലിൽ വ്യവസ്ഥ ചെയ്യുന്ന ഭാഗത്ത് തിരുത്തൽ വേണമെന്ന് അങ്ങ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. Representation from Kerala Catholic Bishop council is to bring to your kind attention to the following എന്നുപറഞ്ഞ് ഈ ബില്ലിലെ പ്രിയാമ്പിൾ മുതലുള്ള പ്രസക്തമായ കാര്യങ്ങളുൾപ്പെടെ കത്തോലിക്കാ സഭയ്ക്കുണ്ടാകുന്ന ആശങ്കാജനകമായ സാഹചര്യത്തെയും മാന്യമായ രീതിയിൽ ശവസംസ്കാരം നടന്നുകൊണ്ടിരുന്നിടത്ത് ഭാവിയിലുണ്ടാകാൻപോകുന്ന വിവാദങ്ങളെയും ചൂണ്ടിക്കാണിച്ച് ഭേദഗതികളോടുകൂടി മാത്രമേ ഈ ബിൽ പാസ്സാക്കാവൂ എന്ന കത്ത് ഗവൺമെന്റിന് നൽകിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പ്രതിപക്ഷനേതാവിനുമുൾപ്പെടെ എല്ലാവർക്കും ആ കത്ത് നൽകിയിട്ടുണ്ട്. ആ കത്തിൽ 'Vicar' includes priest, pastor or a person who perfoms the

rituals of burial. However the term 'Vicar' means the priest who is appointed by the Bishop as the one in-charge of the priest. One who performs the rituals is called a Minister. So need not necessarily be the Vicar of that Parish. ഇത് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി (കെ.സി.ബി.സി.) കേരള കാത്തലിക് ബിഷപ്പ് കൗൺസിലിന്റെ പ്രസിഡന്റ് എന്ന നിലയിൽ ഗവൺമെന്റിന് കൊടുത്തിരിക്കുന്ന കത്തിലെ ഒരു പ്രസക്തമായ ഭേദഗതിയാണിത്. ഇതുപോലെ പത്ത് ഭേദഗതികൾ അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കേരളത്തിലെ കത്തോലിക്കാ സഭ വളരെ ആശങ്കയോടെയാണ് ഈ വിഷയത്തെ നോക്കിക്കാണുന്നത്. ആശങ്കാജനകമായ സാഹചര്യത്തിലേയ്ക്ക് ഈ ബിൽ കൊണ്ടുപോകരുതെന്ന് ഗവൺമെന്റിനുമുന്നിൽ അപേക്ഷിച്ചിരിക്കുകയാണ്. ഇത് പരിഗണിക്കണ്ടേ? ഇവിടെ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ഊതിവീർപ്പിച്ച് പറഞ്ഞ നിർദ്ദേശങ്ങളാണെന്ന നിലയിൽ ഇതിനെ കാണരുത്. അങ്ങനെയല്ല. ശ്രീ. എസ്. ശർമ്മ ചൂണ്ടിക്കാണിച്ച, ഗവൺമെന്റ് ലക്ഷ്യം വച്ച കാര്യത്തിൽ ഞങ്ങളെല്ലാം സഹകരിക്കുന്നു. മൃതശരീരം മാന്യമായരീതിയിൽ സംസ്കരിക്കപ്പെടണം, ഇക്കാര്യത്തിൽ തർക്കങ്ങളുണ്ടാകുന്നത് ശരിയല്ല. രണ്ട് സമുദായങ്ങൾ

തമ്മിലുണ്ടായ പ്രശ്നത്തെത്തുടർന്നുവന്ന കാര്യങ്ങളാണിത്. അത് പരിഹരിക്കപ്പെടണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആദ്യംതന്നെ ചൂണ്ടിക്കാണിച്ചു. ഞങ്ങൾ ആദ്യംതന്നെ പറയുന്നത് രണ്ട് സമുദായത്തെയും കേൾക്കാൻ തയ്യാറാകണം. നാളെ ഇതും കോടതിയിലേയ്ക്ക് വരുന്ന അവസ്ഥ വന്നാലോ? ഗവൺമെന്റ് ലക്ഷ്യംവയ്ക്കുന്ന കാര്യങ്ങൾ മാന്യമായി നടക്കണമെങ്കിൽ യാക്കോബായ സഭയെയും ഓർത്തഡോക്സ് സഭയെയും ഗവൺമെന്റ് കേൾക്കണം. അതിന്റെയടിസ്ഥാനത്തിൽ അവരുടെ ആശങ്കകൾ പരിഹരിച്ച് അവർക്കും ശവസംസ്കാരം നടത്താനും ദേവാലയത്തിൽ പ്രാർത്ഥന നടത്താനും സാധിക്കണം. ഗവൺമെന്റ് ഇപ്പോൾ ഒരു സബ്കമ്മിറ്റിവച്ച് ചെയ്യുന്നുണ്ട്. ചില അംഗങ്ങൾ ഇത് ചൂണ്ടിക്കാണിച്ചു. സമാധാനപരമായി കാര്യങ്ങൾ നടക്കുന്നതിനുവേണ്ടി ആ നടപടിക്രമം മുന്നോട്ട് പോകേണ്ടതും അത്യാവശ്യമാണ്. ആ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതോടൊപ്പം, നൂറ് കണക്കിന് പുതിയ പ്രശ്നങ്ങൾ വന്നാൽ എന്തുചെയ്യും? ആ അവസ്ഥയിലേയ്ക്കാണ് ഇപ്പോൾ കാര്യങ്ങൾ പോകുന്നതെന്നത് ഗവൺമെന്റ് ഗൗരവമായി കാണേണ്ടതുണ്ട്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ശ്രീ. ജോർജ് എം. തോമസ് ഇവിടെ ചില പരാമർശങ്ങൾ നടത്തി. അദ്ദേഹം എന്ത് പറഞ്ഞു എന്നതിനെക്കുറിച്ച് ഞാൻ വ്യാഖ്യാനിക്കുന്നില്ല. അദ്ദേഹം പറഞ്ഞതെല്ലാം സഭാരേഖയിലുണ്ട്. അതിനെല്ലാം സി.പി.ഐ.(എം)-ന്റെ നയവും പിന്തുണയും ഉണ്ടോ എന്നുള്ളതാണ് പ്രസക്തമായ ചോദ്യം. ഞങ്ങൾ അതിനെ വ്യാഖ്യാനിക്കുന്നില്ല. അദ്ദേഹം എന്തുപറഞ്ഞുവെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, അദ്ദേഹം പറഞ്ഞത്, സി.പി.ഐ.(എം)-ന്റെയും ഇടതുപക്ഷത്തിന്റെയും നയമാണോ എന്നാണ് വ്യക്തമാക്കേണ്ടത്. യാതൊരു പ്രശ്നവുമില്ലാതെ സമാധാനപരമായി മൃതദേഹങ്ങൾക്ക് കൊടുക്കേണ്ടുന്ന എല്ലാ പവിത്രതയും കൊടുത്ത് സംസ്കരിക്കുന്ന ഒരുപാട് സഭാവിഭാഗങ്ങളുണ്ട്. അത് കാത്തോലിക്കക്കാർ മാത്രമല്ല. സി.എസ്.ഐ., പെന്തകോസ്ത് അങ്ങനെ എല്ലാ വിഭാഗങ്ങളുമുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതുവരെ അവരുടെ ശവസംസ്കാര ചടങ്ങുകളെ കൂടുതൽ പ്രശ്നങ്ങളിലേയ്ക്ക് കൊണ്ടുപോകരുത്. നമുക്കറിയാം തർക്കമുണ്ടാക്കാൻ വേണ്ടി

ഇരിക്കുന്ന ചിലയാളുകൾ ഓരോ ഇടവകകളിലുമുണ്ട്. അങ്ങനെയുള്ളവർക്ക് ആയുധം കൊടുത്തുകൊണ്ട് തർക്കങ്ങൾക്ക് നിയമപരമായിട്ടുള്ള പിൻബലം കൂടി നൽകുന്ന ഒന്നായി ഇത് മാറുകയും വളരെ പവിത്രമായി, അതായത് കത്തോലിക്കാ സഭയിലെ പല പള്ളികളിലും അവർ എത്ര സമ്പന്നൻമാരായിരുന്നാലും എത്ര ദരിദ്രരായിരുന്നാലും അവർക്ക് ശവപ്പെട്ടിയും ശവസംസ്കാരത്തിനുള്ള എല്ലാ കാര്യങ്ങളും കൊടുക്കുന്നതുപോലും പള്ളികളിൽ നിന്നാണ്. സമ്പന്നന് ആർഭാടപൂർവ്വമായിട്ടുള്ള ശവപ്പെട്ടിയൊന്നുമില്ല. എല്ലാം ഒരേ രീതിയിൽ കൊടുത്തുകൊണ്ട് ഒരു തർക്കവുമില്ലാതെ സംസ്കാരച്ചടങ്ങുകൾ നടത്തുന്ന സഭാ വിഭാഗങ്ങളെ തർക്കത്തിലേയ്ക്ക് തള്ളിവിടുന്നത് ശരിയല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. വിൻസെന്റ്....പ്ലീസ്...

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ അവസാനിപ്പിക്കാം. മുൻഗാമികൾ ഉൾപ്പെടുന്ന സഭയിൽ നിന്ന് പിന്നീടുള്ള തലമുറ ആ സഭാ വിഭാഗത്തിൽ നിന്നും മാറി മറ്റൊരു സഭാവിഭാഗത്തിലേയ്ക്ക് ചേർന്നുകഴിഞ്ഞാൽ അവർ പിൽക്കാലത്ത് ഇവിടെ വന്ന് ശവമടക്ക് നടത്തണം എന്നുപറയുമ്പോൾ പുതിയ

തർക്കങ്ങളിലേയ്ക്ക് അക്കാര്യങ്ങൾ വരുന്നുണ്ട് എന്നതുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മോൻസ് ജോസഫ്: സർ, ശ്രീ. എം. വിൻസെന്റ് ചൂണ്ടിക്കാണിച്ച ഒരു പ്രധാനപ്പെട്ട പ്രശ്നം ഈ ബില്ലിനകത്ത് നിൽക്കുകയാണ്. ഇപ്പോൾ ക്രൈസ്തവസഭയിൽ തന്നെ വിവിധ വിഭാഗങ്ങളാണുള്ളത്. ആ വിഭാഗങ്ങൾക്കെല്ലാം ഓരോ ആചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിൽക്കുകയാണ്. സി.എസ്.ഐ. സഭ നടത്തുന്നതുപോലെയല്ല കത്തോലിക്ക സഭ നടത്തുന്നത്. ലാറ്റിൻ കാത്തോലിക്കയുടെയും മലങ്കരയുടെയും ശവസംസ്കാരം വ്യത്യസ്തമാണ്. ഞാൻ ഒരു കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താം. ക്നാനായ സമുദായത്തിന്റെ കുടിയേറ്റ വാർഷികം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് കണ്ണൂരിൽ ഉദ്ഘാടനം ചെയ്തത്. നമ്മുടെ അംഗങ്ങൾക്കും അറിയാം. ക്നാനായ സമുദായത്തിന്റെ ആചാരപ്രകാരം ആ സമൂഹത്തിൽ നിന്നുമാത്രമേ അവർക്ക് വിവാഹം കഴിക്കാൻ

സാധിക്കുകയുള്ളൂ. സമുദായംവിട്ട് വിവാഹം കഴിക്കുന്നയാൾ ആ കമ്മ്യൂണിറ്റിക്ക് വെളിയിലാണ്. ക്നാനായ സമുദായം endogamy വിശ്വാസത്തിൽ നിൽക്കുകയാണ്. അവർ ആ ആചാരാനുഷ്ഠാനങ്ങളിൽ ഉറച്ചുനിൽക്കുന്നു. ഇപ്പോൾ ഇവിടെ പറഞ്ഞതനുസരിച്ച് സ്വന്തം കമ്മ്യൂണിറ്റിയിൽ നിന്ന് വിവാഹം കഴിക്കാത്ത നിരവധിയാളുകളുണ്ട്. അവർ പുറത്തുനിൽക്കുകയാണ്. നമ്മുടെ ബിൽ അനുസരിച്ചാണെങ്കിൽ, പൂർവ്വികരെ അടക്കം ചെയ്തതിന്റെ പശ്ചാത്തലത്തിൽ ടി ബോഡിയുമായി അവർ പള്ളിയിലേയ്ക്ക് വരികയില്ലേ; അവരെ അടക്കണ്ടേ; വലിയ പ്രശ്നമുണ്ടാകുകയാണ്. ഇതുപോലുള്ള സങ്കീർണ്ണമായ പ്രശ്നങ്ങൾ ഓരോ ക്രൈസ്തവ വിഭാഗങ്ങളുമായി ബന്ധപ്പെട്ട് നിൽക്കുന്നുവെന്നത് ഗവൺമെന്റ് ഗൗരവമായി കാണണം എന്നുള്ളതാണ് ഈ ചർച്ചയിലൂടെ ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. ഇവിടെ അടക്കം ചെയ്യാൻ കഴിയാതെ പോയതും പ്രശ്നങ്ങളുണ്ടായതും പരിഹരിക്കണമെന്ന കാര്യത്തിൽ തർക്കമില്ല. അതിൽ ഉറച്ചുനിന്നുകൊണ്ട് നല്ല നിലപാട് എടുക്കുമ്പോൾ

ബാക്കിയാളുകളെ മുഴുവൻ കുഴപ്പത്തിലേയ്ക്ക് കൊണ്ടുവരുന്ന സാഹചര്യം വരരുത്. അതുകൊണ്ട് ഈ ബിൽ ലിമിറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. വേണമെങ്കിൽ ഗവൺമെന്റിന് ബിൽ ലിമിറ്റ് ചെയ്യാം. അങ്ങനെയുള്ള നിർദ്ദേശങ്ങൾ ഇവിടെ ഉയർന്നുവന്നല്ലോ. ശ്രീ. എസ്. ശർമ്മ അങ്ങനെയൊരു നിർദ്ദേശം വച്ചു. അതിനുമുമ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആ നിർദ്ദേശം വയ്ക്കുകയുണ്ടായി. ഇത് ഗവൺമെന്റ് പരിശോധിക്കേണ്ട വിഷയമാണ്. ആ നിലയിൽ നമുക്ക് ഒരു നിലപാടെടുക്കാൻ കഴിഞ്ഞാൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിലപാടിലേയ്ക്ക് ലിമിറ്റ് ചെയ്യുകയും ബാക്കിയുള്ള കാര്യങ്ങൾ ഒഴിവാക്കുകയും ചെയ്യാം. അതിന് കഴിയുന്ന വിധത്തിലുള്ള ഒരു നിലപാട് എടുക്കേണ്ടത് വളരെ അത്യാവശ്യമാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്. രണ്ടാമതായി, ഭരണഘടനാനുസൃതമായി നമ്മുടെ രാജ്യം ഉയർത്തിപ്പിടിക്കുന്ന മതപരമായ സ്വാതന്ത്ര്യത്തിൽ, ക്രൈസ്തവസഭകൾക്കുള്ള മതപരമായ സ്വാതന്ത്ര്യത്തിന്മേൽ, ആചാരാനുഷ്ഠാനങ്ങളിലുള്ള സ്വാതന്ത്ര്യത്തിന്മേൽ ഗവൺമെന്റ്

കടന്നുകയറ്റത്തിന് ശ്രമിക്കുന്നത് ശരിയാണോ എന്ന പ്രസക്തമായ വിഷയം ഇവിടെ ഉയരുകയാണ്. ഗവൺമെന്റ് ഈ വിഷയം പരിശോധിച്ചാൽ അതിലേയ്ക്ക് പോകേണ്ട ഒരു കാര്യവുമില്ല. വെറുതെ ഇരിക്കുന്ന സഭകളെ എല്ലാംകൂടി പ്രശ്നങ്ങളിലേയ്ക്ക് വലിച്ചിഴച്ച് അവരെ നിയമത്തിന്റെ കുരുക്കിൽ കൊണ്ടുവന്ന് ഗവൺമെന്റും സഭകളും തമ്മിലുള്ള ഏറ്റുമുട്ടലായി ഒരു പുതിയ സാമൂഹ്യപ്രശ്നം ഇവിടെ ഉയർത്തിക്കൊണ്ടുവരാൻ ഗവൺമെന്റ് തന്നെ നേതൃത്വം കൊടുക്കുന്ന ഒരവസ്ഥ ഈ ബില്ലിന്റെ പശ്ചാത്തലത്തിൽ വരികയാണ്. ഒരിക്കലും അത് ശരിയല്ല. അതിന്റെ ആവശ്യമില്ല എന്നാണ് പറയാനുള്ളത്. പ്രശ്നം പരിഹരിക്കാൻ ഗവൺമെന്റ് തുടക്കം കുറിച്ച കാര്യം വലിയ പ്രശ്നങ്ങളിലേയ്ക്ക് പോകുന്നുവെന്ന അവസ്ഥ ഒഴിവാക്കപ്പെടേണ്ടതാണ്. അതിന് ഗവൺമെന്റ് പ്രത്യേകമായ ശ്രദ്ധ കൊടുക്കണം. ഇന്നത്തെ സാഹചര്യത്തിൽ ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിട്ടാൽ ആ കമ്മിറ്റിയിൽ അംഗങ്ങളായ ഏതാനും പേർക്ക് മാത്രമാണ് അതിൽ ഇടപെടാൻ കഴിയുന്നത്. ചെറിയ ചെറിയ ഭേദഗതികൾ എന്ന നിലയിലേയ്ക്ക് വരും. ഈ ബിൽ ഗുരുതരമായ

പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ഇത് നമ്മുടെ നിയമസഭയുടെ ചരിത്രത്തിൽ ഒരു കറുത്ത അദ്ധ്യായത്തിന് ഇടവരുത്തും. അതിലേയ്ക്ക് പോകാതെ കുറ്റമറ്റനിലയിൽ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട്, മൃതശരീരങ്ങൾ സംസ്കരിക്കാൻ കഴിയുന്ന തരത്തിൽ യാക്കോബായ, ഓർത്തഡോക്സ് സഭകൾ തമ്മിലുണ്ടായ നിർഭാഗ്യകരമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ കഴിയുന്ന വിധത്തിൽ കാര്യങ്ങൾ എത്തിക്കുകയും മറ്റുള്ളവരിലുള്ള ആശങ്ക പരിഹരിക്കാൻ കഴിയുന്ന വിധത്തിലേയ്ക്ക് കാര്യങ്ങൾ പോകുകയും ചെയ്യണമെങ്കിൽ ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടുന്നത് തന്നെയാണ് നല്ലത്. പൊതുജനാഭിപ്രായം തേടുമ്പോൾ സഭകൾക്ക് അഭിപ്രായം പറയാം. ഞാൻ ഒരു നിർദ്ദേശംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കാരണം ഈ സാഹചര്യത്തിൽ ആശങ്ക ചൂണ്ടിക്കാണിച്ച ബഹുമാനപ്പെട്ട ബിഷപ്പുമാരെയും വിവിധ സഭാ വിഭാഗങ്ങളെയും ഗവൺമെന്റ് കേൾക്കേണ്ടത് ആവശ്യമാണ്. അതിന് ഗവൺമെന്റ് മനസ്സുകാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അവരെക്കൂടി കേൾക്കാനുള്ള സാഹചര്യമുണ്ടാകണം.

അങ്ങനെ അവരുടെ ആശങ്കകളും നിർദ്ദേശങ്ങളും കേട്ടുകൊണ്ട് നമുക്ക് ഉചിതമായ തീരുമാനമെടുക്കണം എന്നാണ് പറയാനുള്ളത്. അതിന് കഴിയുന്ന വിധത്തിൽ കാര്യങ്ങൾ പരിഹരിക്കപ്പെടുന്നതിന് ഏറ്റവും ഉചിതമായിട്ടുള്ളത് സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ബിൽ വരുന്നതുതന്നെയാണ്. സെലക്ട് കമ്മിറ്റി പരിശോധിച്ച് ഗവൺമെന്റിന് കുറ്റമറ്റനിലയിൽ, ഇന്നുണ്ടായിരിക്കുന്ന ആശങ്കകൾ പരിഹരിച്ചുകൊണ്ട് ഏറ്റവും തൃപ്തികരമായ നിലയിൽ ഇത് പാസ്സാക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം എന്ന നിർദ്ദേശമാണ് മുന്നോട്ടുവയ്ക്കുന്നത്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഇവിടെ യാക്കോബായ വിഭാഗങ്ങൾക്ക് ഈ നിയമത്തിൽ പരിരക്ഷ കൊടുക്കുന്നതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. പക്ഷേ അവിടെയും ഒരു പോരായ്മ കാണുന്നുണ്ട്. ഒന്ന്, ഇടവക മാറിപ്പോയി പുതിയൊരു ഇടവകയിൽ അംഗത്വമെടുത്തയാളുകളുടെ മൃതശരീരം അടക്കം ചെയ്യാൻ എന്തു ചെയ്യും, ആ ഇടവകയിൽ അവരുടെ പൂർവ്വികരെ സ്വാഭാവികമായി അടക്കം ചെയ്തിട്ടില്ല.

അവരുടെ പൂർവ്വികരെ അടക്കം ചെയ്തിരിക്കുന്നത് അവർ മുമ്പ് താമസിച്ചിരുന്ന ഇടവകയിലാണ്. ഇപ്പോൾ പുതിയൊരു ഇടവകയിൽ വന്ന് താമസമാക്കി അവിടെ അംഗത്വമെടുത്താൽപ്പോലും സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പള്ളി ഓർത്തഡോക്സ് വിഭാഗത്തിന്റെ കൈകളിലേയ്ക്ക് പോയിക്കഴിഞ്ഞാൽ ആ ഇടവകയിൽ അയാളുടെ മൃതശരീരം അടക്കാൻ സാധിക്കില്ല. കാരണം ബില്ലിൽ പറയുന്നതുപ്രകാരം നിയമപരമായി ആ വ്യക്തിയുടെ പൂർവ്വികരെ അടക്കം ചെയ്തിരിക്കുന്ന പള്ളിയിൽ പോയി അടക്കം ചെയ്യേണ്ട സാഹചര്യം ഉണ്ടാകുകയാണ്. പുതിയ ഇടവകയിൽ അംഗത്വമെടുക്കുകയും സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആ പള്ളി ഓർത്തഡോക്സ് വിഭാഗത്തിന്റെ കൈകളിലേയ്ക്ക് പോകുകയും ചെയ്താൽ അവിടെ യാക്കോബായ വിഭാഗത്തിൽപ്പെട്ടയാളുടെ മൃതശരീരം അടക്കം ചെയ്യാൻ ഈ ബിൽ പരിരക്ഷ നൽകുന്നില്ല. ആ പോരായ്മയും ഇതിനകത്ത് കാണുന്നുണ്ട്. അപ്പോൾ യാക്കോബായ വിഭാഗത്തിൽപ്പെട്ട ആളുകളുടെ മൃതശരീരം അടക്കം ചെയ്യാനായി ഈ ബിൽ രൂപം

കൊടുത്തിട്ടുണ്ടെങ്കിൽപ്പോലും ഇത്തരത്തിലുള്ള അതിന്റെ സാധ്യതകളും മറ്റ് സാഹചര്യങ്ങളും ഈ ബില്ലിൽ പരിഗണിക്കുന്നില്ല എന്നുള്ളത് പോരായ്മയല്ലേ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇവിടെ നടന്ന ചർച്ചയിൽ ഒട്ടേറെ അഭിപ്രായങ്ങൾ ഉയർന്നുവന്നു. ഗവൺമെന്റ് മനസ്സിലാക്കേണ്ടത്, ഈ ബില്ലിന്റെ സ്വഭാവത്തിൽ വന്ന സ്പിരിറ്റിനെ എല്ലാവരും ഉൾക്കൊണ്ടു എന്നതാണ്. ഇവിടെ രണ്ട് വിഭാഗങ്ങൾ തമ്മിലുണ്ടായ തർക്കത്തിന്റെ ഭാഗമായിട്ടാണ് ഈ വിഷയം രൂപപ്പെട്ടുവന്നിട്ടുള്ളത്. എന്നാൽ ഭൂരിപക്ഷം വരുന്ന ക്രൈസ്തവ സമൂഹത്തിൽ പുതിയൊരു ആശങ്കയ്ക്ക് ഇടനൽകാൻ തക്കവിധത്തിലുള്ള ആശയം രൂപപ്പെട്ടുവന്നുവെന്നുള്ളതാണ് പരമപ്രധാനമായ വിഷയം. ആശങ്ക ആവശ്യമില്ല എന്ന് ആവർത്തിച്ച് പറയുമ്പോഴും ഒരു ബിൽ രൂപപ്പെട്ട് നിയമമാകുന്ന സന്ദർഭത്തിൽ ക്രൈസ്തവസഭ എന്ന് പൂർണ്ണമായും അതിൽ പരാമർശിച്ചിരിക്കുന്നതുകൊണ്ടുതന്നെ ഓർഡിനൻസിൽ വന്നിട്ടുള്ള രേഖകളും ബിൽ വന്നപ്പോഴുള്ള വാക്കുകളും തമ്മിലുള്ള വ്യത്യാസം വളരെ ശ്രദ്ധേയമാണ്. ഓർഡിനൻസിൽ കൃത്യമായി പറയുന്നുണ്ട്. പക്ഷേ, ബില്ലിൽ

ക്രൈസ്തവ സഭകളെ മുഴുവൻ ബാധിക്കത്തക്കവിധത്തിലാണ്. അതുകൊണ്ട് ആശങ്കകളില്ല എന്ന് ആവർത്തിച്ചുപറയുമ്പോഴും, ശ്രീ. ജോർജ് എം. തോമസ് പ്രസംഗിച്ചപ്പോൾ ഞാൻ ശ്രദ്ധിച്ചു, സീറോ മലബാർ സഭയ്ക്ക് ഒരാശങ്കയും വേണ്ട എന്ന് എങ്ങനെ പറയാൻ കഴിയും. സീറോ മലബാർ സഭയ്ക്ക് ആശങ്ക വേണ്ട എന്ന് ബില്ലിൽ എവിടെയെങ്കിലും പറയുന്നുണ്ടോ; ക്രൈസ്തവസഭയെ മുഴുവനായിട്ടാണ് പരമാർശിച്ചിട്ടുള്ളത്. ഭാവിയിൽ ഇത് വലിയ വിപത്തുണ്ടാക്കും. അതുകൊണ്ട് ഈയൊരു ചർച്ചയുടെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഇത് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുകയോ സജീവമായ ചർച്ചകൾ നടത്തപ്പെടുകയോ പ്രത്യേകിച്ച്, സഭാമേലദ്ധ്യക്ഷന്മാരുമായിട്ടെങ്കിലും ചർച്ച നടത്തുകയോ ചെയ്യണം. ആലഞ്ചേരി കർദ്ദിനാൾ പിതാവ് ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് കത്തുതന്നു. നിയമത്തിന്റെ പേരുതന്നെ 2020-ലെ ക്രിസ്ത്യൻ സെമിത്തേരികൾ എന്നാണ്. ആലഞ്ചേരി കർദ്ദിനാൾ പിതാവ് തന്ന ഒരു കത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽപ്പോലും, സഭയുടെ മേലദ്ധ്യക്ഷൻ

എന്നുള്ള നിലയിൽ അതിന് ചുവടുപിടിച്ചാണെങ്കിലും ഇനിയെങ്കിലും അത്തരത്തിലുള്ള ഒരു ചർച്ചയ്ക്ക് വിധേയമാക്കത്തക്ക വിധത്തിൽ കുറ്റമറ്റതായി നമുക്ക് ഇത് നടപ്പിലാക്കണം. ഈ വിഷയം നടപ്പിലാക്കേണ്ടത് ആവശ്യമാണ്. ഇവിടെ തർക്കങ്ങൾ ഉണ്ടാകുന്നതും പ്രത്യേകിച്ച് മൃതദേഹം സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന നടപടികളും മോശമായ സ്ഥിതിയും ഒക്കെ നമുക്കൊരിക്കലും ഭൂഷണമല്ല. പക്ഷേ, അതിന്റെ പേരിൽ ഒരു നിയമം നടപ്പിലാക്കുന്ന സാഹചര്യത്തിൽ ഭാവിയിലുണ്ടാകുന്ന അപകടങ്ങളെ മാറ്റിനിർത്താൻ ഉതകുന്നവിധത്തിൽ കുറ്റമറ്റതാക്കി എടുക്കാൻ മറ്റൊരു വിഷയം പോലെയല്ല ഇത്. നമ്മുടെ സമൂഹത്തിലുള്ള ഭരണപരമായ കാര്യങ്ങളെപ്പോലെയല്ല ഇത്. ഒരു സെമിത്തേരിയെ സംബന്ധിച്ചിടത്തോളം അത് സ്വകാര്യമായ സ്ഥലമാണത്. വീണ്ടും ആവർത്തിക്കുന്നു. അത് ആ പള്ളിയുടെ, പാരിഷിന്റെ, ഇടവകയുടേതാണ്. അതിന്റെ മതമേലദ്ധ്യക്ഷന്മാരാണ് അതിന്റെ ചുമതലയും ഉത്തരവാദിത്വവുമുള്ളവർ. അവിടെ ആരാണ് നിശ്ചയിക്കേണ്ടത്? പാരിഷ് പ്രീസ്റ്റ് ആരാണ്,

പരമ്പരാഗതമായി വരുന്ന വിഭാഗത്തെക്കുറിച്ച് തീരുമാനം പറയാൻ അർഹതയുള്ളത് ആർക്കാണ്; അത് ഭാവിയിൽ തഹസീൽദാരോ മറ്റാരോ ഒക്കെ നിശ്ചയിക്കുന്ന തരത്തിലേയ്ക്ക് വന്നാൽ, അത് വീണ്ടും ആവർത്തിക്കുന്നു, ഒരു പൊതുശ്മശാനത്തിന്റെ സ്വഭാവത്തിലേയ്ക്ക് മാറും. അത് വീണ്ടും ഉപേക്ഷിച്ചതിനേക്കാൾ ഗൗരവപൂർവ്വമായ സാഹചര്യത്തിലേയ്ക്ക് വന്നെത്തും എന്നുള്ളതുകൊണ്ട് ഈ ചർച്ചയുടെയെല്ലാം സ്പിരിറ്റ് ഉൾക്കൊണ്ട് ഇത് വളരെ ഗൗരവപൂർവ്വമായി കണ്ട്, തിടുക്കം കാണിക്കാതെ ഈ സഭയിൽ നല്ല നിലയിൽ എല്ലാവരുടെയും പങ്കാളിത്തത്തോടുകൂടി കേരളത്തിന്റെ പൊതുവായ വികാരമായി ഇത്തരം തർക്കങ്ങൾ പരിഹരിക്കാനുതകുന്ന സാഹചര്യങ്ങളെ സൃഷ്ടിക്കത്തക്കവിധത്തിൽ ചർച്ച ചെയ്യപ്പെട്ട് ഈ ബിൽ പാസ്സാക്കി എടുക്കണമെന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ഡോ. എൻ. ജയരാജ്</u>: സർ, ഒരു കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. 'സെമിത്തേരി' എന്നാൽ ഇടവകാംഗങ്ങളുടെ മൃതദേഹങ്ങൾ, മൃതദേഹം ജഡമായോ സംസ്കാര പ്രക്രിയയിലൂടെ ചാരമായി മാറിയിട്ടുള്ളതോ....

എന്നാണ് ബില്ലിൽ പറയുന്നത്. ക്രൈസ്തവ വിഭാഗങ്ങളുടെ ഇടയിൽ മൃതദേഹം ദഹിപ്പിച്ച് ചാരമാക്കുന്ന ആചാരമില്ല, ഹൈന്ദവ വിഭാഗങ്ങളിൽ മാത്രമേ ശവം ദഹിപ്പിക്കുന്ന പ്രക്രിയയുള്ളൂ. യഥാർത്ഥത്തിൽ ക്രൈസ്തവ വിഭാഗങ്ങളുടെ ഇടയിൽ അത്തരം സംസ്കരണ രീതികളില്ല. ഇവിടെ കൊടുത്തിരിക്കുന്ന നിർവ്വചനത്തിലെ ഏറ്റവും പ്രധാനപ്പെട്ട തെറ്റെന്ന് പറയുന്നത്- '.....സംസ്കാരപ്രക്രയയിലൂടെ ചാരമായി മാറ്റിയിട്ടുള്ളതോ ആയിരുന്നാലും.....' എന്ന് പറയുന്ന സംഭവം ഇതുവരെയും ക്രൈസ്തവ വിഭാഗങ്ങളുടെയിടയിലില്ല. ഇല്ലാത്ത ഒരു കാര്യംകൂടി നിയമത്തിൽ എഴുതിച്ചേർത്ത് 'Making simple things more complicated' എന്ന് പണ്ട് പറഞ്ഞതുപോലെ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കരുതെന്നാണ് പറയാനുള്ളത്.

<u>ശ്രീ. പി. സി. ജോർജ്</u> : സർ, ഇവിടെ ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ജോർജ് എം. തോമസ് സംസാരിച്ചപ്പോൾ പല പ്രാവശ്യം തെമ്മാടിക്കുഴിയെന്ന് പറഞ്ഞു. എനിക്ക് മനസ്സിലായില്ല, എന്റെ അറിവിൽ ക്രൈസ്തവ സഭകളിൽ ഒരിടത്തും തെമ്മാടിക്കുഴിയില്ല. അങ്ങനെ അടക്കുന്ന ഒരു രീതി പഴയ കാലത്തുണ്ടായിരുന്നുവെന്നാണ് പറയുന്നത്. അദ്ദേഹത്തിന്റെ ഒരു പേടി, പേടിക്കണ്ട ജോർജ് എം. തോമസേ, മരിച്ചാൽ നല്ലതുപോലെ

പള്ളിയിൽ അടക്കം ചെയ്തേക്കാം. ഇപ്പോൾ തെമ്മാടിക്കുഴിയെന്നൊരു ഭാഗമില്ല, ഇല്ലാത്ത കാര്യം പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കരുത്. രണ്ടാമത്തെ കാര്യം, ഡോ. എൻ. ജയരാജ് പറഞ്ഞ ഒരു കാര്യം ശ്രീ. ജോർജ് എം. തോമസ് ശ്രദ്ധിക്കണം. ക്രൈസ്തവ സഭയെപ്പറ്റി എ, ബി, സി, ഡി അറിയാവുന്ന ഒരാളാണ് ഈ നിയമം രൂപീകരിച്ചതെന്ന് പറയാൻ പറ്റുമോ? ഇത് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കേണ്ട കാര്യമാണ്. ഇപ്പോൾ ഡോ. എൻ. ജയരാജ് പറഞ്ഞ നിർവ്വചനങ്ങൾ കേട്ടില്ലേ; അതിൽ "സെമിത്തേരി" എന്നാൽ ഇടവകാംഗങ്ങളുടെ മൃതദേഹങ്ങൾ, മൃതദേഹം ജഡമായോ സംസ്കാരപ്രക്രിയയിലൂടെ ചാരമായി മാറ്റിയിട്ടുള്ളതോ ആയിരുന്നാലും..... എന്നാണ് പറയുന്നത്. എവിടെയാണ് ക്രിസ്ത്യാനികളുടെ മൃതദേഹം ചാരമാകുന്നത്?

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, പാലായിൽ യു.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥിയായിരുന്ന ജോസഫ് പുലിക്കുന്നേലിന്റെ മൃതദേഹം ദഹിപ്പിക്കുകയായിരുന്നില്ലേ?

<u>ശ്രീ. പി. സി. ജോർജ്</u>: ജോസഫ് പുലിക്കുന്നേൽ ക്രിസ്ത്യാനിയെന്ന് പറഞ്ഞിട്ട് വല്ല അർത്ഥവുമുണ്ടോ? ജോസഫ് പുലിക്കുന്നേൽ ക്രൈസ്തവ

സഭയുടെ ശത്രുവായിരുന്നു. അദ്ദേഹം ചാരമായിപ്പോയി, അതിൽ ക്രിസ്ത്യാനിറ്റിയുമായി ഒരു ബന്ധവുമില്ല. അതിൽ ഒരു സംശയവും വേണ്ട.

ശ്രീ. മോൻസ് ജോസഫ്: അതിൽ ശ്രീ. ജെയിംസ് മാത്യു-വിന് തെറ്റുപറ്റി. ജോസഫ് പുലിക്കുന്നേൽ അദ്ദേഹത്തിന്റെ മരണാനന്തര കർമ്മങ്ങൾ എങ്ങനെ നടത്തണമെന്ന് എഴുതി വച്ചിരുന്നു. 'ക്രൈസ്തവ വിശ്വാസമനുസരിച്ച് എന്റെ ശവസംസ്കാരം നടത്തേണ്ട' എന്നദ്ദേഹം എഴുതി വച്ചിരുന്നു.

ശ്രീ. ജെയിംസ് മാത്യു: അതിന് കാരണമുണ്ട്. കാനോൻ നിയമങ്ങളിൽ ഒരിടത്തും ഇങ്ങനെ ശവദാഹം നടത്തണമെന്ന് പറയുന്നില്ല.

ശ്രീ. മോൻസ് ജോസഫ്: അതിന്റെ കാരണം ജോസഫ് പുലിക്കുന്നേലിന് വിടൂ. അത് അദ്ദേഹത്തിന്റെ സ്വാതന്ത്ര്യത്തിൽപ്പെടുന്ന കാര്യമാണ്. അദ്ദേഹം മരിച്ചിട്ട് എങ്ങനെ അടക്കം ചെയ്യണമെന്ന് നമ്മൾ രണ്ടുപേരുമല്ല തീരുമാനിക്കുന്നത്. അദ്ദേഹത്തിന്റെ മരണശേഷം എങ്ങനെ അടക്കം ചെയ്യണമെന്ന് അദ്ദേഹം ആഗ്രഹിച്ചോ അതുപോലെ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ ആ ചടങ്ങ് നടത്തി. അതിനെ നമുക്കാർക്കും തടയാൻ പറ്റില്ല. പക്ഷെ ജോസഫ് പുലിക്കുന്നേലിന് ചിതയൊരുക്കി, ചാരമുണ്ടായി എന്നുള്ളതുകൊണ്ട് ആഗോള ക്രൈസ്തവ സഭയുടെ വിശ്വാസത്തെ അതുവച്ച്

പ്രതിരോധിക്കാൻ ശ്രമിച്ചാൽ ശ്രീ. ജെയിംസ് മാത്യു, നമുക്ക് നിലനിൽക്കാൻ സാധിക്കുമോ; അത് ശരിയാണോ? അത് ഒരിക്കലും ശരിയല്ല. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഞാൻ ചുരുക്കുകയാണ്. ഞാൻ ഉദ്ദേശിച്ച ഒറ്റ കാര്യംകൂടി പറയട്ടെ. ഇതിൽ പറയുന്ന ഓരോ പ്രശ്നവും, ചാരത്തിന്റെ പ്രശ്നം, ഇപ്പോൾ ഡോ. എൻ. ജയരാജ് ചൂണ്ടിക്കാണിച്ചതുപോലെതന്നെ ഓരോ ഭാഗത്തും പ്രശ്നങ്ങൾ നിലനിൽക്കുന്നുവെന്ന ആശങ്കയാണ് മറ്റ് ക്രൈസ്തവ വിഭാഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ആ പ്രശ്നം ഗവൺമെന്റ് ഗൗരവമായി കാണണം, ബന്ധപ്പെട്ട എല്ലാവരുമായി ഒരു ആശയവിനിമയത്തിന് തയ്യാറാകണം. ഒരു തിടുക്കം കാണിച്ചുകൊണ്ട് ഇത് നടപ്പാക്കാനുള്ള സാഹചര്യമുണ്ടാക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. മൃതശരീരം സംസ്കരിക്കപ്പെടണമെന്നോ, മൃതശരീരം വച്ച് വിലപേശുന്ന നടപടി ഏത് സമുദായത്തിനുണ്ടായാലും അത് ഒരിക്കലും നമ്മുടെ മതേതര നിലപാടിന് ചേർന്നതല്ല, അതുകൊണ്ടുതന്നെ ആ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. എന്നാൽ ഇതിന്റെ ഭാഗമായി ഉയർന്നുവന്നിരിക്കുന്ന ഗുരുതരമായ ആശങ്കകളും കേരളത്തിലെ ക്രൈസ്തവ സമൂഹത്തിനും സഭയ്ക്കും നേരെ ഉയർന്നുവന്നിരിക്കുന്ന അവരുടെ ആശങ്കകളും പരിഹരിക്കാൻ കഴിയുന്ന വിധത്തിലുള്ള തൃപ്തികരമായ

ഒരിടപെടലാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. പൊതുജനാഭിപ്രായം തേടുന്നതും അഭിപ്രായം പറയാൻ അവസരം കൊടുക്കുന്നതുമാണ് ജനാധിപത്യപരമായ ഏറ്റവും നല്ല നിലപാട്. ഗവൺമെന്റ് ഇക്കാര്യം സബ്ജക്ട് കമ്മിറ്റിക്ക് വിട്ട് അടുത്ത ആഴ്ച പാസ്സാക്കാൻ ശ്രമിക്കുന്നതിനേക്കാൾ അൽപ്പം സാവകാശം കൊടുത്ത് ഇത് സെലക്ട് കമ്മിറ്റിയിൽ പരിശോധിച്ച് പാസ്സാക്കുന്നതാണ് നല്ലതെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കാരാട്ട് റസാഖിനുവേണ്ടി ശ്രീ. ജെയിംസ് മാത്യു: സർ, 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു.

ഏതൊരു സാഹചര്യത്തിലാണ് ഇത്തരമൊരു ഓർഡിനൻസ് വരാൻ ഇടയായതെന്ന സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള പ്രസ്താവന ഗവൺമെന്റിനുവേണ്ടി സമർപ്പിക്കുകയുണ്ടായി. നമുക്കറിയാം, കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇതുപര്യന്തം ഏതെങ്കിലുമൊരു മത വിഭാഗത്തിന്റെ ശവസംസ്കാര ചടങ്ങുകളുമായി ബന്ധപ്പെട്ട് സർക്കാരിന് ഒരു

നിയമനിർമ്മാണത്തിലേയ്ക്കോ, അതിന് സാഹചര്യമില്ലാത്ത അടിയന്തര സാഹചര്യം കണക്കിലെടുത്ത് ഒരു ഓർഡിനൻസ് ഇറക്കേണ്ടതുമായ സന്ദർഭമുണ്ടായിട്ടില്ല. ഏത് പ്രത്യേക സാഹചര്യത്തിലാണ് സർക്കാരിന് ഇത്തരമൊരു പ്രത്യേക ഓർഡിനൻസ് ഇറക്കേണ്ടി വന്നിട്ടുള്ളതെന്ന് ഈ സഭയിലുള്ള എല്ലാവർക്കുമറിയാം. ആ ഓർഡിനൻസ് ഇറക്കേണ്ടിവന്ന സാഹചര്യത്തിൽ മാറ്റം വരാത്തതുകൊണ്ടാണ് ഓർഡിനൻസ് നിയമമാക്കാൻ സർക്കാർ ബാധ്യസ്ഥമാകുന്നത്. യഥാർത്ഥത്തിൽ ആ ബില്ലിലെ പല കാര്യങ്ങളിലും അവ്യക്തതയുള്ളതാണ്, അതിലൊരു സംശയവുമില്ല. അവ്യക്തത തന്നെയാണ്. ഇവിടെ നിരവധി അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ള അവ്യക്തതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശത്തോട് പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. പക്ഷെ അക്കാര്യങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ യഥാർത്ഥത്തിൽ കേരളത്തിലെ ക്രൈസ്തവ സഭകളോടാകെ എന്തോ ഒരു പ്രത്യേക മനോഭാവം ഈ സർക്കാർ വച്ചുപുലർത്തുന്നുവെന്ന് തോന്നാവുന്ന വിധത്തിലുള്ള വിശദീകരണങ്ങളോ ആശങ്കകളോ ആണ് പ്രതിപക്ഷത്തിരിക്കുന്ന ഓരോ അംഗങ്ങളും ആവർത്തിച്ച് പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ ഇതിന്റെയൊന്നും

ആവശ്യമില്ല. ഒരൊറ്റ കാര്യം പറഞ്ഞാൽ ഇതിനെല്ലാം പരിഹാരമാകും. ആലോചിച്ചുനോക്കൂ. ഈ ബില്ലിന്റെ പേര് '2020-ലെ കേരള മലങ്കര, ഓർത്തഡോക്സ്, യാക്കോബായ സഭ സെമിത്തേരികളിൽ വിശ്വാസികളുടെ മൃതദേഹം സംസ്കരിക്കുന്നതിനുള്ള അവകാശ സംരക്ഷണ ബിൽ' എന്ന് മാറ്റണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാൻ നിങ്ങൾക്ക് സാധിക്കുമല്ലോ. ഒരു ബിൽ സഭയിൽ വരുമ്പോൾ, ഈ ബില്ലിന്റെ പേര്, ദീർഘശീർഷകം, പീഠിക ഇതെല്ലാം ഇപ്പോൾ വ്യവച്ഛേദിച്ചിരിക്കുന്ന പ്രകാരമാണെങ്കിൽ ആശയക്കുഴപ്പത്തിന് കാരണമാകുന്നതാണ്. അതിൽ തർക്കമില്ല. അത് മാറ്റണമെന്ന് പറഞ്ഞാൽ അതിനോട് എല്ലാവർക്കും യോജിക്കാൻ കഴിയുന്നതേയുള്ളൂ. ലോകത്ത് ആദ്യമായി ഇങ്ങനെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതുപോലെയല്ലേ നിങ്ങൾ പറയുന്നത്. ഇതിന്റെ പേരിൽ ഇത്രയധികം പറയേണ്ട കാര്യമെന്താണ്; സ്വാഭാവികമായും ക്രിസ്ത്യൻ സഭ എന്നുപറയുമ്പോൾ, ഈ ബില്ലിൽ ക്രിസ്ത്യൻ എന്നതിനെക്കുറിച്ച് നിർവ്വചനമുണ്ട്. ആ നിർവ്വചനം ബാധകമാകുന്ന കേരളത്തിലെ ക്രൈസ്തവ സഭാംഗങ്ങൾക്കാകെയും ഈ പ്രശ്നം ബാധകമാകേണ്ട കാര്യമില്ല. കാര്യമില്ല എന്ന് പറയുന്നതിൽ ഒരു തെറ്റുമില്ല. അങ്ങനെ തെറ്റില്ലെന്ന് ഞാനുംകൂടി

പറയുമ്പോൾ അതിലൊരു അപാകതയുമില്ല. നിങ്ങൾ മനസ്സിലാക്കേണ്ടത്, നിങ്ങൾ എന്തിനാണ് അതിനെ വേറൊരു തരത്തിൽ പറയുന്നത്; ഇത്രയുംനേരം ഞാൻ സശ്രദ്ധം ഈ ചർച്ച മുഴുവനും കേട്ടു. നിങ്ങളിൽ ഓരോ അംഗങ്ങളും, ആര് ചർച്ചയിൽ പങ്കെടുക്കുന്നുവോ അപ്പോൾ ചാടി എഴുന്നേറ്റ് അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സത്യം പറഞ്ഞാൽ, നിങ്ങളുടെ ഈ ആശങ്ക കണ്ടാൽ ഓർത്തഡോക്സ് സഭാതർക്കം അവർതന്നെ പരിഹരിക്കും. കാരണം ഇത്രയും ആശയക്കുഴപ്പം അവർക്കില്ല. എനിക്കൊരു ആശയക്കുഴപ്പവുമില്ലല്ലോ. ഇത് മാറ്റണമെന്ന് പറയുന്നതിൽ എന്താണ് തെറ്റ്; സർക്കാർ അവതരിപ്പിച്ച ബില്ലിന്റെ ശീർഷകത്തിൽ വന്നിട്ടുള്ള ഇക്കാര്യം ഇങ്ങനെയൊരു ആശങ്കയ്ക്ക് ഇടയാക്കുമെന്ന് പറയുന്നതിൽ എന്താണ് തെറ്റ്; ഒരു ബില്ലിലുള്ള ചർച്ചയിൽ സ്വാഭാവികമായും ഓരോരുത്തർക്കും പറയാനുള്ള അവകാശമുണ്ട്. നിങ്ങൾ പറഞ്ഞതിന് ഞാൻ വ്യത്യസ്ത അഭിപ്രായം പറഞ്ഞിട്ടില്ല.

ഞാൻ ഇങ്ങോട്ട് (ബഹുമാനപ്പെട്ട ചെയറിനെ) നോക്കി പറയാം. നിങ്ങളുടെ മുഖം (പ്രതിപക്ഷത്തിന്റെ) കാണുമ്പോൾത്തന്നെ പറയാൻ വന്നത് മാറിപ്പോകും. ഈ ബില്ലിനെക്കുറിച്ചുള്ള ശീർഷകത്തിലെ പരാമർശത്തിൽ ആശയ വ്യക്തതയുണ്ടാകുന്ന വിധത്തിൽ..., യഥാർത്ഥത്തിൽ ഇവിടെ

അംഗങ്ങൾ സൂചിപ്പിച്ച കാര്യം ശരിയാണ്. ഈ തർക്കത്തിനും ഇതുപോലെ ഒരു ഓർഡിനൻസ് വരാനും അതൊരു നിയമമാക്കാനും ഈ സർക്കാർ ലക്ഷ്യം വച്ചതിന് ഒറ്റ കാരണമേയുള്ളൂ. സമീപനാളുകളിൽ മൃതദേഹ സംസ്കരണവുമായി ബന്ധപ്പെട്ട് കേരളീയ സമൂഹത്തിന് ഒരിക്കലും അംഗീകരിക്കാൻ പറ്റാത്ത വിധത്തിലുള്ള ഒരു സാഹചര്യം സംജാതമായി. പല ഒത്തുതീർപ്പ് ചർച്ചകളും നടന്നു. മന്ത്രിസഭ സബ്കമ്മിറ്റി നിരവധി തവണ ഇതുസംബന്ധിച്ച് സംസാരിച്ചു. പല തരത്തിൽ അക്കാര്യം ബഹുമാന്യനായ മന്ത്രി ശ്രീ. ഇ. പി. ജയരാജൻ വ്യക്തമാക്കി. പക്ഷെ ഒരു തരത്തിലും പരിഹരിക്കപ്പെടുന്നില്ല. അത്തരമൊരു ഘട്ടത്തിലാണ് ഇങ്ങനെയൊരു പുതിയ സ്ഥിതിവിശേഷം വരുന്നത്. എങ്ങനെയാണ് ഒരു സർക്കാരിന് വെറുതെ അതിനെ നോക്കിക്കൊണ്ട് നിൽക്കാൻ സാധിക്കുക; അപ്പോൾ തൽക്കാലം ചെയ്യാൻ പറ്റുന്നൊരു നടപടി എന്നുള്ള നിലയ്ക്ക് ഓർഡിനൻസ് കൊണ്ടുവന്നു. ശവസംസ്കാരത്തിന് ഒരു സാഹചര്യം സൃഷ്ടിച്ചു. എന്നാൽ അത് ബില്ലാക്കുമ്പോൾ വളരെ വ്യക്തതയുണ്ടാകണം. അതിൽ യാതൊരു സംശയവുമില്ല. ഇതൊന്നും ബാധകമാകാത്ത, ഇത്തരം തർക്കങ്ങൾക്കൊന്നും ഇടവരാത്ത ക്രിസ്തീയ സഭകൾക്ക് ആശങ്കയുണ്ടാക്കാൻ ഇടവരുന്ന വിധത്തിലാകരുത് എന്നുള്ള കാര്യം

പൂർണ്ണമായും ശരിയാണ്. അങ്ങനെയാകണം. അങ്ങനെത്തന്നെ ആകേണ്ടതാണ്. അതിലൊരു തർക്കവുമില്ല.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ ഒരു കാര്യം പറഞ്ഞോട്ടെ.

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ പറഞ്ഞ് തീർന്നിട്ട് പറയാം. എന്റെ സംസാരത്തിന്റെ ഫ്ലോ പോകും. ഞാൻ പറയുന്നത് പൂർണ്ണമായും പറഞ്ഞുവരട്ടെ. രണ്ടാമത്തെ പ്രധാനപ്പെട്ട കാര്യം എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്, ഞാൻ നിങ്ങളോട് ചോദിക്കുകയാണ്. ഞാനൊരു ആശങ്ക നിങ്ങളെക്കുറിച്ച് പറഞ്ഞത്, നിങ്ങൾ ഓരോരുത്തരും കത്തോലിക്ക സഭയെക്കുറിച്ച് വേവലാതിപ്പെട്ടു. ഓർത്തഡോക്സ്, യാക്കോബായ വിഭാഗം ഒഴികെയുള്ള എല്ലാ ക്രിസ്തീയ വിഭാഗത്തെക്കുറിച്ചുമുള്ള ആശങ്കകൾ നിങ്ങൾ പറഞ്ഞു. പക്ഷെ നിങ്ങൾ പറയാത്തൊരു കാര്യമുണ്ട്. അതായത്, ഇവിടെ 'ഇടവക അംഗം' എന്ന പരാമർശവും 'പൂർവ്വികരെ ഈ ഇടവകയിൽ അടക്കം ചെയ്തിട്ടുള്ള....' എന്നീ രണ്ട് ക്രൈറ്റീരിയകളാണ് ഒരാളുടെ ഡെഡ്ബോഡി സംസ്കരിക്കുന്നതിനുവേണ്ടി അയാൾക്ക് അല്ലെങ്കിൽ മരിച്ചയാളുടെ അനന്തരാവകാശികൾക്ക് അവകാശപ്പെടാനുള്ള ക്രൈറ്റീരിയ. അത്രയും പറഞ്ഞാൽ മതിയോ; പോരെന്നാണ് ഞാൻ പറയുന്നത്. യഥാർത്ഥത്തിൽ, ഈ പറയുന്ന

പൂർവ്വികർ/ഇദ്ദേഹത്തിന്റെ പൂർവ്വികർ, അതല്ലെങ്കിൽ ഇദ്ദേഹത്തിന്റെ പൂർവ്വികരെ അടക്കം ചെയ്ത സെമിത്തേരി, ആ സെമിത്തേരി ഉൾക്കൊള്ളുന്ന ഇടവകയിൽ മൃതദേഹം സംസ്കരിക്കണമെന്ന് പറഞ്ഞ് വരുമ്പോൾ അവകാശപ്പെടുന്ന ആളുടെ മൃതദേഹം തന്നെയാണോ എന്നുള്ളതിന് എന്താണ് വ്യക്തത; തർക്കമുള്ളതുകൊണ്ടല്ലേ ഈ പ്രശ്നം ഉണ്ടാകുന്നത്. അപ്പോൾ യഥാർത്ഥത്തിൽ ഈ നിയമത്തിനകത്തോ അല്ലെങ്കിൽ ചട്ടം രൂപീകരിക്കുമ്പോഴോ മൃതദേഹവുമായി വരുന്നവർ ആരായിരുന്നാലും അവർ അവകാശപ്പെടുന്നതുപോലെ ഈ ഇടവകയിലെ പൂർവ്വ അംഗമോ, ഈ ഇടവകയിലെ സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ട തന്റെ പൂർവ്വികരോ ആയിട്ടുള്ള ആളുകളുള്ളതുകൊണ്ടാണ് ഇദ്ദേഹത്തിന്റെ മൃതദേഹം ഇവിടെ സംസ്കരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നതെന്ന് പറയുമ്പോൾ ഈ പറയപ്പെടുന്ന ആളുടെ മൃതദേഹമാണ് എന്നുള്ളതിന് ഒരു സാക്ഷ്യപ്പെടുത്തൽ വേണ്ടേ; യഥാർത്ഥത്തിൽ അങ്ങനെ വേണമെന്നാണ് എന്റെ അഭിപ്രായം. ബിൽ വരുമ്പോൾ ഇങ്ങനെയുള്ള കാര്യങ്ങൾ പറഞ്ഞ് കുറച്ചുകൂടി വ്യക്തതയും കൃത്യതയും ഉണ്ടാക്കി, ആർക്കാണ് ഇതിന്റെ പ്രയോജനം സിദ്ധിക്കേണ്ടതെന്ന് മനസ്സിലാക്കി അതിനുതകുന്ന വിധത്തിൽ കാര്യങ്ങൾ പറയുന്നതിന് പകരം,

ഒരാവശ്യവുമില്ലാതെ ഈ സർക്കാർ കേരളത്തിലെ മുഴുവൻ ക്രിസ്തീയ സഭകളെയും ആകെ അങ്കലാപ്പിലാക്കിയിരിക്കുകയാണ്, ഇത് വലിയ അപകടമാണ് സൃഷ്ടിക്കാൻ പോകുന്നത് എന്നൊക്കെ നിങ്ങൾ പറയേണ്ട ആവശ്യമെന്താണ്; അതിന്റെ ഒരു കാര്യവുമില്ല. ഒന്നാമത്, വ്യക്തതയുണ്ടാകണം. രണ്ടാമത്തെ കാര്യമെന്താണ്; ഒരു ഡെഡ്ബോഡിയുമായി വരുമ്പോൾ അതൊരു നാച്വറൽ ഡെത്താണോ അല്ലയോ എന്നുള്ളത് സ്വാഭാവികമായും തർക്കമുള്ള വിഷയമല്ലേ; സെമിത്തേരിയും സെമിത്തേരിയുടെ ചുമതലക്കാരായ പ്രീസ്റ്റ് അല്ലെങ്കിൽ വികാർ, അതുസംബന്ധിച്ചുള്ള തർക്കത്തെക്കുറിച്ച് ഞാൻ പിന്നീട് പറയാം, ആ ഇടവകയുടെ ചുമതലക്കാരായ ആളുകളോട് ഈ ബോഡി ഇവിടെ സംസ്കരിക്കണമെന്ന് പറയുന്നു. തർക്കമുള്ള കേസായതുകൊണ്ട് ആ ബോഡി വന്നുനോക്കാൻ ആ ഇടവക വികാരിയോ അതല്ലെങ്കിൽ അവിടത്തെ പ്രീസ്റ്റോ മറ്റാരെങ്കിലുമോ തയ്യാറാകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. അത്രയും സ്നേഹമുണ്ടെങ്കിൽ ഈ തർക്കമില്ലല്ലോ. ആ ഭാഗത്തേയ്ക്ക് തിരിഞ്ഞുനോക്കില്ല. അപ്പോൾ സംഭവിക്കാൻ പോകുന്നതെന്താണ്; ഇതൊരു സ്വാഭാവിക മരണമല്ലാത്ത, മറ്റേതെങ്കിലും തരത്തിൽ പിന്നീട് കേസ്സോ മറ്റും ആകാവുന്ന

ആത്മഹത്യയോ കൊലപാതകമോ ആണെന്നിരിക്കട്ടെ, സംഭവിക്കാൻ പോകുന്ന ബുദ്ധിമുട്ട് എന്തായിരിക്കും; അവിടെ സംസ്കരിച്ചതിനുശേഷം പിന്നീട് ആ ബോഡിയെ സംസ്കരിച്ച സെമിത്തേരിയും സെമിത്തേരിയുമായി ബന്ധപ്പെട്ട ഇടവകയും ഇടവകയുമായി ബന്ധപ്പെട്ട പുരോഹിതന്മാരും സ്വാഭാവികമായും കോടതി കയറണം. അത് അല്ലാത്ത ഒരു സെമിത്തേരിയിലാണെങ്കിലും വേണം. പക്ഷെ ഇങ്ങനെയൊരു സംഭവമുണ്ടായാൽ ഒരു കൂട്ടർ പോലീസ് സ്റ്റേഷനിലും കോടതിയിലും പോകാൻ നിയമംമൂലം നിർബന്ധിതമാകുന്നു. അത്തരം സാഹചര്യവും ഒഴിവാക്കപ്പെടണം. അതിന് എന്തുവേണം; ഏറ്റവും ചുരുങ്ങിയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധികൃതരിൽനിന്നും ഇതുമായി ബന്ധപ്പെട്ട് ലഭിച്ച രേഖകളോ അതല്ലെങ്കിൽ മെഡിക്കൽ റിപ്പോർട്ടോ സമർപ്പിക്കാൻ തയ്യാറാകണം. മൂന്നാമത്തെ വിഷയമെന്താണ്; ഈ രണ്ട് കാര്യങ്ങൾ കഴിഞ്ഞാൽ ബോഡി സംസ്കരിക്കണമെന്ന് പറഞ്ഞുവരുന്ന ആളുകളും ഈ ബോഡിയുമായുള്ള ബന്ധമെന്താണ്; ഇത് ആർക്കാണ് മനസ്സിലാകുക. തീർച്ചയായും അതുസംബന്ധിച്ചും വ്യക്തതയുണ്ടാകണം. ഇടവക അംഗവും, പൂർവ്വികർ അവിടെ അടക്കം ചെയ്യപ്പെട്ടിട്ടുണ്ട് എന്നീ രണ്ട് ക്രൈറ്റീരിയകൾ അടിസ്ഥാനപ്പെടുത്തി ഒരു മൃതദേഹം സംസ്കരിക്കണമെന്ന്

നിയമംമൂലം നമ്മൾ അനുശാസിക്കുമ്പോൾ സ്വാഭാവികമായും അനുബന്ധമായി വരാവുന്ന ചില നിയമപ്രശ്നങ്ങളുണ്ട്. അതിന് ഈ നിയമത്തിന്റെ ഭാഗമായിത്തന്നെ വ്യക്തത വരുത്തുകയോ നിയമത്തിന് ചട്ടം നിർമ്മിക്കുമ്പോൾ അതുകൂടി ഉൾപ്പെടുത്തി ചട്ടം നിർമ്മിക്കുകയോ ചെയ്യണം എന്നുള്ളതാണ് അതുസംബന്ധിച്ച് പറയാനുള്ളത്.

ശ്രീമതി വീണാ ജോർജ്ജ്: സർ, മൃതദേഹ സംസ്കരണ ബില്ലുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ ഉയർന്ന ആശങ്കകൾ രണ്ടുമൂന്ന് ഘടകങ്ങളുമായി ബന്ധപ്പെട്ടാണ്. അതിൽ അങ്ങ് പറഞ്ഞതുപോലെ ഇത് ആരെ അടക്കം ചെയ്യുന്നു എന്നത് സംബന്ധിച്ചാണ്. അതിൽ ഇടവകാംഗം എന്ന് പറയുമ്പോൾ, ഈ ബില്ലിൽ പറയുന്നത് ഒരു കുടുംബത്തിലെ, പാരിഷിലുള്ള ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും എന്നാണ്. ഒരു കുടുംബത്തിൽ പല വിശ്വാസങ്ങളിലുള്ളവർ ഉണ്ടാകാം. അപ്പോൾ ഇടവകാംഗം എന്നുള്ളതിന് ഒരു നിർവ്വചനം ആവശ്യമായിട്ടുണ്ട്. അത് പിന്നീട് വരുന്ന വിശദീകരണത്തിൽ ഒന്നുകൂടി വ്യക്തമാക്കേണ്ടതുണ്ടെന്ന് അങ്ങ് ചിന്തിക്കുന്നുണ്ടോ; അതുപോലെത്തന്നെ വികാർ. ബറിയലിനുള്ള റിച്വൽസ് നടത്തുന്ന ആൾ വികാർ ആകണമെന്നില്ല. എല്ലാ പുരോഹിതരും വികാർ അല്ല.

അപ്പോൾ അതുസംബന്ധിച്ച നിർവ്വചനത്തിലും വ്യക്തതയുണ്ടാകേണ്ടതുണ്ട്. ഇങ്ങനെയുള്ള രണ്ടുമൂന്ന് ഘടകങ്ങൾ ശ്രദ്ധിക്കേണ്ടതായുണ്ടെന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. ജെയിംസ് മാത്യു: സർ, എന്റെ ഫ്ലോ ഒന്നുകൂടി ശക്തിപ്പെടുത്തുന്നത് ആയതുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം വീണാ ജോർജ്ജിന് ഞാൻ വഴങ്ങിയത്. ശ്രീ. എം. ഉമ്മർ, അങ്ങേയ്ക്ക് ഇതുകഴിഞ്ഞ് ഞാൻ വഴങ്ങാം. ബഹുമാനപ്പെട്ട അംഗം ശ്രീമതി വീണാ ജോർജ്ജ് പറഞ്ഞത് നൂറ് ശതമാനം ശരിയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനപ്പുറമുള്ള ചില പ്രശ്നങ്ങളുമുണ്ട്. ഉദാഹരണത്തിന്, ഞാൻ ആ ഇടവകയിലെ പഴയ അംഗമായിരുന്നു, എന്റെ പൂർവ്വികരെ ആ ഇടവക സെമിത്തേരിയിൽ അടക്കം ചെയ്തിട്ടുണ്ട്, ഞാനിപ്പോൾ മറ്റൊരു മതവിശ്വാസവുമായി ബന്ധപ്പെട്ടാണ് ജീവിതം നയിച്ചുകൊണ്ടിരിക്കുന്നത്, ഞാൻ മരിച്ചു, പക്ഷെ എന്റെ കുടുംബാംഗങ്ങൾക്ക് ഞാൻ സ്വീകരിച്ച പുതിയ മതവിശ്വാസത്തോട് എതിർപ്പുണ്ടായിരുന്നു. ആ എതിർപ്പ് അവർ എന്നോട് പ്രകടിപ്പിച്ചിരുന്നു. ഞാൻ ജീവിച്ചിരുന്ന കാലം മുഴുവനും എന്നോട് ആ എതിർപ്പ് പ്രകടിപ്പിച്ചു. പക്ഷെ ഞാൻ മരിച്ചപ്പോൾ അവർ എന്തുചെയ്തു; ഞാൻ ഇപ്പോൾ വച്ചുപുലർത്തുന്ന മതവിശ്വാസത്തിന്റെ

ഭാഗമായി ഞാൻ സംസ്കരിക്കപ്പെടണമെന്ന് ആഗ്രഹിച്ചതുപോലെ എന്നെ സംസ്കരിക്കാൻ തയ്യാറാകാതെയിരിക്കുകയും ഞാൻ ആ ഇടവകയിലെ പഴയ അംഗവും ആ ഇടവകയിൽ ഇപ്പോൾ എന്റെ ബന്ധുക്കളെല്ലാം അംഗങ്ങളായിരിക്കുകയും എന്റെ പൂർവ്വികരെ അവിടെ അടക്കം ചെയ്തിരിക്കുകയും ചെയ്തു എന്ന കാര്യം അടിസ്ഥാനപ്പെടുത്തിക്കൊണ്ട് എന്നെ അവിടെ അടക്കം ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്. അപ്പോൾ സ്വാഭാവികമായും ഈ നിയമംമൂലം അങ്ങനെയൊരു സാഹചര്യം വന്നാൽ അതുപോലും ഒഴിവാക്കപ്പെടണം. അവ്യക്തത ഉണ്ടാക്കുന്ന പ്രശ്നമാണ്. ഞാൻ ഫ്ലോ പോകുമെന്ന് പറഞ്ഞത് വെറുതേയൊന്നുമല്ല. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട വീണാ ജോർജ്ജ് എം.എൽ.എ. പറഞ്ഞപ്പോഴാണ് എനിക്ക് ഈ കാര്യംകൂടി ഓർമ്മ വന്നത്. ശ്രീ. എം. ഉമ്മർ സാഹിബിന് വഴങ്ങിയാൽ ഞാൻ ആലോചിച്ച് വച്ചതുംകൂടി മറന്നുപോകും എന്നുള്ളതുകൊണ്ടാണ് വഴങ്ങാത്തത്. ഞാൻ ഇത് തീരുമ്പോൾ പറയാം.

തീർച്ചയായും ഒരു വിശ്വാസം മാറിയാൽ ആ സഭ മാത്രമല്ല, ആ മത വിശ്വാസംതന്നെ മാറിയാലും ഇപ്പോൾ പറഞ്ഞതുപോലെ ചിലപ്പോൾ സംഭവിക്കും; പൂർവ്വികരെ അടക്കം ചെയ്തിട്ടുണ്ട് എന്ന് പറഞ്ഞുകൊണ്ട് വരും.

മറ്റൊന്ന്, ഇടവക അംഗം എന്നുള്ള വ്യവച്ഛേദനമാണ്. അതിൽ വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമുണ്ട്. ഒരു പള്ളിയുടെ ഇടവകാംഗത്തെ എപ്പോൾ വേണമെങ്കിലും ജനറൽബോഡി യോഗം ചേർന്ന് അംഗമല്ലാതാക്കാൻ, ഇടവക രജിസ്റ്റർ വച്ച് ഇന്നുമുതൽ ഇന്ന കാരണംകൊണ്ട് ഇദ്ദേഹത്തെ ഇടവക അംഗമല്ലാതാക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്ന് പറയാം. അങ്ങനെ പറഞ്ഞാൽ എന്ത് സംഭവിക്കും. സ്വാഭാവികമായും അക്കാര്യത്തിലും ഒരു വ്യക്തത വേണം. ഏറ്റവും ചുരുങ്ങിയപക്ഷം സുപ്രീം കോടതി വിധി വന്ന 2017-നെ ഒരടിസ്ഥാനവർഷമായി കണക്കാക്കി അന്ന് ഏതേത് ഇടവകകളിൽ ആരൊക്കെ അംഗങ്ങളായിരുന്നോ അവർ സഭാ വിശ്വാസം തുടരുകയും അവരുടെ പൂർവ്വികർ സെമിത്തേരിയിൽ അടക്കം ചെയ്യപ്പെട്ടിരിക്കുന്നവരാകുകയും ചെയ്യുന്ന പക്ഷം...... രണ്ടാമത്തെ കാര്യം, ഓർത്തോഡക്സാണോ യാക്കോബായയാണോ എന്നുള്ളത്. അത് കണക്കിലെടുക്കാതെ അവിടെ സംസ്കരിക്കുന്നതിനുവേണ്ടി അവർക്ക് അവകാശമുണ്ടെന്നാണ് നിയമംമൂലം അനുശാസിക്കപ്പെടേണ്ടത്. ആ അവകാശം പരിരക്ഷിക്കപ്പെടുമ്പോൾ ഞാൻ പ്രകടിപ്പിച്ച മൂന്ന് ആശങ്കകളും

പരിഹരിക്കപ്പെടണം. നാലാമതായി, ഒരു മൃതദേഹത്തിന്റെ സംസ്കാരം നടത്തുന്നതിന് ഇടവകയുടെ അനുവാദമോ വികാരിയുടെ അനുവാദമോ വേണ്ടതില്ല, അവർ ശുശ്രൂഷ ചെയ്യാൻ തയ്യാറല്ലെങ്കിൽ അതും വേണ്ടതില്ല. പക്ഷെ അവരെ മുൻകൂട്ടി അറിയിക്കണം, അറിയിക്കണമെന്ന് നിയമംമൂലം അനുശാസിക്കണം. അറിയിക്കുന്നില്ലെങ്കിലോ; ഏത് നേരത്തും ഒരു മൃതദേഹവുമായി ചെന്നുകഴിഞ്ഞാൽ സെമിത്തേരി തുറന്നുകൊടുത്ത് മൃതദേഹം സംസ്കരിക്കണമെന്ന് പറഞ്ഞാൽ അത് പ്രായോഗികമല്ല. അതിലുള്ള അവ്യക്തതയും പരിഹരിക്കണം. അത് എങ്ങനെ പരിഹരിക്കണം; മരണം സംഭവിച്ചാൽ ഏറ്റവും ചുരുങ്ങിയത് സംസ്കരിക്കണമെന്ന് തീരുമാനിക്കുന്നതിന്റെ ഇത്രമണിക്കൂർ മുമ്പ് ആ ഇടവകയുടെ സെമിത്തേരിയുടെ കസ്റ്റോഡിയനായ പ്രീസ്റ്റ് എന്നോ വികാരിയെന്നോ ആരെയാണോ വ്യവച്ഛേദിക്കുന്നത് അവരെ അറിയിക്കണം. അക്കാര്യം അറിയിച്ചതിനുശേഷം മൃതദേഹവുമായി വരുമ്പോൾ ഈ പറഞ്ഞ കാര്യങ്ങളിൽ വ്യക്തത ഉണ്ടാകത്തക്കവണ്ണം കാര്യങ്ങൾ അധികാരികളെ ബോധ്യപ്പെടുത്തുകയും ചെയ്യണം. ഇത്തരത്തിലുള്ള നിയമനിർമ്മാണം നടത്തുമ്പോൾ അനിവാര്യമായി വന്നേയ്ക്കാവുന്ന ആശങ്കകൾ ഒഴിവാക്കാൻ സാധിക്കുന്ന പ്രായോഗിക

നിർദ്ദേശങ്ങൾ ചർച്ചയുടെ ഭാഗമായി ഉയർന്നുവരുന്നതിന് ഒരു സർക്കാരുകളും അവഗണിക്കുന്നില്ലെന്ന് മാത്രമല്ല അത് സ്വാഗതം ചെയ്യുകയും ചെയ്യും. ഞാനിവിടെ പറയുന്നതെല്ലാം ഭേദഗതി ചെയ്യപ്പെട്ട് നിയമമായി വരുമെന്നാണോ നിങ്ങൾ വിചാരിക്കുന്നത്; അല്ല. അത് ഗവൺമെന്റിന്റെ തീരുമാനമാണ്. പൊതുസമൂഹത്തിനകത്ത് പ്രത്യേകിച്ച് ക്രിസ്തീയ സഭകൾക്കിടയിൽ ക്രിസ്തീയ മതവിശ്വാസികൾക്കിടയിൽ ഉയർന്നുവരുന്ന ആശങ്കകൾക്ക് അടിസ്ഥാനമെന്താണ്; അത് കൃത്യമായും ഈ ഗവൺമെന്റിനെ ബോധ്യപ്പെടുത്താൻ ഒരു അംഗമെന്ന നിലയ്ക്ക്, ഈ ബിൽ നിയമമാകുന്ന ഘട്ടത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ ഈ സഭയും സഭാതലവും ചർച്ചയും ഉപകരിക്കണമെന്ന ഉത്തമവിശ്വാസത്തോട്ടുകൂടിയാണ് ഞാൻ ഇക്കാര്യങ്ങൾ ഇവിടെ പറയുന്നത്. നിങ്ങൾ പറഞ്ഞതല്ലേ ഞാനും പറയുന്നതെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്. പക്ഷെ നിങ്ങൾ പറയുന്ന ഉദ്ദേശത്തിലല്ല ഞാൻ പറയുന്നത്. അതിലാണ് വ്യത്യാസം. അതായത് നമ്മൾ പറയുന്ന കാര്യങ്ങളൊക്കെ ശരിയാണ്. നിങ്ങളിൽ എത്രപേർ ആർക്കൊക്കെ വേണ്ടി പറഞ്ഞുവെന്ന് നാളെ പത്രങ്ങളിലും ചാനലുകളിലും സോഷ്യൽ മീഡിയായിലും വരികയാണ്. അതാണ് പ്രശ്നം; എന്തിനാണ് അങ്ങനെ

പറയേണ്ട ആവശ്യം; ഞാനിപ്പോൾ ഒരു തവണയല്ലേ സംസാരിക്കുന്നുള്ളൂ. ഓരോ തവണയും പറഞ്ഞ് ആശയക്കുഴപ്പവും ആശങ്കയും ഉണ്ടാക്കേണ്ട കാര്യമില്ലെന്നാണ് ഞാൻ പറയുന്നത്.....

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീക്കർ : എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അത് പ്രശ്നമായിട്ട് ഉന്നയിക്കുന്നതല്ല; അങ്ങ് അക്കാര്യം പിൻവലിക്കണം. കാരണം ഇവിടെ അംഗങ്ങൾ സംസാരിച്ചത് എന്തുകൊണ്ടാണ്; ഇതിനകത്ത് നല്ല ക്ലാരിറ്റിയോടുകൂടി കൃത്യമായി നമ്മുടെ പർപ്പസ് അറിയുന്ന തരത്തിൽ ഒരു നിയമമുണ്ടാകണമെന്ന് ഞാൻ വളരെ വ്യക്തമായി പറഞ്ഞല്ലോ; ഇപ്പോൾ ഡ്രാഫ്റ്റ് ചെയ്തിരിക്കുന്ന ബില്ലിൽ എന്തെല്ലാം കുറവുകളുണ്ട്, പ്രശ്നങ്ങളുണ്ടെന്നുള്ളത് നമ്മുടെ ഓരോരുത്തരുടെയും കാഴ്ചപ്പാടിൽ നിന്നാണ് നിർദ്ദേശിച്ചത്. നാളെ പത്രങ്ങളിലോ സോഷ്യൽ മീഡിയായിലോ നമ്മൾ ഏതെങ്കിലും ഒരു സമുദായത്തിനുവേണ്ടി സംസാരിച്ചെന്ന് വരുത്തി തീർക്കാൻ വേണ്ടിയാണോ; ഓരോരുത്തരുടെ കാഴ്ചപ്പാടിലാണ് ഇതിൽ കണ്ട പ്രശ്നങ്ങൾ ഉന്നയിച്ചത്. ഞങ്ങൾ എല്ലാവരും പറഞ്ഞതിനേക്കാൾ കൂടുതൽ അങ്ങ് പറഞ്ഞു.

അതിൽ പ്രായോഗികവും അപ്രായോഗികവുമാ നിർദ്ദേശങ്ങളും ഉണ്ടായിരുന്നു. എന്തായാലും നമുക്കൊരു കൺക്ലൂഷനിൽ എത്താം. ഇപ്പോൾ സഭയിൽ കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ ഒട്ടും പ്രായോഗികമല്ല. ഇത് പർപ്പസായ ഒരു ബില്ലല്ല. ഈ ബിൽ പൊളിച്ച് എഴുതേണ്ടതാണ്. അതുകൊണ്ട് ഒരു വാർത്താപ്രാധാന്യത്തിനുവേണ്ടിയോ ഏതെങ്കിലുമൊരു സമുദായത്തെ പ്രീണിപ്പിക്കുന്നതിന് വേണ്ടിയോ പ്രതിപക്ഷാംഗങ്ങൾ സംസാരിച്ചു എന്ന് പറഞ്ഞത് അങ്ങ് പിൻവലിക്കണം.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ആ പറഞ്ഞ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. വേറൊന്നും കൊണ്ടല്ല, അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഞാൻ ശ്രദ്ധിച്ചു. മറ്റൊരു രീതിയിലല്ല അദ്ദേഹം സംസാരിച്ചത്. ചില ആളുകളെങ്കിലും ഒരു അർത്ഥവുമില്ലാതെ പറഞ്ഞത് തന്നെ വീണ്ടും വീണ്ടും ആവർത്തിക്കുന്നു. നമ്മുടെ സഭയിൽ ഇത്രയും ലൈവായി ആക്ടീവായി ഒരു ബില്ലിനെക്കുറിച്ചുള്ള ചർച്ച, എന്റെ എട്ട് വർഷത്തെ അനുഭവത്തിൽ ഇതിന് മുമ്പ് ഇങ്ങനെ ഉണ്ടായിട്ടില്ല. ഒരു സമൂഹത്തെ മൊത്തത്തിൽ ബാധിക്കുന്ന കാര്യമായതുകൊണ്ട് സ്വാഭാവികമായും വസ്തുതാപരമായും ന്യായമായും ഉണ്ടാകാനിടയുണ്ട്. ബോധപൂർവ്വം ആശയകുഴപ്പങ്ങൾ സൃഷ്ടിച്ച്

അവ്യക്തതയുണ്ടാക്കി ഒരു വിഭാഗത്തെയാകെ ഭീതിയിലാക്കുന്നതായി വരുത്തി തീർക്കാൻ ചിലരൊക്കെ ശ്രമിക്കുന്നതായാണ് എനിക്ക് തോന്നുന്നത്. അതിനോടാണ് ഞാൻ വിയോജിച്ചത് പ്രകടിപ്പിച്ചത് അതല്ലാതെ...

ശ്രീ. എം. ഉമ്മർ: സർ, ഈ ചർച്ച മുഴുവൻ കേട്ടിട്ടും ഇതുവരെ ഒരാളോടും ഇതിനെക്കുറിച്ച് ചോദിക്കുകയോ ഇടപെട്ട് സംസാരിക്കുകയോ ചെയ്തിട്ടില്ല. ആദ്യമായിട്ടാണ് അങ്ങയോട് ചോദിക്കുന്നത്; ഈ ബില്ലിൽ അനാവശ്യമായി, പ്രത്യേകിച്ച് ഒരു വലിയ സമുദായത്തിന്റെ ഇടയിൽ ആശങ്കയുണ്ടാകുന്ന കാര്യത്തിൽ എന്തെങ്കിലും അഭിപ്രായം പറഞ്ഞ് ബുദ്ധിമുട്ട് ഉണ്ടാക്കേണ്ടയെന്ന കരുതി ബോധപൂർവ്വം ഇടപെടാതിരുന്നതാണ്. എന്നാൽ ഇപ്പോൾ ഇടപെടുന്നത് ബോധപൂർവ്വമാണ്. അങ്ങ് വളരെ പോസിറ്റീവായി ശീർഷകം, ദീർഘ ശീർഷകം, ആമുഖം എന്നിവയിൽ മാറ്റം വരുത്താമെന്ന് പറഞ്ഞു. പക്ഷെ, ഇതൊക്കെ കേട്ടിട്ട് ബഹുമാനപ്പെട്ട മന്ത്രി ഇതെല്ലാം ചെയ്യാമെന്ന് പറഞ്ഞിരുന്നെങ്കിൽ അതോടെ പ്രശ്നം തീർന്നു. ബഹുമാനപ്പെട്ട മന്ത്രി ഇതെല്ലാം കേട്ടിട്ട് മിണ്ടാതിരിക്കുന്നതുകൊണ്ടാണ് ഇവിടെയുള്ള ഒരു വലിയ സമുദായത്തിന്റെ ആശങ്കകൾ കൃത്യമായി പങ്ക് വയ്ക്കുന്നത്. അല്ലാതെ തമാശയ്ക്ക് വേണ്ടി ആരും ഒന്നും പറഞ്ഞിട്ടില്ല. അങ്ങ് പറഞ്ഞില്ലേ എട്ട് വർഷത്തിനുള്ളിൽ

ഇത്രയും വലിയ ആശങ്ക ഉണ്ടായിട്ടില്ലെന്ന്. അതുകൊണ്ട് എല്ലാം സമഗ്രമാക്കി, കുറ്റമറ്റതാക്കി ഈ ബിൽ സെലക്ട് കമ്മറ്റിക്ക് വിടുന്നതിനോട് അങ്ങയുടെ അഭിപ്രായമെന്താണെന്ന് അറിഞ്ഞാൽ കൊള്ളാമായരുന്നു.

ശ്രീ. ജെയിംസ് മാത്യു: സർ, ഗവൺമെന്റിന്റെ പരിഗണനയ്ക്കുവേണ്ടി ഒരംഗമെന്ന നിലയിൽ ഞാൻ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയാണ്. തീർച്ചയായും ഗവൺമെന്റാണ് ഇക്കാര്യത്തിൽ അന്തിമമായൊരു തീരുമാനം കൈക്കൊള്ളേണ്ടത്. എല്ലാ പാർട്ടിയിൽപ്പെട്ട അംഗങ്ങൾക്കും പ്രാതിനിധ്യമുള്ള സബ്ജക്ട് കമ്മറ്റിക്ക് ഈ ബിൽ വിട്ട്, സഭാതലത്തിൽ ഉയർന്നുവന്ന വികാരം, ആശങ്ക, അവ്യക്തത ഇവയെല്ലാം പരിഹരിക്കണമെന്നാണ് എന്റെ അഭിപ്രായം. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ഉചിതമായ തീരുമാനമെടുക്കുമെന്നുള്ള ഉത്തമ വിശ്വാസമാണ് എനിക്കുള്ളത്.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാനും ഇടപെട്ട് സംസാരിച്ച ആളാണ്. ക്ലോസ് മൂന്നിനകത്തുള്ള പോരായ്മ മാത്രമേ പറഞ്ഞിട്ടുള്ളൂ. ഞാൻ ഒറ്റ പ്രാവശ്യമേ സംസാരിച്ചിട്ടുള്ളൂ. ഈ ബില്ലിൽ മാത്രമാണ് താല്പര്യം പ്രകടിപ്പിച്ചതെന്ന് പറയുന്നത് ശരിയല്ല. കാരണം പഞ്ചായത്ത് രാജ് നിയമത്തിൽ ഞങ്ങൾ അഞ്ച്-ആറുപേർ ക്രമപ്രശ്നം ഉന്നയിച്ച് ആ നിയമത്തെതന്നെ എതിർത്തിരുന്നു.

ഈ നിയമത്തിൽ ചില ഭേദഗതികൾ, ഫലപ്രദമായ നിർദ്ദേശങ്ങൾ, പോരായ്മകൾ, ഡ്രാഫ്റ്റിംഗിലുള്ള ചില പിശകുകൾ എന്നിവ ചൂണ്ടിക്കാണിക്കുകയാണ് ചെയ്തത്. പഞ്ചായത്ത് രാജ് നിയമത്തെ നിരാകരിക്കണമെന്ന നിലയിലും അതിന്റെ റൂൾസിലെ വയലേഷൻസ് ഉൾപ്പെടെയുള്ള ലീഗൽ ഒബ്ജക്ഷനുകളാണ് ഞങ്ങൾ ശക്തമായി ഉന്നയിച്ചത്. ഉന്നയിച്ചിട്ടില്ല എന്നുള്ള വാദം ശരിയല്ല. ഇക്കാര്യത്തിൽ ഞങ്ങളുടെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യരുതെന്നാണ് അങ്ങയോട് പറയാനുള്ളത്

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഒരു ബില്ലിൽ അക്ഷരത്തെറ്റ് ചൂണ്ടിക്കാണിച്ചാൽപോലും തിരുത്തപ്പെടാൻ കഴിയാത്ത സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. അതുകൊണ്ട് ബില്ലിന്റെ നാമം, ആമുഖം എന്നിവയടക്കം എല്ലാം മാറ്റാമെന്നുള്ള അഭിപ്രായമുണ്ടെങ്കിൽ, അത്രമാത്രം സമഗ്രമായൊരു പൊളിച്ചെഴുത്തിന്റെ ആവശ്യമുണ്ടെങ്കിൽ ഒന്നുകിൽ ബിൽ പിൻവലിക്കുകയോ, സെലക്ട് കമ്മറ്റിക്ക് വിട്ട് കുറ്റമറ്റ രീതിയിൽ വീണ്ടും സഭയിൽ കൊണ്ടുവരണമെന്നുള്ള അഭിപ്രായത്തോട് അങ്ങ് യോജിക്കുമോ;

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, മാറ്റാം എന്നുള്ളത് ഞാനല്ലല്ലോ പറയേണ്ടത്; എന്റെ അഭിപ്രായമാണ് ഞാൻ പറഞ്ഞത്. ഗവൺമെന്റിന്റെ

ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി, ബഹുമാന്യനായ സണ്ണി ജോസഫ് എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഞാൻ ആരെയും വ്യക്തിപരമായി ഉദ്ദേശിച്ചല്ല, എന്നെ അത് പറയാൻ പ്രേരിപ്പിച്ച സാഹചര്യം ഞാൻ പറയാം. ഈ അഭിപ്രായം പറയാൻ ആരംഭിച്ച ആദ്യത്തെ അഞ്ച് മിനിറ്റിനകം നിങ്ങളിൽ അവിടെ ഇരിക്കുന്ന ആളുകളെല്ലാം എന്നെ പരിഹസിക്കുന്ന രീതിയിൽ പ്രതികരിച്ചു. ആ പരിഹസിക്കുന്ന രീതിയിൽ പ്രതികരിക്കാൻ നിങ്ങളെ പ്രേരിപ്പിച്ച വികാരം എന്താണ്; ഞാൻ ഈ ചർച്ച അവസാനിപ്പിക്കുകയാണ്. ഇനി ഞാൻ ആർക്കും വഴങ്ങുന്നില്ല. ഇക്കാര്യത്തിൽ ഈ സഭയ്ക്കകത്ത് പ്രതിപക്ഷാംഗങ്ങളെക്കുറിച്ച് പറഞ്ഞ പരമാർശത്തിൽ അംഗങ്ങൾക്ക് വിഷമം തോന്നിയിട്ടുണ്ടെങ്കിൽ ഞാൻ എന്റെ പരമാർശം പിൻവലിക്കുകയാണ്. അത്രയും ചെയ്താൽ മതിയല്ലോ; തീർച്ചയായും ഇക്കാര്യത്തിൽ എന്റെ അഭിപ്രായങ്ങളെല്ലാം രേഖപ്പെടുത്തിക്കൊണ്ട് ഇത് സെലക്ട് കമ്മറ്റിക്ക് വിട്ട് പരിഗണിക്കുന്നതാണ് ഉചിതമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ:) സർ, ഫലപ്രദമായ ഈ ചർച്ചയിൽ പങ്കെടുത്തത് ആറുപേരാണ്. രണ്ടുപേരാണ് വിയോജിപ്പ് രേഖപ്പെടുത്തിയത്. ബഹുമാനപ്പെട്ട സണ്ണി ജോസഫ് സംസാരിച്ചപ്പോൾ, ആകെയുള്ള വ്യത്യാസം ക്ലോസ് 3-ൽ മാത്രമാണെന്ന് സൂചിപ്പിച്ചു. അതുകൊണ്ട് അത്രവലിയ സങ്കീർണ്ണതയുള്ളൊരു ബില്ലാണിതെന്ന് തോന്നുന്നില്ല. പൊതുവിൽ ബില്ലിന്റെ ഉള്ളടക്കത്തെയും ഇന്റൻഷനെയും സംബന്ധിച്ച് ഭരണപ്രതിപക്ഷ ഭേദമെന്യേ എല്ലാപേരും യോജിക്കുകയാണ്. ഈ ബില്ലിന്റെ ഉള്ളടക്കത്തോടും ആശയത്തോടും ഇന്റൻഷനോടും വിയോജിപ്പില്ല. എന്നാൽ പ്രാവർത്തികമാക്കുമ്പോഴുണ്ടാകുന്ന ചില പ്രായോഗിക പ്രശ്നങ്ങളും വ്യക്തത വരുത്തേണ്ട ചില കാര്യങ്ങളും ഈ ബില്ലിലില്ലെന്നാണ് പൊതുവിൽ സൂചിപ്പിച്ചത്. ഞാൻ പറഞ്ഞ രൂപത്തിൽ തന്നെയാണ് Kerala Catholic Bishops' Council ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും എനിക്കും നൽകിയിട്ടുള്ള കത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. അവർ അതിൽ ആദ്യംതന്നെ പറഞ്ഞിട്ടുള്ളത്, 'We appreciate your genuine affairs to find a solution to

the issue of the burial of dead bodies of persons belonging to Jacobite Syrian Church. However we would like to bring to your kind attention the fact that the lack of clarity in some of the terminologies used in the ordinance may create a confusion and conflict with the existing rules and practices in the Catholic Church in conformity with the laws of the State' എന്നാണ്. ഉള്ളടക്കത്തോടും ഈ ഗവൺമെന്റിന്റെ ഇടപെടലിനോടും കാത്തലിക് ചർച്ചും യോജിപ്പാണ് സൂചിപ്പിച്ചിട്ടുള്ളത്. ഈ ബിൽ ഒറിജിനേറ്റ് ചെയ്യാനുള്ള അനിവാര്യമായ സാഹചര്യത്തെ സംബന്ധിച്ച് ഞാൻ ഹ്രസ്വമായി ആദ്യം സൂചിപ്പിച്ചു. അതുകൊണ്ട് അതിലേയ്ക്ക് കടക്കാനാഗ്രഹിക്കുന്നില്ല. ഭൂമിയിലുള്ള എല്ലാ നിയമങ്ങളും ജീവിച്ചിരിക്കുന്ന മനുഷ്യർക്കാണ് അവകാശങ്ങളും അധികാരങ്ങളും ഉറപ്പുകൊടുക്കുന്നതെന്ന് നമുക്കെല്ലാമറിയാം. എന്നാൽ മരണപ്പെട്ട വ്യക്തികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച നിയമങ്ങൾ നമ്മുടെ രാജ്യത്ത് വളരെക്കുറവാണ്. ആകെ IPC 297, മൃതശരീരത്തോട് അനാദരവ് കാട്ടുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഭാഗമാണതിലുള്ളത്, ശിക്ഷയും പറഞ്ഞിട്ടുണ്ട്. IPC 499 defamation-മായി ബന്ധപ്പെട്ടുകൊണ്ട് അതിന്റെ അവസാനം പറയുന്നത്, ശവശരീരത്തോടുള്ള

ആദരവും അപകീർത്തിയായിട്ടാണ് കാണുകയെന്നുള്ളതാണ്. ഈ രണ്ട് വകുപ്പുകളൊഴിവാക്കിയാൽ വ്യക്തമായൊരു നിയമം മൃതശരീരം അന്തസ്സായി സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള കാര്യത്തിൽ കാണുന്നില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഒരു വിധിയിൽ ചില കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അതിനെക്കുറിച്ച് ഞാൻ അവസാനം സൂചിപ്പിക്കാം. മൃതശരീരം അന്തസ്സായി സംസ്കരിക്കുന്ന കാര്യത്തിലും മരണപ്പെട്ടയാൾക്കെതിരെയുള്ള അപകീർത്തികരമായ പരാമർശം തടയുന്നതിനും മൃതശരീരത്തോട് അനാദരവ് കാട്ടുന്നതിനും എതിരായി മരണപ്പെട്ട വ്യക്തിക്ക് പരിരക്ഷ കിട്ടിയേ മതിയാകൂ. 1949-ലെ ജനീവ കൺവെൻഷന്റെ പതിനാറാം അനുച്ഛേദത്തിൽ യുദ്ധത്തിൽ മരണപ്പെട്ട സൈനികരുടെ മൃതദേഹത്തോട് അനാദരവ് കാണിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് 1990-ലെ കെയ്റോ പ്രഖ്യാപനത്തിലും ഈ വ്യവസ്ഥ അടിവരയിട്ട് പറയുന്നുണ്ട്. മനുഷ്യാവകാശവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള യുണൈറ്റഡ് നേഷൻ കമ്മീഷൻ 2005-ൽ സ്വീകരിച്ച പ്രമേയത്തിൽ മൃതശരീരങ്ങളോട് മാന്യതയും അന്തസ്സും പുലർത്തണമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. മൃതശരീരങ്ങൾ അന്തസ്സോടെ സംസ്കാരം ചെയ്യപ്പെടുന്നതിനുള്ള അവകാശമുണ്ട്. അനാദികാലം

മുതൽക്കുതന്നെ ശവശരീരങ്ങൾക്ക് ശല്യമോ ഉപദ്രവമോ ഇല്ലാതെ അന്ത്യനിദ്ര കൊള്ളുന്നതിന് അവകാശമുള്ളതായി വിശ്വസിക്കപ്പെട്ടിട്ടുണ്ട്. ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട ഒരാളെ അടക്കം ചെയ്യപ്പെട്ട കല്ലറയ്ക്കുമുകളിലുള്ള 'R.I.P.' അത് Rest In Peace എന്ന ലിഖിതം ഇതിന്റെ ഭാഗമായാണ് വന്നത്. കാലവിളംബം കൂടാതെ മൃതദേഹം സംസ്കരിക്കുകയെന്നുള്ളത് മരിച്ച വ്യക്തിയുടെ അവകാശംപോലെ സമൂഹത്തിന്റെയും കടമയാണ്. ഒരു വ്യക്തി മരണപ്പെടുമ്പോൾ അദ്ദേഹം ജീവിച്ചിരുന്ന സമയത്ത് സ്വീകരിച്ചിരുന്ന മതം അനുശാസിക്കുന്ന ആചാരാനുഷ്ഠാനങ്ങൾക്കനുസൃതമായി ശവസംസ്കാരത്തിന് ഏർപ്പാടുചെയ്യാൻ  ക്ഷേമ രാഷ്ട്രമെന്ന നിലയിൽ സ്റ്റേറ്റിന് ബാദ്ധ്യതയുണ്ട്. നമ്മുടെ സംസ്ഥാനത്ത് ക്രിസ്ത്യൻ സമുദായങ്ങൾക്കിടയിൽ ചില സെമിത്തേരികളിൽ ശവസംസ്കാരം യഥാസമയം നടത്തുന്നതിന് ചില തടസ്സങ്ങൾ നേരിട്ടത്, നിയമസമാധാന പ്രശ്നമുണ്ടായിരുന്നത്.... യഥാർത്ഥത്തിൽ ഈയൊരു ഗവൺമെന്റല്ല അധികാരത്തിലുണ്ടായിരുന്നതെങ്കിൽ നൂറുകണക്കിന് ശവം കേരളത്തിലുണ്ടാകുമായിരുന്നു. സമചിത്തതയോടുകൂടിയ സമീപനം കേരള ഗവൺമെന്റും പോലീസും കാട്ടിയതിന്റെ ഭാഗമായാണ് വലിയ അനിഷ്ട

സംഭവങ്ങൾ കേരളത്തിലില്ലാതെ പോയത്. കേരളത്തിലെ ക്രൈസ്തവ സഭകളിൽ ഒരു വിഭാഗത്തിലുടലെടുത്ത വിശ്വാസപരമായ തർക്കങ്ങൾ സഭയെ ഫലത്തിൽ രണ്ട് സഭകളായി വേർപിരിയാനിടയാക്കിയിട്ടുണ്ട്. അവകാശത്തെ സംബന്ധിച്ച് ഇരുവിഭാഗങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരമോന്നത കോടതി തീർപ്പുകൽപ്പിച്ചെങ്കിലും സംഘർഷാവസ്ഥയ്ക്ക് കാര്യമായ അയവ് ഇപ്പോഴും വന്നിട്ടില്ല. മരണത്തോടെ ഒരു വ്യക്തിക്ക് നിത്യശാന്തി ലഭിക്കുമെന്നാണ് നാമെല്ലാം വിശ്വസിക്കുന്നത്. എന്നാൽ മരണത്തോടുകൂടി ഉള്ള ശാന്തി കൂടി നഷ്ടപ്പെടുന്ന അവസ്ഥയാണ് ഇക്കാര്യത്തിൽ കാണാൻ കഴിയുന്നത്. കായംകുളം കട്ടച്ചിറ പള്ളിയിൽ ഓർത്തഡോക്സ്, യാക്കോബായ വിഭാഗത്തിൽപ്പെട്ട ഒരാളെ നാൽപ്പത്തിയൊന്ന് ദിവസത്തോളം സംസ്കരിക്കാൻ സാധിക്കാതെ മൃതദേഹം അനാഥമായി കിടത്തേണ്ടിവന്നത് സംബന്ധിച്ച് നേരത്തേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്നോടുപറഞ്ഞു. പിറവം വെട്ടിത്തുറ സെന്റ് മേരീസ് പള്ളിയിൽ ഇടവകാംഗങ്ങൾക്കിടയിലുള്ള പള്ളിത്തർക്കത്തെത്തുടർന്ന് ഇടവക അംഗമായ ഒരു വയോധികന്റെ മൃതദേഹം സംസ്കരിക്കാനാകാതെ ആറുദിവസത്തിലധികം മോർച്ചറിയിൽ സൂക്ഷിക്കേണ്ട സ്ഥിതിയുണ്ടായി. ഇതുപോലെതന്നെ സഭാതർക്കം നിലനിന്നിരുന്ന പുത്തൻകുരിശ് വരിക്കോലി

പള്ളി സെമിത്തേരിയിലും ഇത് നമുക്ക് കാണാൻ സാധിക്കും. ഇനിയും അത് തുടരണമെന്നാണോ ശ്രീ. പി. ടി. തോമസ് ആഗ്രഹിക്കുന്നതെന്നുള്ളത് എനിക്കറിയില്ല. മോർച്ചറികളിൽ മൃതദേഹം അനിശ്ചിതമായി സൂക്ഷിക്കാൻ കുടുംബാംഗങ്ങൾ നിർബന്ധിതരാകുകയാണ്. മരിച്ച് ദിവസങ്ങൾ കഴിഞ്ഞിട്ടും മൃതദേഹം സംസ്കരിക്കാൻ സാധിക്കാതെ വരുന്നത് മൃതദേഹത്തോട് കാട്ടുന്ന അനാദരവ് മാത്രമല്ല, നിയമം അനുശാസിക്കുന്ന അവകാശം ലംഘിക്കലുമാണ്. ഇവിടെ തോൽപ്പിക്കപ്പെടുന്നത് മനുഷ്യനാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, എന്റെ പേര് എന്തിനാണ് പറഞ്ഞത്. ഞാനൊരക്ഷരം മിണ്ടിയിട്ടില്ല.

<u>ശ്രീ. എ. കെ. ബാലൻ:</u> ശരി. പറഞ്ഞ ആൾക്കുമാത്രം ബാധകമാക്കാം. കെ.എസ്.യു. എസ്.എഫ്.ഐ.-യുമായി ദമാമിൽ രണ്ട് ധ്രുവത്തിലായിരുന്നു. അതിന്റെയൊരു തുടർച്ചയായി കണ്ടാൽമതി...... മരിച്ചുദിവസങ്ങൾ കഴിഞ്ഞിട്ടും മൃതദേഹം സംസ്കരിക്കാൻ കഴിയാതെ മൃതദേഹത്തോട് കാട്ടുന്ന അനാദരവ് മാത്രമല്ല, നിയമം അനുശാസിക്കുന്ന അവകാശത്തെ ലംഘിക്കലാണിവിടെ കാണുന്നത്. ഇവിടെ തോൽപ്പിക്കപ്പെടുന്നത് മനുഷ്യത്വമാണ്. യഥാർത്ഥത്തിൽ ഈ സ്ഥിതിവിശേഷം തുടർന്നാൽ ക്രമസമാധാനത്തകർച്ചയുണ്ടാകുമെന്നുള്ളത്

ഉറപ്പാണ്. ഗുരുതരമായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ഉടലെടുക്കുമെന്ന കാര്യത്തിലും സംശയമില്ല. അത്തരമൊരു ഘട്ടത്തിൽ, ആശാസ്യകരമല്ലാത്ത ഇത്തരം സംഭവങ്ങൾ തുടരുന്നത് കാഴ്ചക്കാരായി നോക്കിനിൽക്കാൻ ഉത്തരവാദപ്പെട്ട ഗവൺമെന്റിന് സാധിക്കുകയില്ല. ഒരു ഇടവകയിലെ മരണപ്പെട്ട അംഗത്തിന്റെ ബന്ധുക്കൾക്ക് പള്ളിയിലോ സെമിത്തേരിയിലോ വച്ച് നടത്തേണ്ട ശവസംസ്കാര ശുശ്രൂഷകൾ ഉപേക്ഷിക്കേണ്ടിവന്നാൽപ്പോലും ശവസംസ്കാരത്തിനുള്ള അവകാശം നഷ്ടമാകുന്നില്ലായെന്ന് 'St. Mary's Orthodox Church and othes vs State of Kerala' എന്ന കേസ്സിൽ കൃത്യമായി വ്യക്തമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയും അതെടുത്ത് പറഞ്ഞിട്ടുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ച കാര്യം ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഒന്നുകൂടി എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുമായി ബന്ധപ്പെട്ടുകൊണ്ട് കൃത്യമായി വ്യക്തമാക്കുകയാണ്. 'The Church and the cemetery cannot be confiscated by anybody. It has to remain with the Parishioners as per the customary rights and nobody can be deprived of the right to enjoy the same as a Parishioner in the Church or to be buried honourably in the cemetery'

ഇത് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ കൃത്യമായി പറഞ്ഞതാണ്. ആ വിധിയെത്തന്നെ എടുത്തുപറഞ്ഞുകൊണ്ടാണ് 'St. Mary's Orthodox Church and Others vs State of Kerala'-യിൽ പറഞ്ഞത്, 'This right cannot be taken away even if, in particular circumstances, the parishioner chooses to forego funeral services in the church or its cemetery or opts for a funeral service at any other premises by a priest of his/her choice' എന്നാണ്. ഇതുവച്ചുകൊണ്ടാണ് ഞങ്ങൾ സെക്ഷൻ 3(2)-ൽ ഇത് ഇൻകോർപ്പറേറ്റ് ചെയ്തത്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശം എടുത്തുപറഞ്ഞുകൊണ്ടാണ് 3(2)-ൽ ഇതുപറഞ്ഞത്. അതുകൊണ്ട് ഇത് നിയമപരമായി നിൽക്കാത്ത കാര്യമല്ല, നിയമപരമായിത്തന്നെ നിൽക്കും എന്നുള്ളതുകൊണ്ടാണ് ഈ ഭാഗം കൃത്യമായി ഇതിൽ എടുത്തുപറഞ്ഞത്. ഇവിടെ പറഞ്ഞ ചില കാര്യങ്ങളെ സംബന്ധിച്ച് കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ചില ആശങ്കകൾ പ്രകടിപ്പിച്ചിട്ടുണ്ട്. അത് സ്വാഭാവികമാണ്. പക്ഷേ,

നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് സ്വാഭാവികമായ foolproof-ൽ ഏത് നിയമമാണ് നമുക്ക് ഉണ്ടാക്കാൻ സാധിക്കുന്നത്? ഭരണഘടനയുണ്ടാക്കിയിട്ടുപോലും നൂറിലധികം പ്രാവശ്യം ഭേദഗതി ചെയ്തു. ഒരു നിയമനിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ട് അതിന്റെ ഭാഗമാണ് ഇത്തരം കാര്യങ്ങൾ. അതിൽ നമുക്ക് പ്രായോഗികമാക്കാൻ സാധിക്കാത്ത എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ആരംഭത്തിൽത്തന്നെ സബ്ജക്ട് കമ്മിറ്റിയുടെ ഭാഗമായി ചില കാര്യങ്ങൾ പരിശോധിക്കാം. നിയമം പ്രാവർത്തികമാകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആവശ്യമാണെങ്കിൽ ഭേദഗതി വരുത്താം. പക്ഷേ, മൃതശരീരം അനാഥമാകാൻ കേരളത്തിലെ ഇടതുപക്ഷ ജാനധിപത്യ മുന്നണി ഗവൺമെന്റ് സമ്മതിക്കുകയില്ല എന്ന കാര്യം വ്യക്തമാണ്. ഇത് നോക്കിനിൽക്കാൻ ഒരു ജനാധിപത്യ ഗവൺമെന്റിന് സാധിക്കുന്നതുമല്ല. ഈ ബില്ലുമായി ബന്ധപ്പെട്ട് ഒരു വിവരവുമില്ലാത്ത ആൾക്കാരാണ് ഇതൊക്കെ തയ്യാറാക്കിയതെന്ന ഒരു ആശങ്ക ഇവിടെ നേരത്തേ പറഞ്ഞു. ചാരമാകുന്നത് ക്രിസ്ത്യാനിക്കൊന്നും ഉണ്ടാകില്ല എന്നുപറഞ്ഞു. ഒരു തീപിടിത്തം ഉണ്ടായിയെന്ന് വിചാരിക്കുക, അതിൽ മരണപ്പെട്ടുകഴിഞ്ഞാൽ ശരീരം ഭസ്മമാകില്ലേ; ഇത് കാണേണ്ടതല്ലേ? ഒരു നിയമനിർമ്മാണവുമായി

ബന്ധപ്പെട്ട് നമ്മൾ ഒരു നിയമത്തിന് രൂപം കൊടുക്കുന്ന സമയത്ത് അതുകൂടി നമ്മൾ കാണണം.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, തീപിടിത്തം ഉണ്ടായിക്കഴിഞ്ഞാൽ മനുഷ്യന്റെ ബോഡി ചാരമായിത്തീരും. പക്ഷേ ഇവിടെ സെമിത്തേരിയുമായി ബന്ധപ്പെട്ട കാര്യമാണ് പറയുന്നത്. പൂർവ്വികരുടെ ബോഡി വച്ച സ്ഥലത്ത്, ഒരു ബോഡി വയ്ക്കുമ്പോൾ ആ ബോഡി മണ്ണായിത്തീരുകയാണ് ചെയ്യുന്നത്, ചാരമായിട്ടല്ല മാറുന്നത്. സെമിത്തേരിയുമായി ബന്ധപ്പെട്ട ഡെഫിനിഷനിലാണ് ഇത് പറയുന്നത്. അവിടെ ചാരമെന്നല്ല, മണ്ണ് എന്നാണ് പറയേണ്ടത്. മണ്ണായിത്തീരുകയാണ് ചെയ്യുന്നത്. അങ്ങ് പറയുന്ന, ഒരാൾ മരണപ്പെടുന്നു, അയാൾ കത്തി നശിച്ച് ചാരമാകുമ്പോൾ അത് കൊണ്ടുപോയി വയ്ക്കുന്നത് വേറെയാണ്. ഇത് രണ്ടും രണ്ടാണ്. അത് അങ്ങ് പ്രത്യേകം പറയണം.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ചാരം എന്നുള്ള വാക്കിന്റെ അർത്ഥം മനസ്സിലായില്ലേ? ഈ നിയമത്തെപ്പറ്റി യാതൊരു വിവരവുമില്ലാത്ത ആളുകളാരോ ആണ് ഈ നിയമം ഉണ്ടാക്കിയത്. അതുകൊണ്ടുണ്ടായ അബദ്ധമാണിത്. ഒരു കാരണവശാലും ക്രൈസ്തവ സമൂഹത്തിന്, ഒരു

denomination-ലും ചാരം എന്ന പ്രശ്നം ഉദിക്കുന്നില്ല. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞതുപോലെ മണ്ണോട് മണ്ണ് ചേരുകയാണ്. ആ നിലയ്ക്ക് ചാരം എന്ന വാക്ക് ഉൾപ്പെടെയുള്ള ഭാഗം ഡിലീറ്റ് ചെയ്യുക എന്നുള്ളത് മാത്രമാണ് മാർഗ്ഗം, അതാണ് ശരി.

ഡോ. എൻ. ജയരാജ്: സർ, ശവശരീരത്തോട് ഒരിക്കലും അനാദരവ് കാണിക്കില്ലെന്ന് അങ്ങ് പറഞ്ഞു. യഥാർത്ഥത്തിൽ ചാരം എന്ന പ്രയോഗം തന്നെ തെറ്റാണ്. കാരണം, ആരെങ്കിലും മരിച്ചുകഴിഞ്ഞാൽ കുറച്ചുകൂടി ബഹുമാനത്തോടുകൂടി ചിതാഭസ്മം എന്ന് നമ്മൾ പറയാറുണ്ട്. ചാരം എന്നുപറയുമ്പോൾ അതിനെ കുറേക്കൂടി മറ്റൊരു തലത്തിലാണ് നമ്മൾ കാണുന്നത്. യഥാർത്ഥത്തിൽ ആ പദപ്രയോഗംപോലും ആ ബില്ലിനകത്ത് തെറ്റാണെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ.

ശ്രീ. എ. കെ. ബാലൻ: സർ, ചാരമെന്നായാലും ചിതാഭസ്മം എന്നായാലും അർത്ഥം ഒന്നുതന്നെയാണല്ലോ. ചിതാഭസ്മം എന്നും പറയാൻ പറ്റില്ല. വിശ്വാസത്തിന്റെ പേരിൽ ഗവൺമെന്റ് ഒരു വിഭാഗത്തിന്, പ്രത്യേകിച്ച് റോമൻ കാത്തലിക് വിഭാഗത്തിനെതിരാകുന്ന എന്ന് വരുത്തുന്നതിനുള്ള ഒരു ശ്രമം ഇവിടെ നടന്നു. ഹൃദയം എടുത്ത് കൊടുത്തുകഴിഞ്ഞാലും ചെമ്പരത്തിപ്പൂവാണ്

എന്നുപറയുന്ന കുറച്ച് ആൾക്കാരുണ്ട്. ഈ നിയമവുമായി ബന്ധപ്പെട്ട് ഒരാശങ്കയും ഉണ്ടാകാൻ പോകുന്നില്ല. വിശ്വാസത്തിന്റെ പേരിൽ സഭാംഗമായ ഒരാളുടെ മൃതശരീരം മറവുചെയ്യുന്നത് തടസ്സപ്പെടുത്താൻ പാടില്ലെന്ന് 2017-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയും 2019-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയും നിഷ്കർഷിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായാണ് ഈ നിയമം കൊണ്ടുവരുന്നത്. ഇവിടെ നമ്മൾ ആലോചിക്കേണ്ട ഒരു പ്രശ്നം, നിലവിലുള്ള നിയമം, നേരത്തേ ഞാൻ സൂചിപ്പിച്ച, IPC 2 സെക്ഷനുകൾ മുഖേന നമുക്ക് നേരിടാൻ സാധിക്കില്ലെന്നുള്ളതാണ്. കാരണം, ശവസംസ്കാരവുമായി ബന്ധപ്പെട്ട് അതിൽ വ്യക്തമായി പറയുന്നില്ല. ശവശരീരത്തോട് അനാദരവ് കാട്ടുമ്പോൾ ഉണ്ടാകുന്ന പ്രശ്നമാണ് അതിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇവിടെ ശവസംസ്കാരവുമായി ബന്ധപ്പെട്ട സ്ഥലത്തിന്റെ പ്രശ്നമാണുള്ളത്. അതുകൊണ്ടാണ് ഇതിന്റെ ഭാഗമായി ഒരു നിയമനിർമ്മാണം ഉണ്ടാക്കാൻ നിർബന്ധിക്കപ്പെട്ടത്. മാത്രമല്ല, ഇതുമായി ബന്ധപ്പെട്ട് ഈ നിയമം നടപ്പിലാക്കുന്നില്ല എന്നുപറഞ്ഞ് ഒരു contempt of court ഫയൽ ചെയ്ത സമയത്തുതന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത്, 'ഇതുമായി ബന്ധപ്പെട്ട് ഇനി ഇങ്ങോട്ട് വരാൻ പാടില്ല, എന്തെങ്കിലും പ്രശ്നം ഇതുമായി

ബന്ധപ്പെട്ട് ഉണ്ടാകുന്നവെങ്കിൽ ഞങ്ങൾ ആദ്യം പറഞ്ഞ വിധി തന്നെ പുനഃപരിശോധിക്കാൻ നിർബന്ധിക്കപ്പെടും' എന്നാണ്. അതുകൂടി മനസ്സിൽവച്ചുകൊണ്ടാണ് ഇലയ്ക്കും മുള്ളിനും ബുദ്ധിമുട്ടില്ലാത്ത രൂപത്തിൽ ഈയൊരു നിയമനിർമ്മാണത്തിന് ഗവൺമെന്റ് തുടക്കം കുറിച്ചത്. ഇന്നുതന്നെ സബ്ജക്ട് കമ്മിറ്റി ചേരുന്നുണ്ട്. ആ സബ്ജക്ട് കമ്മിറ്റിയിൽ, ഇവിടെവന്ന അഭിപ്രായങ്ങൾകൂടി പരിഗണിച്ചുകൊണ്ട്, ഈ നിയമത്തിന് ഫലപ്രദമായ രീതിയിൽ പൂർണ്ണത കൊടുക്കാൻ നമുക്ക് സാധിക്കും. ഇത്രയും കാര്യങ്ങളാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി XIV- ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. അബ്ദുൽ ഹമീദ് പി., അങ്ങയുടെ 2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്യപ്പെട്ടില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്യപ്പെട്ടില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോർജ് എം. തോമസ്, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജോർജ് എം. തോമസ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2020-ലെ കേരള ക്രിസ്ത്യൻ സെമിത്തേരികൾ (ശവം അടക്കം ചെയ്യുന്നതിനുള്ള അവകാശം) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV- ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ  പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2020 ഫെബ്രുവരി 7-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.47-ന് പിരിഞ്ഞു.)